
2012 April - June

GEORGIAN MIRROR



GEORGIAN MIRROR
A Journal of Indian Orthodoxy

2012 **CONTENTS** APRIL - JUNE

Cover FEATURE

സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

കവർച്ചിത്രം: സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

ജോർജിയൻ മിറർ
മലങ്കരയുടെ സത്യദർശനം
പു. 4 ലക്കം▪ 2 2012 ഏപ്രിൽ – ജൂൺ



Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.

Printed and Published by:
Mathew Alexander for St. George Orthodox Valiyapally, Palarivattom, Kochi-682 025


Editor : C.V. Benjamin, Responsible for selection of news under the PRB Act

Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
Email: gmirror2009@yahoo.com
Chief Editor: 94470 85545 Email: frchackoky@gmail.com
Editor: 93884 73243
Church Website: www.sgovp.com
Church Office Email: sgovpp@gmail.com

Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT


To fight for the MOST HOLY FAITH that God has once for all entrusted to His Saints (St. Jude 3,20)



വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന് (വി. യൂദാ 3,20)

എഡിറ്റോറിയൽ


ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മനുഷ്യൻ



"ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു; അവന് യോഹന്നാൻ എന്നു പേർ. അവൻ സാക്ഷ്യത്തിനായി, താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന് വെളിച്ചത്തെക്കുറിച്ച് സാക്ഷ്യം പറവാൻ തന്നെ വന്നു." (യോഹ. 1: 6–7).

ദൈവം അയച്ചിട്ട് നമ്മുടെ ഇടയിലേക്കു വന്ന മനുഷ്യനാണ് മാർ ഒസ്താത്തിയോസ് തിരുമേനിയും. തന്റെ ജീവിതം മുഴുവൻ വെളിച്ചത്തിന് സാക്ഷ്യം പറഞ്ഞു. അനേകായിരങ്ങൾ ആ വെളിച്ചം ഏറ്റുവാങ്ങി. അപൂർവ്വമായ ആ സാന്നിദ്ധ്യം നമുക്കൊക്കെ ആശ്വാസവും ദിശാബോധവും നൽകി.

തിരുമേനി പ്രസംഗിക്കാൻ തുടങ്ങിയ കാലം മുതൽ 'മിഷൻ' എന്ന വാക്കുപയോഗിച്ചു. പലരും വിചാരിച്ചു അത് ഏതോ പ്രോട്ടസ്റ്റന്റ് ആശയമാണെന്നും ശ്ലൈഹിക വിശ്വാസത്തിൽ വെള്ളം ചേർക്കുന്നതാണെന്നും. ശ്ലീഹാ എന്നു സുറിയാനിയിലും, അപ്പോസ്തലൻ എന്നു ഗ്രീക്കിലും മിഷനറി എന്നു ലത്തീനിലും തർജ്ജമ ചെയ്ത് അർത്ഥമാക്കുന്നത് ഒരേ വാക്കാണ്. ഒരു പ്രത്യേക കാര്യത്തിനു വേണ്ടി അയയ്ക്കപ്പെട്ടവൻ എന്നാണല്ലോ അർത്ഥം. തിരുമേനി ദൈവത്താൽ നമുക്കു വേണ്ടി അയയ്ക്കപ്പെട്ടവനായിരുന്നു. തന്നിൽ എന്നും നിറഞ്ഞുനിന്ന നിയോഗ/ശ്ലൈഹിക ബോധം മൂലം നാമെല്ലാവരും ഈ ലോകത്തിലേക്ക് പ്രത്യേകമായൊരു ദൗത്യത്തിനായി നിയോഗിക്കപ്പെട്ടവർ (ശ്ലീഹന്മാർ/അപ്പോസ്തലന്മാർ/മിഷണറിമാർ) ആണെന്നു തിരുമേനി വിശ്വസിക്കയും പഠിപ്പിക്കയും ചെയ്തു. മനുഷ്യരുടെയും ലോകത്തിന്റെയും മതം മാറ്റമല്ല, മനംമാറ്റമാണ് ഈ നിയോഗത്തിന്റെ ലക്ഷ്യം. അത് ലോകരക്ഷയുടെ ഉൾക്കാമ്പാണ്.



ദൈവവചനമായിരുന്നല്ലോ തിരുമേനിയുടെ ഉറവയും ഉണർവും. ഇതു വെറുതെ പുറത്തുനിന്നു കേട്ട് ബുദ്ധിയിലൂടെ കടന്നുപോകുന്ന ഒന്നായിരുന്നില്ല. വചനം തന്റെ ഉള്ളിൽ കത്തിയെരിഞ്ഞു. അതിന്റെ സർഗ്ഗാത്മകമായ ചൂടും വെളിച്ചവുമാണ് നമുക്ക് വഴി കാണിച്ചത്. യിരമ്യാ പ്രവാചകനെപ്പോലെ ഒസ്താത്തിയോസ് തിരുമേനിയും പറഞ്ഞു: "യഹോവയുടെ വചനം എന്റെ അസ്ഥികളിൽ അടക്കപ്പെട്ടിട്ട് എന്റെ ഹൃദയത്തിൽ തീ കത്തുംപോലെ ഇരിക്കുന്നു" (യിരമ്യ. 20: 9).

ദർശനം നഷ്ടപ്പെട്ട്, വെറും നിലത്തിഴയുന്ന നമ്മെ ശക്തിയായി കുലുക്കിയുണർത്തി, "ഉണരുക, എഴുന്നേൽക്കുക, സത്യത്തിന് സാക്ഷ്യം വഹിക്കുക" എന്നു പറയാൻ നമുക്കൊരു പ്രവാചകൻ ഇനിയില്ല. ഇതു സഭയുടെ മഹാദുഃഖം. മേലാടകൾക്ക് നിറക്കൂട്ട് വർദ്ധിപ്പിച്ചും സ്വർണ്ണച്ചമയങ്ങൾ തേച്ചുമിനുക്കിയും, അതൊക്കെ ഉന്നത ക്രിസ്തീയ മൂല്യങ്ങളാണെന്നു ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും നാം നമ്മുടെ ദിവ്യ നിയോഗത്തിൽ നിന്നു ബഹുദൂരം അകന്നകന്ന് പോവുകയാണ്. ദൈവചനത്തിന്റെയും നമ്മുടെ ശ്ലൈഹിക/മിഷനറി നിയോഗ ബോധത്തിന്റെയും അടിസ്ഥാനത്തിൽ നമ്മുടെ പോതുവായ പ്രവർത്തനങ്ങളെയും ലക്ഷ്യങ്ങളെയും അടിയന്തിരമായി വിലയിരുത്തി വലിയ മാറ്റങ്ങൾക്കു തയ്യാറായാൽ മാത്രമേ, ലോകരക്ഷയ്ക്കു വേണ്ടിയുള്ള ദൈവപുത്രന്റെ നിയോഗം പൂർത്തീകരിക്കയുള്ളൂ.

ദൈവസ്നേഹത്തിൽ അടിയുറച്ച് ഒസ്താത്തിയോസ് തിരുമേനി ഉണർത്തിയ ഊർജ്ജതരംഗങ്ങൾ നമ്മെ ചലിപ്പിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ

കെ.എം. ജോർജ് അച്ചൻ
ഗസ്റ്റ് എഡിറ്റർ

സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത:
മലങ്കര സഭയുടെ ആധുനിക പൗലോസ് ശ്ലീഹാ

■ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത



ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത
1918 ഡിസംബർ 9 – 2012 ഫെബ്രുവരി 16

ശ്രേഷ്ഠ അപ്പോസ്തോലത്വം ദെമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് കർത്താവിൽ നിന്ന് പ്രാപിച്ച വി. പൗലോസ് അപ്പോസ്തോലന്റെ പ്രതിച്ഛായയാണ് അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയിൽ ദർശിക്കുന്നത്

ദൈവം കനിഞ്ഞനുഗ്രഹിച്ച് മലങ്കര സഭാമാതാവിന് നൽകിയ വരദാനമാണ് നവതിയും പിന്നീട് മൂന്നു വർഷവും പൂർത്തീകരിച്ച് 94-ാം വയസ്സിൽ കർത്തൃ സന്നിധിയണഞ്ഞ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി. അദ്ദേഹം കേവലം ഒരു വ്യക്തിയല്ല, ഒരു വലിയ പ്രസ്ഥാനവും സമൂഹവുമാണ്. ഒരു പുരുഷായുസ്സല്ല, അനേകം പുരുഷായുസ്സ് കൊണ്ട് ചെയ്യാവുന്നതിലധികം അദ്ദേഹം ചെയ്തു. അദ്ദേഹത്തിന്റെ കർമ്മമണ്ഡലങ്ങൾ വിശാലമാണ്. പടുത്തുയർത്തിയ സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും നിരവധിയാണ്. തിരുമേനി സ്വാധീനിച്ച വ്യക്തികൾ കേരളത്തിനകത്തും പുറത്തും ഇന്ത്യയിലും ഇന്ത്യയ്ക്ക് വെളിയിലും അനേകരാണ്. അനേകർക്ക് വഴികാട്ടിയും പ്രേരണയും സ്രോതസ്സുമായി ഈ ആഗോളതല വ്യക്തിത്വം ഉയർന്നുനിൽക്കുന്നു. ആ വ്യക്തിത്വത്തെ കേവലം ഒരു ലേഖനത്തിൽ പരിമിതപ്പെടുത്തുവാൻ ശ്രമിക്കുന്നത് മൗഢ്യമാണ് എന്നറിയാം എങ്കിലും അദ്ദേഹത്തിന്റെ ഭരണസീമയിൽപ്പെടുന്ന നിരണം ഭദ്രാസനത്തിലെ ഒരംഗവും, വൽസല ശിഷ്യനും കൂടിയായ എനിക്ക് ലഭിച്ച പദവിയായി കരുതിയതുകൊണ്ടാണ്, ഒരു ലേഖനം തരുവാൻ ആവശ്യപ്പെട്ടപ്പോൾ വളരെ സന്തോഷത്തോടെ ആ ദൗത്യമേറെറടുത്തത്.

സുവിശേഷ പ്രചാരണതീഷ്ണതയും, ഋഷി ജീവിതനിഷ്ഠയും, ലാളിത്യവും, സാമൂഹിക പരിഷ്കർത്താവിന്റെ പരിവർത്തനോന്മുഖതയും അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിൽ സമീകൃതമായ നിലയിൽ ഒരേസമയം സമ്മേളിച്ചിരിക്കുന്നു. ഇതിൽ ഏതാണ് കൂടുതൽ ശക്തിയായത് എന്നുചോദിച്ചാൽ സുവിശേഷ തീഷ്ണത എന്ന് പറയാം. മലയാള ക്രൈസ്തവർക്ക് മറക്കാനാവാത്ത ബഹുമുഖ ക്രൈസ്തവ വ്യക്തിത്വത്തിന്റെ ഉത്തമ മാതൃകയായ മൂത്താമ്പാക്കൽ സാധുകൊച്ചുകുഞ്ഞ് ഉപദേശിയെപ്പോലെ സുവിശേഷ-മിഷൻ മേഖലയിൽ അദ്ദേഹം കത്തിജ്ജ്വലിച്ചുനിന്നിരുന്ന താരമാണ്. 1950 മുതൽ സുവിശേഷ പന്തലുകളിൽ ഉയർന്നുകേട്ട ആ ശബ്ദം സുവിശേഷവും സമൂഹവും തമ്മിലുള്ള ബന്ധം വ്യാഖ്യാനിക്കുന്നതിൽ സ്വകീയ സംഭാവനകൾ മലങ്കരയിലെ മക്കൾക്ക് നൽകി. ഈദൃശ്യ മഹത് ജീവിതവും സാക്ഷ്യവും വളരുന്ന തലമുറകൾക്ക് നഷ്ടമാകുവാൻ ഇടയാകരുത് എന്നുള്ള താല്പര്യം ഈ സ്മരണികയ്ക്ക് പിന്നിലുണ്ട് എന്നു ഞാൻ മനസ്സിലാക്കുന്നു. ഇതിന്റെ അണിയറ ശില്പികളെ അനുമോദിക്കുന്നു.

ശ്രേഷ്ഠ അപ്പോസ്തോലത്വം ദെമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് കർത്താവിൽ നിന്ന് പ്രാപിച്ച വി. പൗലോസ് അപ്പോസ്തോലന്റെ പ്രതിച്ഛായയാണ് അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയിൽ ഞാൻ ദർശിക്കുന്നത്. നാല് ഘടകങ്ങൾ വി. പൗലോസ് ശ്ലീഹായെ രൂപപ്പെടുത്തുന്നതിന് മൂശയായിത്തീർന്നു. (1) ജന്മം മൂലം ലഭിച്ച റോമൻ പൗരത്വവും സംസ്കാരവും (2) ഗ്രീക്ക് ഭാഷാജ്ഞാനവും ഗ്രീക്ക് തത്വചിന്തകളിലുള്ള പാണ്ഡിത്യവും (3) ഗമാലിയേൽ റാബ്ബിയുടെ പാദപീഠത്തിലിരുന്ന് അഭ്യസിച്ചെടുത്ത യഹൂദമത പാണ്ഡിത്യവും അതിന്റെ നൈഷ്ഠികഭാവങ്ങളോടുള്ള പ്രതിബദ്ധതയും (4) അനുഭവതലത്തിൽ ബോധ്യമായ ക്രിസ്തു ജീവിതസാക്ഷ്യവും

അതിൻെറ ശക്തിയും വിശുദ്ധിയും ലാളിത്യവും തനിമയും. ഇതുപോലെ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയെ രൂപപ്പെടുത്തിയ നാലു പ്രധാനഘടകങ്ങൾ ഇവയാണ്. (1) മഹർഷി ജീവിതം നയിച്ച പരി. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തുടങ്ങിയ ഗുരുശ്രേഷ്ഠരുടെ സാമീപ്യവും ജീവിത മാതൃകകളിലൂടെ അവർ പകർന്നു നൽകിയ ഓർത്തഡോക്സ് ആദ്ധ്യാത്മികതയും (2) പ്രൊട്ടസ്ററൻ്റ്-നവീകരണ പ്രസ്ഥാനങ്ങളെയും അനുബന്ധമായ സുവിശേഷ തീഷ്ണതാ-ഉണർവ്വ് ഭാവങ്ങളെയും അടുത്ത് മനസ്സിലാക്കുവാൻ ലഭിച്ച സാഹചര്യങ്ങളും (3) ദാരിദ്ര്യം നിറഞ്ഞ ബാല്യകാലവും അതുയർത്തുന്ന വെല്ലുവിളികളും അനുഭവതലത്തിലുള്ള ജീവിതാനുഭവങ്ങളും (4) അനുഭവതലത്തിൽ ബോധ്യപ്പെട്ട സാമ്പത്തിക വർഗ്ഗീകരണവും, സാധാരണക്കാരൻെറ പ്രത്യേകിച്ച് അധഃകൃതസമൂഹത്തിൻെറ ക്ലേശങ്ങളും സാമൂഹിക അവഗണനയും.

വി. പൗലോസ് ശ്ലീഹ തൻെറ കർമ്മമേഖലകളിൽ ഊന്നൽ നൽകിയിരുന്ന അഞ്ച് അടിസ്ഥാനഘടകങ്ങൾ അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിലും വളരെ പ്രസക്തമാണ്. (1) സുവിശേഷ തീഷ്ണതയും സാമൂഹികപ്രതിബദ്ധതയിൽ അടിസ്ഥാനപ്പെട്ട ക്രിസ്തീയമിഷൻ പ്രവർത്തനങ്ങളും (2) ഏതു ജീവിത സാഹചര്യത്തിലും ഉന്നതമായ ആദ്ധ്യാത്മിക നിലവാരം നിലനിർത്തുവാനുള്ള താല്പര്യവും (3) സാമൂഹ്യ നീതിയ്ക്കായുള്ള വ്യഗ്രതയും അടിച്ചമർത്തപ്പെട്ടവരോടുള്ള പക്ഷം ചേരലും (Christian solidarity), (4) വ്യക്തിപരമായ സുതാര്യതയും ലാളിത്യവും ലഭ്യമായ സാഹചര്യങ്ങളോടുള്ള അനുകൂലക്ഷമതയും (adaptability). (5) കാലികപ്രാധാന്യമുള്ള സാമൂഹിക പ്രശ്നങ്ങളോടുള്ള പ്രവാചകദൗത്യബോധവും പ്രതിബദ്ധതയും തിരുമേനിയെ മലങ്കര സഭയുടെ ശക്തനായ പ്രവാചകനും ഗുരുവും ഒക്കെ ആക്കി.

ഈ അഞ്ചുഘടകങ്ങളും അഭിവന്ദ്യതിരുമേനിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി ലളിതമായി ചർച്ച ചെയ്യുവാൻ ഈ ലേഖനത്തിലൂടെ ശ്രമിക്കുകയാണ്. പ. പൗലോസ് ശ്ലീഹാ ലേഖനങ്ങളിൽ ആവർത്തിച്ച് ഉറപ്പിച്ച് പറയുന്നത് "മശിഹായുടെ രക്ഷാസുവിശേഷം അറിയിക്കുന്നതാണ് എന്നിൽ അർപ്പിതമായിരിക്കുന്ന ദൗത്യം. അതിൽ ഞാൻ ഉദാസീനമാണെങ്കിൽ എനിക്കു ഹാ! കഷ്ടം" എന്നാണ്. സമാനമായ ഒരു ദൗത്യബോധവും ബോദ്ധ്യവും അഭിവന്ദ്യ തിരുമേനിയിൽ നിറഞ്ഞുനിന്നിരുന്നു. സുവിശേഷ പ്രവർത്തനം അദ്ദേഹത്തിന് പ്രാണവായുപോലെയാണ്. ഊണിലും ഉറക്കത്തിലും യാത്രയിലും വിശ്രമത്തിലും എല്ലാം ഒന്നുപോലെ അത് ജീവിതശൈലി യായിരുന്നു. സുവിശേഷത്തിനന്യമായ ജീവിതദർശനം അദ്ദേഹത്തിന് ചിന്തിക്കാൻകൂടി വയ്യ. അതുകൊണ്ടാണല്ലോ അഭിവന്ദ്യ തിരുമേനിയുടെ നാമത്തിന് പര്യായമായ പദമെന്നോണം സുവിശേഷ പ്രവർത്തനം ആയിത്തീർന്നത്.

ഒരുപുരുഷായുസ്സല്ല, അനേകം പു രുഷായുസ്സ് കൊണ്ട് ചെയ്യാവുന്നതിലധികം മാർ ഒസ്താത്തിയോസ് ചെയ്തു

തിരുമേനിയുടെ സുവിശേഷ പ്രവർത്തനങ്ങൾക്ക് തനതായ ശൈലിയും ഭാവങ്ങളുമുണ്ട്. പ്രധാനമായും നാല് പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും (1) ക്രിസ്തീയ മിഷൻ വേലകളും സുവിശേഷ പ്രവർത്തനങ്ങളും ഒരു നാണയത്തിൻെറ ഇരുവശങ്ങൾ എന്നതുപോലെ പരസ്പരപൂരിതങ്ങളും ബന്ധിതങ്ങളും ആണ്. ദീനൻെറ വിശപ്പും വിലാപങ്ങളും പരിഗണിക്കാതെയുള്ള സുവിശേഷ പ്രവർത്തനങ്ങൾ അർത്ഥശൂന്യമാണ്. (വി. യാക്കോ. 2:15,16) soap soup salvation എന്ന മിഷനറി ദർശനം തിരുമേനി ജീവിതപാതയിൽ പ്രാവർത്തികമാക്കിയിരുന്നു. തിരുമേനി സ്ഥാപിച്ച ആതുരാലയങ്ങൾ, ബാലഗ്രാമുകൾ, അനാഥാലയങ്ങൾ ആദിയായവ കേരളത്തിൽമാത്രം ഒതുങ്ങുന്നവയല്ല. (2) സ്നേഹത്തിൻെറ ആഗോളവൽക്കരണവും ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട സാമ്പത്തിക സോഷ്യലിസവും അദ്ദേഹത്തിൻെറ എല്ലാ പ്രസംഗങ്ങളുടേയും കാതലും ഊന്നലും ആകുന്നു. പ. പൗലോസ് ശ്ലീഹായുടെ- വിശ്വാസത്താലുള്ള നീതീകരണം (justification by faith) എന്ന ആശയവും വി. യാക്കോബ് ശ്ലീഹായുടെ പ്രവർത്തിയാലുള്ള നീതീകരണം (justification by deeds) എന്ന ആശയവും സമന്വയിപ്പിച്ചാണ് പൗരസ്ത്യ പിതാക്കന്മാർ ക്രിസ്തീയ രക്ഷാസിദ്ധാന്തത്തെ അവതരിപ്പിക്കുന്നത്. (നവീകരണ പിതാവായ മാർട്ടിൻ ലൂതർ കിംഗ് Jr. പ. പൗലോസ് ശ്ലീഹായുടെ വിശ്വാസത്താലുള്ള നീതീകരണം എന്ന ആശയത്തെ ഒരുപടികൂടി മുമ്പോട്ടുവച്ച് വിശ്വാസത്താലുള്ള സൗജന്യരക്ഷ എന്ന് വ്യാഖ്യാനം ചെയ്തു). അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി പൗരസ്ത്യ ചിന്താസരണിയിൽ നിന്ന് കൊണ്ടുതന്നെ സ്നേഹത്താലുള്ള നീതീകരണം (justification by love) എന്ന പുനർവായന ക്രിസ്തീയ രക്ഷാസിദ്ധാന്തത്തിന് നൽകി. അദ്ദേഹത്തിൻെറ അദ്വൈത സിദ്ധാന്തമൊക്കെയും സ്നേഹത്തിന് അദ്ദേഹം നൽകുന്ന ഊന്നലിൻെറ പ്രതിഫലനങ്ങളാണ്. പരിശുദ്ധ ത്രിത്വത്തിലുള്ള മൂന്ന് ദൈവിക ആളത്വങ്ങൾ തമ്മിലുള്ള നിതാന്തവും സജീവവുമായ സ്നേഹത്തിൻെറ പാരസ്പര്യതയും പങ്കിടീലും അവതരിപ്പിക്കുവാൻ അഭിവന്ദ്യ തിരുമേനി ആവിഷ്കരിച്ച ദർശനമാണ് അദ്വൈത സിദ്ധാന്തം. (3) ദൈവവചനത്തിൽ കേന്ദ്രീകൃതവും വചനാധിഷ്ഠിതവും ദൈവവചനത്താൽ സമ്പന്നവുമാണ് സുവിശേഷ പ്രസംഗങ്ങളെല്ലാം തന്നെ. അതുകൊണ്ടുതന്നെ സമകാലിനസമൂഹം അത് ഹൃദയത്തിൽ ഏറ്റുവാങ്ങി. വി. വേദപുസ്തകത്തിലെ വചനങ്ങൾ ഇത്രമാത്രം ഹൃദിസ്ഥവും നിശ്ചയവുമുള്ള മറെറാരു ക്രിസ്തീയ നേതാവിനെ ഈ ലേഖകന് ഇതുവരെ കണ്ടുമുട്ടാൻ സാധിച്ചിട്ടില്ല. വചനം കാലികപ്രസക്തമായി വ്യാഖ്യാനിക്കുന്നതിൽ മാത്രമല്ല, അത് പ്രവാചകശബ്ദമായി ഉണർവ്വും ഉത്തേജനവും നൽകുന്ന നിലയിലും ശക്തിയായി അവതരിപ്പിക്കാനുള്ള കഴിവ് അന്യാദൃശ്യമായിരുന്നു. 1950-കളിൽ തുടങ്ങി എം.വി.ജോർജ് ശെമ്മാശ്ശനായും, അച്ചനായും, പിന്നീട് ഒസ്താത്തിയോസ് തിരുമേനിയായും അദ്ദേഹം തുറന്നുവിട്ട വചനമാധുര്യം നുകരാൻ ജനസമൂഹം തടിച്ചുകൂടിയിരുന്നു. സ്വയം ശൂന്യവൽകരിക്കുന്ന, ഇല്ലാത്തവരുമായി പങ്കുവെയ്ക്കുന്ന സ്പിരിച്ച്വൽ സോഷ്യലിസം അദ്ദേഹത്തിൻെറ പ്രസംഗങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. അദ്ദേഹം സെക്കുലർ സോഷ്യലിസത്തിൻെറ വക്താവാണ് എന്ന് തെററിദ്ധരിക്കപ്പെടുവാൻ ഇതുമൂലം ഒരളവുവരെ കാരണമായിട്ടുണ്ട്. മനുഷ്യകേന്ദ്രീകൃതവും മനുഷ്യൻെറ ഭൗതിക ഉന്നമനത്തിൽ മാത്രം ഊന്നുന്നതുമായ സെക്കുലർ സോഷ്യലിസത്തേയും കമ്മ്യൂണിസത്തേയും അദ്ദേഹം നിരാകരിച്ചിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ സോഷ്യലിസ്റ്റ് ദർശനങ്ങളിൽ സെക്കുലർ സോഷ്യലിസ്റ്റുകാരും ആകർഷിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. സുവിശേഷത്തിൻെറ വെളിച്ചം മലങ്കരയിൽ തെക്കുമുതൽ വടക്കുവരെയും പ്രസംഗത്തിലൂടെയും, പുസ്തകങ്ങളിലൂടെയും, പ്രവർത്തനങ്ങളിലൂടെയും ദൈവം എടുത്തുപയോഗിച്ച ഒരു ശ്രേഷ്ഠഉപകരണം ആണ് അഭിവന്ദ്യ തിരുമേനി. അദ്ദേഹത്തിൻെറ സുവിശേഷ പ്രസംഗങ്ങളും പുസ്തകങ്ങളും കേവലം വാക്കുകളുടെ മായാപ്രപഞ്ചം സൃഷ്ടിക്കലായിരുന്നില്ല, മറിച്ച് സുവിശേഷത്തിൻെറ ഉണർവ്വും, വെളിച്ചവും ലാളിത്യവും അവസാനശ്വാസം വരെയും തിരുമേനി സ്വന്തം ജീവിതത്തിലും നിലനിർത്തിയിരുന്നു എന്നതാണ് ഏറെ ശ്രേഷ്ഠം. (4) പ. പൗലോസ് ശ്ലീഹായെപ്പോലെ ഏതവസ്ഥയിലും ഏതു സ്ഥാനത്തും ഏതു പ്രായത്തിലുള്ളവരോടും സുവിശേഷം പറയുവാൻ തിരുമേനിക്ക് സാധിച്ചു. പ. പൗലോസ് ശ്ലീഹായെപ്പോലെ സാഹചര്യങ്ങളുടെ പശ്ചാത്തലമുപയുക്തമാക്കി സുവിശേഷ മാദ്ധ്യമം ഭേദപ്പെടുത്തുവാനുള്ള അനുകൂലക്ഷമത (adaptiveness) ഇദ്ദേഹത്തിനും ദൈവം നൽകി. NAMS-ൻെറ ഒരു സമ്മേളനത്തിനായി 2004-ൽ കേരളത്തിൽ നിന്ന് വടക്കേ ഇന്ത്യയിലേക്ക് അഭിവന്ദ്യ തിരുമേനിയോടൊപ്പം ഒരുമിച്ചു ട്രെയിനിൽ യാത്ര ചെയ്തിരുന്ന ലേഖകന് ഇത് നേരിട്ട് കാണുവാൻ കഴിഞ്ഞു. ബോഗികൾ തോറും ഊന്നുവടിയുമായി നടന്ന് ജാതിമത ഭേദമെന്യേ എല്ലാവരോടും വിശേഷമാരാഞ്ഞ് ക്രിസ്തുവിൻെറ സ്നേഹത്തെ പകർന്നു കൊടുക്കുന്ന കാഴ്ച അതിശയിപ്പിക്കുന്നതായിരുന്നു. അദ്ദേഹത്തിൻെറ തനതായ സുവിശേഷ ഗാനങ്ങൾ "*ത്രിയേക ദൈവം എല്ലാവർക്കും ദൈവം ഹിന്ദുവിനും മുസൽമാനും....*" ആദിയായവ അതിരുകളില്ലാത്ത ക്രിസ്തുസ്നേഹത്തിന്റെ ഉദാഹരണങ്ങളാണ്. സഭയിൽ ഗോസ്പൽ ടീമുകളും, സഞ്ചാരസുവിശേഷീകരണവും, പരസ്യയോഗങ്ങളും ഒക്കെ പ്രചാരത്തിൽ വരുത്തുവാനുള്ള അദ്ദേഹത്തിൻെറ പ്രചോദനം

ഒരു പക്ഷെ സ്ലീബാദാസ സമൂഹ സ്ഥാപകൻ അഭിവന്ദ്യ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയിൽ നിന്ന് പ്രാപിച്ചതാകാം. മിഷൻ പഠനത്തിനായി മുതിർന്നവരുടെ സംഘടനയും (NAMS) കുട്ടികളുടെ സംഘടനയും (JUNIOR NAMS) തിരുമനസ്സിലെ രക്ഷാകർത്തൃത്വത്തിൽ ഭാരതത്തിലുടനീളം യൂണിറ്റുകളോടെ പ്രവർത്തിച്ചു. ആഗോള മിഷനറിമാരുടെ അധീശത്വ ലാക്കോടെയുള്ള പ്രവർത്തനങ്ങളോട് വന്ദ്യ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി വിയോജിച്ചിരുന്നു. സുവിശേഷവും ജീവകാരുണ്യ പ്രവർത്തനങ്ങളും ആളെകൂട്ടാനല്ല മറിച്ച് ആർദ്രതയുടെ ബഹിർസ്ഫുരണങ്ങളാവണം. കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ അടിസ്ഥാനം ആർദ്രതയുടെ (empathy) വെളിപ്പെടുത്തലായിരുന്നു. പരി. പൗലോസ് ശ്ലീഹായും ലേഖനത്തിൽ പലവുരു പ്രഖ്യാപിക്കുന്നത്, ''സ്നാനം കഴിപ്പിപ്പാനല്ല, ആർദ്രതയുടെ സുവിശേഷം അറിയിക്കുവാനാണ് ക്രിസ്തു എന്നെ വിളിച്ചിരിക്കുന്നത്" എന്നാണ്. അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ മിഷൻ വാഞ്ഛയുടെ അടിസ്ഥാനം മറെറാന്നുമായിരുന്നില്ല. അത് ആർദ്രതയുടെ സ്വാധീനത്തിൽനിന്ന് ഉരുത്തിരിഞ്ഞതായിരുന്നു.

രണ്ടാമതായി, അദ്ദേഹത്തിന്റെ ഉന്നതമായ ആദ്ധ്യാത്മിക നിലവാരമാണ്. വേദപഠനത്തിൽ താല്പര്യവും സുവിശേഷ ഉണർവ്വും അദ്ദേഹത്തിൽ സംജാതമാകുവാൻ, ഒരു പക്ഷെ കാരണമായത് തിരുമേനിയുടെ മാതൃഭവനത്തിന്റെ സ്വാധീനമാകാം. എന്നിരുന്നാലും അദ്ദേഹത്തെ ഏറെ ആകർഷിച്ചത് പൗരസ്ത്യ സഭയുടെ അദ്ധ്യാത്മികതയും അതിന്റെ ഉന്നതമായ നൈഷ്ഠികഭാവങ്ങളുമാണ്. മാവേലിക്കര പുതിയകാവ് പള്ളിയും, അവിടെ സമർപ്പിക്കപ്പെട്ട ആരാധനയുടെ ആഘോഷങ്ങളും ഒരു വശത്തും കല്ലാശ്ശേരിൽ പ. ദ്വിതീയൻ ബാവാതിരുമേനിയുടെ യോഗാത്മകജീവിതം മറുവശത്തും പൗരസ്ത്യ അദ്ധ്യാത്മികതയിലേക്ക് അദ്ദേഹത്തെ ഉപനയനം ചെയ്തു. അദ്ധ്യാത്മികത ദൈവസംസർഗ്ഗത്തിൽ നിന്ന് ഉരുത്തിരിയുന്ന ജീവിതഭാവമാണ്. പൗരസ്ത്യ അദ്ധ്യാത്മികത കേവലം ക്രിസ്താനുകരണമല്ല. മറിച്ച് ക്രിസ്തുവിന്റെ പ്രതിരൂപമാകുന്ന അവസ്ഥയാണ്. ക്രിസ്തുഭാവങ്ങൾ സ്വന്തം ജീവിതാനുഭവമായി സാംശീകരിക്കപ്പെടുകയാണ്. ഇതിനെയാണ് ക്രിസ്തുവൽക്കരണം (christosis) എന്നു പറയുന്നത്. ഇത് പാശ്ചാത്യ ക്രിസ്താനുകരണ മാതൃകയിൽനിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടാണ്. അനുകരണത്തിൽ ആന്തരീകഗുണമേന്മ നഷ്ടപ്പെടുവാനുളള അപകടസാദ്ധ്യതയുണ്ട്. ചെറുപ്പത്തിൽ ലഭിച്ച അദ്ധ്യാത്മികതയുടെ വെളിച്ചം അതിന്റെ ശോഭ ഒട്ടും കുറയാതെ തന്റെ ജീവിതാവസാനം വരെ തികഞ്ഞ നിറവിൽ തിരുമേനി തുടർന്നിരുന്നു. കാനോനാ നമസ്കാരങ്ങളിലും കൂദാശാനുഷ്ഠാനങ്ങളിലും ഉള്ള അദ്ദേഹത്തിന്റെ നിഷ്ഠ അനുഭവതലത്തിൽ ഈ ലേഖകന് സാക്ഷിക്കുവാൻ സാധിക്കും. അദ്ധ്യാത്മിക അനുഷ്ഠാനങ്ങളിലുള്ള ലാഘവത്വം ഒരു ഫാഷൻ പോലെ പടർന്നിരിക്കുന്ന കാലിക സമൂഹത്തിൽ, തിരുമേനിയുടെ ജീവിതസാക്ഷ്യം വേറിട്ടതാണ്.

> **"ഞാൻ ഉദാസീനമാണെങ്കിൽ എനിക്കു ഹാ! കഷ്ടം" എന്നാണ് പൗലോസ് ശ്ലീഹ ആവർത്തിച്ചു പറയുന്നത്. സമാനമായ ഒരു ദൗത്യബോധവും ബോദ്ധ്യവും അഭിവന്ദ്യ തിരുമേനിയിൽ നിറഞ്ഞുനിന്നിരുന്നു.**

മൂന്നാമതായി തിരുമേനിയുടെ സാമൂഹിക ജീവിതത്തെ സംബന്ധിച്ചാണ്. ക്രിസ്തീയജീവിത പ്രമാണം ആരാധനയും സുവിശേഷീകരണവും മാത്രമല്ല, അതോടൊപ്പം സമൂഹം തള്ളുന്നവരേയും നിഷേധിക്കുന്നവരേയും സ്നേഹിപ്പാനും അവരുടെ സാമൂഹികനീതിക്കായി പ്രവർത്തിപ്പാനുളള വിളികൂടെയാണ്. വേശ്യാസ്ത്രീകളേയും, പാപികളേയും, ചുങ്കക്കാരേയും, സമൂഹം അറയ്ക്കുകയും വെറുക്കുകയും ചെയ്തിരുന്നവരേയും തേടിയിറങ്ങി, അവരെ ആശ്വസിപ്പിച്ച യേശുനാഥൻ ഇന്ന് സൗകര്യപൂർവ്വം വിസ്മരിക്കപ്പെടുന്നു. സ്നേഹം കിട്ടാൻ അർഹതയില്ലാത്തവരെ സ്നേഹിക്കുവാൻ വിളിക്കപ്പെട്ട ക്രിസ്ത്യാനി (Love for unlovables) നേട്ടം തരുന്നവരേയും, ദ്രവ്യം തരുന്നവരേയും മാത്രം സ്നേഹിക്കുന്നു. യേശുവിനെ ഹേറോദേസ്സിന്റെ അരമനകളിൽ നാം ഇന്നും തേടുന്നു. Christian Solidarityയുടെ പ്രാഥമിക പാഠം പോലും മറന്നുപോകുന്ന ഈ തലമുറയിൽ, അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മ തിരുത്തൽ ശക്തിയാണ്.

നാലാമതായി, തിരുമേനിയുടെ ജീവിതലാളിത്യത്തെ സംബന്ധിച്ചാണ്. എല്ലാതലങ്ങളിലും, അത് സാമ്പത്തികമാവട്ടെ, പരസ്പരബന്ധങ്ങളിലാവട്ടെ, വ്യക്തിജീവിതത്തിലാവട്ടെ, തികഞ്ഞ സുതാര്യതയും ലാളിത്യവും രഹസ്യ-പരസ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും കാത്തുസൂക്ഷിക്കുന്ന ഒരു മെത്രപ്പോലീത്ത എന്ന് സർവ്വരാലും തിരുമേനി ആദരിക്കപ്പെടുന്നു. അനേകം അനുഭവങ്ങൾ ഇതിന്റെ ഭാഗമായി പറയാനുണ്ടെങ്കിലും വിസ്താരഭയത്താൽ ഒഴിവാക്കുന്നു. ഒരു തരത്തിലുമുള്ള വാശിയോ, നിർബന്ധമോ ഭൗതികജീവിതസൗകര്യങ്ങളിൽ ഇല്ല എന്നുള്ളത് അനുഭവതലത്തിൽ തന്നെ പറയാനാകും.

അഞ്ചാമതായി തിരുമേനിയുടെ കാലിക പ്രാധാന്യമുള്ള സാമൂഹിക പ്രശ്ങ്ങളോടുളള പ്രവാചക ദൗത്യബോധം സംബന്ധിച്ചാണ്. സെമിനാരിയിലെ ക്ലാസ്സ് മുറിയിലോ കൺവൻഷൻ പന്തലുകളിലോ മാത്രം ഒതുങ്ങിയിരുന്നില്ല തിരുമേനിയുടെ പ്രബോധനങ്ങളും സാമൂഹിക പ്രതിബദ്ധതയും. അവസാനശ്വാസം വരെ കാലികപ്രസക്തിയുള്ള എല്ലാ പ്രശ്നങ്ങളോടും വിഷയങ്ങളോടും, അത് സഭക്കകത്തേതാകട്ടെ, സഭകൾ തമ്മിലാകട്ടെ, മററു മതങ്ങളിലാവട്ടെ, സമൂഹതലത്തിലാവട്ടെ തിരുമേനി നിരന്തരമായി ഇടപെടുകയും പ്രതികരിക്കുകയും ചെയ്തിരുന്നു. അങ്ങനെ അദ്ദേഹം മലങ്കര സഭയുടെ ആധുനിക കാലഘട്ടത്തിലെ ശക്തനായ, സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കുവാൻ കെല്പുള്ള പ്രവാചക ശബ്ദമായി അറിയപ്പെട്ടു. വിദ്യാർത്ഥികളെ മാത്രമല്ല, മത, സാമൂഹിക, രാഷ്ട്രീയ വേലികെട്ടുകൾക്കതീതമായി തന്നിലേക്കാകർഷിക്കപ്പെട്ട അനുഗാമികളേയും മനുഷ്യസ്നേഹത്തിന്റെയും സാമൂഹിക നീതിയുടെയും മതസൗഹാർദ്ദത്തിന്റെയും വിശാല ഭൂമികളിലേക്ക് അദ്ദേഹം നയിച്ചു.

'ഒസ്താത്തിയോസ്' എന്ന പേരിന് ഗ്രീക്ക് ഭാഷയിൽ നന്നായി നിൽക്കുന്നവൻ എന്നാണർത്ഥം. ദളിതരുടെ സാമൂഹിക നീതിക്കുവേണ്ടി ഒരു വിപ്ലവകാരിയെപ്പോലെ പ്രവർത്തിച്ച മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പോലെ 'ഒസ്താത്തിയോസ്' നാമധാരിയായ നമ്മുടെ ഈ ശ്രേഷ്ഠപിതാവും സാമൂഹിക നീതിക്ക് വേണ്ടി പ്രവാചകശബ്ദമായി നിലകൊണ്ടു. സമൂഹത്തിൽ ഒരു ദീപസ്തംഭം പോലെ നന്നായി നിന്നുകൊണ്ട് എല്ലാ അർത്ഥത്തിലും അനേകായിരങ്ങൾക്ക് പ്രകാശവും, നീതിബോധവും, സ്നേഹകൂട്ടായ്മയും നൽകിക്കൊണ്ട് അവസാനശ്വാസം വരെ ജീവിച്ച തിരുമേനിക്ക് ഒസ്താത്തിയോസ് എന്ന നാമം തികച്ചും അന്വർത്ഥമാണ്. ജീവിതാവസാനം വരെയും യുവത്വത്തിന്റെ നിറവും ഊർജ്ജസ്വലതയും വച്ചുപുലർത്തിയ തിരുമേനി, ദൈവം കൊടുത്ത ആയുസ്സത്രയും സഭയുടെയും സമൂഹത്തിന്റെയും ധാർമ്മിക മനസാക്ഷിയായി ജീവിച്ചു. തിരുമനസ്സിലെ പുണ്യസ്മരണയുടെ മുമ്പിൽ ശിരസ്സ് നമിക്കുന്നു. ഒപ്പം പ്രാർത്ഥനയും ഹൃദയത്തിൽ നിന്ന് അർപ്പിക്കുന്നു. **GM**



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൽക്കത്ത ഭദ്രാസന മെത്രാപ്പോലീത്തയാണ് അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി. ഒസ്താത്തിയോസ് തിരുമേനിയുടെ ഭരണസീമയിൽപ്പെട്ട നിരണം ഭദ്രാസനത്തിലെ ഒരംഗവും, തിരുമേനിയുടെ വത്സല ശിഷ്യനും കൂടിയാണ് ലേഖകൻ.

അതുല്യനായ ആത്മീയ പിതാവ്

■ ഫാ. ഡോ. ടി. ജെ. ജോഷ്വ

"മോശ പ്രവർത്തിച്ച മഹാകാര്യങ്ങൾ ഒക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ മറ്റൊരു പ്രവാചകൻ യിസ്രയേലിൽ ഉണ്ടായിട്ടില്ല." (ആവ. 34:11, 12.)




ഏതാനും ദിവസങ്ങൾക്കു മുമ്പ്, തന്റെ ദൗത്യം നിറപടിയായി നിറവേറ്റി തന്റെ ശാശ്വത ഭവനത്തിലേക്കു യാത്രയായ മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പറ്റി ചിന്തിച്ചപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞു വന്ന വാക്യമാണ് മുകളിൽ ഉദ്ധരിച്ചത്. തിരുമേനിയുടെ ആദ്യകാല സഹപ്രവർത്തകരിൽ ഞാൻ മാത്രമേ ഇന്ന് അവശേഷിക്കുന്നുള്ളു. 1954 മുതൽ ഞങ്ങൾ സെമിനാരിയിൽ സഹാദ്ധ്യാപകരായി. മലങ്കരയിൽ അങ്ങോളമിങ്ങോളമുള്ള കൺവൻഷൻ വേദികൾ ഞങ്ങൾ പങ്കിട്ടു. ചങ്ങനാശേരിയിൽ വിദ്യാർത്ഥികളുടെ ഇടയിൽ കൂട്ടായി പ്രവർത്തിക്കയും അവിടെ നമുക്ക് ഒരു ദേവാലയം നിർമ്മിക്കുന്നതിൽ വിജയിക്കയും ചെയ്തു. മാവേലിക്കരയുള്ള ഇന്നത്തെ മിഷൻ ട്രെയിനിങ് സെന്റർ "സെന്റ് പോൾസ് വയോമിങ് ഗോസ്പൽ ഹാൾ" ആയി ആരംഭിച്ചപ്പോൾ എന്റെ സജീവ സഹകരണം ഉണ്ടായിരുന്നു. ഏറെക്കാലം ഒരുമിച്ചു ചിന്തിക്കുകയും, ഒരുമിച്ചു പ്രാർത്ഥിക്കുകയും ഒരുമിച്ചു പ്രവർത്തിക്കുകയും ചെയ്ത ഒരു ജ്യേഷ്ഠസഹോദരനെയാണ് എനിക്കു നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ ജീവിതാന്ത്യത്തിൽ, ഞാനും കെ.എം. ജോർജച്ചനും കൂടി സന്ദർശിച്ചപ്പോൾ നാവെടുക്കാൻ കഴിഞ്ഞില്ലെങ്കിലും സ്നേഹവാത്സല്യങ്ങൾ അവ്യക്തമായി പ്രകടമാക്കി. അതിനുശേഷം ബോധം നഷ്ടപ്പെടുകയും ചെയ്തു. ബോധത്തോടെ അദ്ദേഹത്തെ കണ്ട അവസാനത്തെ വ്യക്തികൾ ഞങ്ങൾ രണ്ടു പേരുമാണ്.

1965 ൽ അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്ക് മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തെങ്കിലും അന്നത്തെ സുന്നഹദോസിലെ ചിലർക്ക് അതിനോട് അനുകൂലമല്ല എന്നറിഞ്ഞപ്പോൾ, അദ്ദേഹം ഒരു കത്ത് ബാവാ തിരുമേനിക്ക് എഴുതി; താൻ ഈ സ്ഥാനത്തു വരാൻ ആഗ്രഹിക്കുന്നില്ല എന്നും, താൻ ആത്മാർത്ഥമായി പിന്മാറുന്നു എന്നും കാണിച്ചുള്ള കത്തായിരുന്നു. അതിന്റെ നക്കൽ എഴുതി എന്നെ കാണിച്ചപ്പോൾ പിന്മാറ്റത്തിന്റെ ആവശ്യമില്ലെന്നും, അങ്ങനെ ഒരു കത്തു കൊടുക്കേണ്ടതില്ലെന്നും പറഞ്ഞു അതു ഞാൻ കീറിക്കളഞ്ഞു. ഇതു മറ്റാരും അറിഞ്ഞിട്ടുള്ള കാര്യമല്ല. മെത്രാൻ സ്ഥാനത്തിനു വേണ്ടി ഇന്ന് അനർഹരായവർ പോലും തള്ളിക്കയറുന്ന ബാലിശമായ കാഴ്ച കാണുമ്പോഴാണ്, മൺമറഞ്ഞ തിരുമേനിയുടെ വീക്ഷണവും സമീപനവും എത്ര ഔന്നത്യമേറിയതായിരുന്നു എന്നു ബോധ്യമാകുന്നത്. സുന്നഹദോസ് ആദ്യം അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം നിരസിച്ചപ്പോൾ യാതൊരു ഭാവഭേദവുമില്ലാതെ, സഭയിലുള്ള തന്റെ ദൗത്യം അദ്ദേഹം ആത്മാർത്ഥതയോടെ തുടരുകയായിരുന്നു.

മോശ പ്രവർത്തിച്ച മഹാകാര്യങ്ങൾ വിചാരിച്ചാൽ അദ്ദേഹത്തെപ്പോലെ മറ്റൊരു പ്രവാചകൻ ഉണ്ടായിട്ടില്ല എന്നുള്ള വിലയിരുത്തൽ ഈ പിതാവിനു പ്രസക്തമാണ്. അദ്ദേഹം നിർവഹിച്ച "മഹാകാര്യങ്ങളുടെ" ഒരു നീണ്ട പട്ടിക തന്നെ നിരത്താൻ കഴിയും. അവയിൽ ചിലത് എടുത്തുപറയട്ടെ: (1) മലങ്കരസഭയ്ക്ക് ഒരു മിഷൻ അവബോധം വരുത്തി. അതിനു മുൻപ് സ്ലീബാദാസ സമൂഹം സ്ഥാപിതമായതും വിജാതീയ സമൂഹത്തിൽ പ്രവർത്തനങ്ങൾ നടത്തിയതും വിസ്മരിക്കുന്നില്ല. കൺവൻഷൻ വേദികളിലും യുവജനസമ്മേളനങ്ങളിലും, വൈദിക സമ്മേളനങ്ങളിലും എല്ലാം 'മിഷൻ' എന്നതു സഭയുടെ മൗലികമായ ദൗത്യമെന്ന അവബോധം വരുത്താൻ ഈ തിരുമേനിക്കു കഴിഞ്ഞു. ആരാധനയിൽനിന്നു ലഭിക്കുന്ന ആത്മികശക്തിയും പ്രചോദനവും പ്രേഷിത വൃത്തിയിൽ പ്രതിഫലിക്കണമെന്ന സന്ദേശം ശക്തമായി അദ്ദേഹം നൽകി. അങ്ങനെ മിഷൻ ബോർഡും, മിഷൻ സൺഡേയും എല്ലാം ഉണ്ടായി. സെമിനാരിയിലെ അദ്ധ്യയനത്തിൽ Missiology എന്ന വിഷയവും പഠനവിധേയമാക്കി. അതുകൂടാതെ NAMS എന്ന സംഘടന രൂപപ്പെട്ടു. അതിന്റെ ലക്ഷ്യം ദേശീയ തലത്തിൽ മിഷന്റെ വ്യത്യസ്ത തലങ്ങളെയും, പ്രവർത്തനങ്ങളെയുംപറ്റി തുടർപഠനം നടത്തുക എന്നുള്ളതാണ്. മാവേലിക്കരയിൽ സ്ഥാപിതമായിരുന്ന സുവിശേഷാലയം, മിഷനറിമാരെ പരിശീലിപ്പിക്കുന്ന പഠനകേന്ദ്രമായി ഉയർത്തി. അവിടെ പഠിക്കാൻ ആളുകൾ മുമ്പോട്ടുവരുന്നില്ല എന്നുള്ളത് അദ്ദേഹത്തെ അസ്വസ്ഥമാക്കിയിരുന്നു. 'ലിറ്റർജി' അഥവാ ആരാധന എന്നതിനു നാം വളരെ പ്രാധാന്യം കൽപ്പിക്കുന്ന വിഷയമാണ്. Liturgy എന്നുള്ളതിന്റെ മൂലം ഗ്രീക്കാണ്. ആരാധന വിശ്വാസികളുടെ സമൂഹത്തിന്റെ സംയുക്തമായ പ്രവർത്തനമാണ്, Liturgy after the liturgy എന്നു പറയുന്നത് ആരാധനയെ തുടർന്ന് സംയുക്തമായി സാമൂഹ്യ രംഗത്തു നടത്തുന്ന പ്രവർത്തനങ്ങളെ കുറിക്കുന്നു. അവയ്ക്കു പ്രാധാന്യം കൽപ്പിക്കണമെന്ന ദർശനമാണ് തിരുമേനി സ്വീകരിച്ചിരുന്നത്.

> **യഹോവ അഭിമുഖം സംസാരിച്ച മോശയ്ക്കു തുല്യനായിരുന്നു മാർ ഒസ്താത്തിയോസ്**

(2) നിരാലംബരെപ്പറ്റി കരുണയും കരുതലും: "യേശുവിന്റെ മനസ്സ് നിങ്ങൾക്കുണ്ടാകണം" എന്ന പൗലോസിന്റെ ഉദ്ബോധനം പൂർണ്ണമായി അംഗീകരിച്ചുള്ള ഒരു ജീവിതശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. അശരണരെപ്പറ്റിയും സമൂഹത്തിൽ അവശതയും അവഗണനയും സഹിക്കുന്നവരെപ്പറ്റിയും എപ്പോഴും നൊമ്പരപ്പെടുന്ന ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു. സഹാനുഭൂതിയും അനുകമ്പയും ആർദ്രമനസ്സും അദ്ദേഹത്തിന്റെ സഹജവാസനകളായിരുന്നു. അതുകൊണ്ട് ഭാരതത്തിന്റെ ഏതു ഭാഗത്തു ഭൂകമ്പമോ, പ്രളയക്കെടുതിയോ, മറ്റു പ്രകൃതിക്ഷോഭമോ നിമിത്തം മനുഷ്യർ ദുരിതത്തിലാകുമ്പോൾ അദ്ദേഹത്തിന്റെ മനസ്സ് നൊമ്പരപ്പെടും. സഹായത്തിന്റെ കരം അവരിലേക്കു നീട്ടുവാൻ പദ്ധതികളും പരിപാടികളും ഉടൻ രൂപപ്പെടും. സഭാ മക്കളുടെ സത്വര ശ്രദ്ധ ആ പരിപാടികളിൽ പതിപ്പിക്കും. അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി ബാലഭവനങ്ങൾ അനവധി, കേരളത്തിന്റെ വിവിധ ഭാഗത്തും കേരളത്തിനു വെളിയിലുമായി സ്ഥാപിക്കുവാൻ കഴിഞ്ഞു എന്നു മാത്രമല്ല അവയെല്ലാം ഏറ്റവും മെച്ചപ്പെട്ട നിലയിൽ നടത്തുവാൻ തക്ക അർപ്പണബോധ



മുള്ള പ്രവർത്തകരെയും കണ്ടെത്തി. പുതുപ്പാടി ബാലഭവനത്തിലെ ഒരാൾ മെഡിക്കൽ കോളജിലും മറ്റൊരാൾ എൻജിനീയറിങ് കോളജിലും പഠിക്കുന്നു എന്നുള്ളത് അവരുടെ സംരക്ഷണയുടെ നിലവാരം വിളിച്ചറിയിക്കുന്നു. കുഷ്ഠരോഗം ബാധിച്ചവരുടെ മക്കൾക്കായിട്ടു മാത്രമല്ല എയ്ഡ്സ് ബാധിച്ചവരുടെ മക്കൾക്കും സംരക്ഷണം നൽകുന്ന സ്നേഹത്തിന്റെയും ദയവിന്റെയും ഭവനങ്ങൾ തിരുമേനിയുടെ ദർശനത്തിൽനിന്നു രൂപം കൊണ്ടതാണ്.

ക്യാപ്പിറ്റലിസത്തിന്റെ വലിയ വിമർശകനായ തിരുമേനി വർഗ്ഗരഹിതമായ, ഒരു സമൂഹത്തെയാണ് വിഭാവനചെയ്തത്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും കൃതികളിലും എല്ലാം സ്നേഹത്തിൽ അധിഷ്ഠിതമായ "ക്ലാസ്ലെസ് സൊസൈറ്റി" എന്ന ആശയം ഉയർന്നുനിന്നു. സോഷ്യലിസത്തിലേക്കുള്ള അദ്ദേഹത്തിന്റെ ചായ്‌വ് കമ്യൂണിസ്റ്റ് അനുഭാവി ആണെന്നു വരെ ചിന്തിപ്പിക്കാൻ ഇടം നൽകിയിട്ടുണ്ട്. പൗരസ്ത്യ വേദശാസ്ത്രത്തിൽ വിശുദ്ധത്രിത്വത്തിന് വലിയസ്ഥാനം ഉണ്ട്. തിരുമേനിയുടെ ദർശനങ്ങളിൽ ത്രിത്വാധിഷ്ഠിതമായ സ്നേഹത്തിന്റെ ഊന്നൽ വളരെ പ്രകടമായിരുന്നു. പലരുടെയും വേദശാസ്ത്രം വാദങ്ങളിലും, നിർവചനങ്ങളിലും പരിമിതപ്പെട്ടുപോകും. എന്നാൽ തിരുമേനി, ചിന്തയും പ്രവൃത്തിയും തമ്മിൽ ബന്ധിപ്പിക്കുന്ന സമീപനമായിരുന്നു സ്വീകരിച്ചത്.



അഭി. പത്രോസ് മാർ ഒസ്താത്തിയോസ്

(3) സാമൂഹ്യ തിന്മയ്ക്കെതിരെ ഉയർന്ന പ്രവാചക ശബ്ദം: പഴയനിയമ കാലത്തിലെ പ്രവാചകന്മാർ സമൂഹത്തിന്റെ തിന്മകളെ നിശിതമായി വിമർശിക്കുകയും, നീതിയും സമാധാനവും നിലനിർത്താൻ നിർദ്ദേശിക്കുകയും ചെയ്തു. അതിനു സമാനമായ സമീപനമാണ് തിരുമേനിയിൽ കണ്ടത്. ആവേശഭരിതമായ അദ്ദേഹത്തിന്റെ സന്ദേശം ജനഹൃദയങ്ങളെ സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ വ്യക്തിപരമായ. മാനസാന്തരത്തിനും ജീവിത പുതുക്കത്തിനുമുള്ള ആഹ്വാനമായിരുന്നെങ്കിൽ പിൽക്കാലത്ത് സാമൂഹ്യമായ മാറ്റവും, സാമൂഹ്യ നന്മയുമാണ് ലക്ഷ്യമിട്ടത്.

ഇത്രയധികം സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടാക്കിയിട്ടുള്ള മറ്റൊരു സഭാ പിതാവുമില്ല. അവയെല്ലാം കാതോലിക്കേറ്റിനു വേണ്ടിയല്ലാതെ സ്വന്തം പേരിലോ, സ്വന്തം പ്രസ്ഥാനത്തിന്റെ പേരിലോ അല്ല എന്നുള്ളത് ശ്രദ്ധേയമാണ്

യുവജനങ്ങളിൽ ഏറെ സ്വാധീനം വരുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിന് കൊടുങ്കാറ്റിന്റെ ശക്തി ആയിരുന്നു. താൻ വിശ്വസിക്കുന്ന തത്വങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടും ഉത്തമബോദ്ധ്യത്തോടും അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കപ്പെടാതിരിക്കയില്ല. ചില കാര്യങ്ങളോട് വിയോജിപ്പുണ്ടാകാം; ചോദ്യം ചെയ്തു എന്നും വരാം. എങ്കിലും അദ്ദേഹത്തിന്റെ ആത്മാർത്ഥതയിലും സത്യസന്ധതയിലും വിശ്വാസം അർപ്പിക്കുന്നുണ്ടാവും. ഏതെങ്കിലും പദ്ധതിക്കോ പ്രസ്ഥാനത്തിനോ സഹായം അഭ്യർത്ഥിച്ച് പ്രസ്താവിച്ചു കഴിഞ്ഞാൽ പണം ഒഴുകിയെത്തുന്നതിന് താമസമുണ്ടാവുകയില്ല. സ്ത്രീകൾ അവരുടെ വളയും മാലയും, മോതിരവുമൊക്കെ സമർപ്പിക്കുന്നതിന് സന്നദ്ധരാവും. അങ്ങനെ ഏതെല്ലാം കാര്യങ്ങൾക്കു വേണ്ടി എത്രയേറെ സംഭാവനകൾ ഉണ്ടായിട്ടുണ്ട്. ജനങ്ങൾക്കുള്ള വിശ്വാസവും അദ്ദേഹത്തോടുള്ള സ്നേഹവും ആദരവും ആണ് അതു വ്യക്തമാക്കുന്നത്.

സ്വാർത്ഥതയോ, വ്യക്തിപരമായ ഏതെങ്കിലും നേട്ടമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇത്രയധികം സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടാക്കിയിട്ടുള്ള മറ്റൊരു സഭാ പിതാവുമില്ല. അവയെല്ലാം കാതോലിക്കേറ്റിനു വേണ്ടിയല്ലാതെ സ്വന്തം പേരിലോ, സ്വന്തം പ്രസ്ഥാനത്തിന്റെ പേരിലോ അല്ല എന്നുള്ളത് ശ്രദ്ധേയമാണ്. എത്രയും ലളിതമായി ജീവിച്ചുകൊണ്ട്, സ്നേഹത്തിന്റെ മാറ്റൊലി എല്ലാ രംഗങ്ങളിലും പരത്തി കടന്നുപോയ ആ ധന്യാത്മാവ് ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠനാണ്. വലിപ്പച്ചെറുപ്പവ്യത്യാസമില്ലാതെ എല്ലാവരുടെയും സ്നേഹവും ആദരവും സമ്പൂർണ്ണ സഹകരണവും ഇത്രയേറെ ആർജ്ജിച്ച വ്യക്തികൾ ഇല്ലെന്നുതന്നെ പറയാം.

അദ്ദേഹത്തിന്റെ ഒരു ദീർഘകാല സഹപ്രവർത്തകനാകാൻ ഭാഗ്യം ലഭിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്നെയും ജോർജച്ചനെയും കണ്ടതിനുശേഷം അദ്ദേഹത്തിന്റെ ബോധം മറയുകയായിരുന്നു. ആ അന്ത്യദർശനം മാഞ്ഞുപോകാതെ എന്റെ മനസ്സിൽതെളിഞ്ഞുനിൽക്കുന്നു. എന്തോ പറയുവാൻ ആഗ്രഹിച്ച കാര്യം ഇനിയും "അവിടെ"യെത്തുമ്പോൾ വെളിപ്പെടുത്തുവാൻ കഴിയട്ടെ! അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ ഞാൻ വിശ്വസിക്കുന്നു. ഏറെ പ്രാർത്ഥിച്ച വ്യക്തിയാണ്. യഹോവ അഭിമുഖം സംസാരിച്ച മോശയ്ക്കു തുല്യനായി അദ്ദേഹത്തെ ഞാൻ അനുസ്മരിക്കുന്നു.

GM



അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ പ്രിയസുഹൃത്തും ദീർഘകാല സഹപ്രവർത്തകനുമായിരുന്നു ബഹു. ജോഷ്വാ അച്ചൻ.

ദൈവത്തിന്റെ വിശ്വസ്തനായ കാര്യവിചാരകൻ മാർ ഒസ്താത്തിയോസ്

■ പ്രൊഫ. ഡി. മാത്യു



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസ്സിൽ ഓടിയെത്തുന്നത് തിരുമേനിയുടെ സാമ്പത്തിക കാര്യങ്ങളിലുള്ള സുതാര്യതയാണ്. 1981 മുതൽ 2011 വരെ മുപ്പതു വർഷക്കാലം സഭാ മിഷൻ ബോർഡിന്റെ ട്രഷററായി തിരുമേനിയോടൊപ്പം സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ച എനിക്ക് ആ കാലം ഒരു അനുഭവപാഠമായിരുന്നു. സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലിചെയ്യുന്നവർക്ക് ശമ്പളക്കൂടുതൽ കൊടുക്കുവാൻ നാംസ് അംഗങ്ങളിൽ നിന്ന് മാസം നൂറു രൂപ വീതം ശേഖരിച്ച് പത്തു ലക്ഷം രൂപ സ്ഥിര നിക്ഷേപം ഇടാൻ തീരുമാനിച്ചു. അങ്ങനെശേഖരിക്കുന്ന പണം അംഗീകൃത ബാങ്കുകളിൽ ഇടുന്നതിനേക്കാൾ കൂടുതൽ പലിശ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നു ലഭിക്കും എന്ന് കമ്മിറ്റിയിൽ ഒരഭിപ്രായം വന്നു. തിരുമേനി പറഞ്ഞു. 'അതു വേണ്ട. പലിശ കുറച്ചു കിട്ടിയാൽ മതി. നമ്മുടെ പണം ബ്ലേഡ് കമ്പനികളിൽ നിക്ഷേപിക്കരുത്." അങ്ങനെതന്നെ തീരുമാനിച്ചു.

മാവേലിക്കരയിൽ ഓർത്തഡോക്സ് സഭയുടെ പന്ത്രണ്ട് അക്കൗണ്ടുകൾ ഉണ്ട്. പക്ഷേ ഒസ്താത്തിയോസ് തിരുമേനിക്ക് സ്വന്തം സമ്പാദ്യം ഒന്നുമില്ല, ഭാരതത്തിൽ പല സ്ഥലങ്ങളിലായി ഏകദേശം 400 ഏക്കർ സ്ഥലം പരിശുദ്ധ ബാവാ തിരുമേനിയുടെ പേരിൽ എഴുതി വാങ്ങിയിട്ടുണ്ട്. എന്നാൽ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ പേരിൽ ഒരു സെന്റ് സ്ഥലവുമില്ല. താമസിക്കുന്ന കെട്ടിടവും വസ്തുവും പരിശുദ്ധ ബാവാ തിരുമേനിയുടെ പേരിലാണ്. സാധുക്കൾക്കു വേണ്ടി ശേഖരിക്കുന്ന പണത്തിൽ ഓരോ പൈസയും ചിലവാക്കുന്നത് ശ്രദ്ധയോടെ വേണം എന്നു തിരുമേനി പഠിപ്പിച്ചു. 2011 ഫെബ്രുവരി മാസം 13-ാം തീയതി ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് പരുമല ആശുപത്രിയിൽ വച്ച് ഡോക്ടർ തിരുമേനിയോടു പറഞ്ഞു "ആരോഗ്യം മോശമാണ്. ഒരു ഡയാലിസിസ് തുടങ്ങിയാലോ എന്നാലോചിക്കുകയാണ്" ഉടനെ തിരുമേനി പ്രതികരിച്ചു "എനിക്ക് ഡയാലിസിസ് ചെയ്യേണ്ട. പാവങ്ങൾക്കു കൊടുക്കുവാൻ എനിക്കു കിട്ടുന്ന പണം ഡയാലിസിസിന് കൊടുക്കുന്നത് ദൈവതിരുമുമ്പാകെ നീതീകരിക്കാൻ പറ്റില്ല. ആയുസ്സ് നീട്ടിക്കൊണ്ടുപോകുവാൻ എനിക്ക് ആഗ്രഹമില്ല. ഡയാലിസിസ് കണ്ടുപിടിക്കുന്നതിനു മുമ്പും മനുഷ്യർ ജീവിച്ചല്ലോ! ഏതായാലും ഡയാലിസിസ് വേണ്ട." മരുന്നുകൊണ്ട് തിരുമേനിക്ക് രോഗം ഭേദമായി. കൃത്യം ഒരു വർഷം കഴിഞ്ഞ് 2012 ഫെബ്രുവരി 13-ാം തീയതി ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് പരുമല ആശുപത്രിയിൽ വച്ച് അബോധാവസ്ഥയിൽ കിടക്കുന്ന തിരുമേനിക്ക് ഡയാലിസിസ് നടത്താൻ ഡോക്ടർമാർ തീരുമാനിച്ചു. പക്ഷേ പെട്ടെന്ന് തിരുമേനിയുടെ ബി.പി. 12 ആയി കുറഞ്ഞതുകൊണ്ട് ഡയാലിസിസ് ചെയ്യാൻ സാധിച്ചില്ല. പൊതുവിന്റെ പണം ചിലവാക്കുന്നതിൽ തിരുമേനി എത്ര ശ്രദ്ധിച്ചിരുന്നു എന്നതിന് ഒരുദാഹരണം മാത്രം.

മാവേലിക്കരയിൽ ഓർത്തഡോക്സ് സഭയുടെ പന്ത്രണ്ട് അക്കൗണ്ടുകൾ ഉണ്ട്. പക്ഷേ ഒസ്താത്തിയോസ് തിരുമേനിക്ക് സ്വന്തം സമ്പാദ്യം ഒന്നുമില്ല, ഭാരതത്തിൽ പല സ്ഥലങ്ങളിലായി ഏകദേശം 400 ഏക്കർ സ്ഥലം പരിശുദ്ധ ബാവാ തിരുമേനിയുടെ പേരിൽ എഴുതിവാങ്ങിയിട്ടുണ്ട്. എന്നാൽ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ പേരിൽ ഒരു സെന്റ് ഭൂമിയുമില്ല

നിസ്സാരകാര്യങ്ങൾ വരെ തിരുമേനി ശ്രദ്ധിക്കും. പേർഷ്യയിൽനിന്നും ഒരാൾ 30,000 രൂപയുടെ ചെക്ക് അയച്ചുതന്നു. കത്തിൽ ഇപ്രകാരം ഉണ്ട് 15,000 രൂപ പുതുപ്പാടി ബാലഭവന് ബാക്കി തിരുമേനിക്ക് ഇഷ്ടമുള്ള ഏതെങ്കിലും സ്ഥാപനത്തിന്. ആ കത്തു വായിച്ചിട്ട് തിരുമേനി പറഞ്ഞു പുതുപ്പാടിയുടെ രസീതും ഒരു കത്തും കൂടി ആയയ്ക്കണം ബാക്കി 15 എന്തിന് ഉപയോഗിക്കണമെന്ന്? "തിരുമേനിയുടെ ഇഷ്ടപ്രകാരം ചെയ്താൽ പോരെ ഇനിയും കത്തയയ്ക്കണോ?" ഞാൻ ചോദിച്ചു. തിരുമേനി വിശദീകരിച്ചു. പതിനയ്യായിരത്തിനു നമ്മൾ കലഹണ്ടിയുടെ രസീത് അയച്ചുകൊടുത്താൽ ഒരിക്കൽ പക്ഷേ അദ്ദേഹം തന്നെ പറയും "ദയാഭവന് കൊടുത്താൽ മതിയായിരുന്നു പക്ഷേ തിരുമേനി കലഹണ്ടിക്കു കൊടുത്തു." അദ്ദേഹത്തിൽനിന്ന് കൃത്യമായിട്ട് ഒരു കത്തു കിട്ടിയിട്ട് അതിന് രസീത് അയച്ചാൽ മതി. അത് ഒരു നിർബന്ധബുദ്ധിയെന്നു തോന്നും പക്ഷേ വളരെ അർത്ഥവത്താണ്.

ഏതു പ്രസ്ഥാനം ആരംഭിക്കുമ്പോഴും എങ്ങനെ പണമുണ്ടാകും എന്നു തിരുമേനി സംശയിക്കാറില്ല. അക്കാര്യത്തിൽ തിരുമേനിക്ക് ഉറപ്പാണ് "വായ് കീറിയവൻ വയറിന് തരും." പഴഞ്ചൊല്ല് തിരുമേനി ആവർത്തിക്കും "നമുക്കാണ് പണത്തിന് ബുദ്ധിമുട്ട്. തമ്പുരാന്റെ ഭണ്ഡാരത്തിൽ ഒരു കുറവുമില്ല," തിരുമേനി പറയും. കാലാകാലങ്ങളിൽ ആകാശത്തിന്റെ കിളിവാതിൽ തുറന്ന് വിഭവം മതിയാവോളം അയച്ചുതന്നു. നന്ദിയോടെ ഓർക്കുവാൻ നിരവധി സംഭവങ്ങൾ ഉണ്ട്. 1977 ൽ ആന്ധ്രായിൽ കൊടുങ്കാറ്റുണ്ടായി. വലിയ നാശനഷ്ടങ്ങൾ, പുനരുദ്ധാരണത്തിന് ഒസ്താത്തിയോസ് തിരുമേനി നേതൃത്വം കൊടുത്തു. 7 ലക്ഷം രൂപ ശേഖരിക്കാൻ ഉദ്ദേശിച്ചു. ഏഴര ലക്ഷം കിട്ടി. ഗവൺമെന്റിൽനിന്നും സിമന്റ്, കമ്പി, മണൽ ഇവ പകുതി വിലയ്ക്കു തന്നു. നാട്ടുകാർ ശ്രമദാനത്തിന് എത്തി. അഞ്ചു ലക്ഷംകൊണ്ട് പണി പൂർത്തിയാക്കി. 2 ലക്ഷത്തി ഇരുപതിനായിരം രൂപ ബാക്കി ഉണ്ടായിരുന്നത് ബാങ്കിൽ ഇട്ടു. സഭയുടെ കേന്ദ്രത്തിൽനിന്നും വളരെ സമ്മർദ്ദം ഉണ്ടായിട്ടും തിരുമേനി ആ തുക കൊടുത്തില്ല. ആന്ധ്രായിലെ പാവങ്ങളുടെ ഉദ്ധാരണത്തിനു മാത്രമേ ആ പണം ചിലവാക്കൂ എന്ന് തിരുമേനി നിർബന്ധം പറഞ്ഞു. അങ്ങനെയാണ് ആ പണം കൊടുത്ത് യാച്ചാരം ബാലഗ്രാമിനു വേണ്ടി 1985 ൽ 24 ഏക്കർ സ്ഥലം വാങ്ങിയത്. ഇന്ന് അവിടെ 125 കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങൾ താമസിക്കുന്നു. ഒരു വലിയ സ്ഥാപനമായി മാറി.

അടുത്തകാലത്തുണ്ടായ ഒരു സംഭവം കോട്ടയത്ത് ബാലഭവന്റെ പണി നടക്കുന്നു. ഒരു അഞ്ചു ലക്ഷം രൂപ ഉടനെ കൊടുക്കണം. ഞാൻ കണക്കുനോക്കിയിട്ട് തിരുമേനിയോട് പറഞ്ഞു: "സ്ഥിരനിക്ഷേപത്തിൽ ഒരു അഞ്ചു ലക്ഷം ഉണ്ട്. രണ്ടു മാസം കഴിഞ്ഞാൽ തിരികെ എടുക്കാം. അതുവരെ പണികൾ മാറ്റിവയ്ക്കണം". തിരുവനന്തപുരത്തു തിരികെ വന്ന എന്നെ രണ്ടു ദിവസം കഴിഞ്ഞ് തിരുമേനി വിളിച്ച് ഉടനെ മാവേലിക്കര എത്ത

ഞാൻ തൊട്ട എന്റെ തിരുമേനി

■ പി.ടി. തങ്കച്ചൻ

"ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ചു .... ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങളോട് അറിയിക്കുന്നു." യേശുക്രിസ്തുവിനെ അറിയാത്ത ദുരുപദേശക്കാർ ദൈവജനത്തെ വഴിതെറ്റിച്ചപ്പോൾ, സ്നേഹത്തിന്റെ അപ്പോസ്തോലൻ എഴുതിയ ഒന്നാം ലേഖനത്തിന്റെ പ്രാരംഭവാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. ഏറെ വൃദ്ധനായപ്പോൾ സംസാരിക്കുവാൻപോലും ത്രാണിയില്ലാതെ ക്ഷീണിച്ച യോഹന്നാൻ ശ്ലീഹായെ ശിഷ്യന്മാർ എടുത്തുകൊണ്ട് ദേവാലയത്തിൽ വരുമായിരുന്നു. 'സ്നേഹം, സ്നേഹം' എന്ന് ഉരുവിട്ട് കർത്തൃശിഷ്യൻ നിലവിളിച്ചിരുന്നു എന്ന് പാരമ്പര്യം.

നമുക്കിടയിലും 'സ്നേഹത്തിന്റെ അപ്പോസ്തോലൻ' പാർത്തിരുന്നു. മുപ്പത്തിആറ് വർഷക്കാലം അനുഗൃഹീതമായ ജീവിതത്തോടൊപ്പം നിഴൽപോലെ യാത്രചെയ്യുവാൻ ഒന്നുമല്ലാത്തവനായ എന്നെ തിരഞ്ഞെടുത്ത സർവ്വശക്തന്റെ നിയോഗത്തിനു മുന്നിൽ ശിരസ് നമിക്കുന്നു. ഞാൻ കണ്ടതും കേട്ടതും തൊട്ടറിഞ്ഞതുമായ എന്റെ പിതാവിന്റെ ജീവിതം നിങ്ങളോടും പങ്കുവെയ്ക്കുന്നു. തിരുമേനിയെക്കുറിച്ച് എല്ലാവർക്കും എന്തെങ്കിലും നന്മ പറയുവാൻ ഉണ്ട് എന്നുള്ളതാണ് എന്നെ ഏറെ ആശ്ചര്യപ്പെടുത്തിയിട്ടുള്ളത്. എല്ലാവരെയും സ്നേഹിക്കുവാൻ മാത്രമേ അദ്ദേഹം പഠിച്ചിരുന്നുള്ളൂ എന്നത് ഞാൻ നന്നായി മനസ്സിലാക്കിയിട്ടുള്ള സത്യമാണ്.

എഴുതിയാൽ തീരാത്തവിധം നന്മകളുടെ കൂമ്പാരമായിരുന്നു എന്റെ തിരുമേനി

1970 ൽ അഭി. തിരുമേനിയാണ് എന്നെ ഡ്രൈവിങ് പഠിപ്പിച്ചത്. അനേകരെ പലവിധത്തിൽ സഹായിച്ച് സ്വന്ത കാലിൽ നിർത്തുവാൻ പ്രാപ്തനാക്കിയിട്ടുള്ള പിതാവ് 1976 ജൂൺ 6 ന് എന്നെയും ഒപ്പം കൂട്ടി. അന്നു മുതൽ കാലം ചെയ്യുന്നതുവരെയും വിട്ടുപിരിയാതെ ഇരിക്കുവാൻ സാധിച്ചു. എന്റെ കുടുംബവും തിരുമേനിയുടെ അനുഗ്രഹമാണ്. മകന്റെ വിവാഹത്തിന്റെ ആശീർവാദംവരെയും വിശുദ്ധ പിതാവിന്റെ തൃക്കരങ്ങളാൽ നിർവഹിച്ചു. സംഭവിപ്പാനിരിക്കുന്നത് പലതും മുൻകൂട്ടി വ്യക്തമായി കാണുന്നതുപോലെയുമായിരുന്നു അഭി. പിതാവ് പ്രവർത്തിച്ചിരുന്നത്. എന്റെ വ്യക്തിപരമായ പ്രയാസങ്ങളും മറ്റും എന്നേക്കാൾ പ്രയാസത്തോടെ എന്റെ പിതാവ് ഏറ്റെടുക്കുമായിരുന്നു. എഴുതിയാൽ തീരാത്തവിധം നന്മകളുടെ കൂമ്പാരമായിരുന്നു എന്റെ തിരുമേനി. ജീവിതത്തിൽ ഇന്നുവരെയും പ്രകാശമുള്ള ഒരു നക്ഷത്രം കൂടെയുണ്ടായിരുന്നു. മുന്നിൽ വഴിയിൽ ഇന്ന് ഇരുള് പരക്കുമ്പോഴും തിരുമേനിയുടെ ദീപ്തസാന്നിദ്ധ്യം എന്നെ ശക്തനാക്കുന്നു.

തന്നിലും പ്രയം കുറഞ്ഞവരെയും, എളിയവരെയും, ബഹുമാനിക്കുന്നതിൽ തിരുമനസ് ഒരിക്കലും പിശുക്ക് കാണിച്ചിരുന്നില്ല. തിരുമനസിന്റെ മുറിയിൽ വരുന്നവർ ഇരുന്നതിനു ശേഷമേ അദ്ദേഹം സംസാരം ആരംഭിക്കൂ. ഏത് ആൾക്കൂട്ടത്തിനിടയിലും 'എന്റെ തങ്കച്ചൻ' 'എന്റെ ശെമ്മാശൻ' എന്ന വിളി കേൾക്കുവാൻ കഴിയുമായിരുന്നു. ആൾക്കൂട്ടം കാണുമ്പോൾ ഒരിക്കലും തിരുമേനി ഞങ്ങളെ മറന്നിരുന്നില്ല. ഞങ്ങൾ കഴിച്ചു എന്ന് ഉറപ്പാക്കിയ ശേഷമേ തിരുമേനി ഭക്ഷണം കഴിച്ച് എഴുന്നേൽക്കുകയുള്ളൂ. 'കോപിച്ചാലും പാപം ചെയ്യരുത്' എന്നത് തിരുമേനിയിൽ സത്യമായിരുന്നു. എന്നോടും ചിലയവസരങ്ങളിൽ കോപിച്ചിട്ടുണ്ട്. പക്ഷേ അത് ഒരിക്കലും തല്ലിച്ചതയ്ക്കുവാനല്ലായിരുന്നു, വളർന്ന് വരുവാനായിരുന്നു. കോപം പെട്ടെന്ന് തണുക്കും പിന്നെ സ്നേഹവും വാത്സല്യവുമാണ്. ഇത് ഇനിയും എവിടെനിന്ന് കിട്ടും എന്ന് ഓർക്കുമ്പോഴാണ് ഇല്ലായ്മയുടെ വ്യാപ്തി വീണ്ടും ഓർക്കുന്നത്.

യാത്രയ്ക്കിടയിൽ പരിചിത ഭവനങ്ങൾ ഒരിക്കലും ഒഴിവാക്കിയിരുന്നില്ല. എത്ര ബുദ്ധിമുട്ടിയാലും വീടുകൾ കണ്ടുപിടിക്കും, അച്ചനും ശെമ്മാശനും പലപ്പോഴും വീടുകൾ മാറിക്കയറിയിറങ്ങിയിട്ടുമുണ്ട്.

➔ (10-ാം പേജിന്റെ തുടർച്ച)

ണമെന്ന് ആവശ്യപ്പെട്ടു. ഞാൻ തിരുമേനിയുടെ മുറിയിൽ ചെന്ന് കൈമുത്തി. തിരുമേനി ഒരു ചെക്ക് എന്റെ കയ്യിൽ തന്നു. "മാത്യൂസ് അല്ലെ രണ്ടു മാസം പറഞ്ഞത്. തമ്പുരാൻ നേരത്തെ അയച്ചുതന്നു." 26 ലക്ഷം രൂപയുടെ ചെക്ക്. അതിന്റെ തലേദിവസം പ്രഭാതത്തിൽ ഒരു മനുഷ്യൻ വന്ന് തിരുമേനിയുടെ കയ്യിൽ കൊടുത്തിട്ട് അനുഗ്രഹം വാങ്ങി തിരികെ പോയി. രസീത് പിന്നെ മതി എന്നു പറഞ്ഞു. തിരുമേനിയും പിന്നെയാണ് തുക ശ്രദ്ധിച്ചത്. 'ദൈവം കരുതിക്കൊള്ളും' എന്നു തിരുമേനി എന്നും വിശ്വസിച്ചിരുന്നു. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു.

കലഹണ്ടിയിലെ സ്ഥലം വാങ്ങാൻ അന്നത്തെ കളക്ടർ ശ്രീ പി. എൽ. കുര്യന്റെ മുറിയിൽ ഫിലിപ്പ് അച്ചൻ ഇരിക്കുന്നു. മുഴുവൻ സ്ഥലവും വാങ്ങുവാൻ പണം തികയുകയില്ല. വസ്തുവിന്റെ ഉടമസ്ഥൻ ഒന്നായിട്ടു മാത്രമേ വിൽക്കുകയുള്ളൂ. ആ മുറിയിലിരുന്ന ഒരു മാർത്തോമ്മാക്കാരൻ സഹോദരൻ ബാക്കി തുക കൊടുക്കാമെന്ന് സമ്മതിക്കുന്നു.

ബാംഗ്ലൂരിലെ ദയാഭവന്റെ പണി നടക്കുന്നു. പണം തീർന്നുപോയതുകൊണ്ട് പ്ലാൻ അനുസരിച്ചുള്ള മുഴുവൻ പണി തീർന്നില്ല. ചാപ്പൽ ബാക്കിയുണ്ട്. ഒരു മാസം കഴിഞ്ഞാൽ കൂദാശയാണ്. തിരുമേനിയുടെ ഒരു ആരാധകൻ ശ്രീ ഇടിക്കുള അമേരിക്കയിൽനിന്ന് വന്ന് ബാംഗ്ലൂരിൽ പോയ വഴി ദയാഭവൻ കാണാൻ പോയി. വിവരം അറിഞ്ഞപ്പോൾ ചാപ്പൽ പണിയുടെ മുഴുവൻ തുകയും കൊടുത്തു. കൂദാശയ്ക്ക് അവിടെ ചെല്ലുമ്പോൾ സകല പണിയും കഴിഞ്ഞിരുന്നു.

തിരുമേനിയുടെ സാമ്പത്തിക തത്വം വ്യക്തമാണ്. "ലോകം മുഴുവൻ ദൈവത്തിന്റേതാണ്. അത് മക്കളായ മനുഷ്യർക്ക് എല്ലാം അവകാശപ്പെട്ടതാണ്. സ്വന്ത സഹോദരങ്ങൾ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ സമ്പത്ത് കൂട്ടിവയ്ക്കുന്നത് സ്വാർത്ഥതയാണ്, പാപമാണ്. സ്വന്തം സുഖലോലുപത മാത്രം നോക്കുന്നത് "നിർമനുഷ്യത്വം" ആണ്. ഈ ആശയങ്ങൾ "വർഗ്ഗരഹിത സമൂഹം" (Theology of a Classless Society), "ദരിദ്ര ലോകത്തിൽ ധനവാനായിരിക്കുന്നത് പാപം" (The sin of being rich in a poor world), "മാഫിയാ സോഫിയാ ഗ്ലോറിയ" എന്നീ പുസ്തകങ്ങളിലെല്ലാം വ്യക്തമായി കാണാം. ഏതായാലും അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി വിശ്വസ്ഥതയുള്ള ഒരു കാര്യവിചാരകനായി ഈ ലോകത്തിൽ ജീവിച്ചു. ഇമ്പങ്ങളുടെ പറുദീസയിൽ അധികത്തിന്റെ ഉടമസ്ഥനായി ജീവിക്കാൻ വലിയവനായ ദൈവം അനുവദിക്കും. ഈ ലോകമാകുന്ന മണലാരണ്യത്തിൽ തിരുമേനി പതിപ്പിച്ച കാൽപ്പാടുകൾ നോക്കി യാത്ര ചെയ്യാൻ നമുക്കും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

GM




മുപ്പത് വർഷക്കാലം മിഷൻ ബോർഡിന്റെ ട്രഷററായി സേവനമനുഷ്ഠിച്ച പ്രൊഫ. ഡി. മാത്യു ഒസ്താത്തിയോസ് തിരുമേനിയുടെ ഏറ്റവും അടുത്ത സഹപ്രവർത്തകരിലൊരാളാണ്.

കാരണം ഓരോ സ്ഥലത്തിന്റെയും ദ്രുതഗതിയിലുള്ള വളർച്ച വീടുകൾ തിരിച്ചറിയുവാൻ ബുദ്ധിമുട്ടുണ്ടാക്കും. വീടുകൾ കണ്ടുപിടിച്ച് പരിചയം പുതുക്കി പ്രാർത്ഥിച്ച് സ്നേഹത്തിന്റെ കയറുകൾ നീട്ടുന്ന തിരുമേനിയായിരുന്നു അഭി. പിതാവ്. വന്ന വഴികളും സഹായിച്ച വ്യക്തികളെയും ഒന്നും മറക്കാതെ അവർക്കു വേണ്ടിയും പ്രാർത്ഥിച്ച് ജീവിച്ച പുണ്യപിതാവ്. തിരുമേനിയുടെ പ്രാർത്ഥനാശക്തി മുഖാന്തരം അനേകം അദ്ഭുതങ്ങൾ നടന്നതും, അതൊന്നും കൊട്ടിഘോഷിക്കാതെ രഹസ്യമാക്കിവച്ചതും എനിക്ക് സാക്ഷിക്കുവാൻ സാധിക്കും.

മിഷനും ദൈവശാസ്ത്രവും പ്രസംഗവും എല്ലാം ഒറ്റച്ചരടിൽ കോർത്തുകൊണ്ട് പോകുവാൻ തിരുമേനിക്കു കഴിഞ്ഞു. എപ്രകാരമാണ് ഈ വൻകാര്യങ്ങൾ ചെയ്തത് എന്നതിന് ഉത്തരവും വ്യക്തമാണ്. ആഴമേറിയ പ്രാർത്ഥനാജീവിതം തിരുമേനിയുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. പ്രത്യേകസ്ഥലവും സമയവും ഒന്നും തിരഞ്ഞെടുക്കാതെ പ്രാർത്ഥിച്ചിരുന്നു. മൗനവും ധ്യാനവും ചിന്തയുമായി പലയിടങ്ങളിലും ആഴ്ചകളോളം താമസിച്ചിരുന്നു. ഓതറ മന്ദിരവും, മുറിഞ്ഞപുഴ പറുദീസാ റിട്രീറ്റ് സെന്ററും ആതിഥ്യമരുളിയ രണ്ടു പ്രധാനസ്ഥലങ്ങളാണ്. ഒരിക്കൽ പീരുമേടിൽ താമസിച്ചിരുന്ന കാലത്ത്, വൈകിട്ടു നടക്കുവാനായി പോയ തിരുമേനിയെ കാണാതായി. സന്ധ്യാ പ്രാർത്ഥനാസമയം കഴിഞ്ഞിട്ടും തിരുമേനിയെ കാണാതായപ്പോൾ ഞാൻ ഏറെ വിഷമിച്ചു. വെളിച്ചം ഇല്ലാത്ത വഴികളിലൂടെ തിരുമേനി എങ്ങനെ തിരികെ വരും എന്നോർത്ത് ഞാൻ പരിഭ്രമിച്ചു. കൂടെ ശെമ്മാശന്മാർ ആരും ഇല്ലാത്ത കാലഘട്ടങ്ങളായിരുന്നു അത്. ഏറെക്കഴിഞ്ഞ് തിരുമേനി തനിയെ നടന്നുവന്നു. ആഴത്തിലുള്ള പ്രാർത്ഥനയും ചിന്തയുമായി നടന്നു തിരുമേനി കിലോമീറ്ററുകൾ പിന്നിട്ടത് ശ്രദ്ധിച്ചില്ല. എല്ലാ വർഷവും കഷ്ടാനുഭവ ആഴ്ച കഴിഞ്ഞ് ഒന്നോ രണ്ടോ ആഴ്ച ഹൈറേഞ്ചിൽ പോകുക പതിവായിരുന്നു. മൂന്നാറിൽ കങ്ങഴ ആശുപത്രിയുടെ ഗസ്റ്റ് ഹൗസിൽ താമസിച്ചിട്ടുണ്ട്. തിരുവല്ലാ സ്വദേശി സൈമന്റെ ആതിഥേയത്വത്തിൽ മുറിഞ്ഞപുഴ റിസോർട്ടിൽ അനേക പ്രാവശ്യം ധ്യാനത്തിനായി പോയിട്ടുണ്ട്. ഇങ്ങനെയുള്ള മൗനത്തിന്റെ സമയത്താണ് പ്രാർത്ഥനയും, ചിന്തകളും പുസ്തകരൂപത്തിൽ പുറത്തുവരുന്നത്.

അഭി. തിരുമേനിയുടെ 70-ാം പിറന്നാൾ ദിനത്തിൽ ബഹു. ഒ. തോമസ് അച്ചൻ മലയാള മനോരമയിൽ ഒരു ലേഖനം എഴുതി. അതിനെത്തുടർന്ന് സഹായത്തിനായി പല അപേക്ഷകളും വരുമായിരുന്നു. യാത്രയ്ക്കിടയിൽ പ്രസ്തുത അപേക്ഷകരെ നേരിൽ കണ്ട് സഹായങ്ങളും നൽകുമായിരുന്നു. 1979 ൽ ആന്ധ്രയിൽ പ്രകൃതിക്ഷോഭം ഉണ്ടായപ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തിരുമേനി അഹോരാത്രം കഷ്ടപ്പെട്ടു. പ്രസംഗിക്കുകയും സംഭാവനപിരിക്കുകയും ഒക്കെ ചെയ്ത് ഭംഗിയായി അവിടെ പുനരുദ്ധാരണത്തിന് നേതൃത്വം നൽകി, ഇതിനായി അനേകം പള്ളികൾ സന്ദർശിച്ചു. എറണാകുളം സെന്റ് മേരീസ് പള്ളിയിൽ രാവിലെ കുർബാനചൊല്ലി പ്രസംഗിച്ചു. അതിനുശേഷം ഇളംകുളം ചാപ്പലിൽ പോയി പ്രസംഗിച്ചു. അതിനു ശേഷം വീണ്ടും സെന്റ് മേരീസ് പള്ളിയിൽ വന്ന് രണ്ടാം കുർബാനയ്ക്കും പ്രസംഗിച്ചു. ഇതിനിടയിൽ കാപ്പിപോലും കുടിക്കാൻ സമയം എടുത്തില്ല.

കാർ യാത്രയ്ക്കിടയിൽ യാമം തികയ്ക്കുവാൻ വേണ്ടി മാത്രമല്ല തിരുമേനി പ്രാർത്ഥിച്ചിരുന്നത്, ആഴമായ, തികഞ്ഞ ആത്മാർത്ഥതയോടുകൂടിയാണ് പ്രാർത്ഥിക്കുന്നത്. ശുശ്രൂഷകൾ നടത്തുവാൻ പോകുമ്പോഴും പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ടിരിക്കും. വിവാഹത്തിനാണ് പോകുന്നതെങ്കിൽ വധൂവരന്മാരുടെ പേരുകൾ ശെമ്മാശന്മാരോട് ചോദിച്ച് അറിഞ്ഞ് അവർക്കായി പ്രാർത്ഥിക്കും. ശെമ്മാശന്മാരും, കൂടെയാരെങ്കിലും ഉണ്ടെങ്കിൽ അവരും പ്രാർത്ഥിക്കണം, ചിലപ്പോൾ എനിക്കും പ്രാർത്ഥിക്കുവാൻ നിർദ്ദേശം ലഭിക്കും.2002 ൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ഡോ. വാര്യരെ കാണിക്കുന്നതിനു വേണ്ടി പോയിരുന്നു. തിരുമേനിയെ വളരെ നിർബന്ധിച്ചതിനു ശേഷമാണ് അവിടെ പോകുന്നതിനു സമ്മതിച്ചത്. തിരുവല്ല ബഥനി അരമനയിൽനിന്നും പുറപ്പെട്ട് എറണാകുളം പാലാരിവട്ടം വലിയപള്ളിയിൽ വന്നു പൊന്നച്ചൻ വക്കീലിനെയും (അഡ്വ. വർഗ്ഗീസ് പി. തോമസ്) കൂട്ടിയാണ് പോയത്. കുന്നംകുളത്ത് അരമനയിൽ അന്നു വൈകിട്ടു താമസിച്ചു. പോയ വഴിക്കു പരിചയക്കാരെ ഒക്കെ കാണുകയും സന്ദർശിക്കുകയും ചെയ്തു. അവരുടെ ക്ഷേമം അന്വേഷിക്കുക പതിവാണ്. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ചെന്നു. ഡോ. വാര്യർ



തിരുമേനിയെ കണ്ടു. വലിയ സന്തോഷം പ്രകടിപ്പിച്ചു. അവർ തമ്മിൽ ആദ്യമായാണ് കാണുന്നതെങ്കിലും അനേകവർഷത്തെ പരിചയം ഉള്ളപോലെ ഞങ്ങൾക്കു തോന്നി. പരിശോധന കഴിഞ്ഞു പത്തു ദിവസം താമസിച്ച് ചികിത്സ നടത്തുവാൻ ഉപദേശിച്ചു. അന്ന് യാത്രയിൽ ഇന്നു വൈദികനായിരിക്കുന്ന (ഫാ. വർഗ്ഗീസ് എബ്രഹാം) ഷൈജു ശെമ്മാശനായിരുന്നു കൂടെയുണ്ടായിരുന്നത്. കോട്ടയ്ക്കലിൽ ചികിത്സയ്ക്ക് എത്തുന്ന പലതരക്കാരായ രോഗികളിൽ പാവപ്പെട്ടവരും വലിയ പണക്കാരും ഉണ്ട്. ആയുർവേദാശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ മുതൽ ഏറ്റവും ചെറിയ സൗകര്യങ്ങൾ വരെയുള്ള മുറികൾ ഉണ്ട്. ആശുപത്രിയിൽ ചികിത്സ തുടങ്ങുന്നതിനു മുമ്പ് ശെമ്മാശനെയും പൊന്നച്ചായനെയും എന്നെയും കൂട്ടി ഏറ്റവും താണ സൗകര്യങ്ങൾ ഉള്ള മുറി തപ്പിനടക്കുകയും പാവങ്ങളെ പ്രവേശിപ്പിച്ചിരിക്കുന്ന മുറി മതി എന്നു നിർബന്ധം പിടിക്കുകയും ചെയ്തു. ഏറ്റവും ചിലവുകുറഞ്ഞ മുറി മതിയെന്നു നിർബന്ധം പിടിച്ചു ചികിത്സ നേടി. തനിക്കു ശാരീരിക ക്ഷീണാവസ്ഥ ഉണ്ടെങ്കിലും സുഖസൗകര്യങ്ങൾ ഉപേക്ഷിക്കുന്നത് ആ പിതാവിന് നിർബന്ധമായിരുന്നു. എന്നും പാവങ്ങളുടെ കൂടെ നടന്ന തിരുമേനി അതുകൊണ്ടാണ് പാവങ്ങളുടെ ഇടയ്ക്ക് ധനവാനായിരിക്കുന്നതു പാപമാണെന്നു പറഞ്ഞത്.

അഭി. തിരുമേനിയെക്കുറിച്ച് പറയുവാൻ ഏറെയുണ്ട്. പ്രാർത്ഥനാ മനുഷ്യൻ, ദൈവത്തിന്റെ പ്രവാചകൻ, സ്നേഹത്തിന്റെ അപ്പോസ്തോലൻ, വക്രതയും കപടതയും ഇല്ലാത്ത ദൈവമനുഷ്യൻ, കരുതലും കരുണയുമുള്ള പിതാവ്, ജീവിച്ചിരുന്നപ്പോൾ എനിക്കായി കരുതി സ്നേഹിച്ചു. കടന്നുപോയപ്പോഴും ആ കരുതൽ ഞാൻ ഇന്ന് അനുഭവിക്കുന്നു. മലങ്കരസഭയ്ക്ക് ഒരു വിശുദ്ധൻകൂടി മദ്ധ്യസ്ഥതയ്ക്കായി ഉണ്ട് എന്ന് ഞാൻ തിരിച്ചറിയുന്നു. ആ വിശുദ്ധ ജീവിതത്തോട് ചേർന്ന് നടക്കുവാൻ എന്നെ അനുഗ്രഹിച്ച സർവ്വശക്തനോട് കണ്ണീരോടെ നന്ദി അർപ്പിക്കുന്നു. **GM**



മകനെപ്പോലെ തിരുമേനി സ്നേഹിച്ച പി.ടി. തങ്കച്ചൻ മുപ്പത്താറ് വർഷക്കാലം ഒസ്താത്തിയോസ് തിരുമേനിയുടെ സാരഥിയായിരുന്നു

അഭി. തിരുമേനിയുടെ അന്ത്യനാളുകൾ

■ ഫാ. ജോസഫ് എ.

ദൈവത്താൽ നിയോഗിക്കപ്പെട്ട് ദൈവത്തോടൊപ്പം ആയിരുന്ന് ഈ ലോകത്തിൽ ജീവിച്ച് സ്നേഹത്തിന്റെ വിത്ത് പാകി ലോകത്തെ മുഴുവൻ സ്നേഹിക്കുവാൻ പഠിപ്പിച്ച സ്നേഹത്തിന്റെ അപ്പോസ്തോലൻ കരുണയുടെ പ്രയോക്താവ്, സാമൂഹികനീതിയുടെ പ്രവാചകൻ, അഗതികളുടെ പിതാവ് മലങ്കര സഭാരത്നം അഭി. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് വലിയതിരുമേനിയുടെ ഒരു എളിയ ശുശ്രൂഷകനായി അദ്ദേഹത്തിന്റെ ഭൗതികജീവിതത്തിന്റെ അവസാനകാലത്ത് പ്രത്യേകിച്ച് അന്ത്യനാളുകളിൽ കൂടെ നിൽക്കുവാൻ ഭാഗ്യം ലഭിച്ചവനാണ് ഇത് എഴുതുന്നത്. ഒരു മകനെപ്പോലെ എന്നെ സ്നേഹിച്ച് കൂടെ കൊണ്ടുനടന്നു വളർത്തി ഈ നിലയിലാക്കി. ആ ധന്യാത്മാവിന് എന്റെ ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു.

ഒരു ചെറിയ പനിയിൽ തുടങ്ങി അത് നിമോണിയയായി ഇൻഫക്ഷനായി അവസാനം അപ്പച്ചന്റെ അരുമനാഥൻ വസിക്കുന്നിടത്തേക്കുള്ള യാത്രയായി. 2011 നവംബർ മാസം ആദ്യ ആഴ്ച തിരുമേനിക്ക് പനി മൂർച്ഛിച്ച് പരുമലയിൽ അഡ്മിറ്റ് ചെയ്തു. ഡോക്ടർമാരായ ഡോ. അലക്സ് പോൾ, ഡോ. മാത്യു തോമസ്, ഡോ. മധു പൗലോസ് ചാണ്ടി, ഡോ. സുനിൽ മാത്യു, ഡോ. പത്രോസ് മത്തായി എന്നിവരടങ്ങുന്ന ഒരു വലിയ മെഡിക്കൽ സംഘവും അതിനോടൊപ്പം ആശുപത്രിയിലെ അനേകം സ്റ്റാഫും വലിയ തിരുമേനിക്ക് വേണ്ടി ചെയ്യാവുന്നത് മുഴുവൻ ചെയ്തു. അങ്ങനെ ഏകദേശം ഒരു മാസക്കാലം കഴിഞ്ഞ തിരുമേനി ഡിസംബർ 11-ാം തീയതി ആശുപത്രി വിട്ടു. ഇതിനിടയിൽ ഡിസംബർ 9-ാം തീയതി ആശുപത്രിയിൽ കഴിഞ്ഞ തിരുമേനിയുടെ ജന്മദിനത്തിൽ കോട്ടയത്തു പോകുവാൻ ദൈവം തമ്പുരാൻ തിരുമേനിയെ അനുഗ്രഹിച്ചു. അതെല്ലാം ഭംഗിയായി നടക്കുകയും ചെയ്തു. എന്നാൽ ഡിസംബർ 18-ാം തീയതിയോടുകൂടി തിരുമേനിയെ വീണ്ടും പരുമല ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നു. എങ്കിലും ജനുവരി 7-ാം തീയതിയോടുകൂടി മാവേലിക്കരയിൽ തിരുമേനിയെ തിരികെ കൊണ്ടുവന്നു.

ഈ സമയങ്ങളിൽ തിരുമേനിയെ കാണുവാൻ അനേകർ വന്നുകൊണ്ടിരുന്നു. ഇങ്ങനെ സൗഖ്യത്തോടെ വരുന്ന തിരുമേനി ഫെബ്രുവരി മാസം ഒൻപതാം തീയതി മുതൽ ചില അസ്വസ്ഥതകൾ കാട്ടിതുടങ്ങി എങ്കിലും ഡോക്ടർ മാത്യു തോമസ് തിരുമേനിക്ക് വേണ്ട ശുശ്രൂഷ നല്കിയിരുന്നു. എന്നാൽ 12-ാം തീയതി ഞായറാഴ്ച വൈകിട്ട് ഡോക്ടറുടെ നിർദ്ദേശപ്രകാരം തിരുമേനിയെ ആശുപത്രിയിലേക്കു മാറ്റി. വൈകിട്ട് സി.സി.യുവിൽ കയറ്റി. എന്നാൽ തിങ്കളാഴ്ച രാവിലെ പരുമലയിലെ എല്ലാ ഡോക്ടർമാരും ഒറ്റ ടീമായി തിരുമേനിക്കു വേണ്ടി വളരെ ആത്മാർത്ഥമായി കഷ്ടപ്പെടുകയാണുണ്ടായത്. അവർക്ക് ചെയ്യാവുന്നത് മുഴുവൻ ചെയ്തു. എങ്കിലും തിരുമേനിയുടെ വൃക്കയുടെ പ്രവർത്തനം തകരാറിലായതിനാൽ ഡയാലിസിസ് അല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല എന്നു മനസ്സിലാക്കി തിരുമേനിയെ മൂന്നു മണിയോടെ ഡയാലിസിസ് ചെയ്യുന്നതിനായി കയറ്റി. ജീവിതത്തിൽ ഒരിക്കലും എനിക്ക് ഡയാലിസിസ് ചെയ്യുവാൻ ഇടവരുത്തരുതെ എന്റെ ദൈവമേ എന്ന് മിക്കപ്പോഴും പ്രാർത്ഥിക്കുന്ന തിരുമേനിയുടെ പ്രാർത്ഥന സ്വർഗ്ഗം കേട്ടു. എന്നാൽ ഞങ്ങൾക്ക് അതു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. തിരുമേനിക്ക് ഇഷ്ടമില്ലെങ്കിലും ഞങ്ങൾക്ക് തിരുമേനിയുടെ ജീവനാണ് വലുത് എന്നതിനാൽ തിരുമേനിമാരോടും അപ്പു അച്ചനോടും ആലോചിച്ച് പ. ബാവാ തിരുമേനിയുടെ അനുഗ്രഹാനുവാദത്തോടെ ഞങ്ങൾ ഈ ഡയാലിസിസിന് സമ്മതിച്ചു. ഞാൻ പേപ്പറിൽ ഒപ്പും ഇട്ടുകൊടുത്തു. എന്നാൽ അപ്രതീക്ഷിതമായി മൂന്നു മണിയോടെ തിരുമേനിയുടെ രക്തസമ്മർദ്ദം വളരെ കുറഞ്ഞു. ഈ സാഹചര്യത്തിൽ ഡയാലിസിസ് നടക്കില്ല. നടന്നാൽ ആളെ തിരികെ കിട്ടാൻ പ്രയാസമാണ്, പ്രത്യേകിച്ച് തിരുമേനിയുടെ പ്രായം മറ്റു രോഗങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ.

അന്നേദിവസം 5 മണിയോടുകൂടി ഡോക്ടർമാർ തിരുമേനിയെ വെന്റിലേറ്ററിലേക്കു മാറ്റി. തുടർന്ന് സന്ദർശകർക്ക് വന്ന് കാണുവാൻ ഉള്ള അവസരമൊരുക്കി. രോഗം കൂടി എന്ന വാർത്ത പരന്നപ്പോൾ ആശുപത്രിയിലേക്ക് വൻ ജനാവലിയാണ് ഒഴുകിയെത്തിക്കൊണ്ടിരുന്നത്. ആരെയും ഞാൻ ഓർക്കുന്നില്ല കാരണം ഈ സമയങ്ങളിൽ ഓർക്കുവാൻ പറ്റിയ മാനസികാവസ്ഥയിലല്ലായിരുന്നു. ഇങ്ങനെ മൂന്നു ദിവസം അനേകർക്ക് കാണുവാൻ അവസരം ലഭിച്ചു. 16-ാം തീയതി വ്യാഴാഴ്ച തിരുമേനിയുടെ അവസ്ഥ കൂടുതൽ വഷളാവുകയായിരുന്നു. എന്നാൽ തിരുമേനി പോകുമെന്ന് ഞങ്ങൾ കരുതിയിരുന്നില്ല. എങ്കിലും അന്ന് അത് സംഭവിച്ചു. വൈകുന്നേരം മുതൽ തിരുമേനിയുടെ യാത്രയുടെ ലക്ഷണങ്ങൾ കാട്ടി തുടങ്ങിയതിനാൽ സന്ധ്യാപ്രാർത്ഥന അൽപം നേരത്തേയാക്കുകയും ചെയ്തു. ഏഴു മണിയോടെ ഡോക്ടർ പറഞ്ഞു തിരുമേനി പോകുവാൻ തുടങ്ങുന്നു അടുത്ത് നിന്നുകൊള്ളാൻ. ഞങ്ങൾ തിരുമേനിക്ക് വെള്ളം കൊടുത്തു. അടുത്തുനിന്ന് എന്നും കൈയ്ക്കു പിടിച്ചാണ് ഞങ്ങൾ നടത്തിയിരുന്നത്. ഞാൻ അന്നും എന്റെ അപ്പച്ചന്റെ കൈയ്ക്കു പിടിച്ചാണ് യാത്രയയച്ചത്. അപ്പച്ചൻ യാത്രയാകുന്ന നേരം ഒരു വലിയ അദ്ഭുതം അവിടെ നടന്നു. റോസാപുഷ്പം വിടരുന്നതുപോലെ അപ്പച്ചന്റെ മുഖത്തിന്റെ ശോഭ വർദ്ധിക്കുന്നത് ഞങ്ങൾ നേരിൽ കാണുകയാണ് ചെയ്തത്. അങ്ങനെ 7.25 ന് അപ്പച്ചൻ ഞങ്ങളെ വിട്ടു പിതാവിന്റെ സന്നിധിയിൽ പോയി. 8.30 ന് ഡോക്ടർ ഞങ്ങളുടെ അനുവാദം വാങ്ങി തിരുമേനിയുടെ വെന്റിലേറ്റർ നീക്കി. തുടർന്ന് അംശവസ്ത്രധാരണം, പള്ളിയിലേക്കുള്ള പിതാവിന്റെ അവസാനയാത്ര. അങ്ങനെ പരുമല പള്ളി - ബഥനി അരമന, നിരണം പള്ളി വീണ്ടും പരുമല പള്ളി പത്തിച്ചിറ സെന്റ് പോൾസ് എം.ടി.സി. ഇങ്ങനെ അവസാനയാത്ര - 18-ാം തീയതി 6 മണിയോടുകൂടി എല്ലാം ശുഭം. ഈ അവസാന നിമിഷം വരെയും കൂടെ നിൽക്കുവാൻ എനിക്കു കഴിഞ്ഞു. ഒരു യുഗം അവസാനിച്ചു. ജീവിതത്തിൽ എന്നും വിശുദ്ധനായി ജീവിച്ച വലിയ തിരുമേനി തികച്ചും ഒരു പരിശുദ്ധൻതന്നെയാണ്. കാരണം അദ്ദേഹം മുഴുവനും പ്രാർത്ഥന തന്നെയായിരുന്നു. സുവിശേഷമായിരുന്നു. മനസ്സലിവായിരുന്നു. ഒരു പരിശുദ്ധന്റെ ജീവിതത്തിൽ മാത്രമേ ഇങ്ങനെ ആകുവാൻ കഴിയുകയുള്ളു. തിരുമേനിയുടെ മധ്യസ്ഥത നമുക്ക് കോട്ടയും അവലംബവുമാകട്ടെ.

> **ജീവിതത്തിൽ എന്നും വിശുദ്ധനായി ജീവിച്ച ഒസ്താത്തിയോസ് വലിയ തിരുമേനി ഒരു പരിശുദ്ധൻ തന്നെയാണ്**

ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക് എന്നു പാടിയ തിരുമേനിയുടെ ജീവിതം അപ്രകാരമായിരുന്നു. ആരോടും പരിഭവമില്ലാതെ ഒന്നിലും ദുഃഖമില്ലാതെ എല്ലാം ദൈവഹിതമെന്നു വിശ്വസിച്ചു. അനേകരെ സ്നേഹിച്ചു. അനേകർ തിരുമേനിയേയും സ്നേഹിച്ചു. സ്നേഹം, സ്നേഹം ഒന്നു മാത്രമാണ് നിലനിൽക്കുന്നതെന്ന് ജീവിതത്തിലൂടെ കാട്ടിത്തന്നു. ഈ സ്നേഹദീപം ഹൃദയത്തിന്റെ താളിൽ സ്നേഹചിത്രം വരച്ചുതന്നിട്ടാണ് പോയിരിക്കുന്നത്. ഒത്തിരി ഒത്തിരി പ്രണാമങ്ങൾ.

GM

2004 മുതൽ അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ ശുശ്രൂഷകനായിരുന്ന ലേഖകൻ അവസാന നിമിഷംവരെയും തിരുമേനിയെ പരിചരിച്ചു.

കുട്ടികളുടെ തിരുമേനി അപ്പച്ചൻ

മാർ ഒസ്താത്തിയോസ് തിരുമേനിയെക്കുറിച്ചുള്ള ഒരു അനുസ്മരണം.

■ ഫാ. വർഗ്ഗീസ് ഏബ്രഹാം

ദൈവത്തെയും മനുഷ്യരെയും ഒരുപോലെ സ്നേഹിച്ച ഒരു ദൈവീക മനുഷ്യനാണ് കാലം ചെയ്ത അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. തന്റെ ജീവിതത്തിൽ പ്രധാനലക്ഷ്യവും സ്ഥാനവും ദൈവരാജ്യപ്രചരണത്തിനും ദൈവവചനത്തിനുമായിരുന്നു. ദൈവവചനം ജീവിതം ആക്കി, ദൈവവചനം ജീവിതത്തിൽ പൂർണമായും പ്രാവർത്തികമാക്കുവാൻ ആ പരിശുദ്ധ പിതാവിന് കഴിഞ്ഞു എന്ന് നാല് വർഷക്കാലം പൂർണമായും കൂടെ ഉണ്ടായിരുന്ന ബലഹീനനായ എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

ആഡംബര ജീവിതം നന്നേ ഒഴിവാക്കി ജീവിച്ചു

സാധാരണ മനുഷ്യർ, സാഹചര്യത്തിനും അവസരത്തിനും ഒത്ത് ജീവിക്കുവാനും അതിനെ ന്യായീകരിക്കുവാനും ശ്രമിക്കുന്നവരാണ്. എന്നാൽ താൻ ഒരു മേൽപട്ടക്കാരനായപ്പോൾ പോലും ആഡംബരത്തിൽ ജീവിക്കുവാൻ കഴിയുന്ന സാഹചര്യങ്ങൾ ലഭിച്ചപ്പോൾ പോലും അഥവാ അപ്രകാരം ജീവിച്ചാൽ ആരും ചോദ്യം ചെയ്യുകയില്ല എന്ന് ചിന്തിക്കുന്ന അവസ്ഥയിൽപോലും "ദരിദ്രലോകത്തിൽ സമ്പന്നനായി ജീവിക്കുന്നത് പാപമാണ്" എന്ന് തിരുമേനി പഠിപ്പിച്ചു.

സമ്പത്ത്, ദൈവത്തിന്റെ ദാനമാണെന്നും അത് കൂട്ടിവയ്ക്കുവാൻ പാടില്ല എന്നും പഠിപ്പിച്ച തിരുമേനിക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ടിൽ രൂപ ഉണ്ടായിരുന്നില്ല. ലഭിക്കുന്ന രൂപ ദൈനംദിനകാര്യങ്ങൾക്കായി അല്പം മാറ്റിവച്ചശേഷം ബാക്കിയുള്ളത് ഓരോ ധർമ്മസ്ഥാപനങ്ങൾക്കോ, സാധുജനഫണ്ടിലേക്കോ നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്. 'സ്വന്ത കാര്യങ്ങൾക്ക് ഉപയോഗിച്ചാൽ മതി' എന്ന് പറഞ്ഞ് ആരെങ്കിലും സംഭാവന നൽകിയാലും "എനിക്ക് സ്വന്തമായി ഒന്നിനും ആവശ്യമില്ല" എന്ന് പറഞ്ഞ് അതിനും ഏതെങ്കിലും ചാരിറ്റി ഫണ്ടിന്റെ രസീത് നൽകുമായിരുന്നു.

ആശുപത്രികളിൽ ചികിത്സക്കായി പോയാലും, സഭാ ഹോസ്പിറ്റലുകളിൽ ചിലവ് ഫ്രീ ആയാലും ഒടുവിൽ ഹോസ്പിറ്റൽ ബിൽ എത്രയാണെങ്കിലും അത് ബിൽ എഴുതുവാൻ സാധിക്കുകയില്ല എന്ന് അവർ പറഞ്ഞാലും സംഭാവനയായി ആ തുക നൽകിയേ തിരികെ പോരുകയുണ്ടായിരുന്നുള്ളു.

ഉദാഹരണമായി 2002-ൽ മലപ്പുറം ജില്ലയിലുള്ള കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ചികിത്സക്ക് പോകുവാൻ തിരുമേനിയുടെ സ്നേഹിതരും ആത്മീയമക്കളുമായ പലരും നിർബന്ധിച്ചു, കാരണം വാർദ്ധക്യമായപ്പോൾ ശാരീരികമായ പല ബുദ്ധിമുട്ടുകളും ഉണ്ടായി. എല്ലാവരുടെയും സ്നേഹപൂർവ്വമായ നിർബന്ധത്തിന് വഴങ്ങി തിരുമേനി ആര്യവൈദ്യശാലയിൽ ചികിത്സക്ക് സമ്മതിച്ചു. അവിടെ എല്ലാ സൗകര്യങ്ങളുമുള്ള വി.ഐ.പി. മുറി, ബുക്ക് ചെയ്യാം എന്നും ചെലവുകൾ സ്നേഹിതരായ ആളുകൾ കൊടുത്തുകൊള്ളാമെന്നും പറഞ്ഞപ്പോഴും എനിക്ക് അതിന്റെ ആവശ്യമില്ല, ചിലവ് കുറഞ്ഞ മുറി മതി, എന്നാൽ ബാക്കി രൂപ എന്റെ കൈവശം തന്നാൽ മറ്റ് രോഗികളുടെ ചികിത്സയ്ക്കായി നൽകാം എന്ന് പറയുകയാണ് ചെയ്തത്. അവിടെ താമസിച്ച ഒരാഴ്ചക്കാലം (അവിടെ മാത്രമുള്ള രീതിയല്ല, എവിടെയെല്ലാം ആശുപത്രികളിൽ താമസിച്ചാലും) അടുത്തുള്ള മുറികളിലെ രോഗികളെ സന്ദർശിക്കുകയും അവരുമായി സ്നേഹബന്ധം സ്ഥാപിക്കുകയും അവരുമായി പ്രാർത്ഥിക്കുകയും ചെയ്തു. അവിടെ ജോലി ചെയ്യുന്ന ജോലിക്കാരോടുപോലും സൗഹൃദബന്ധം സ്ഥാപിക്കുവാനും തിരുമേനിക്ക് കഴിഞ്ഞു. അവിടെ അടുത്ത് നമ്മുടെ ഒരു പള്ളിയിൽ ഞായറാഴ്ച ദിവസം വി. കുർബ്ബാനയിൽ പോയി സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്തു. ഇടവകയിലെ ആളുകൾക്ക് തിരുമേനിയുടെ സന്ദർശനം ഒരു പെരുന്നാളിന്റെ പ്രതീതി ഉളവാക്കി.

കുട്ടികളുടെ തിരുമേനി അപ്പച്ചൻ

കുട്ടികൾക്ക് പ്രത്യേകിച്ച് തിരുമേനി ഒരു ഹരമായിരുന്നു. തിരുമേനി കുട്ടികളെ കാണുമ്പോൾ അവരെപ്പോലെ കുട്ടിയാകുമായിരുന്നു. അവർക്ക് ആദ്യം മിഠായി നൽകി അവരെ കൈക്കലാക്കും. പിന്നീട് അവരോട് വേദപുസ്തകത്തിൽനിന്ന് ചോദ്യങ്ങൾ ചോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തിരുന്നു. കുട്ടികൾക്ക് തിരുമേനിയെ കാണുന്നത് തന്നെ വളരെ സന്തോഷമായിരുന്നു. വരും തലമുറ ദൈവഭയമുള്ളവരാകണമെങ്കിൽ കുട്ടികളെ ശ്രദ്ധിച്ചെങ്കിലേ സാധിക്കൂ, 'മുതിർന്നവർ വളഞ്ഞുകിടന്നു വിളഞ്ഞവരാണ്' എന്നും പഴയ തലമുറകളിലെ ആത്മീയത ഇന്നത്തെ തലമുറയ്ക്കില്ല എന്നും തിരുമേനി പറയുമായിരുന്നു.

പ്രാർത്ഥന കേൾക്കുന്ന പ്രാണപ്രിയനായ യേശു

കർത്താവായ യേശുക്രിസ്തു അഭിവന്ദ്യ തിരുമേനിയുടെ പ്രാണപ്രിയനായിരുന്നു. എപ്പോഴും പ്രാർത്ഥിക്കുന്ന ഒരു സ്വഭാവമായിരുന്നു തിരുമേനിക്ക്. ആരെങ്കിലും തിരുമേനിയെ കാണുവാൻ വന്നാൽ അവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുവാനും അവരെ പ്രാർത്ഥിച്ച് അനുഗ്രഹിച്ച് തിരികെ അയക്കുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നു. രാവിലെയും വൈകീട്ടുമുള്ള നടത്തം തിരുമേനിയുടെ ജീവിതത്തിലെ പ്രധാനഘടകമായിരുന്നു. ആരോഗ്യമുണ്ടായിരുന്ന സമയത്ത്, തീരെ ക്ഷീണിതനാകുന്നതിന് മുൻപ് വരെയും ഏകനായി നടക്കുന്നതായിരുന്നു ഇഷ്ടം. കാരണം പല വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുവാനും പല ആശയങ്ങളും രൂപപ്പെടുത്തി എടുക്കുവാനും പ്രാർത്ഥിക്കുവാനും സാധിക്കുവാൻ. ഈ സന്ദർഭത്തിൽ പാവപ്പെട്ട ആളുകൾ നടത്തുന്ന "മാടക്കടകൾ" തിരുമേനിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കും. അവരെ സഹായിക്കുവാൻ വേണ്ടി തിരുമേനി എന്തെങ്കിലും സാധനങ്ങൾ പ്രത്യേകിച്ച് മിഠായി വാങ്ങിക്കുകയും കൈയിൽ കിട്ടുന്ന രൂപ എത്രയാണെങ്കിലും അവർക്ക് കൊടുത്തിട്ട് പോകുകയും ചെയ്യും. പാവപ്പെട്ട വീടുകൾ ഒരുപക്ഷേ ഈ നടപ്പിനിടയിൽ കണ്ടാൽ അവിടെ കയറുവാനും പ്രാർത്ഥിക്കുവാനും ശ്രദ്ധിക്കുമായിരുന്നു. വഴിയിൽ കാണുന്ന പലരോടും കുശലപ്രശ്നങ്ങൾ നടത്തുവാനും ഇഷ്ടപ്പെട്ടിരുന്നു. മാത്രമല്ല തിരുമേനി സ്ഥിരം നടന്നുവരുന്നത് പല സ്ഥലങ്ങളിലും കുട്ടികൾ നോക്കി നിൽക്കും, കാരണം അവർക്ക് തിരുമേനിയുടെ പോക്കറ്റിൽ കിടക്കുന്ന മിഠായി വാങ്ങുവാൻ. പഠിക്കുവാനും പ്രാർത്ഥിക്കുവാനും കുസൃതികൾ അൽപം ചെയ്യുവാനും കുട്ടികൾക്ക് അനുവാദം കൊടുക്കും. പ്രാർത്ഥനയിലൂടെ ദൈവഹിതം മനസ്സിലാക്കി, നിരാശപ്പെടാതെ ജീവിക്കുവാൻ തിരുമേനി അനുഭവസഹിതം കുട്ടികൾക്ക് വിവരിച്ചുകൊടുത്തിരുന്നു."എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്ക് ഞാൻ ചെല്ലും" എന്നുള്ള പ്രാർത്ഥന തിരുമേനിയുടെ ജീവിതലക്ഷ്യം വെളിവാക്കിയിരുന്നു. തന്റെ പ്രാണപ്രിയന്റെ കൂടെ വസിക്കുന്ന ആ പിതാവിന്റെ മുമ്പിൽ ആദരവുകൾ സമർപ്പിച്ചുകൊള്ളുന്നു.

GM



അഭി. ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം 2000 മുതൽ 4 വർഷകാലയളവിൽ ശെമ്മാശനായി ശുശ്രൂഷ ചെയ്ത ലേഖകൻ ഇപ്പോൾ കൊരട്ടി സിയോൻ സെമിനാരി മാനേജരാണ്.

പരമാനന്ദമായി പ്രാണപ്രിയനോടൊപ്പം

■ ഫാ. ഡോ. ഒ. തോമസ്

കാലിത്തൊഴിത്തിലല്ലെങ്കിലും പരാധീനതകളുടെ നടുവിലാണ് പിറന്നത്. ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ബാലപാഠങ്ങൾ ബാല്യത്തിലേ ഹൃദയാന്തർഭാഗത്തു കോറിയിട്ടു.

കുട്ടികളോടൊത്തു കളികളിൽ ഏർപ്പെടുമ്പോഴും ചിലരെക്കൂട്ടി പ്രത്യേകം പ്രാർത്ഥന. അതും സ്കൂളുകളിലെ തണൽമരങ്ങളുടെ കീഴിൽ. അത്തിവൃക്ഷത്തിന്റെ കീഴിലെ നഥനയലിനെപോലെ. ഇവൻ കൊള്ളാവുന്നവനാകുന്നു. ഉടയവന്റെ ദൃഷ്ടി അന്നു മുതലേ അവനിൽ പതിഞ്ഞു.

ഒരു സമയം ഹൃദയം ഉടയവനുവേണ്ടി കൊടുത്തു. അതേപ്പറ്റി ഉജ്ജ്വലമായി പ്രസംഗിച്ചു. ചിലർക്കൊക്കെ അർത്ഥം മനസ്സിലായി. മറ്റു ചിലർക്ക് മനസ്സിലായതുമില്ല.

പിന്നീടുള്ള വഴി തന്റേതായിരുന്നില്ല. വിളിച്ചവർ വിശ്വസ്തരായിരുന്നതിനാൽ ആ വഴിയിലൂടെ നീങ്ങി.

അതു വേറിട്ട വഴിയായിരുന്നു. ആ വഴി ഇടുക്കവും ഞെരിക്കവുമായിരുന്നു. വിശുദ്ധമല്ലാത്ത വഴിയായതിനാൽ കൂടെ അധികം പേർ ഉണ്ടായിരുന്നില്ല.


ഏകനായി സഞ്ചരിച്ചു. ഒറ്റപ്പെടൽ സന്തോഷമായിരുന്നു. അരുമനാഥനുമായി ഏറെ സല്ലാപമായി. ലോകത്തിന്റെ പ്രധാനങ്ങളെ ത്യജിച്ചു.

സ്നാപകയോഹന്നാനായി. അനീതിക്കെതിരെ പടവാളോങ്ങി. വാറുകളഴിപ്പാൻ യോഗ്യനല്ലാത്ത പിന്നാലെ വരുന്നവന്റെ ഗുണഗണങ്ങളെ ഘോഷിച്ചു.

നിങ്ങൾക്കു ബറബാസിനെയോ ക്രിസ്തുവിനെയോ വേണ്ടത്? എല്ലാവർക്കും ക്രിസ്തുവിനെയുംകൊണ്ട് ബറബാസിന്റെ വഴിയിൽ കൂടി നടക്കുന്നതായിരുന്നു ഇഷ്ടം.

സ്നാപകൻ വീണ്ടും ഗർജിച്ചു. സാധിക്കുകയില്ല. ക്രിസ്തുവിനെയാണെങ്കിൽ പുതിയ വഴിയിൽ നടന്നേ മതിയാകൂ.

അതു ദൈവരാജ്യത്തിന്റെ വഴിയാണ്. ദരിദ്രനും സമ്പന്നനുമില്ലാത്ത നീതിയുടെയും സമത്വത്തിന്റെയും ലോകം.



ചുങ്കക്കാരും പാപികളും വേശ്യാസ്ത്രീകളും കുഷ്ഠരോഗികളും എയ്ഡ്സ് രോഗികളും അനാഥരും വിധവകളും പുറന്തള്ളപ്പെട്ടവരും സ്നേഹിക്കപ്പെടുന്ന ലോകം. കൂട്ടത്തിൽ വിപ്ലവവാക്യം കൂട്ടിച്ചേർത്തു. 'ദരിദ്രലോകത്തിൽ സമ്പന്നനായി ജീവിക്കുന്നത് പാപമെന്ന്.''

ഒട്ടേറെപ്പേരുടെ ഉറക്കംകെടുത്തി. അവർ സ്നാപകനെ മനസ്സിൽനിന്നു തുത്തെറിഞ്ഞു. മറ്റനേകം പേരുടെ ഉള്ളു പിടഞ്ഞു. ഇടനെഞ്ചിലെ നെരിപ്പോടിന്റെ ചൂടുകുറയ്ക്കാൻ അവർ വാരിക്കോരി നൽകി.

ബാലഭവനുകൾ, വൃദ്ധമന്ദിരങ്ങൾ, ആയിരങ്ങൾ, അഭയകേന്ദ്രങ്ങൾ. ദൈവരാജ്യം ഉണ്ടായിട്ടില്ല. എങ്കിലും ചില അടയാളങ്ങൾ. നസ്രായന്റെ കാലത്തും അടയാളങ്ങളേ ഉണ്ടായിരുന്നുള്ളുവല്ലോ. പൂർണ്ണത വരാതിരിക്കുന്നല്ലോ.

ജൈത്രയാത്രയിൽ സാധാരണക്കാർ ചുറ്റും കൂടി. അവർ ജാഗ്രതയോടെ സ്നാപകനെ ശ്രദ്ധിച്ചു. ആ കൂട്ടത്തിൽ പരീശന്മാരും ശാസ്ത്രിമാരും നിക്കോദീമോസുമാരും, അരിമത്യക്കാരൻ യൗസേഫുമുണ്ടായിരുന്നു. ഉറച്ച ബോദ്ധ്യങ്ങൾ ഉച്ചത്തിൽ ആയപ്പോൾ നിരാകരിക്കാൻ കാരണങ്ങൾ ഉണ്ടായിരുന്നു. അവർ സ്നാപകനെ നെഞ്ചിലേറ്റി. മുൻപു കല്ലെറിഞ്ഞവർ അതു കൈയിൽ സൂക്ഷിച്ചു. എറിയാൻ തരംകിട്ടിയില്ല. ഒരു പക്ഷേ അതു തിരിച്ചെറിയപ്പെട്ടു. എന്ന് കാലം സൂചന നൽകി.

സ്നാപകൻ യൗവനവും മദ്ധ്യവയസ്സും പിന്നിട്ട് വാർദ്ധക്യത്തിലേക്കു നീങ്ങി. അപ്പോഴും ദൈവകരങ്ങളിൽ രാവും പകലും മുറുകെപ്പിടിച്ചു. ഉടയവൻ സ്നേഹിച്ചവരോടൊപ്പം യാത്ര തുടർന്നു.


ഉടയവൻ സ്നേഹിച്ച എല്ലാവരെയും താൻ സ്നേഹിച്ചു. ദൈവത്തിനു സ്നേഹിക്കാനല്ലാതെ ആരെയും വെറുക്കാനാവില്ലല്ലോ. അതിനാൽ വെറുക്കപ്പെടേണ്ടവരില്ലെന്നും അവരെ രക്ഷകനു സ്നേഹിക്കാമെങ്കിൽ നമുക്കെന്തുകൊണ്ടായിക്കൂടാ എന്ന് ഉറക്കെ ചോദിച്ചു. വിശ്വാസം ഭിന്നിപ്പിക്കുന്നു. സ്നേഹം ഒരുമിപ്പിക്കുന്നു. 'സ്നേഹത്തിന്റെ ഏകമതം' മാത്രം ലോകത്തിന്റെ ഭാവി ശ്രേയസ്സിലേക്കുള്ള ഏകമന്ത്രം.

പ്രത്യയശാസ്ത്രങ്ങളിലും വിശ്വാസപ്രമാണങ്ങളും പ്രതീക്ഷയർപ്പിച്ചിരിക്കുന്ന ജനത്തിന് ഇപ്പോഴും സ്നാപകൻ ജാതിയമന്ത്രത്തിന്റെ അർത്ഥം ബോധ്യപ്പെട്ടിട്ടില്ല. എങ്കിലും ആരാധനാഭാവം കൊണ്ട് അനേകരും അറിയാതെയെങ്കിലും ആ മന്ത്രം ഉരുവിട്ടുകൊണ്ടിരിക്കുന്നു.

സൂര്യൻ എരിഞ്ഞടങ്ങുന്ന ഒരു സന്ധ്യയിൽ അല്പം ഇരുട്ടു തുടങ്ങിയപ്പോൾ ആ ജീവിതത്തിന് തിരശ്ശീല വീണു. ജീവിതത്തിൽ ആയിരുന്നപ്പോൾ സ്വപ്നം കണ്ട പരമാനന്ദമായ പ്രാണപ്രിയനോടൊപ്പം തന്റെ നിത്യജീവിതം ആസ്വദിക്കുവാൻ. എങ്കിലും ഒരു സംശയം ബാക്കിനില്ക്കുന്നു.

വേദനിക്കുന്ന ആത്മാക്കളെ മറന്ന് അവിടെ അങ്ങേയ്ക്കു പരമാനന്ദം അനുഭവിക്കാനാവുമോ? ആരും ആ ചോദ്യം ചോദിച്ചില്ലെന്നു തോന്നുന്നു. അതിനാൽ തന്നെ മറുപടി തന്നുമില്ല.

വേദനിക്കുന്ന ഞങ്ങളെ മറന്ന് അവിടെ പരമാനന്ദത്തിൽ അങ്ങേയ്ക്കു വസിക്കാനാവുമോ? അവിടെയും ഞങ്ങളെയും വേദനിക്കുന്നവരേയും ഓർത്ത് അങ്ങ് ദുഃഖിക്കുകയല്ലേ? ആ ദുഃഖം ഞങ്ങൾക്ക് പ്രത്യാശ തരുന്നു. ഞങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ ഒരു മദ്ധ്യസ്ഥനായി അങ്ങ് ഉള്ളതിനാൽ.




ദൈവത്തിനും ലോകത്തിനും ഇടയിൽ ഏക മദ്ധ്യസ്ഥനായ ക്രിസ്തുയേശുവിനോടൊപ്പം, എല്ലാവർക്കും ദൈവമായ ത്രിയേക ദൈവത്തിന്റെ സന്നിധിയിൽ വിശ്രമിക്കുന്ന ഞങ്ങളുടെ സ്നേഹഭാജനമായ ഒസ്താത്തിയോസ് പിതാവിന്റെ ദീപ്തമായ സ്മരണയുടെ മുൻപിൽ പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ.

GM


കടപ്പാട്: ദൂതൻ

MELTHO

■ Dr. Yakob Mar Irenaios



The term "Meltho" is very evocative and powerfully suggestive. In the Biblical sense, it is the living "Word" of God. St John at the opening part of his Gospel gives a philosophical introduction for the term and Christianizes it in his own imitable manner. He asserts that the "Word' which was from the beginning of beginnings, was none other than Jesus Christ, the second person of the Holy Trinity. "The Word was God" is the crux of the matter with him.



'Meltho' conveys the same connotation, the living and life-giving Word of God, it is the Good News as well. The Word became flesh and dwelt among us - thus goes the witness of the Apostle. The opening part of the Bible refers to the creative word of God which brings everything into being, except man. Man is created and infused with the breath of God that makes him a living being. subsequently all the books in the Old Testament reverberates with the God-speak and its echoes. The power of the word of God is too discernable here. Besides, it a transforming force, which punishes, corrects and redeems too. It is the word of God that unites people who are nomads as a nation. Again the same word goes out to the people through the prophets and the chosen that what God demands is not sacrifice but mercy! Obedience to the word of God saves, but disobedience brings disaster upon individuals and nations. God chooses a few people as his representatives to bring to light and life the word among the common people and save them from trangressions. Before the time of the Kings, the Judges were the carriers of the word of God.

However, from the very beginning of earth's history, there are instances of dissenting words, which bring doom on the people of God. Eve listens to and abides by the mischievous word of the enemy, who is always on the lookout to cajole humans to misuse their God-given free will to give the go bye to the Word of God. The New Testament leads us to the Incarnate Word of God, who came down to redeem us from the darkness of evil, sin and death. Today the same word is proclaimed to the people; and let no one forget for a moment that the power of 'meltho' comes from the Spirit of God; and no preacher can neglect the message of the Good News of the Kingdom of God!

Relevance of "Meltho" for our times:

The Word of God is ageless and unchanging. The Word can kindle "Dharama" in us. It is with conviction that "Meltho" Bible convention was started. The Word is 'broken' and distributed to all irrespective of all other considerations. The same Word constitutes the backdrop and ground of being for the history, worship, faith and Holy Traditions of the Church. The faith of the people, which is given to the Holy Fathers once and for all is preached so that it will be practiced by all. It is not merely to be heard and emotionally responded to; but is to become the reality of life inside us a presence, prompting and ever shining light. The word is like the mother's milk which is so nourishing and invigorating. It can strengthen weak minds, purify our inner being and lead us in the path of righteousness. Meltho is expected to encourage people to read the Word of God regularly and participate in the Holy sacraments; and keep the two cardinal commandments of Love of God and Love of Neighbour. Our young people are to be purified and strengthened by it; and are to be given the way in life, with a sense of direction, where they will willingly dedicate themselves for the service of God and His Church. It tells us of our duties towards God and our fellow men, and that we can never remain as islands in this world. God will certainly confront us with the query 'Where is your brother"? It impresses on us that whatever we do for the poor and needy is done for Jesus Christ; He owns one and all!

It is the message from the God that constantly reaches us through genuine Church life and divine witnessing. The word is the real lamp and light for our paths. May the eternal and undying light of "Meltho" be with us intermittently all through our days. GM

For further study:
'Meltho' by Dr. Yakob Mar Irenaios
Georgian Mirror
2011 April - June

യോർദ്ദാൻ നദിക്കരയിൽനിന്നും

■ ഫാ. വിൽസൻ മാത്യു, ബേസിൽ ദയറ



ദിവ്യസ്നാനം



"എന്റെ ജീവന്റെ ജീവനേ, അങ്ങയുടെ ദിവ്യസ്നാനത്തിന് സാക്ഷിയാകുവാനായി ഞാൻ അങ്ങയെ അനുഗമിക്കട്ടെ. യോർദ്ദാൻ നദിയുടെ പടവുകളിറങ്ങി ജനക്കൂട്ടത്തിനു നടുവിലൊരാളായി അലിഞ്ഞുചേരുവാൻ അങ്ങേയ്ക്കെങ്ങനെ സാധിച്ചു? ജനക്കൂട്ടത്തിന്റെ നടുവിൽ, ഒന്നുമില്ലാഞ്ഞിട്ടുപോലും, ശബ്ദമുയർത്തി, ശ്രേഷ്ഠനെന്നു നടിക്കുവാനുള്ള എന്റെ പരിശ്രമത്തെ ലജ്ജയോടെ ഞാൻ പഴിക്കുന്നു. അങ്ങുപദേശിച്ച വചനം യോഹന്നാൻ ആവർത്തിച്ചു പറഞ്ഞിട്ടും ആദ്യമായി കേൾക്കുന്നവനെപ്പോലെ കേട്ടുനിന്ന അങ്ങയുടെ വിനയത്തിനു മുമ്പിൽ എളിയവനായ ഞാൻ താണുവണങ്ങുന്നു. പലപ്പോഴും, പലരും പറയുവാൻ ഉദ്ദേശിക്കുന്നവയെ പൂർത്തിയാക്കുവാനോ, ക്ഷമാപൂർവ്വം അവയെ ഉൾക്കൊള്ളുവാനോ എനിക്ക് സാധിക്കാതെ പോകുന്നതിൽ ഞാൻ കുണ്ഠിതപ്പെടുന്നു.

എന്റെ നേത്രങ്ങൾക്ക് സ്നാന വേഷം ധരിച്ച അങ്ങയുടെ രൂപം വിശ്വസിക്കുവാൻ സാധിക്കുന്നില്ല. കാലിത്തൊഴുത്തിലെ കീറ്റുവസ്ത്രവും, സ്നാനരംഗത്തെ വസ്ത്രവും, ക്രൂശിലെ അൽപവസ്ത്രവും എന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്നു. ഏറ്റവും സുപ്രധാനരംഗങ്ങളിലെ അങ്ങയുടെ അല്പവസ്ത്രം എനിക്കൊരു ധ്യാനവിഷയമായി നൽകുവാൻ അങ്ങേയ്ക്കു മനസ്സാകണേ. എല്ലാറ്റിലും ആധിക്യത്തിൽ തൃപ്തിപ്പെടുന്ന എനിക്ക് 'അൽപവസ്ത്രത്തിന്റെ മറവിലെ സംതൃപ്തി' ചൊരിഞ്ഞുതരുവാൻ തിരുമനസ്സാകണേ.

യോഹന്നാനിൽനിന്ന് സ്നാനമേൽക്കുവാനുള്ള അങ്ങയുടെ താഴ്മ ഞാൻ നേരിട്ടു കാണുന്നു. പലരോടും ഒരു സംശയം ചോദിക്കുന്നതുപോലും പോരായ്മയായി ചിലപ്പോഴെനിക്ക് തോന്നിയിട്ടുണ്ട്. മറ്റുള്ളവരെന്തു പറയും എന്നു കരുതി പല സാഹചര്യങ്ങളും ഞാൻ ഒഴിവാക്കിയിട്ടുണ്ട്. എന്റെ സ്വന്തം സ്നാനാർത്ഥിയെ, സമശീതോഷ്ണ ജലത്തിൽ മുങ്ങിയപ്പോൾ അങ്ങേക്കുണ്ടായ അനുഭൂതി എനിക്കും നൽകണമേ. എന്നിലെ അശുദ്ധി കഴുകുവാൻ ശിക്ഷാവിധിയുടെ, മരണഭീതിയുടെ 'കഠിനതണുപ്പിൽ' മുങ്ങുവാൻ എനിക്കു ഭയമാണ്. അങ്ങുമുങ്ങിയ യോർദ്ദാന്റെ സുഖദായകാവസ്ഥ, രക്തത്തിന്റെ ചൂരും ചൂടും എന്നിലും പകരില്ലേ?

'ഇപ്പോൾ സമ്മതിക്ക' എന്നു പറഞ്ഞ് യോഹന്നാനെ സ്നാനത്തിന് നിർബന്ധിച്ച നാഥാ, നന്മയും നീതിയും നിവർത്തിക്കുവാനും, സംരക്ഷിക്കുവാനും ഈ പാപിയെയും അങ്ങു ശക്തീകരിക്കണമേ. സ്നേഹമൂർത്തീ, 'ഇപ്പോൾ സമ്മതിക്ക' എന്ന് അങ്ങെന്നോട് ആജ്ഞാപിക്കണമേ. പ്രാർത്ഥിക്കുവാൻ, നന്മ ചെയ്യുവാൻ, വിശുദ്ധിയിൽ വളരുവാൻ, ത്യാഗം അനുഷ്ഠിക്കുവാൻ, സ്നേഹിക്കുവാൻ, ദൗത്യനിർവഹണത്തിന് തയ്യാറാകാതെ സ്വയം മറന്ന്, അഹങ്കരാരിയായി മാറിയ എന്നോട് 'ഇപ്പോൾ സമ്മതിക്ക' എന്ന് അങ്ങ് ഒരു തവണ പറഞ്ഞാൽ ഈ പാപി മടങ്ങിവരും. 'സമ്മതിക്ക' എന്ന് അങ്ങ് പലപ്പോഴും പറഞ്ഞു കാണും. പക്ഷേ, ഞാൻ കേൾക്കാഞ്ഞിട്ടാണോ, അറിവില്ലായ്മകൊണ്ടാണോ?..... എന്തോ...... എന്റെ നാഥാ പലപ്പോഴും സമ്മതിക്കുവാൻ എനിക്കു കഴിയാതെപോയ ദൈവഹിതം നിറവേറ്റുവാൻ യോഹന്നാനെ നിർബന്ധപൂർവ്വവും സമ്മതിപ്പിച്ചവനേ എന്റെ മേലുള്ള അങ്ങയുടെ ഹിതം നിറവേറ്റുവാൻ അങ്ങെന്നെ നിർബന്ധിക്കണമേ.

ദൈവത്തിന്റെ പ്രിയപുത്രാ, എന്നെ അങ്ങ് പ്രിയപ്പെട്ടവനായി കണ്ടിട്ടും, ദൈവപിതാവ് അങ്ങയെ പ്രിയപ്പെട്ടവനായി കണക്കാക്കിയിട്ടും എന്റെ പ്രിയപ്പെട്ടവരുടെ ഗണത്തിൽ ഞാൻ അങ്ങയെ പെടുത്തിയിട്ടുണ്ടോ എന്ന് പശ്ചാത്താപത്തോടെ ഓർത്തുപോകുന്നു. അങ്ങെനിക്കു നൽകിയ സ്നേഹവും പ്രേമവും തിരിച്ചുനൽകുവാനായി അങ്ങയുടെ ആലയത്തിന്റെ പടിവാതിൽക്കൽ 'ഒരു വാലാട്ടി നായെപ്പോലെ' കറങ്ങിത്തിരിയുവാൻ ഞാനാഗ്രഹിക്കുന്നു. അങ്ങേക്കു മാലാഖമാരുടെ സ്തുതിവചനങ്ങളും,ക്രോബേന്മാരുടെ സംരക്ഷണകവചവുമുണ്ടെങ്കിലും ഒന്നും പ്രതീക്ഷിക്കാതെ, അങ്ങു വരുന്ന വഴിത്താരയിൽ ഒരു കോണിലായി കാവലാകുവാൻ, അങ്ങയെ ഒന്നു കാണുവാൻ മനസ്സു വെമ്പുന്നു. സ്നാനത്തിന്റെ തികവായവനെ, അങ്ങയിൽ പ്രസാദിച്ചവൻ എന്നിലും പ്രസാദിക്കുവാൻ ഇടനല്കണമേ. സർവ്വശക്തന്റെ പ്രസാദഹേതുവായി അങ്ങയിലുണ്ടായിരുന്ന നന്മയുടെ കണങ്ങളെ എന്നിലും പകരണമേ. നന്മയുടെ കണങ്ങളെല്ലാം എന്നിൽ നിന്നും വേറിട്ടുപോയി. സർവ്വശക്തൻ അങ്ങയിൽ പ്രസാദിച്ചെങ്കിലും എന്റെ ജീവനാഥാ, അങ്ങയെ പ്രസാദിപ്പിക്കുവാനോ, ചൊരിഞ്ഞുതന്ന നന്മയോർത്ത് അങ്ങയിൽ പ്രസാദിക്കുവാനോ ഈ പാപിക്ക് സാധിച്ചില്ലല്ലോ. മറ്റുള്ളവരിൽ പ്രസാദവർഷം ചൊരിയുവാനും പ്രസാദിക്കുവാനും, പ്രസാദിപ്പിക്കുവാനും എനിക്കു രൂപാന്തരം നൽകണമെ. ആരിലും പ്രസാദിക്കാത്ത, തൃപ്തിപ്പെടാത്ത എന്റെ കഠിനാവസ്ഥയെ അങ്ങ് ലഘൂകരിക്കണമെ.

സ്വർഗ്ഗീയ ശബ്ദത്തിന്റെ ഉറവിടമായ സ്നാനിതനേ, അങ്ങേക്കുണ്ടായ സ്വർഗ്ഗീയ സ്വരം എന്റെ കാതിനും കുളിർമ നൽകുന്നു. ഭൂമിയിൽ ഞാനുയർത്തുന്ന അപസ്വരങ്ങൾ സ്വാർത്ഥതയുടെയും, പ്രശസ്തിയുടെയും കറപിടിച്ച സ്വരങ്ങൾ, എന്നെ ഭയപ്പെടുത്തുന്നു. ഉന്നതത്തിലെ സ്വരം കേൾക്കുവാൻ, ആ സ്വരമായിത്തീരുവാൻ, ആ സ്വരത്തോടു ചേർന്ന് തന്ത്രിനാദങ്ങളോടെ അങ്ങയെ പ്രസാദിപ്പിക്കുവാൻ ഹൃദയം വെമ്പുന്നു.

സ്നാനപ്രഭയാൽ ശോഭിതനെ, ഈറനുടുത്തു യോർദ്ദാനിൽ നിന്നു കയറുന്ന അങ്ങയുടെ രൂപം എന്റെ മനസ്സിലെ അശുദ്ധ വികാരങ്ങളെ തകർക്കുവാൻ ശക്തമായി ഞാൻ കാണുന്നു. മറ്റാരെങ്കിലും അങ്ങയുടെ ശിരസ്സിലെ ജലാംശം ഒപ്പിയെടുക്കുമോ എന്നു ഞാൻ ആകാംക്ഷയോടെ നോക്കുന്നു. എന്റെ ജീവനേ, അങ്ങയെ ആസകലം ഒന്നു തോർത്തുവാനെങ്കിലും എന്നെ അനുവദിക്കുമോ? യോർദ്ദാനിലെ ജലാംശം അങ്ങയുടെ തലയിലാഴുന്നതിൽ എനിക്ക് ദുഃഖമുണ്ട്. പക്ഷേ, അങ്ങയെ തുവർത്തുവാനുള്ള ഒരു കൈലേസ് എന്നിലില്ലല്ലോ? അങ്ങയെ സ്പർശിക്കുവാനുള്ള വിശുദ്ധിയും നന്മയും ഇവനിൽ ഇല്ലല്ലോ. എങ്കിലും എന്റെ മണിമുത്തേ, അങ്ങനുവദിച്ചാൽ അങ്ങയെ തുവർത്തുവാൻ ഈ ഏഴ തയ്യാറായിട്ടു നിൽക്കുന്നു. ഒരു യോഗ്യതയും ഇല്ലെന്നറിഞ്ഞുകൊണ്ടുതന്നെ...

GM

വി. കുർബാന: ഒരു പഠനം

വി. കുർബാനയിലെ ധൂപപ്രാർത്ഥനകൾ

■ പ്രൊഫ. തോമസ് പി. വർഗ്ഗീസ്



ധൂപാർപ്പണം

കഴിഞ്ഞ ലക്കത്തിൽ വി. ശരീരരക്തങ്ങളുടെ ആഘോഷം പൂർത്തിയാക്കിയതിനു ശേഷം പട്ടക്കാരൻ കാസായും പീലാസായും കബിലാനകൊണ്ട് മൂടിയതിനു ശേഷം ദർഗ്ഗായിൽ നിന്നു താഴെ ഇറങ്ങുന്നതു വരെയുള്ള ഭാഗങ്ങൾ പഠിച്ചു. താഴെ ഇറങ്ങിയ പട്ടക്കാരൻ മേൽപ്പട്ടക്കാരൻ മദ്ബഹായിൽ ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ കൈമുത്തുന്നു. തുടർന്ന് പട്ടക്കാരൻ ധൂപപ്രാർത്ഥനകൾ ആരംഭിക്കുന്നു.

കാസായും പീലാസായും കബിലാനകൊണ്ട് മൂടുന്നത് എന്തിനാണ്?

പിലാസായിലും കാസായിലുമുണ്ടായിരുന്ന അപ്പവും വീഞ്ഞും കർത്താവിന്റെ വിശുദ്ധ ശരീരരക്തങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ ആവാസം മൂലമാണ്. വിശ്വാസികളിലും വന്നു വസിച്ചിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി ഒട്ടും ചോർന്നുപോകാതെ പരിപാലിക്കേണ്ടതിന്റെ പ്രതീകമായിട്ടാണു വിശുദ്ധ ശരീരങ്ങൾ കബിലാനാകൊണ്ടു മൂടുന്നത്.

ധൂപപ്രാർത്ഥന

ധൂപം അർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയായതിനാൽ ധൂപപ്രാർത്ഥന എന്നപേർ ലഭിച്ചു. ഇപ്പോൾ നടത്തുന്ന ധൂപപ്രാർത്ഥനകൾ വി. കുർബ്ബാനയുടെ ഭാഗമല്ല, എന്നാൽ വി. കുർബാനയിൽ ധൂപപ്രാർത്ഥനയ്ക്കും അതിപ്രധാനമായ സ്ഥാനമുണ്ട്. ഈ സത്യം മനസ്സിലാക്കണമെങ്കിൽ ആരാധനയിൽ ധൂപാർപ്പണത്തിനുള്ള സ്ഥാനവും, പശ്ചാത്തലവും വ്യക്തമായി മനസ്സിലാക്കണം.

പഴയനിയമ പശ്ചാത്തലത്തിൽ

ആരാധനയിൽ ധൂപാർപ്പണം ആരംഭിച്ചത് ദൈവകല്പനപ്രകാരമാണ്. പുറപ്പാട് 25:8 ൽ യഹോവയായ ദൈവം മോശയോടു കല്പിക്കുന്നു "ഞാൻ അവരുടെ നടുവിൽ വസിപ്പാനായി അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കേണം". വിശുദ്ധ മന്ദിരത്തിന്റെ ഭാഗങ്ങൾ എന്തെല്ലാമെന്നും, അതിലെ ഉപകരണങ്ങൾ എന്തൊക്കെയാണെന്നും അവ എങ്ങനെ നിർമ്മിക്കണമെന്നും പുറപ്പാട് 25–30 വരെയുള്ള അദ്ധ്യായങ്ങളിൽ യഹോവ മോശയോടു വിശദീകരിക്കുന്നുണ്ട്. നമ്മുടെ പഠനവിഷയമായ ധൂപാർപ്പണത്തെക്കുറിച്ചു യഹോവ ഇപ്രകാരം കല്പിക്കുന്നു 'ധൂപം കാട്ടുവാൻ ഒരു ധൂപപീഠവും ഉണ്ടാക്കേണം. ഖദിരമരംകൊണ്ട് അത് ഉണ്ടാക്കേണം" പുറ. 30:1. "സാക്ഷ്യപെട്ടകത്തിന്റെ മുമ്പിലും ഞാൻ നിനക്കു വെളിപ്പെടുവാനുള്ള ഇടമായ സാക്ഷ്യത്തിൻ മീതെയുള്ള **"കൃപാസനത്തിന്റെ"** മുമ്പിലും ഇരിക്കുന്ന തിരശ്ശീലയ്ക്കു മുമ്പാകെ അതു വെയ്ക്കേണം" പുറപ്പാട് (30.6). "അഹറോൻ അതിന്മേൽ സുഗന്ധ ധൂപം കാട്ടേണം. അവൻ ദിനംപ്രതി കാലത്തു ദീപം തുടയ്ക്കുമ്പോൾ അങ്ങനെ ധൂപം കാട്ടേണം. അഹറോൻ വൈകുന്നേരം അങ്ങനെ സുഗന്ധധൂപം കാട്ടേണം. അതു തലമുറ തലമുറയായി യഹോവയുടെ മുമ്പാകെ നിരന്തര ധൂപം ആയിരിക്കേണം" (പുറ.30: 7,8). സമാഗമനകൂടാരം നിർമ്മിച്ചതിനു ശേഷം മോശ യഹോവയായ ദൈവം കല്പിച്ച പ്രകാരം സമാഗമനകൂടാരത്തിൽ തിരശ്ശീലയുടെ മുൻവശത്തു പൊന്നുകൊണ്ടുള്ള ധൂപപീഠം വെച്ചു. യഹോവ കല്പിച്ചതുപോലെ അതിന്മേൽ സുഗന്ധധൂപവർഗ്ഗം പുകയ്ക്കുകയും ചെയ്തു. പുറപ്പാട് 40:26, 27 (ചില സഭകൾ പരിഹസിക്കുന്നതുപോലെ ധൂപാർപ്പണം, സുഗന്ധം ലഭിക്കാനോ, കൊതുകിനെ ഓടിക്കാനോ അല്ല. മറിച്ച് ദൈവത്തിന്റെ കല്പനപ്രകാരമാണ്, വേദപുസ്തക അടിസ്ഥാനത്തിൽ തന്നെയാണ്.) ചുരുക്കത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെയും ദൈവമഹത്വത്തിന്റെയും പ്രതീകമായിട്ടാണ് പഴയനിയമത്തിൽ ധൂപാർപ്പണം നടത്തിയിരുന്നത്.

പുതിയനിയമ പശ്ചാത്തലം

പുതിയനിയമസഭ (ഇന്നത്തെ ക്രിസ്തീയ സഭ) യുടെ ആരാധനസ്വർഗ്ഗത്തിലെ ആരാധനയുടെ പകർപ്പാണ്. അത് എപ്രകാരമെന്നു വി. യോഹന്നാൻ ശ്ലീഹാ വെളിപാടു പുസ്തകത്തിൽ 4. 5, 6 അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. വെളി. 4:2 'സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു." ഇരിക്കുന്നവന്റെ വിവരണം 4:3 ൽ നൽകിയിരിക്കുന്നു. 4:4, 6, 7, 8 വാക്യങ്ങളിൽ, സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തിനാലു സിംഹാസനങ്ങൾ, വെള്ളയുടുപ്പ് ധരിച്ചുകൊണ്ട് സിംഹാസനത്തിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പൻമാർ, അവരുടെ തലയിൽ പൊൻകിരീടം എന്നിങ്ങനെയുള്ള വിവരണം കാണാം. ഇവരും മാലാഖമാരും, വാങ്ങിപ്പോയ വിശ്വാസികളും കൂടി ദൈവത്തെ ആരാധിക്കുന്നതായി കാണുന്നു. നമ്മുടെ വിഷയമായ ധൂപാർപ്പണത്തെക്കുറിച്ച് 5, 8 എന്നീ അധ്യായങ്ങളിൽ വ്യക്തമായി വിവരിക്കുന്നു. 8.3 ൽ 'മറ്റൊരു ദൂതൻ സ്വർണ്ണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികെ നിന്നു. സിംഹാസനത്തിനു മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന് വളരെ ധൂപവർഗ്ഗം കൊടുത്തു. 8:4 ൽ ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കൈയിൽനിന്നു ദൈവസന്നിധിയിലേക്കു കയറി എന്നു കാണുന്നു. പഴയനിയമത്തിൽ യഹോവയായ ദൈവത്തിനാണ് ധൂപാർപ്പണമെങ്കിൽ പുതിയനിയമത്തിൽ ധൂപാർപ്പണം ദൈവത്തിന്റെ കുഞ്ഞാടിനാണ്. ചുരുക്കത്തിൽ ദൈവപ്രസാദത്തിനായിട്ടാണ് ധൂപാർപ്പണം നടത്തുന്നത്.

ധൂപാർപ്പണത്തിന്റെ അർത്ഥങ്ങൾ എന്തൊക്കെയാണ്

(1) ദൈവസാന്നിദ്ധ്യ ബോധം ഉളവാക്കുന്നതിനു സഭ സ്വീകരിച്ച ഒരു പ്രതീകമാണ്.

(2) സഭ ദൈവത്തിന് അർപ്പിക്കുന്ന സത്യ ആരാധനയുടെ അടയാളമാണ്

(3) ദൈവത്തിന്റെ മുമ്പാകെയുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റെ അടയാളമാണ്.

ദൈവസിംഹാസനമായ ത്രോണോസിന്റെ മുമ്പാകെയുള്ള ധൂപാർപ്പണം വിശ്വാസികളുടെ സമ്പൂർണ്ണ സമർപ്പണത്തിന്റെയും ത്രോണോസിലെ ധൂപാർപ്പണത്തിനു ശേഷം, തിരിച്ചു വന്ന വിശ്വാസികളുടെ നേരെ ധൂപം വീശുന്നത്, ദൈവം സുഗന്ധധൂപം സ്വീകരിച്ചതിനു ശേഷം തന്റെ അനുഗ്രഹാശംസകൾ തിരിച്ചു നൽകുന്നതിന്റെയും പ്രതീകമാണ്.

(4) ആരാധനയിലെ ധൂപാർപ്പണം മൂലം സ്ഥലകാലങ്ങൾ (സഭ) ശുദ്ധീകരികൃതമാകുന്നതുപോലെ, എല്ലാ നന്മകളുടെയും ഉറവിടമായ ദൈവസമ്പർക്കത്തിലൂടെ നാം ഓരോരുത്തരും സൗരഭ്യമുള്ളവരായി തീർന്ന്, വിശുദ്ധിയുടെ പരിമളം ലോകത്തിൽ പ്രസരിപ്പിക്കണം.

(5) ധൂപാർപ്പണം സ്വർഗ്ഗത്തിലേക്ക് ഉയരുന്ന വിശ്വാസികളുടെ പ്രാർത്ഥനയടെയും അപേക്ഷയുടെയും പ്രതീകമാണ്.

പഴയനിയമ സഭയിൽ ധൂപകലശവും, സുഗന്ധവർഗ്ഗങ്ങളും ഉപയോഗിച്ചെങ്കിൽ ക്രിസ്തീയ സഭയിൽ പ്രത്യേകിച്ച് ഓർത്തഡോക്സ് സഭകളിൽ ധൂപകുറ്റിയും കുന്തിരിക്കവും ഉപയോഗിക്കുന്നു.

ഓർത്തഡോക്സ് ആരാധനയിൽ ധൂപകുറ്റിയിൽ കുന്തിരിക്കം ഇട്ടു ധൂപം വീശുമ്പോൾ ധൂപാർപ്പണത്തിന്റെ അർത്ഥങ്ങൾ പൂർത്തീകരിക്കുന്നുണ്ടോ?

പൂർത്തീകരിക്കുന്നു. ഓർത്തഡോക്സ് ആരാധനയിൽ ധൂപകുറ്റി സഭയുടെ പ്രതീകമാണ്. സഭയിലെ പാപികളായ (കരിക്കട്ട) മനുഷ്യരിൽ പരിശുദ്ധാത്മാവിന്റെ (അഗ്നി) പ്രവർത്തനം മൂലം വിശുദ്ധീകരണം (കത്തിജ്വലിക്കുന്ന അവസ്ഥ) പ്രാപിച്ച് അവരിൽനിന്ന് ഉയരുന്ന പ്രാർത്ഥനകളും സ്തുതികളും (സുഗന്ധവർഗ്ഗത്തിന്റെ പുകയും സുഗന്ധവും) ദൈവസന്നിധിയിലേക്ക് (ഉയരങ്ങളിലേക്ക്) പ്രവേശിച്ച് ദൈവത്തിനു പ്രീതികരമായി തീരുന്നു. ഈ അവസ്ഥയെ ഓർത്തി

ട്ടാണ് ദാവീദ് ഇപ്രകാരം പ്രാർത്ഥിക്കുന്നത്, 'ദൈവമെ എന്റെ പ്രാർത്ഥനപരിമള ധൂപം പോലെ നിന്റെ സന്നിധിയിലേക്ക് ഉയരുമാറാകട്ടെ'യെന്ന്.

മേൽപ്പറഞ്ഞ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും വാങ്ങിപ്പോയവരുടെ സാന്നിദ്ധ്യം ബലിപീഠത്തിൽ (ത്രോണോസിൽ) ഉണ്ടെന്നുള്ള യോഹന്നാൻ ശ്ലീഹായുടെ വെളിപ്പാട് 6:9 ലെ സാക്ഷ്യത്തിന്റെയും, അപ്രകാരമുള്ളവരെ ഓർത്തു പ്രാർത്ഥിക്കണമെന്ന പൗലോസ് ശ്ലീഹായുടെ എബ്രാ. 13:7 ലെ ആഹ്വാനത്തിന്റെയും അടിസ്ഥാനത്തിലും വി. കുർബാനയിൽ ദൈവമാതാവ്, പരിശുദ്ധന്മാർ, പട്ടക്കാർ, പരേതർ എന്നിരുടെ നാമത്തിലും (വെള്ളിയാഴ്ച നമസ്കാരത്തിലും സ്ലീബായെ ഓർക്കുന്ന പ്രത്യേക സന്ദർഭങ്ങളിലും കുരിശിൻ തൊട്ടിയിൽ ധൂപ പ്രാർത്ഥന നടത്തുന്ന സമയത്തും) വി. സ്ലീബായുടെ നാമത്തിലും പട്ടക്കാരൻ വി.കുർബാനയിൽ ധൂപപ്രാർത്ഥന നടത്തുന്നു.

ധൂപപ്രാർത്ഥന (കുക്കിലിയോൻ)

എന്താണ് കുക്കിലിയോൻ?

ആരാധനയിൽ ഉപയോഗിക്കുന്ന ഗാനരൂപത്തിലുള്ള ശുശ്രൂഷാക്രമമാകുന്നു കുക്കിലിയോൻ. കുക്കിലിയോൻ എന്ന സുറിയാനി വാക്കിന്റെ അർത്ഥം പ്രാർത്ഥനാചക്രം (Cycle of prayers) എന്നാണ്. ഏതു വ്യക്തിയെക്കുറിച്ചു പ്രകീർത്തിക്കുന്നുവോ, ഉദാഹരണത്തിന് ദൈവമാതാവെങ്കിൽ, ദൈവമാതാവിനെക്കുറിച്ചുള്ള ഗാനങ്ങൾ പല ഭാഗങ്ങളായി പാടിയും ധൂപം വച്ചും പ്രാർത്ഥനയുടെ ഒരു വലയം സൃഷ്ടിക്കലാണ് കുക്കിലിയോനിൽ നടത്തുന്നത്.

ആരാധനയിലെ ധൂപാർപ്പണം ദൈവകൽപ്പനപ്രകാരമാണ്. പഴയ നിയമത്തിലും പുതിയനിയമത്തിലും സമ്പൂർണ്ണ സമർപ്പണമായ ധൂപാർപ്പണത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്

കുക്കിലിയോനു എത്ര ഭാഗങ്ങൾ ഉണ്ട്?

നാലു ഭാഗങ്ങൾ ഉണ്ട്.

(1) പെത്ഗോമാ - സങ്കീർത്തനഭാഗം

(2) എക്ബോ - ചരണം, പടി

(3) കോലോ - ഗീതം

(4) ബോവൂസ്സോ - അപേക്ഷാഗീതം

പെത്ഗോമാ നാം ഓർത്തു പ്രാർത്ഥിക്കുന്ന വ്യക്തിയെ പ്രകീർത്തിക്കുന്ന സങ്കീർത്തനത്തിലെ ഭാഗം ആയിരിക്കും പെത്ഗോമായിലെ പാട്ടിന്റെ അടിസ്ഥാനം.

എക്ബോ - ചരണം - പടി ഒരു കോലോ ആരംഭിക്കുന്നതിനു മുൻപ് എന്തിനെക്കുറിച്ചു പാടുന്നുവോ, ആ ആശയത്തെ എടുത്തുകാണിക്കുന്നതാണ് എക്ബോ. ഒരു കോലോ ഭാഗത്തിനു മുമ്പ് ഒരു എക്ബോ ഉണ്ടായിരിക്കും.

കോലോ - ട്യൂൺ/ഗീതം സുറിയാനി സംഗീതത്തിൽ കോലോ എന്നതിന് (ട്യൂൺ) ഈണം എന്നാണ് അർത്ഥം. അതായത് ഒരേ ലയത്തിലുള്ള രണ്ട് പാട്ടുകൾക്ക് ഇടയ്ക്ക് ആവർത്തനമില്ലാതെ ചേർത്തുവന്നിരിക്കുന്ന പദ്യഭാഗമാണ് കോലോകൾ. അവയ്ക്ക് ഇടയ്ക്കും ത്രിത്വസ്തുതി ഉണ്ടായിരിക്കും. എന്നാൽ 'മെനഓലം' എന്ന പ്രതിവാക്യം ഇല്ല.

ബോവൂസ്സോ-request-അപേക്ഷ-ആരുടെ നാമത്തിൽ ധൂപപ്രാർത്ഥന നടത്തുന്നുവോ അവരോടുള്ള നമ്മുടെ അപേക്ഷാഗീതമാണ് ബോവൂസ്സോ.

1. ദൈവമാതാവിന്റെ കുക്കിലിയോൻ

പെത്ഗോമാ - സങ്കീർത്തനം 45:9-11 വരെ.

സുറിയാനിയിൽ - ബസ്മൽക്കോ (രാജപുത്രി) എന്നാരംഭിക്കുന്നു. അതോടൊപ്പം പട്ടക്കാരൻ ധൂപകുറ്റിയിൽ കുന്തിരിക്കം ഇട്ട് ധൂപാർപ്പണം നടത്തുന്നു.

നിന്നാൾ സ്തുതിയൊടു രാജമകൾ - ഹാ - ഹാ
നിൻ വലമായ് രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ - ഹാ - ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും ബാറെക്മോർ
ശുബഹോ......... മെനലം.

ഈ ഗീതം നാം പലപ്പോഴായി കേട്ടു തഴമ്പിച്ചതാണ്. പക്ഷേ ഇതിന്റെ അർത്ഥം പലർക്കും അറിഞ്ഞുകൂടാ. അതുകൊണ്ട് ബുദ്ധിമുട്ടുള്ള ഗീതങ്ങളുടെ അർത്ഥം കൂടി വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. അർത്ഥം അറിഞ്ഞ് പാടുമ്പോഴുള്ള അനുഭൂതി ഒന്ന് അനുഭവിച്ചു നോക്കുക.

ഗീതത്തിന്റെ അർത്ഥം

നിന്നെ (സ്വർഗ്ഗീയ രാജാവായ ദൈവത്തെ) സ്തുതിച്ചുകൊണ്ട് രാജപുത്രി (മറിയാം) നിൽക്കുന്നു. വലതുഭാഗത്തുനിൽക്കുന്ന നീ രാജാവിന്റെ രാജ്ഞിയാണ്. നീ സ്വയത്തെ വെടിഞ്ഞ് ആത്മാവിൽ സൗന്ദര്യവതിയായി തീരുമ്പോൾ മണവാളനായ മ്ശിഹാ തമ്പുരാൻ നിന്നിലേക്ക് ആകർഷിക്കപ്പെടും. ഇവിടെ രാജകുമാരി ഒരേസമയം ദൈവമാതാവിന്റെയും സഭയുടെയും പ്രതീകമാണ്.

'കന്യകമറിയാമിനെപ്പോലെ സമർപ്പിക്കുവാൻ സഭയിലെ ഓരോ അംഗത്തിനും കഴിയണം' എന്നാണ് ഈ ഗീതത്തിന്റെ ആത്മീയാർത്ഥം.

എക്ബോ

ഭക്തർ പുകഴ്ചാ ഭാജനമേ!
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.
സ്തൗമെൻ - കുറിയേലായിസ്സോൻ

ഭക്തരുടെ അഭിമാനമായ മാതാവേ! നിന്നിൽ നിന്നു ജനിച്ച ഏകപുത്രൻ ഞങ്ങളിൽ കനിയുവാൻ (ഞങ്ങളെ അനുഗ്രഹിപ്പാൻ) നിന്റെ പുത്രനോട് അപേക്ഷിക്കേണമേ!

1 കോലോകൾ

മന്നമകൾക്കായി ശ്ലോ-മ്മോ-
വന്നേകി-ദൂതവരൻ
നിന്നൊടുകൂടെൻ നാഥൻ നി-
ന്നിൽ ത-ന്നുദയമതും
ബാറക്മോർ. ശുബഹോ.....

'ദൈവദൂതൻ രാജപുത്രിയായ മറിയാമിന് സമാധാനം ആശംസിച്ചിട്ടു പറഞ്ഞു. ദൈവം നിന്നോടുകൂടെയുണ്ട്, നിന്നിൽ നിന്നു അവൻ (യേശു) ഉദിക്കും.

അഖില ജഗൽ പതിയെ നായക.....
നായേറ്റി ഘോഷിച്ച...
ങ്ങതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ് താൻ.....മൊറിയോ....

'സർവ്വലോകത്തിന്റെയും അധിപതിയും നിയന്താവും (കപ്പിത്താനും) ആയ ദൈവത്തെ മറിയാം ഒരു കപ്പലിനുള്ളിൽ എന്നപോലെ സ്വീകരിച്ചു, ബഹുമാനിച്ചു, ആഘോഷിച്ചു.

ഇതു കൂടാതെ മറ്റു മൂന്നു കോലോകൾ കൂടി വി. കുർബാനക്രമത്തിൽ നൽകിയിട്ടുണ്ട്. കോലോകളിൽ ഏതെങ്കിലും ഒന്ന് പട്ടക്കാരന്റെ സൗകര്യംപോലെ തിരഞ്ഞെടുക്കുന്നു.

ബോവൂസ്സോ

നിർത്തീടരുതേ പരിശുദ്ധേ!
ഞങ്ങൾക്കായുള്ളർത്ഥനയെ
ഞങ്ങളിലാർദ്രത തോന്നീടാ-
നേകാത്മജനോടർത്ഥിക്ക.

അല്ലയോ പരിശുദ്ധയായ മാതാവേ, ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ പ്രാർത്ഥന നിർത്തരുതേ, ഞങ്ങളിൽ അലിവുതോന്നുവാൻ നിന്റെ പുത്രനോട് അഭ്യർത്ഥിക്കണമെ.

അല്ലെങ്കിൽ

മോറാനീശോ കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻകോപത്തിൽ
വടികളെയും മായിച്ചീടേണം.

മോറാനീശോ മിശിഹാ, നിന്റെ മാതാവിന്റെ പ്രാർത്ഥനയും കുരിശും മൂലം പാപികളായ ഞങ്ങളിൽ നിന്ന് നിന്റെ കോപത്തിന്റെ ശിക്ഷ മാറ്റികളയേണമെ!

GM

ക്രിസ്തീയ വിശ്വാസപ്രകാരം നിത്യനരകം ഉണ്ടോ?

■ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ്



സെറോവാസിയൻ വിശ്വാസപ്രകാരം (പാഴ്സികളുടെ) നന്മയും തിന്മയും നിത്യമാണ്. അഹുരമസ്ദ നിത്യദൈവവും, ആംഗ്രമന്യു നിത്യപിശാചുമാണ്. ആദ്യത്തേത് സൃഷ്ടികർത്താവും രണ്ടാമത്തേത് നാശകർത്താവുമാണ്. വിശുദ്ധ വേദപുസ്തകത്തിൽ പഴയനിയമത്തിൽ ഷിയോൾ എന്ന ഹീബ്രു വാക്കും പുതിയ നിയമത്തിൽ ഹേഡിസ് എന്ന ഗ്രീക്ക് വാക്കും ഉപയോഗിച്ചിരിക്കുന്നത് മരണാനന്തര ജീവിതത്തെക്കുറിച്ചാണ്. നിത്യനരകം എന്ന വാക്ക് പഴയനിയമത്തിലോ പുതിയ നിയമത്തിലോ കാണുന്നില്ല. ക്രിസ്തീയ വിശ്വാസപ്രകാരം ആദ്യന്തവിഹീനതയാകുന്ന നിത്യത്വം ദൈവത്തിനു മാത്രമേ ഉള്ളൂ. ഹൈന്ദവ ഫിലോസഫി അനുസരിച്ച് ബ്രഹ്മൻ മാത്രമാണ് നിത്യൻ. എല്ലാ ജീവാത്മാക്കളും കർമ്മവും പുനർജന്മവും മുഖാന്തരം ഒടുവിൽ പരബ്രഹ്മനിൽ ലയിക്കും. നാല് സ്റ്റെപ്പുകളാണ് എല്ലാ ആത്മാക്കൾക്കും ഉള്ളത്. (സാലോക്യ, സാമിപ്യ, സാരുപ്യ, സായുജ്യ). ഒഗസ്തിനോസും ജോൺ കാൽവിനും പെന്തക്കോസ്തൽ വിഭാഗങ്ങളും നിത്യനരകത്തിൽ വിശ്വസിക്കുന്നത് വേദപുസ്തക പ്രകാരമല്ല, ഒഗസ്തിനോസിന്റെ പഠിപ്പിക്കൽ അനുസരിച്ച് മാമ്മോദീസാ മുങ്ങാത്ത കുട്ടി, കുട്ടി നരകത്തിൽ പോകും. ചില പെന്തക്കോസ്ത് പാസ്റ്റർമാരുടെ പ്രസംഗങ്ങൾ കേട്ടാൽ മുതിർന്ന സ്നാനം ഏൽക്കാത്തവർ നരകത്തിൽ പോകും എന്നു തോന്നും.

"ന്യായവിധി പുത്രനെ ഭരമേൽപ്പിച്ചിരിക്കുന്നു" എന്ന വാക്യപ്രകാരം (യോഹന്നാൻ 5:22) യേശുക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകയാൽ നരകവും സ്വർഗ്ഗവും ആർക്കാണ് എന്ന് മനുഷ്യാവതാരം ചെയ്ത പുത്രനു മാത്രമേ അറിയാവൂ. പുതിയനിയമപ്രകാരം ദൈവം സ്നേഹമാകുന്നു എന്നു വ്യക്തമായി പഠിപ്പിച്ചിരിക്കുന്നതിനാൽ നിത്യനരകം ഇല്ലാ എന്ന് താഴെ പറയുന്ന കാര്യങ്ങളാൽ വ്യക്തമാകും.

1) ആദിയിൽ വെളിച്ചം ഉണ്ടായിരുന്നു. ഇരുളുണ്ടാകട്ടെ എന്ന് ദൈവം കൽപ്പിച്ചില്ല. ആകയാൽ പിശാച് ദൈവസൃഷ്ടിയല്ല. വെളിച്ചം മാത്രമാണ് നിത്യത. എന്നാൽ ദൈവസൃഷ്ടിക്കു മുമ്പേ ഉണ്ടായിരുന്ന ഇരുൾ ദൈവസൃഷ്ടിയല്ല. സൃഷ്ടിയിൽ എല്ലാം നല്ലത് എന്നു കണ്ടു എന്നു പറയുന്നത് തിന്മ ഒഴിച്ചുള്ള ദൈവസൃഷ്ടിയെക്കുറിച്ചു മാത്രമാണ്. ആദ്യസൃഷ്ടി വെളിച്ചമാണ്.
2) കർത്താവിന്റെ പുനരാഗമനത്തിൽ പിശാചിന് രണ്ടാം മരണം ഉണ്ടായിട്ട് പിശാചാകുന്ന ഇരുൾ ഇല്ലാതെയാകും. വെളിച്ചം ഇരുൾ ഇല്ലാതെയാക്കും.
3) ചരിത്ര യാഥാർത്ഥ്യത്തിൽ മാനവരാശിക്ക് ശരീരവും ആത്മാവും തമ്മിൽ വേർപെടുന്ന ഒന്നാം മരണമേയുള്ളു. പിശാചിന് രണ്ടാം മരണം ഉണ്ട്. ആ മരണത്തിൽ പിശാച് ഇല്ലാതെയാകും (വെളിപ്പാട് 21:5). പിശാചിന് രണ്ടാം മരണം ഉണ്ടെങ്കിലും ദൈവസാദൃശ്യമുള്ള മനുഷ്യർക്ക് ആരംഭം ഉണ്ടെങ്കിലും അവസാനമില്ല. God is eternal, humanity is everlasting.
4) കുറെ നന്മയെങ്കിലും ഉള്ള മനുഷ്യരാശിക്ക് നിത്യനരകം കൊടുക്കുവാൻ സാധ്യമല്ലല്ലോ. നീതിമാനായ ദൈവം നന്മയ്ക്ക് പ്രതിഫലം കൊടുക്കാതിരിക്കുമോ?

Karl Barth (1886-1968) says that Jesus Christ prayed "Elohi Elohi Lamma Sabakthani" on behalf of all sinners, and so nobody else will be rejected in to hell. " One rejected all elected'' God alone is absolute, if devil is also absolute two absolutes cancel each other.

5) യാക്കോബ് 2:19 അനുസരിച്ച് പിശാച് വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നത് ദൈവത്തെ ഭയപ്പെട്ടിട്ടാണ്. അറുക്കപ്പെട്ട കുഞ്ഞാടാണ് മുദ്ര പൊട്ടിക്കുന്നത് എന്ന സത്യം വെളിപ്പാട് 5 ൽ പറയുന്നത് അവർ കാര്യമായി എടുക്കാത്തതിനാലാണ്. "യൂദയിലെ സിംഹം വന്ന് മുദ്രപൊട്ടിക്കുമെന്നു വിശ്വസിച്ച പിശാച് ദൈവം സിംഹമാണെന്ന് വിശ്വസിച്ചിട്ടാണ് വിറച്ചത്" (വെളിപ്പാട് 5:5)
6) പുതിയ നിയമത്തിലാണ് ദൈവം സ്നേഹമാകുന്നു എന്നു കാണുന്നത് (1 യോഹന്നാൻ 4:8, 16). ആകയാൽ സ്നേഹവാനായ ദൈവം ദുഷ്ടന്മാർക്കും നീതിമാന്മാർക്കും മഴ പെയ്യിക്കുന്നവനാകയാൽ ആരെയും നിത്യനരകത്തിൽ ഇടുകയില്ല (മത്തായി 7:11).
7) ത്രിയേകദൈവം നീതിസൂര്യനാണ്. സൂര്യൻ പിതാവും, രശ്മി പുത്രനും, ചൂട് പരിശുദ്ധാത്മാവുമാണെന്നത് ത്രിയേകത്വം മനസ്സിലാക്കുവാൻ പറ്റിയ ഉദാഹരണമാണ്. നീതിസൂര്യന്റെ ഏകത്വവും ബഹുത്വവും ത്രിയേകത്വത്തെ ഭംഗിയായി സൂചിപ്പിക്കുന്നു. ചൂട് തിന്മയെ എരിച്ച് ഇല്ലാതാക്കുകയും നന്മയെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ചെളിയെ കല്ലാക്കുന്നതും, മഞ്ഞുകട്ടയെ ഉരുക്കുന്നതും ഒരേചൂടാണ്. പിശാച് അനുതാപമില്ലാത്ത ചെളിയാകയാൽ മനസ്സലിവുണ്ടാകയില്ല. പിശാചിന് അനുതാപവും രക്ഷയും ഇല്ലാത്തതിനാൽ കല്ലായി തീരും. എന്നാൽ ദൈവമക്കൾക്ക് അനുതാപത്താൽ രക്ഷയുണ്ട്. സുനാമിക്ക് ഹേതുവാകുന്ന ചൂടുതന്നെയാണ് തിന്മയെ ഇല്ലാതാക്കുന്നതും നന്മയെ ശുദ്ധീകരിക്കുന്നതും. (Heat expands cold contracts). അതുകൊണ്ടു ശാസ്ത്രം സാദ്ധ്യമാണ്.
8) നിത്യനരകം മനുഷ്യനല്ല. പിശാചിനാണ്. ബസ്പുർക്കാന അഥവാ ശുദ്ധീകരണ സ്ഥലം മനുഷ്യർക്കാണ്. ചപ്പും ചവറും തീയിൽ എരിഞ്ഞ് അസ്തമിക്കുന്നതുപോലെ നരകാഗ്നി പിശാചിനെ ഇല്ലാതെയാക്കുന്നു. തീയിൽ ഭക്ഷണം പാകം ചെയ്യുന്നതുപോലെ മാനവരാശിയെ കൂടുതൽ ശുദ്ധീകരിക്കും. അതുപോലെ സ്വർണ്ണത്തിന്റെ മാറ്റ് കൂട്ടുന്നതും ഈ ചൂടുതന്നെയാണ്. ഇതിനെ ബസ്പുർക്കാനഎന്ന് റോമൻ കത്തോലിക്കർ പറയുന്നു. നിത്യനരകം സ്നേഹം ഒട്ടും ഇല്ലാത്ത പിശാചിനാണ്. ബസ്പുർക്കാന ആകട്ടെ സ്നേഹവും നന്മയും അൽപമെങ്കിലുമുള്ള മാനവരാശിക്കാണ്.
9) നിത്യനരകം ഇല്ലാ എന്ന് പഠിപ്പിച്ചാൽ ആളുകൾ എല്ലാം കൂടുതൽ പാപം ചെയ്യും എന്ന വ്യാഖ്യാനം ശരിയല്ല. യാത്രക്കപ്പലുകളിൽ കടലിൽ വീഴുന്നവരെ രക്ഷിപ്പാൻ ബോട്ടുകളുണ്ടെങ്കിലും ആ ബോട്ടുകൾ തന്നെ രക്ഷിക്കുമെന്നു വിചാരിച്ച് ആരും മനഃപൂർവ്വം കടലിൽ ചാടാറില്ലല്ലോ. യഥാർത്ഥ ഭക്തന്മാർ ഭക്തജീവിതം നയിക്കുന്നത് നരകത്തെ ഭയന്നോ, സ്വർഗ്ഗത്തെ കൊതിച്ചോ അല്ല. ക്രിസ്തീയവിശ്വാസപ്രകാരം യേശുക്രിസ്തു ക്രൂശിൽ മരിച്ചത് അവന്റെ മരണത്താൽ നമ്മുടെ മരണം ഇല്ലാതെയാക്കുവാനാണ്. ആ സ്നേഹം നിർബന്ധിച്ചിട്ടാണ് ഭക്തജീവിതം നയിക്കേണ്ടത്. ഭയം മൃഗീയലക്ഷണമാണ് ദൈവസ്നേഹം അതിൽ പരമാനന്ദമാണ്.
10) ദാവീദ് പറയുന്ന വാക്യം ഭക്തജീവിതത്തിന്റെ അടിസ്ഥാനമാണ് "ഞാൻ ദൈവത്തിന്റെ പീഠത്തിങ്കലേക്ക്, എന്റെ പരമാന്ദമായ ദൈത്തിങ്കലേക്കു ചെല്ലും" (സങ്കീർത്തനം 43:4). ദൈവമക്കൾക്ക് തിരുവചനവും വിശുദ്ധ കൂദാശകളും സ്നേഹപ്രവർത്തനങ്ങളും സ്വർഗ്ഗീയ പ്രത്യാശയും രക്ഷാമാർഗ്ഗമാകുന്ന പീഠം വഴി സ്വർഗ്ഗം പരമാനന്ദമാണ്. മറ്റ് ആനന്ദങ്ങൾ ഒന്നുംതന്നെ പരമാനന്ദങ്ങളല്ല. ക്രിസ്തീയരക്തസാക്ഷികൾക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആണ്. (ഫിലിപ്പ്യർ 1:21).

ഉപസംഹാരം

പാശ്ചാത്യ ദൈവശാസ്ത്രം ബസ്പുർക്കാനയിലും നിത്യനരകത്തിലും വിശ്വസിക്കുന്നത് പൗരസ്ത്യ ദൈവശാസ്ത്രം നിരസിക്കു

ആരാധനയിലെ കൂട്ടായ്മ സോഷ്യൽ നെറ്റ്‌വർക്കിലൂടെ

■ ഫാ. ഡോ. ഒ. തോമസ്

ചോദ്യം: ഇന്ന് ആളുകൾ കൂടുതൽ കണ്ടുമുട്ടുന്നത് facebook, twitter തുടങ്ങിയ social networking സൈറ്റുകളിലാണ്. രണ്ടോ മൂന്നോ പേര് എന്റെ നാമത്തിൽ കൂടുമ്പോൾ അവരുടെ മദ്ധ്യേ ഞാൻ ഉണ്ടെന്നാണല്ലോ കർത്താവ് പഠിപ്പിച്ചത്. ഇന്റർനെറ്റിൽ കൂടിയുള്ള ഇത്തരം കൂട്ടായ്മകൾ ഇടവക കൂട്ടായ്മ പോലെതന്നെയല്ലേ? ആരാധനയ്ക്ക് പള്ളിയിൽ വന്നിട്ട് കൈമുത്തി ഉടൻ സ്ഥലം വിടുന്നവരെക്കാളും കൂടുതൽ Personal Interaction Social Networking സൈറ്റുകളിൽ നടക്കുന്നുണ്ടല്ലോ.

രവി മാമ്മൻ, ബാംഗ്ലൂർ

ഉത്തരം: ഈയിടെ കത്തോലിക്കാ സഭയിൽ, മാർപാപ്പാ ഒരു കൽപ്പന പുറപ്പെടുവിച്ചിരുന്നു. അതായത് ടെലിഫോണിൽ കൂടി വി. കുർബാന



പാടില്ല എന്ന്. കൂദാശകളുടെ അന്തസ്സത്തയും മാധ്യമങ്ങളുടെ സംവേദനക്ഷമതയും എങ്ങനെ ബന്ധപ്പെടുത്തണമെന്നു ഹൈടെക് യുഗത്തിലുള്ളവർക്ക് അറിഞ്ഞുകൂടാ എന്നത് ഒരു പ്രശ്നമായി വരുന്നു. വി. കുമ്പസാരത്തിൽ, കാർമ്മികൻ നെറ്റിയിൽ റൂശ്മാ ചെയ്ത് പാപപരിഹാര പ്രാർത്ഥന നടത്തുമ്പോഴാണ് ആ കർമ്മം പൂർത്തിയാകുന്നത്. പ്രാർത്ഥനചൊല്ലുന്നതിനോടൊപ്പം അതിനേക്കാൾ പ്രാധാന്യമുള്ളതാണ് നെറ്റിയിൽ സ്ലീബാ മൂന്നു പ്രാവശ്യം റൂശ്മാ ചെയ്യുന്നത്. ടെലിഫോണിൽകൂടി പ്രാർത്ഥിച്ചാലും കൂദാശയിലെ അതിപ്രധാനമായ ഈ കർമ്മം സാധിക്കുകയില്ലല്ലോ. കാഴ്ചയും ശബ്ദവും കൊണ്ടു മാത്രം ഒരു കൂദാശാനുഷ്ഠാനവും പൂർത്തീകരിക്കപ്പെടുന്നില്ല. വചനശുശ്രൂഷയ്ക്ക് ഒരുപക്ഷേ ഈ രണ്ടു കാര്യങ്ങൾ മതിയായിരിക്കും. കൂദാശകൾക്കു കാർമ്മികന്റെ സാന്നിദ്ധ്യം, കൃപ സംവേദിക്കപ്പെടുന്ന പദാർത്ഥങ്ങൾ, പ്രത്യേകമായ കർമ്മങ്ങൾ, അർത്ഥവത്തായ പ്രാർത്ഥനകളും, ഉച്ചരിക്കപ്പെടേണ്ട സവിശേഷമായ വാക്കുകളും എല്ലാം പ്രധാനമാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട്, സോഷ്യൽ നെറ്റ്‌വർക്കിനെ വിലയിരുത്തിയാൽ കാര്യങ്ങൾ എളുപ്പമാകും. സൗഹൃദം വളർത്തുവാനും ആശയങ്ങൾ പങ്കിടുവാനും സോഷ്യൽ നെറ്റ്‌വർക്കുകൾ തീർച്ചയായും പ്രയോജനപ്പെടും. നല്ല ഉദ്ദേശ്യത്തോടെ ഇത്തരം കൂട്ടായ്മകളിൽ സജീവമാകുമ്പോൾ തീർച്ചയായും അവിടെ ദൈവസാന്നിദ്ധ്യം ഉണ്ടായിരിക്കും. പക്ഷേ ആരാധനയിലെ കൂട്ടായ്മയ്ക്കു പകരംവെയ്ക്കാൻ ഈ നെറ്റ് വർക്കുകൾ മതിയാവുകയില്ല. മക്കൾ വിദേശത്തുനിന്നു വെബ് ക്യാമറകളിൽ കൂടി, കണ്ട് സംസാരിക്കുന്നുണ്ടല്ലോ. നെറ്റ്‌വർക്കിലൂടെ കണ്ടു സംസാരിച്ചാൽ മതി. ഇനി അവരെ കാണണമെന്നില്ല എന്ന് മാതാപിതാക്കൾക്കും മക്കൾക്കും തീരുമാനിക്കാമോ? അകലെയിരിക്കുന്ന ഒരു പിതാവ് നാട്ടിലുള്ള തന്റെ പിഞ്ചുകുഞ്ഞുങ്ങളോട് വെബ്ക്യാമറയിൽ കൂടി സംസാരിക്കുന്നതു നിർത്തി എന്നു കേട്ടു. കുഞ്ഞുങ്ങളെ 'മിസ്സ്' ചെയ്യുന്നതിന്റെ വേദന കൂടുന്നതുകൊണ്ടാണ് വെബ്ക്യാമറ വഴിയുള്ള സംസാരം വേണ്ടെന്നുവെച്ചത്. കുടുംബത്തോടൊപ്പം ജീവിക്കാൻ സാദ്ധ്യമല്ലാത്ത നിർബന്ധിത സാഹചര്യത്തിൽ വരാവുന്ന നഷ്ടബോധത്തെ അല്പം കുറയ്ക്കുവാൻ മാധ്യമങ്ങൾ സഹായിക്കുമെന്നല്ലാതെ അത് എക്കാലവും സ്വീകരിക്കാവുന്ന ഒരു സംവിധാനമായി കാണാനാവില്ലല്ലോ? അഥവാ അങ്ങനെ വന്നാൽ അവിടെ സ്നേഹവും സൗഹൃദവും വളരുകയാണോ തളരുകയാണോ ചെയ്യുന്നത്? ഇതിലും വ്യത്യസ്തമാണ് ആരാധനയിലെ സാഹചര്യം. ക്രിസ്തുവിന്റെ സാന്നിദ്ധ്യം അപ്പവീഞ്ഞുകളിൽ കൂടി അൾത്താരയിൽ ഉണ്ടെന്നാണ് നമ്മുടെ വിശ്വാസം. അതിനു ചുറ്റുമാണ് വിശ്വാസികൾ ഒരുമിച്ചുകൂടുന്നത്. ഈ ദൈവസാന്നിദ്ധ്യവും, ഒരുമിച്ചു പാടുന്നതും പ്രാർത്ഥിക്കുന്നതും, കുരിശുവരയ്ക്കുന്നതും, കർമ്മങ്ങൾ അനുഷ്ഠിക്കുന്നതുമൊക്കെ സോഷ്യൽ നെറ്റ്‌വർക്കിൽ കൂടി യാഥാർത്ഥ്യമാകുമോ? ദൈവസാന്നിധ്യവും സഹോദരസ്നേഹവും ആരാധനയിൽ അനുഭവിച്ചറിഞ്ഞവർക്ക് സോഷ്യൽ നെറ്റ് വർക്ക് അതിനു പകരം നിൽക്കാവുന്ന ഒന്നല്ല. പിന്നെ പള്ളി കഴിഞ്ഞ് മനുഷ്യരെ നോക്കാതെ നെട്ടോട്ടമോടുന്നവർ ദൈവത്തോടു പ്രാർത്ഥിച്ചു സംതൃപ്തിയോടെ പോകുന്നവരാണ്. ദൈവസ്നേഹത്തോടൊപ്പം സഹോദരസ്നേഹവും പ്രാധാന്യമുള്ളതാണ് എന്നു മനസ്സിലാക്കിയിട്ടുള്ളവർ അവർ ആരാധിക്കുന്ന ഇടവകയിൽ നല്ല മനുഷ്യബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാൻ ബോധപൂർവ്വമായി ശ്രമിക്കണം. ബോധ്യമുള്ള കാര്യങ്ങൾ സ്വയം തുടങ്ങിവയ്ക്കുന്നതാണ് മറ്റുള്ളവർ അങ്ങനെ ചെയ്യണമെന്നു ശഠിക്കുന്നതിനേക്കാൾ നന്ന്. ആരാധനയിലെ സജീവമായ കൂട്ടായ്മയോടൊപ്പം സോഷ്യൽ നെറ്റ്‌വർക്കിലൂടെയും സൗഹൃദം വളർത്തിയെടുക്കുന്ന സമീപനമായിരിക്കും ഒരു വിശ്വാസിക്ക് സ്വീകരിക്കാവുന്ന നല്ല മാർഗ്ഗമെന്നു തോന്നുന്നു.

ആരാധനയിലെ കൂട്ടായ്മയ്ക്കു പകരം വയ്ക്കാൻ നെറ്റ്‌വർക്കുകൾ മതിയാവുകില്ല

GM

➡ (22-ാം പേജിന്റെ തുടർച്ച)

ന്നു. അന്ത്യന്യായവിധിയിൽ സകല ജാതികളെയും ചെമ്മരിയാടും കോലാടും എന്ന് രണ്ടായി തിരിച്ചാലും ആ ന്യായവിധിക്ക് ശേഷവും കോലാടുകളെ രക്ഷിപ്പാൻ പാതാളത്തിൽ പോയ യേശുക്രിസ്തുവിന്റെ നിത്യസ്നേഹം വേദപുസ്തകപ്രകാരം ഏവർക്കുമുള്ള രക്ഷാമാർഗ്ഗമാണ്. കർത്താവിന്റെ പുനരാഗമനശേഷം അന്ധകാരമാകുന്ന പിശാച് കാണുകയില്ല. വെളിപ്പാട് 5:16 ലും 17 ലും പറയുന്ന മരണത്തിനുള്ള പാപത്തിന്റെ പട്ടികയിൽ ഏഴു പാപങ്ങളിൽ പറയുന്നവ എല്ലാം തന്നെ എല്ലാ മനുഷ്യർക്കുമുള്ള പാപം തന്നെയാണല്ലോ. ആകാൽ മരണകരമായ പാപം ചെയ്യുന്നവൻ നിത്യനരത്തിൽ പോകും. അല്ലാത്തവർ പറുദീസയിൽ പോകും എന്നു പഠിപ്പിക്കുന്നത് ദൈവശാസ്ത്രപ്രകാരവും മനഃശാസ്ത്രപ്രകാരവും സ്വീകാര്യമല്ല. വേദപുസ്തകാടിസ്ഥാനത്തിൽ കിഴക്കൻ സഭകൾ വിശ്വസിക്കുന്നത് നമ്മുടെ കർത്താവ് ക്രൂശിൽ കിടന്ന് പ്രാർത്ഥിച്ചത് തന്നെ ഒറ്റിക്കൊടുത്ത യൂദാ ഇസ്ക്കര്യാത്തായ്ക്കു പോലും അനുതാപത്താൽ രക്ഷയുണ്ട് എന്നു കാണിക്കുന്നു. ആരും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിപ്പാനാണ് ദൈവം മനുഷ്യനായി എല്ലാവർക്കും വേണ്ടി എല്ലാവരുടെയും പാപം സ്വയം വഹിച്ചു മരണമാകുന്ന ശിക്ഷ സ്വയം ധരിച്ചത്. അത് എല്ലാവരെയും രക്ഷിക്കാനാണ്. "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" (2 പത്രോസ് 3:9) ഇന്ത്യൻ ഫിലോസഫിയോടു ചേർന്നുള്ള ഈ സിദ്ധാന്തം നിത്യനരകത്തേക്കാൾ സ്വീകാര്യമായി വേദപുസ്തക പഠിതാക്കൾ വിശ്വസിക്കും എന്ന് പ്രത്യാശിക്കുന്നു.


GM

സ്വർഗ്ഗീയ ഒസ്താത്തിയോസ് തിരുമേനി ഏതാനും വർഷങ്ങൾക്കു മുമ്പ് എഴുതിയ ലേഖനമാണിത്. ജോർജിയൻ മിററിനോടൊപ്പം സഭയിലെ മറ്റുചില മാഗസിനുകൾക്കുകൂടി ഇതു പ്രസിദ്ധീകരണത്തിനു നൽകിയിരുന്നു. മറ്റു പ്രസിദ്ധീകരണങ്ങളിൽ വന്നതുകാരണം തിരുമേനിയുടെ ഈ ലേഖനം ജോർജിയൻ മിറർ പ്രസിദ്ധീകരിക്കാതെ ഫയലിൽ സൂക്ഷിക്കുകയായിരുന്നു. ജോർജിയൻ മിററിന് മാത്രമായി നൽകിയ മറ്റൊരു ലേഖനംകൂടി വൈകാതെ പ്രസിദ്ധീകരിക്കുന്നതാണ്.

എഡിറ്റർ

പൗരസ്ത്യ ആരാധന സ്വർഗ്ഗീയ സംഗീതധാര

■ ഫാ. ഡോ.കെ.എം. ജോർജ്



ആരാധനയിൽ ഗദ്യമില്ല

ചോദ്യം: "സ്തുതിയും സ്തോത്രവും പ്രാഭവവും പുകഴ്ചയും അനശ്വരമായ നല്ല മഹത്വവും നിത്യവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ, എന്നു പ്രാർത്ഥിക്കുമ്പോൾ, ഈ വാക്കുകൾ തമ്മിലുള്ള വ്യത്യാസമെന്താണ്? അർത്ഥവ്യത്യാസമില്ലെങ്കിൽ എന്തിനാണ് ഇത്രയധികം വാക്കുകൾ ഉപയോഗിക്കുന്നത്?

ഉത്തരം: നമ്മുടെ ആരാധനയുടെ 'ആത്മാവ്' എന്താണെന്നു മനസ്സിലാക്കുമ്പോഴാണ്, അതിൽ ഉപയോഗിക്കുന്ന വാക്കുകളുടെ അർത്ഥം നാമറിയുന്നത്.

ഏതാനും കാര്യങ്ങൾ പൊതുവായി ഇവിടെ സൂചിപ്പിക്കട്ടെ:

1. പൗരസ്ത്യ ആരാധനയിലെ പ്രാർത്ഥനകൾ കവിതാമയമാണ്. വാസ്തവത്തിൽ ആരാധനയിൽ ഗദ്യമില്ല. ഗാനങ്ങളോ സങ്കീർത്തനങ്ങളോ കീർത്തനശൈലിയിൽ ഉരുവിടാവുന്ന ഗദ്യഭാഗങ്ങളോ ആണ് മിക്ക പ്രാർത്ഥനകളിലും. പ്രുമിയോൻ-സെദ്റാ പോലുള്ളവ ഗദ്യമാണ് എന്നു പറയാമെങ്കിലും അത് ചൊല്ലുന്ന വൈദികൻ ഈണത്തിൽ ഏതാണ്ട് കീർത്തനശൈലിയിൽ തന്നെ വായിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അതുകൊണ്ട് വിശുദ്ധ കുർബാനയിൽ പദ്യവും ഗദ്യവും തമ്മിൽ നേരിയ വേർതിരിവ് മാത്രമേയുള്ളൂ. ഇവിടെ എല്ലാം തന്നെ ചാന്റ് (chant) ചെയ്യുന്നതുകൊണ്ട് എല്ലാ ഗദ്യവും ഗീതത്തോടു വളരെ അടുത്തു നിൽക്കുന്നു.

പാശ്ചാത്യ ആരാധനയിൽ (കത്തോലിക്കാ സഭയിലും നവീകരണ സഭകളിലും) ഗദ്യം പാട്ടിൽനിന്ന് വേറിട്ടു നിൽക്കുന്നു. അവിടെയും പഴയ പാരമ്പര്യത്തിൽ പ്രാർത്ഥനകൾ എല്ലാം തന്നെ "ചൊല്ലുന്ന" രീതി (chanting) ആയിരുന്നു. പക്ഷേ ഇപ്പോൾ മാറിപ്പോയി. ഉദാഹരണമായി വൈദികൻ സമാധാനം ആശംസിക്കുന്ന ഭാഗമെടുക്കാം. വാസ്തവത്തിൽ രണ്ടു വാക്കേയുള്ളൂ. "നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ" എന്ന് എത്ര നീട്ടി സംഗീതാത്മകമായി പറയാമോ അങ്ങനെ പാടിപ്പറയുകയാണ് ഓർത്തഡോക്സ് ആരാധനയിൽ നമ്മുടെ രീതിയും ഇഷ്ടവും. പാശ്ചാത്യർ 'നിങ്ങൾക്ക് സമാധാനം' (Praise to you) എന്നു പെട്ടെന്നു പറഞ്ഞ് അവസാനിപ്പിക്കുന്നു. ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിലും ഇതേ അർത്ഥമുള്ള (Eirene Pasi) (ഇറീനീ പാസീ) രണ്ടു വാക്ക് വളരെ നീട്ടി (ഈ രീതിയിൽ നമ്മെപ്പോലെ പാടിപ്പറയുന്നു. ഇവ പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ പൊതു സ്വഭാവമാണ്. ഗദ്യത്തിൽ എഴുതിയിരിക്കുന്ന സുവിശേഷവും എത്ര ഈണത്തിലാണ് നാം വായിക്കുന്നത്. ചുരുക്കത്തിൽ ആരാധനയിൽ ഗദ്യമില്ല. പ്രാർത്ഥനയും കുർബ്ബാനയും പാട്ടുപോലെ ചൊല്ലുകയാണ് പറയുകയല്ല.

2. പ്രാർത്ഥന സംഗീതമായതുക്കൊണ്ട്, അതിന് തുടർച്ച അഥവാ നൈരന്തര്യം ആവശ്യമാണ്. ഇടമുറിയാത്ത സ്വരപ്രവാഹമാണ് സംഗീതം. സ്വരലയങ്ങളുടെ കണ്ണി മുറിഞ്ഞുപോയാൽ സംഗീതം നിലച്ചു. ഗദ്യത്തിൽ ഓരോ വാക്കിനും വാക്യത്തിനുമിടയിൽ വിരാമമുണ്ട്. അർത്ഥം ദ്യോതിപ്പിക്കാൻ അത് ആവശ്യവുമാണ്. സംഗീതത്തിൽ വിരാമങ്ങളെ താളത്തിന്റെയും ലയത്തിന്റെയും നിശ്ശബ്ദ കണ്ണികളാക്കുന്നു. അപ്പോൾ നൈരന്തര്യം നഷ്ടപ്പെടുന്നില്ല. ഗദ്യത്തിന്റെ നല്ല വായനയിലും ഈ തത്വമാണ് ഉപയോഗിക്കുന്നത്.

ദൈവത്തെ സ്തുതിക്കുന്ന ഒരാൾക്ക് ആയിരം നാവുകളാണ്. ദൈവം സഹസ്രനാമാവായിത്തീരുന്നു

നമ്മുടെ കുർബ്ബാനയ്ക്കിടയിൽ, പാശ്ചാത്യരുടേതിൽ നിന്ന് വ്യത്യസ്തമായി നിശ്ശബ്ദ വിരാമങ്ങളില്ല. തുടക്കം മുതൽ ഒടുക്കം വരെ കണ്ണികൾ തൊട്ടുതൊട്ടുപോകുന്നു. എന്നാൽ സംഗീതത്തിന്റെ ശരിയായ അർത്ഥത്തിൽ ഏറ്റവും സംഗീതാത്മകമായി വി.കുർബ്ബാന നിശ്ശബ്ദ വിരാമമാകാം. പക്ഷേ ഇപ്പോഴത്തെ രീതിയിൽ ജനങ്ങൾക്ക് അതു മനസ്സിലാക്കാൻ പ്രയാസമാണ്. കാരണം, മൈക്കിലൂടെ അരോചകമായ, അമിതമായ ശബ്ദഘോഷമാണ് നാം പലപ്പോഴും കേൾക്കുന്നത്. അതുകൊണ്ട് എവിടെയെങ്കിലും ശബ്ദം മുറിച്ചാൽ വലിയൊരു വൈരുദ്ധ്യം അനുഭവപ്പെടും. നല്ല സംഗീതജ്ഞർ എത്ര സമയമെടുത്താണ് എത്ര മൃദുവായാണ് തന്റെ സ്വരങ്ങളെ നിശ്ശബ്ദതയിൽ ലയിപ്പിക്കുന്നത്! ഇത് അനവദ്യമായ അനുഭൂതിയാണ് പാട്ടുപാടുന്നവർക്കും കേൾക്കുന്നവർക്കും. സംഗീതം നിശ്ശബ്ദതയിൽ അവസാനിക്കുന്നില്ല, അത് വേറൊരു തലത്തിൽ, ശബ്ദത്തിന്റെ സഹായം കൂടാതെ തുടരുകയും നമ്മെ അതീന്ദ്രീയമായ മിസ്റ്റിക്കൽ അനുഭൂതിയിലേക്ക് ആനയിക്കുകയും ചെയ്യുന്നു. അതിന്റെ തരംഗമാധുര്യം എത്രനേരം വേണമെങ്കിലും നിലനിർത്താം. "നിത്യവും ഇടവിടാതെയുള്ള പ്രാർത്ഥനയുടെ അർപ്പണമാണിത്." ഈ നിരന്തര സംഗീതത്തെ കഠിനമായി വെട്ടിമുറിച്ചുകൊണ്ടാണ് ചില വായനക്കാർ (വൈദികരും ശുശ്രൂഷകരും) വേദപുസ്തകത്തിലെ അദ്ധ്യായവും വാക്യവും പ്രഖ്യാപിക്കുന്നതും പാട്ടുപുസ്തകത്തിലെ പേജ് നമ്പർ വിളിച്ചുപറയുന്നതും. ഇതു ശ്രുതിഭംഗമാണ്, നല്ല പാരമ്പര്യമല്ല. (ബൈബിൾ ക്ലാസെടുക്കുമ്പോഴാണ് അദ്ധ്യായവും വാക്യവും പറയേണ്ടത്. വി. കുർബ്ബാനയുടെ ഇടയിലല്ല). വി. ലൂക്കോസിന്റെ സുവിശേഷത്തിൽ കർത്താവിന്റെ ജീവിതത്തോടു ബന്ധപ്പെട്ട ഭാഗങ്ങളെല്ലാം പാട്ടുകളാണ്. വചനിപ്പിൽ മാലാഖയും മറിയാമും എലിസബത്തും സഖര്യ പുരോഹിതനും മാലാഖമാരും ഇടയന്മാരും എല്ലാം പാട്ടുപാടുകയാണ്.

പാശ്ചാത്യ ആരാധനയിൽ (കത്തോലിക്കാ സഭയിലും നവീകരണ സഭകളിലും) ഗദ്യം പാട്ടിൽനിന്ന് വേറിട്ടു നിൽക്കുന്നു

3. പ്രാർത്ഥന കവിതയും സംഗീതവുമായതുകൊണ്ട്, ഒരു വാക്കിന് തന്നെ ഒത്തിരിയേറെ പര്യായപദങ്ങൾ ഉപയോഗിക്കുന്നു. സ്തുതിയും സ്തോത്രവും പ്രാഭവവും പുകഴ്ചയുമെല്ലാം ആത്യന്തികമായി അപരിമേയവും അവർണ്ണ്യവുമായ ദിവ്യസത്തയെ പ്രകീർത്തിക്കുന്ന ശബ്ദങ്ങളാണ്. അവയുടെ ആത്മീയവും ആരാധനാപരവുമായ അർത്ഥം ഒന്നുതന്നെയാണ്. ആരാധന അതിന്റെ സർവ്വാതിശായിയായ ആധ്യാത്മികതലത്തിൽ ആനന്ദമൂർച്ഛയിലെത്തുമ്പോൾ പ്രയോഗിക്കപ്പെടുന്ന വാക്കുകൾക്ക് പരിമിതിയില്ല. ദൈവത്തെ സ്തുതിക്കുന്ന ഒരാൾക്ക് ആയിരം നാവുകളാണ്. ദൈവം സഹസ്രനാമാവായിത്തീരുന്നു വിസ്മയനീയമായ യാഥാർത്ഥ്യത്തെ വർണ്ണിക്കാൻ എപ്പോഴും കവികൾ നിരവധി പര്യായപദങ്ങൾ ഉപയോഗിക്കും. മലയാളത്തിൽ വള്ളത്തോളിന്റെ "വാനമേ, ഗഗനമേ, വ്യോമമേ, സുരസിസ്ഥാനമേ, വിഹായസ്സേ, നഭസ്സേ, നമസ്കാരം. കവിതയാണ് പെട്ടെന്ന് മനസ്സിൽ വരുന്നത്. എല്ലാം ആകാശത്തെക്കുറിച്ചാണ്. പക്ഷേ എത്രയെത്ര പര്യായപദങ്ങൾ! ദൈവസ്തുതി വിശുദ്ധമായ കവിതയാണ്.

GM

സഭയുടെ തലവൻ ക്രിസ്തു മാത്രം
പത്രോസ് ശ്ലീഹ ഒരു കൂട്ടുമൂപ്പൻ

ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്



ശിഷ്യന്മാർ തുല്യർ

ഏശാവിനോട് ദൈവം അനീതി ചെയ്തോ?

ചോദ്യം: കൗശലബുദ്ധിക്കാരനായ യാക്കോബിനെ ദൈവം സ്നേഹിക്കുകയും, നിഷ്കപടമനസ്സുള്ള ഏശാവിനെ ദൈവം ദ്വേഷിക്കുകയും ചെയ്തതെന്തുകൊണ്ട്? (മലാഖി 1:3, റോമർ 9:13). ദൈവം സ്നേഹമാണെങ്കിൽ എന്തുകൊണ്ട് ഒരു സഹോദരനോട് ഇങ്ങനെ ചെയ്തു? ഏശാവിൻെറ പിൻഗാമികളായ ഏദോമ്യരും യാക്കോബിന്റെ പിൻഗാമികളായ യിസ്രയേല്യരും തമ്മിൽ നിത്യശത്രുതക്ക് ഇത് കാരണമായില്ലേ?

ബിജു മാത്യു കെ.സി., പത്തനംതിട്ട

ഉത്തരം: യാക്കോബ് കൗശലബുദ്ധിക്കാരനായിരുന്നുവെന്നത് അംഗീകരിക്കുന്നു. എന്നാൽ ഏശാവ് നിഷ്കപടമാനസ്സനെന്ന പ്രസ്താവന ശരിയായിട്ടുള്ളതല്ല. അപ്പനായ യിസഹാക്ക് യാക്കോബിനെ അനുഗ്രഹിക്കുകയാൽ, ഏശാവ് യാക്കോബിനെ കൊല്ലുവാൻ തീരുമാനിക്കുകയാണ് ചെയ്തത്. (ഉല്പ. 27:41) ഇതുവഴി ഏശാവ് കൊലപാതകിക്കു തുല്യനെന്ന് വരുന്നില്ലേ?

യാക്കോബിന്റെ കൗശലങ്ങൾ താൻ വിലക്ക് വാങ്ങിയ ജ്യേഷ്ഠാവകാശത്തിന്മേൽ ആണ് പ്രയോഗിച്ചത്. ഏശാവ് ജ്യേഷ്ഠാവകാശം വിൽക്കുകവഴി യാക്കോബിന് നൽകിയ അനുഗ്രഹം സ്ഥിരമായിരിക്കുന്നുവെന്നതാണ് വചനസത്യമായി കാണുന്നത് (ഉല്പ. 27:1-37)

യാക്കോബും ഏശാവും തമ്മിലുണ്ടായ പ്രശ്നങ്ങളിൽ ദൈവത്തെ കുറ്റപ്പെടുത്തുവാൻ തുനിയരുത്. മൺപാത്രം തന്നെ മെനഞ്ഞവനോട് നീയെന്നെ ഇങ്ങനെ മെനഞ്ഞതെന്തുകൊണ്ട് എന്ന് ചോദിക്കാമോ? ഒരു മനുഷ്യനും താൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് പറയരുത്. (യാക്കോ. 1: 12-17)

യിസ്രയേലും ഏദോമ്യരും തമ്മിലുള്ള പ്രശ്നം യാക്കോബിന്റെ കൗശലപ്രയോഗത്തിന്റെ ഫലമായിട്ടുള്ളതല്ല. അവർ തമ്മിൽ സമാധാന ഉടമ്പടി ചെയ്തു പിരിഞ്ഞവർ ആണ്. പിതാവിനെ അടക്കം ചെയ്തതും രണ്ടുപേരും യോജിച്ചുതന്നെയായിരുന്നു. (ഉല്പ. 33:4-16, 35:29)

ഏദോമ്യർക്ക് ഭവിച്ച ദോഷങ്ങൾ ഏശാവ് ജ്യേഷ്ഠാവകാശം അനുജന് വിറ്റതിനാലും, അപ്പനായ ഇസഹാക്കിന്റെ അനുഗ്രഹവചനങ്ങളാലും സംഭവിച്ചിട്ടുള്ളതാകുന്നു. (ഉല്പ. 27: 35-40) ജ്യേഷ്ഠാവകാശം വിൽക്കുകവഴി, ഏശാവിന് കുടുംബതലവൻ (പ്രഭു) എന്ന സ്ഥാനവും, കുടുംബസ്വത്തിൽ ഇരട്ടിപങ്കും നഷ്ടമായിപ്പോയി (ഉല്പ. 27: 29, 40). എന്നിട്ടും ഏദോമ്യരെ ദൈവം സംരക്ഷിക്കുന്നതായിട്ടുതന്നെയാണ് നാം കാണുന്നത് (ആവ. 2: 1-8). പക്ഷെ പിതാവിന്റെ അനുഗ്രഹം ജ്യേഷ്ഠൻ അനുജന് ദാസനായിരിക്കണമെന്നാകയാൽ ഇതിന് മാറ്റംവരുവാൻ സാധ്യമല്ല. ഓർക്കുക പിതാവിന്റെ അനുഗ്രഹം തലമുറയിൽനിന്ന് ദൈവം എടുത്തുകളയുന്നില്ല.

സഭയെ നടത്തുന്നത് പരിശുദ്ധാത്മാവ്

ചോദ്യം: ഭൂരിപക്ഷം നോക്കി ആത്മീയകാര്യങ്ങൾ / പള്ളികാര്യങ്ങൾ തീരുമാനിക്കുന്ന രീതിക്ക് എന്തെങ്കിലും വേദപുസ്തകാടിസ്ഥാനമുണ്ടോ?

മനോജ് മാമ്മൻ, ചെന്നൈ

ഉത്തരം: ഈ ചോദ്യത്തിലെ "വേദപുസ്തക അടിസ്ഥാനമുണ്ടോ?" എന്ന ഭാഗം ആദ്യം ചിന്തിക്കാം. വേദപുസ്തകത്തെ അടിസ്ഥാനമാക്കിയാണ് സഭയുണ്ടായത് എന്ന് ചോദ്യകർത്താവ് ചിന്തിക്കുന്നതായി തോന്നുന്നു. ഈ ചിന്ത ശരിയല്ല. വേദപുസ്തകം സഭയിൽ നിന്നും, സഭയാലും, സഭയ്ക്കുവേണ്ടിയും രൂപപ്പെടുത്തിയതാകുന്നു. സഭ വേദപുസ്തകത്തിൽ നിന്നുണ്ടായതല്ല.



ആത്മീയകാര്യങ്ങളിൽ സഭയുടെ തീരുമാനം ഭൂരിപക്ഷപ്രകാരം ആകുന്നത് വചനാനുസരണമല്ല. (പുറ. 23:1-3). സഭയെ നടത്തുന്നത് വേദപുസ്തകമല്ല, പരിശുദ്ധാത്മാവാകുന്നു. (വി. യോഹ. 16:18-13). എങ്കിലും പരിശുദ്ധാത്മ നടത്തിപ്പിനാൽ സഭയുണ്ടാക്കിയിട്ടുള്ള കാനോനുകളും, ഭരണഘടനകളും അനുസരിച്ചുനടക്കുന്നതും വചനാനുസരണം ആവശ്യം തന്നെ. (വി. മത്താ. 18:17)

പത്രോസ് ശ്ലീഹായുടെ സ്ഥാനം ജ്യേഷ്ഠ സഹോദരന്റേത്

ചോദ്യം: വി: പത്രോസിനെ എല്ലാ ശിഷ്യന്മാർക്കും തലവനാക്കിവെക്കുകയല്ലേ കർത്താവ് ചെയ്തത് കുടുംബത്തിലെപ്പോലെ സഭയിലും ഒരു തലവനില്ലാതെ പറ്റില്ലല്ലോ?

അഗസ്റ്റിൻ ജോസഫ്, തൃശ്ശൂർ

ഉത്തരം: പത്രോസിനെ മറ്റു ശിഷ്യന്മാരുടെ തലവനാക്കിവച്ചുയെന്നും സഭയുടെ ഏകതലവൻ വി. പത്രോസ് ആണെന്നും കത്തോലിക്കാസഭ വിശ്വസിക്കുന്നതുപോലെ ഓർത്തഡോക്സ് സഭ വിശ്വസിക്കുന്നില്ല. വേദപുസ്തകപ്രകാരമാണെങ്കിൽ ശിഷ്യന്മാരെല്ലാവരും തുല്യരാണെന്നും, തുല്യരിൽ മുമ്പൻ (പ്രധാനി) വി. പത്രോസ് ആണെന്നുമാണ് വിശ്വസിക്കുന്നത്.

സഭയ്ക്ക് ഒരു തലവൻ ആവശ്യമാണെന്ന സമ്മതിക്കുന്നു. സഭയ്ക്ക് ഒരു തലവൻ മാത്രമേയുള്ളു. അത് യേശുക്രിസ്തുവാകുന്നു. എഫേ: 5:22, 23; കൊലൊ. 1:18

വി. യോഹന്നാൻ 21:15-18 വരെയുള്ള ഭാഗങ്ങളെ അടിസ്ഥാനമാക്കി കർത്താവ് സഭയെ ഭരിക്കുവാൻ പത്രോസിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത് എന്ന് പഠിപ്പിക്കുന്നത് സത്യവിരുദ്ധമാണ്. കർത്താവിനെ മൂന്നുവട്ടം തള്ളിപ്പറയുകയാൽ പത്രോസിന് ശിഷ്യത്വം നഷ്ടമായിപ്പോയി. ശിഷ്യന്മാരുടെ ഗണത്തിൽ പത്രോസില്ലായിരുന്നു. (മർക്കോസ് 16:7). എന്നാൽ തന്റെ തെറ്റിനെ ഓർത്ത് അനുതപിച്ച പത്രോസിനെ ശിഷ്യത്വത്തിലേക്ക് തിരികെ കൊണ്ടുവരുന്ന സംഭവമാണ് മുകളിൽ പറഞ്ഞ വേദഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നത്. മൂന്നുവട്ടം തള്ളിപ്പറഞ്ഞതിനാൽ മൂന്നുവട്ടം ഏറ്റുപറയിക്കുന്നു. തള്ളിപ്പറഞ്ഞത് പത്രോസ് മാത്രമാകയാൽ ഏറ്റുപറച്ചിലും പത്രോസിനു മാത്രമേ ആവശ്യമായിരുന്നുള്ളു. ശിഷ്യന്മാരിൽ വലിയവൻ ഇല്ല. (ലൂക്കോസ് 22:24). കർത്താവ് ഭരണം (സിംഹാസനം) പന്ത്രണ്ടുപേർക്കും നൽകിയിട്ടുണ്ട്. (മത്തായി 19:28; ലൂക്കോ. 22:30) കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം എല്ലാ ശിഷ്യന്മാർക്കും നൽകിയിട്ടുണ്ട്. (മത്താ. 16:13-19, 18:18; യോഹ. 20:23) കേഫാ കുറവില്ലാത്തവനോ, തെറ്റില്ലാത്തവനോ ആയിരുന്നില്ല. (ഗലാ. 2:11-14)

മാത്രവുമല്ല, പത്രോസ് സ്വയം വിളിക്കുന്നതാകട്ടെ കൂട്ടുമൂപ്പൻ (a fellow elder) എന്നുമാകുന്നു. (1 പത്രോ. 5:1). ഈ ഭാഗങ്ങൾ പഠിച്ചാൽ പത്രോസ് തലവനല്ലെന്നും, കുടുംബത്തിലെ മൂത്ത സഹോദരന്റെ സ്ഥാനമാണ് തനിക്കുള്ളതെന്നും ഗ്രഹിക്കാവുന്നതാണല്ലോ? തലയെ മറക്കല്ലേ! അതു ക്രിസ്തു മാത്രമാണ്.

നസ്രാണിയുടെ യഹൂദ പാരമ്പര്യം – ഒരു പിൻകുറിപ്പ്

■ ഡോ. എം കുര്യൻ തോമസ്



മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും

കഴിഞ്ഞ ഏതാനും വർഷങ്ങളായി കൊടുങ്ങല്ലൂരിനടുത്ത് നടന്നുവരുന്ന *പട്ടണം* പര്യവേഷണം അസന്നിഗ്ദമായി തെളിയിക്കുന്ന ചില വസ്തുതകളുണ്ട്. എ. ഡി. ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാ ശ്ളീഹായ്ക്ക് കേരളത്തിൽ എത്തിച്ചേരുവാനുള്ള ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും ഉണ്ടായിരുന്നു എന്നു പ്രഖ്യാപിക്കുന്നവയാണ് അവ. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. വടക്കൻ പറവൂരിനടുത്ത് *പട്ടണം* എന്ന് ഇന്നറിയപ്പെടുന്ന സ്ഥലം ബി. സി. 500 മുതലെങ്കിലും ഒരു മികച്ച അന്തർദേശീയ തുറമുഖമായിരുന്നു.
2. മദ്ധ്യപൗരസ്ത്യദേശം മുതൽ പൂർവപൗരസ്ത്യദേശം വരെ നീണ്ടുകിടന്ന ഒരു വ്യാപാര ശ്രംഘലയിലെ സുപ്രധാനകണ്ണിയായിരുന്നു പട്ടണം.
3. സ്വാഭാവികമായും ഇത്തരം അന്തർദേശീയ വ്യാപാരത്തിന് അനുരൂപമാകുംവണ്ണം വികസിച്ച ഒരു നാഗരികത പട്ടണത്തിൽ ഉണ്ടായിരുന്നു.
4. ചെങ്കടൽ തീരത്തെ പഴയ തുറമുഖമായ *ബർണിക്ക*യിൽ നടത്തിയ ഉത്ഖനനം, ഇതേ കാലഘട്ടത്തിൽ കേരളവുമായി ആ തുറമുഖത്തിനു വ്യാപാര ബന്ധങ്ങളുണ്ടായിരുന്നു എന്ന് തെളിയിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, തമിഴ് മലയാളം തുടങ്ങിയ ദ്രാവിഡ ഭാഷകളുടെ പ്രാചീനരൂപമായ ബ്രഹ്മി ലിപിയിൽ എഴുതിയ ദ്രാവിഡ നാമങ്ങൾ *ബർണിക്ക*യിൽനിന്ന് ലഭിച്ചിട്ടുണ്ട്.

ഇതൊക്കയും മാർത്തോമ്മാ ശ്ളീഹായ്ക്ക് കേരളത്തിൽ വരുവാനുള്ള ഭൗതീക സാഹചര്യങ്ങൾ അന്നില്ലായിരുന്നുയെന്നും, ആ വചനം ഉൾക്കൊള്ളാനുള്ള സാംസ്കാരിക ഉന്നമനം കേരളത്തിലെ ജനങ്ങൾക്ക് ഇല്ലായിരുന്നുയെന്നും വാദിച്ച് അദ്ദേഹത്തിന്റെ കേരളപ്രവേശനം നിഷേധിക്കുന്നവരുടെ വായടപ്പിക്കുന്നവയാണ്.

മാർത്തോമ്മാ ശ്ളീഹാ കേരളത്തിലെത്തി *ഏഴര പള്ളി*കൾ സ്ഥാപിച്ചു എന്ന വാദമാണ് അടുത്തതായി ചോദ്യം ചെയ്യപ്പെടുന്നത് ഏഴും ഏഴരയുമൊക്കെ പ്രചാരത്തിലായത് കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിലാണ്. അവതന്നെ സൗകര്യാർത്ഥം മാറിയും മറിച്ചും പറയുന്നുണ്ടുതാനും. പതിനെട്ടാം നൂറ്റാണ്ടിൽ വ്യത്യസ്ഥങ്ങളായ മൂന്നിലധികം പട്ടികകൾ നിലവിലുണ്ടായിരുന്നു. അവയിലെല്ലാം പൊതുവായുള്ളത് ഒന്നാം നൂറ്റാണ്ടിലെ ഏതാനും തുറമുഖങ്ങളായിരുന്നു. അതിനാൽ മാർത്തോമ്മാ ശ്ളീഹാ ഏതാനും പള്ളികൾ കേരളത്തിലെ തുറമുഖങ്ങളിൽ സ്ഥാപിച്ചു എന്നു മനസിലാക്കിയാൽ മതി.

അടുത്ത പ്രശ്നം *പള്ളി സ്ഥാപിച്ചു* എന്ന പരാമർശനമാണ്. ഒന്നാം നൂറ്റാണ്ടിൽ ലോകത്തൊരിടത്തും ക്രൈസ്തവ ദേവാലയങ്ങൾ ഉണ്ടായിരുന്നില്ല എന്നതിനാൽ ഈ പരാമർശനം മൂലം മാർത്തോമ്മാ പാരമ്പര്യം അസംബന്ധമാണന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു. യഥാർത്ഥത്തിൽ ഇതൊരു ഭാഷാ പ്രശ്നമാണ്. പത്തൊമ്പതാം നൂറ്റാണ്ടുവരെ *സഭ* എന്ന അർത്ഥത്തിൽ *പള്ളി*യെന്ന വാക്ക് പരക്കെ ഉപയോഗിച്ചിരുന്നു. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിലെ *ശുദ്ധമാനറോമാപ്പള്ളി*..., നിരണം ഗ്രന്ഥവരിയിലെ *ശുദ്ധമാനകാതോലിക്കാപള്ളി റോമാപ്പള്ളിയല്ല*...., പാമ്പാക്കുട നമസ്ക്കാരത്തിലെ *പള്ളിയിതാ മക്കളേ*....തുടങ്ങിയ പരാമർശനങ്ങൾ ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. ചുരുക്കത്തിൽ, പ. പത്രോസ് ശ്ളീഹായും, പ. പൗലൂസ് ശ്ളീഹായും സ്ഥാപിച്ചതുപോലെ *നഗര സഭകൾ* പ. മാർത്തോമ്മാ ശ്ളീഹായും സ്ഥാപിച്ചു എന്ന അർത്ഥത്തിലാണ് *പള്ളി സ്ഥാപിച്ചു* എന്ന സംജ്ഞ നസ്രാണികൾ ഉപയോഗിച്ചിരുന്നതെന്ന് വ്യക്തം.

എ. ഡി. ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാ ശ്ളീഹായ്ക്ക് കേരളത്തിൽ എത്തിച്ചേരുവാനുള്ള ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും ഉണ്ടായിരുന്നു

അടുത്തപ്രശ്നം ആരോടു സുവിശേഷമറിയിച്ചു എന്നതാണ്. മറ്റ് അപ്പോസ്തോലന്മാരും അവരുടെ ശിഷ്യന്മാരും സുവിശേഷം അറിയിച്ചത് യഹൂദന്മാരോടും ഗ്രീക്കുകാരോടും റോമാക്കാരോടും ആയിരുന്നു. അതിനെപ്പറ്റി...*യഹൂദന്മാർ അടയാളം ചോദിക്കുകയും യവനർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു*.... (1 കൊരി. 1:22) എന്നാണ് പ. പൗലൂസ് ശ്ളീഹാ വിലയിരുത്തുന്നത്. അതായത് *ക്രൂശിക്കപ്പെട്ട യേശുവിനെ പ്രഘോഷിക്കാൻ* ഒരു അടിസ്ഥാനം ആവശ്യമാണന്ന് സാരം. പ. പൗലൂസ് ശ്ളീഹാ അജ്ഞാത ദേവനെപ്പറ്റി അഥീനയിൽ പ്രസംഗിച്ചതും ഇവിടെ പരിഗണനാർഹമാണ്.

ഇവിടെയാണ് അബ്രഹാം ബൻഹറും ഫാ. ഡോ. ജേക്കബ് കുര്യനും മുമ്പോട്ടു വയ്ക്കുന്ന നസ്രാണികളുടെ മൂലം യഹൂദരാണ് എന്ന വാദത്തിനു പ്രസക്തിയേറുന്നത്. വിശ്വാസപരമായി അംഗീകാര യോഗ്യമെങ്കിലും യുക്ത്യാധിഷ്ഠിത ചിന്തകർക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള ഒന്നാണ് ബഹുഭാഷാവരം. കേരള തുറമുഖങ്ങളിലെ യഹൂദ കുടിയേറ്റക്കാരോടാണ് പ. മാർത്തോമ്മാ ശ്ളീഹാ സുവിശേഷം പ്രസംഗിച്ചത് എന്നു ചിന്തിച്ചാൽ ഈ പ്രശ്നം ഒഴിവാകും.

യഹൂദന്മാർക്കുള്ള മറ്റൊരു അനുകൂലഘടകം, വരുവാനുള്ള മിശിഹായെപ്പറ്റിയുള്ള പ്രത്യാശയാണ്. യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിക്കാൻ ഏറ്റവും അനുകൂല പശ്ചാത്തലം. അക്കാലത്തെ കേരളവാസികൾ സംസ്കാര സമ്പന്നരായിരുന്നു എങ്കിലും സുവിശേഷം സ്വീകരിക്കാൻ അവരേക്കാൾ അനുകൂലമായ പശ്ചാത്തലം യഹൂദർക്കായിരുന്നു.

അബ്രഹാം ബൻഹർ *ഭാരതത്തിലെ ജൂത ക്രിസ്ത്യാനികൾ* എന്ന തന്റെ കൃതിയിൽ പറയുന്നപ്രകാരം ഇസ്രായേലിലെ കാണാതെ പോയ ഗോത്രങ്ങൾ ലോകമെങ്ങും പരന്നകൂടെ കേരളത്തിലും കുടിയേറി എന്ന വാദം ചരിത്രദൃഷ്ട്യാ യുക്തിഭദ്രമല്ല. ശവക്കല്ലറകളിലെ ചില സമാനതകളുടെ മാത്രം അടിസ്ഥാനത്തിൽ അത്തരമൊരു നിഗമനത്തിലേയ്ക്ക് എടുത്ത് ചാടാനാവില്ല. അതേസമയം വ്യാപാരാവശ്യത്തിനായി യഹൂദർ കേരളതീരത്ത് എത്തുന്നതിന് അനുകൂലമായ സാഹചര്യവുമുണ്ടായിരുന്നു. ബി. സി. 972–932 ശലോമോനു വേണ്ടി ഹീരാം എന്ന ഫിനീഷ്യൻ നാവികന്റെ തർശീശ് കപ്പലുകൾ ഇന്ത്യൻ തീരത്ത് എത്തിയിരുന്നു. (2 ദിന. 9:21). *എൻസൈക്ളോപീഡിയ ജൂഡായിക്കാ* പ്രകാരം, ബി. സി. 175 – 163 –ൽ അന്ത്യോക്കസ് എപ്പിഫാനസിന്റെ കാലത്തെ പീഡയിൽ, ഒരു വിഭാഗം യഹൂദർ ഇന്ത്യയിൽ കുടിയേറി. ബി. സി. 500 മുതലെങ്കിലും മദ്ധ്യപൗരസ്ത്യദേശവുമായി വ്യാപാര ബന്ധമുണ്ടായിരുന്ന കേരളതീരം ഇത്തരം ഒരു കുടിയേറ്റത്തിന് തികച്ചും അനുയോജ്യമായിരുന്നു.

ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്ത് നസ്രാണികൾ തങ്ങളുടെ സ്വത്വം പ്രകടമാക്കിയത് *മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും* എന്ന സംജ്ഞ ഉപയോഗിച്ചാണ്. പഴയ മലയാളഭാഷയിൽ *വഴിപാട്* എന്ന വാക്കിന് വംശം, വർഗ്ഗം എന്നൊക്കെയാണ് അർത്ഥം. യഹൂദനായ പ. മാർത്തോമ്മാ ശ്ളീഹായുടെ വംശം എന്ന് നസ്രാണികൾ അഭിമാനിച്ചത് തങ്ങളിൽ സുപ്തമായിരുന്ന ഈ യഹൂദ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് എന്നു ചിന്തിക്കുന്നത് യുക്തിഭദ്രമാണ്. ഒരുപക്ഷേ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ ചൂണ്ടിക്കാണിക്കുന്ന നസ്രാണി നാമങ്ങളിലെ പഴയനിയമ അതിപ്രസരം ഈ യഹൂദ പാരമ്പര്യത്തിന്റെ അനന്തരഫലമാകാം.

1861–ൽ രേഖപ്പെടുത്തിയ നസ്രാണി വായ്മൊഴി പാരമ്പര്യം, ആദിമ നസ്രാണികളുടെ യഹൂദ പശ്ചാത്തലം സൂചിപ്പിക്കുന്നുണ്ട്. വ്യാപാരത്തിനായി കുടിയേറിയ യഹൂദരും നാട്ടുകാരുമാണ് പ. മാർത്തോമ്മാ ശ്ളീഹായാൽ നസ്രാണികളായതെന്നാണ് ആ പരമ്പര്യം.

പാന്തേനൂസിന് കേരളത്തിൽനിന്നു ലഭിച്ച അരമായ ഭാഷയിലുള്ള വി. മത്തായിയുടെ സുവിശേഷവും യഹൂദ പാരമ്പര്യത്തിലേയ്ക്കു വിരൽചൂണ്ടുന്നു.

പ. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ആദിമ സഭകളെ *തോമാപർവം റമ്പാൻപാട്ടി*ലൊക്കെ വർണ്ണിക്കുന്നതുപോലെ ആയിരക്കണക്കിന് അംഗങ്ങളുള്ളവയായി കണക്കാക്കരുത്. അവ അതിന്യൂനപക്ഷമായ കൂട്ടായ്മകളായിരുന്നു. അതിനാലാണ് ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോഴേയ്ക്കും അത് ഏതാണ്ട് ഇല്ലാതാകുന്ന അവസ്ഥ ഉണ്ടായത് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല.

ഇതുകൊണ്ടൊന്നും തങ്ങളുടെ സിരകളിൽ യഹൂദരക്തം തിളയ്ക്കുന്നതായി ഒരു നസ്രാണിയും വീര്യം കൊള്ളേണ്ടതില്ല. *മഹാസമുദ്രത്തിൽ ഒരു തുള്ളി ചെളിക്കു സമാനമായിരിക്കും* ഇന്ന് നസ്രാണിയിലെ യഹൂദരക്തം. ബഹുഭാര്യത്വം യഹൂദർക്ക് അനുവദനീയമായിരുന്നു. അതുപോലെതന്നെ അന്യജാതി വിവാഹവും. വ്യാപാരത്തിനെത്തിയ യഹൂദർ തദ്ദേശീയരായ സ്ത്രീകളെ യഹൂദമതത്തിൽ ചേർത്ത് ഭാര്യമാരായി സ്വീകരിക്കാനും, അങ്ങിനെ ഒരു തദ്ദേശീയ യഹൂദ സമൂഹം രൂപമെടുക്കാനുമുള്ള സംഭാവ്യത വളരെയധികമാണ്.

പൂർണ്ണമായോ ഭാഗികമായോ യഹൂദരക്തം സിരകളിൽ ഒഴുകുന്ന നസ്രാണികളുടെ വർഗ്ഗ സങ്കലനം അവിടെ അവസാനിച്ചില്ല. നാലുമുതൽ പത്തുവരെയുള്ള നൂറ്റാണ്ടുകളിലെ വിവിധ പേർഷ്യൻ കുടിയേറ്റങ്ങളാണ് അടുത്ത വർണ്ണസങ്കരം സമ്മാനിക്കുന്നത്. നാലാം നൂറ്റാണ്ടിലെ ക്നായിത്തൊമ്മൻ കുടിയേറ്റത്തെപ്പറ്റി.... *ഊർശ്ലേമിൽ നിന്നുവന്ന നസ്രാണികളും മലയാളത്തിൽ ഉണ്ടായിരുന്ന നസ്രാണികളും തങ്ങളിൽ ബന്ധുക്കളായി. അവ്വണ്ണമെ കുലഹീനം വരായ്‌വാൻ, വന്നതിൻ അടിമപ്പെട്ടവരെയും നിന്നതിൽ പര്യപ്പെട്ടവരെയും തങ്ങളിൽ ബന്ധുക്കളാക്കി ചമച്ച* ... എന്ന നസ്രാണി ഇതിഹാസം (കരവട്ടുവീട്ടിൽ മാർ ശെമവോൻ ദീവന്നാസ്യോസിന്റെ നാളാഗമം) ഈ വസ്തുതയേപ്പറ്റി പിൽക്കാല നസ്രാണികൾക്കുണ്ടായിരുന്ന അവബോധത്തിന്റെ സാക്ഷ്യമാണ്.

ഇന്ത്യയിലെ അർമ്മീനിയാക്കാരുടെ ചരിത്രമെഴുതിയ ജേക്കബ് മെസറബ് സേത്ത് കേരളത്തിലേയ്ക്ക് ഒരു അർമ്മീനിയൻ കുടിയേറ്റം നടന്നതായി സൂചിപ്പിക്കുന്നുണ്ട്. പക്ഷേ ഇന്ത്യയിലെ മറ്റു പുരാതനനഗരങ്ങളിൽ ഉള്ളതുപോലെ കേരളത്തിലൊരിടത്തും അർമീനിയൻ പള്ളികളോ മറ്റ് അവശിഷ്ടങ്ങളോ ശേഷിച്ചിട്ടില്ല. യഹൂദരേപ്പോലെ ഒരു അന്തർദേശീയ വർത്തക സമൂഹമായ അർമീനിയാക്കാർ അതിവിപുല വ്യാപാര സാദ്ധ്യതയുള്ള കേരളം ഉപേക്ഷിക്കുമെന്നു കരുതാനുംവയ്യ. എന്നാൽ കേരളത്തിലെ അർമീനിയൻ സമൂഹം കാലക്രമത്തിൽ നസ്രാണികളിൽ ലയിച്ചുപോയി എന്നു കരുതുന്നതിൽ അസാംഗത്യമില്ല. അർമീനിയൻ അവശിഷ്ടങ്ങൾ ശേഷിക്കാതെ പോയത് അതിനാലാവാം.

പതിനഞ്ച്-പതിനാറ് നൂറ്റാണ്ടുകളിൽ നസ്രാണികൾ നായർ സ്ത്രീകളെ ഭാര്യമാരാക്കിയിരുന്നു എന്ന് രേഖകളുണ്ട്. *മതം* എന്ന സങ്കല്പം ഇല്ലാതിരുന്ന - ജാതി അധിഷ്ഠിതമായ - അന്നത്തെ കേരള സമൂഹത്തിൽ അത്തരം അനുലോമ വിവാഹങ്ങളിൽ അസ്വഭാവികത ഒന്നും ദർശിക്കാനില്ല. കേരളത്തിൽ ചാതുർവർണ്യ വ്യവസ്ഥ ഉറയ്ക്കുന്നതിനുമുമ്പ് നസ്രാണിയുടെ വിവാഹ ശൃംഖല ഇതിലും വിപുലമായിരുന്നിരിക്കും.

ചുരുക്കത്തിൽ *മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും* (മാർത്തോമ്മായുടെ വിശ്വാസവും വംശവും) എന്ന നസ്രാണി സ്വത്വത്തിന് നരവംശപരമായി ഏകവംശ അടിത്തറയില്ല. അതിന്റെ *ആഢ്യത്വം* (അങ്ങനെയൊന്നുണ്ടെങ്കിൽ) അവകാശപ്പെടാനുമാവില്ല. അതിനെ ബന്ധിപ്പിച്ചു നിർത്തുന്നത് *നസ്രാണിത്വം* എന്ന നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടുവന്ന സംസ്ക്കാരമാണ്.

ഇന്നു നസ്രാണിരക്തം കൂടുതൽ സങ്കലനത്തിനു വിധേയമാവുകയാണ്. ലോകമെങ്ങുമുള്ള നരവംശങ്ങൾ നസ്രാണിവിവാഹ ശൃംഖലയിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഈ സമൂഹത്തെ ബന്ധിപ്പിക്കുന്ന ഏകകണ്ണി മാർത്തോമ്മായുടെ വിശ്വാസത്തിൽ അധിഷ്ഠിതമായ നസ്രാണിത്വം എന്ന സംസ്കാരം മാത്രമാണ്.

GM

മതവും ദേശീയതയും

■ കെ.എൽ. മോഹനവർമ്മ



ദേശീയ കാഴ്ചപ്പാട്

മാനവസമൂഹത്തിന്റെ നാം അറിയുന്ന ചരിത്രം വിജയികൾക്കു വേണ്ടി വിജയികളാൽ രചിക്കപ്പെട്ടവയാണ്. അവയുടെ ആധികാരികതയെ വിഷമിപ്പിക്കുന്ന ചോദ്യങ്ങളിലൂടെ വർത്തമാനതലമുറകൾ തള്ളിക്കളയാതിരിക്കാനായി അദൃശ്യനായ ദൈവത്തിന്റെ പ്രകടമായ സാന്നിദ്ധ്യം ഓരോ ചരിത്രസംഭവങ്ങളിലും ഉണ്ടായിരുന്നതായി വിജയികൾ വിശ്വസിപ്പിച്ചിരുന്നു. ഭയം, വിശ്വാസം, അനുസരണ, ഒപ്പം അതിന് ബലം നൽകാനായി ആചാരങ്ങളും. ശാസ്ത്രം പുതിയ പുതിയ കണ്ടുപിടിത്തങ്ങളിലൂടെ ദൈവസങ്കല്പത്തെ പിടിച്ചുലയ്ക്കാൻ തുടങ്ങുന്നുണ്ടെങ്കിലും നമുക്കിഷ്ടം ചന്ദ്രനിലേക്കു പോകുന്ന പേടകം ബഹിരാകാശത്തേക്കയയ്ക്കുന്നതിനു മുമ്പ് വിളക്കുകൊളുത്തി ഗണപതിക്കു തേങ്ങയടിച്ച് അനുഗ്രഹം വാങ്ങുന്നതിലാണ്. പ്രേമാഭ്യർത്ഥനയുമായി കാമുകിയെ നേരിടാൻ തയ്യാറാകുന്നതിനു മുമ്പ് കണ്ണടച്ച് ഒരു നിമിഷം കുരിശുവരച്ച് പ്രാർത്ഥിക്കുന്നതിലാണ്.

തുടക്കം മുതൽ നമുക്ക് ഇതുതന്നെയായിരുന്നു സ്ഥിതി. മിന്നലും വെള്ളിടിയും ഇരുട്ടും ഉയർത്തിയ ഭയം കാരണമാണ് ആദിമമനുഷ്യൻ ദൈവത്തെ സൃഷ്ടിച്ചത്. ദൈവത്തിന് പക്ഷേ ഓരോ സംസ്കൃതിയിലും അവരവരുടെ ഭൂമിശാസ്ത്രപരമായ വൈവിദ്ധ്യവും പ്രത്യേകതകളും അനുസരിച്ചുള്ള ഭിന്നരൂപങ്ങളായിരുന്നു. കാലക്രമത്തിൽ സ്ഥാപനവൽക്കരിക്കപ്പെട്ട മതം സംസ്കൃതിയുടെ ചട്ടക്കൂട് ഏറ്റെടുത്തപ്പോൾ ദൈവത്തിന് തങ്ങളുടേതായ രൂപവും പെരുമാറ്റച്ചട്ടവും നൽകി. അത് അന്നുവരെ നിലനിന്നിരുന്ന വിഭിന്ന സംസ്കാരങ്ങളെ പാർശ്വവൽക്കരിച്ചു. പലയിടത്തും ഭൂമുഖത്തുനിന്നും സംസ്കൃതികളുടെ സ്വത്വത്തെ നിർമ്മാർജ്ജനം ചെയ്തു.

ലോകത്തിൽ ക്രിസ്തുവിനു മുമ്പ് നിലനിന്നിരുന്നതായി കണക്കാക്കപ്പെടുന്ന നാൽപത്തിയൊമ്പത് സംസ്കൃതികളാണ് ഇന്നുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്. മെസപ്പെട്ടോമിയൻ, മോഹൻജദാരോ, സിന്ധു, റോമൻ, ഗ്രീക്ക്, ചൈനീസ്, ലെവാന്ത്, ഏജിയൻ, ഈജിപ്ത്, കുശ്, ആക്സം, നോർട്ടെ, ചിക്കോ, ഒൽമെക്ക്, സ്പോട്ടെക്ക്, മായൻ തുടങ്ങിയവയാണ് ഇവ. ഇവയിൽ മിക്കവാറും എല്ലാം തന്നെ മതങ്ങളുടെ ശക്തമായ ആവിർഭാവത്തോടെ സ്വത്വം നഷ്ടപ്പെട്ട് സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും അപ്രത്യക്ഷമായി. പഴയകാലത്തെ പാശ്ചാത്യ സംസ്കാരങ്ങളിൽ ഏറ്റവും ഉന്നതിയിൽ കണ്ടിരുന്ന ഗ്രീക്ക് റോമൻ സംസ്കൃതികൾ ഏതൻസിലെ കൂറ്റൻ കളിക്കളങ്ങളുടെ അവശിഷ്ടങ്ങളിലും റോമാ നഗരത്തിലെ മ്യൂസിയങ്ങളിലുമായി വിനോദസഞ്ചാരികളുടെ പ്രദർശനവസ്തുക്കളായി മാറിയിരിക്കുന്നത് ഇതിന്റെ നല്ല ഉദാഹരണമാണ്.

ഇന്ത്യ മാത്രമാണ് ഇതിന് അപവാദം. അതിന്റെ പ്രധാനകാരണം ഇന്ത്യയിൽ മതം എന്നു വിശേഷിപ്പിക്കാവുന്ന ഒരു വ്യവസ്ഥാപിത ശക്തി അക്കാലത്ത് ഉണ്ടായിരുന്നില്ല എന്നതാണ്. എന്തിന്, ഭൂമിശാസ്ത്രപരമായി ഒരു ഇന്ത്യ എന്ന കൃത്യമായി അതിർത്തി അംഗീകൃതമായ ഒരു രാഷ്ട്രം സമുദ്രഗുപ്ത ചക്രവർത്തിയുടെ കാലത്തുപോലും ഉണ്ടായിരുന്നില്ല.

കേന്ദ്രീകൃതമായ ഒരു ഇന്ത്യൻ ഭരണകൂടത്തിന്റെ കീഴിലും ബ്രിട്ടീഷ് കൊളോണിയൽ ഭരണകാലം വരെ കഴിയേണ്ടിവന്നിട്ടില്ലാത്ത നമ്മുടെ കേരളത്തിന്റെ ചരിത്രത്തിലൂടെ ഇതിനെ ഒന്ന് പരിശോധിക്കാം.

ക്രിസ്തുവിന്റെ ജനനത്തിന് അഞ്ഞൂറ്റിഎൺപത്തേഴ് കൊല്ലം മുമ്പ് നബുക്കദ്നസർ എന്ന രാജാവ് ബാബിലോണിയക്കാരുടെ തടങ്കലിൽനിന്ന് ഇസ്രയേലിലെ ജൂതരെ മോചിപ്പിച്ചപ്പോൾ അവരിൽ ഒരു വലിയ കൂട്ടം മലങ്കര എന്നു വിളിച്ചിരുന്ന മലബാർ തീരത്തെത്തി. ആദ്യത്തെ ജൂതസെറ്റിൽമെന്റ് കൊടുങ്ങല്ലൂരിനടുത്ത് രൂപപ്പെട്ടു. മലബാറിന്റെ ആതിഥേയ മനസ്സ് കേട്ടറിഞ്ഞ് രണ്ടാം സംഘം ബാബിലോണിയയിൽനിന്നും പേർഷ്യയിൽനിന്നും തൊട്ടുപിന്നാലെ എത്തി. ഇരുന്നൂറു കൊല്ലത്തിനു ശേഷം ജറുസലേമിലെ രണ്ടാം ക്ഷേത്രം ടൈറ്റസ് വെസ്പാസിയൻ നശിപ്പിച്ചപ്പോൾ തടവിൽ പിടിക്കപ്പെട്ട് മയാക്രയിൽ കൊണ്ടുപോയവരുടെ പിൻഗാമികളിൽ നിന്നു ജൂതരുടെ വേറൊരു വലിയ സംഘം കൊടുങ്ങല്ലൂരിൽ വന്നു. കൊടുങ്ങല്ലൂർ കിഴക്കൻ ജറുസലേം ആയി. അന്നിവിടെ അവരെ നാട്ടുകാരുടെ ആതിഥേയത്വവും കുരുമുളകു വ്യാപാരം മൊത്തമായി നടത്തിയിരുന്ന അറബി വർത്തക സമൂഹത്തിന്റെ മത്സരവും കാത്തിരുന്നു.

തോമാ ശ്ലീഹാ മലങ്കരയിൽ വന്നത് കിഴക്കൻ രാജ്യങ്ങളിൽ വസിച്ചിരുന്ന ഈ ജൂതരെ മിശിഹായുടെ വരവിനെക്കുറിച്ച് അറിയിക്കാനായിരുന്നു.

തോമാ ശ്ലീഹാ മലങ്കരയിൽ വന്നത് കിഴക്കൻ രാജ്യങ്ങളിൽ വസിച്ചിരുന്ന ഈ ജൂതരെ മിശിഹായുടെ വരവിനെക്കുറിച്ച് അറിയിക്കാനായിരുന്നു. ഹബ്ബാൻ എന്ന ജൂതവ്യാപാരിയുടെ കൂടെ കുരുമുളകും മറ്റു ചരക്കുകളും വാങ്ങാൻ ഏഡനിൽനിന്നും വന്ന ഒരു കപ്പലിൽ ആയിരുന്നു അദ്ദേഹം മാല്യങ്കരയ്ക്കു വന്നത്.

സഹ്യപർവതത്തിന്റെ അതിരുകടന്ന് കേരളക്കരയിൽ അക്കാലത്ത് ഒരു വ്യവസ്ഥാപിത മതവും ശക്തമായ സാന്നിദ്ധ്യം പുലർത്തിയിരുന്നില്ല. എക്കാലവും ഒഴുക്കുണ്ടായിരുന്ന നാൽപ്പത്തിമൂന്നു നദികൾക്കിടയിലെ അന്യോന്യം വിരളമായി മാത്രം ബന്ധം വച്ചിരുന്ന സമൂഹത്തിന് തങ്ങളുടേതായ പ്രാകൃത മുത്തപ്പ സങ്കൽപ്പത്തിനപ്പുറം ഒരു ക്രോഡീകൃത ആത്മീയ ചിന്തകളോ ആചാരങ്ങളോ പോലും ഉണ്ടായിരുന്നില്ല.

എന്തിനെയും ഉൾപ്പെടുത്താവുന്ന സനാതനധർമ്മം എന്ന നിർവചനത്തിൽ അതിനെ വേണമെങ്കിൽ ഉൾപ്പെടുത്താം. ഹിന്ദുമതവും അതിലെ മുപ്പത്തുമുക്കോടി ദൈവങ്ങളും ഇവിടെ പ്രത്യക്ഷപ്പെട്ടിരുന്നില്ല. ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്ര വിവേചനവുമായി നമ്പൂതിരി ആറു നൂറ്റാണ്ടു കഴിഞ്ഞാണ് കേരള മണ്ണിൽ കുടിയേറുന്നത്. വടക്കുനിന്ന് ഇടയ്ക്കിടയ്ക്കു വന്നിരുന്ന ബുദ്ധ ജൈനസന്യാസിമാരുടെ ആരാധനാലയങ്ങൾ ചിലയിടങ്ങളിൽ നേരത്തെ തന്നെ തലയുയർത്തിയിരുന്നു. അറബികൾ അവരുടേതായ ആരാധനാക്രമങ്ങളിൽ ഒതുങ്ങി. ജൂതർ തങ്ങളുടെ വ്യാപാരകേന്ദ്രങ്ങളിൽ ചെറിയ സിനഗോഗുകൾ പണിതു.

തോമാ ശ്ലീഹാ ഈ ഇസ്രായേൽ നഷ്ടപ്പെട്ടവരോട് പറഞ്ഞു.

നിങ്ങൾ കാത്തിരുന്ന മിശിഹാ പിറന്നിരിക്കുന്നു. നസറേത്തിലെ ആശാരിച്ചെക്കനായ യേശുവിന്റെ രൂപത്തിൽ. ഇനി നിങ്ങൾ കാത്തിരിക്കേണ്ട. വരൂ എന്റെയൊപ്പം വരൂ.

ഇസ്രായേൽ നഷ്ടപ്പെട്ട ജൂതന്റെ ഒരേയൊരു ആഗ്രഹം മരണശേഷം തന്റെ ശരീരം ജറുസലേമിലെ മണ്ണിൽ അടക്കം ചെയ്യണമെന്നാണ്. അവസാനത്തെ മിശിഹാ ജറുസലേമിലേക്കാണ് വരുന്നത്. അപ്പോൾ കുഴിമാടങ്ങളിൽനിന്നും എല്ലാവരും ഉയിർത്തെഴുന്നേൽക്കും. താനും ആ സമയത്ത് അവിടെ അടുത്തുണ്ടാകണം. അതിനു വേണ്ടി തനിക്കുള്ള ആറടി മണ്ണ് അവിടെ കരുതണം.

തോമാശ്ലീഹാ ജൂതരുടെ വർത്തക കേന്ദ്രങ്ങളിൽ ആരാധനാലയങ്ങൾ ഒരുക്കി. അവിടെ കുരിശ് ഒരു പാവനചിഹ്നമായി അന്ന് പ്രത്യക്ഷപ്പെട്ടിരുന്നില്ല. പുതുതായി വന്ന എല്ലാ ആരാധനാലയങ്ങളും, ബുദ്ധ, ജൈന, അറബി, ജൂതപ്പള്ളികളുടെ കൂടെ മെല്ലെ ക്രിസ്ത്യൻ പള്ളിയും മലബാർ എന്ന് പിന്നീട് പേരു വീണ ഈ മലങ്കരയുടെ ഭാഗമായി. ഈ ക്രിസ്ത്യൻ പള്ളികൾക്ക് സമീപം താമസിച്ചിരുന്ന പല നാട്ടുപ്രമാണി കുടുംബങ്ങളും ഈ പ്രവാചകന്റെ വാക്കുകളിലും പ്രവൃത്തികളിലും ആകൃഷ്ടരായി ഈ പുതിയ അവതാരത്തെ ആരാധിക്കാൻ തയ്യാറായി. ഇവർ വാസ്തവത്തിൽ ലോകത്തിലെ ആദ്യത്തെ ക്രിസ്തുമത വിശ്വാസികളിൽപെടുന്നു.

ദൈവവും പോലീസും അയൽക്കാരുമാണ് മനുഷ്യനെ നല്ലവനാക്കുന്നതെന്നാണ് കഴിഞ്ഞ നൂറ്റാണ്ടിൽ ലോകം കണ്ട പ്രഗല്ഭചിന്തകരിൽ മുമ്പനായ ബർട്രൻഡ് റസ്സൽ പറയുന്നത്. പോലീസ് എന്നത് സ്റ്റേറ്റാണ്. യൂറോപ്യൻ രാഷ്ട്രങ്ങൾ ശക്തി പ്രാപിച്ച് ലോകാധിപത്യത്തിനായി കപ്പലിറക്കാൻ തുടങ്ങിയ കാലത്തിനു മുമ്പു ക്രിസ്തുമതം യൂറോപ്പിനെകീഴടക്കിയിരുന്നു. മാർപാപ്പയുടെ ശക്തമായ ദൈവികാധികാരം രാഷ്ട്രത്തലവന്മാരുടെ നിലനിൽപ്പിനെപ്പോലും ബാധിച്ചു. ദൈവവും പോലീസും ഏകദേശം ഒന്നായി. രാജാ

ക്കന്മാരെ തീർച്ചപ്പെടുത്തുന്ന പ്രക്രിയ പോലും മതനേതൃത്വം കൈകാര്യം ചെയ്തു. പടിഞ്ഞാറെ കടലിനപ്പുറത്താണ് സമ്പത്ത് കൂടുതലുള്ള രാജ്യമെന്ന് അറിയാമായിരുന്ന മാർപാപ്പ അത്‌ലാന്റിക് സമുദ്രത്തിലെ സെന്റ് വർദെ ദ്വീപിന് പടിഞ്ഞാറുള്ള ലോകം മുഴുവൻ അന്നത്തെ തന്റെ പ്രിയങ്കരരായ സ്പെയിനിനും, കിഴക്കുഭാഗം തന്റെ രണ്ടാമത്തെ ഇഷ്ടക്കാരായ പോർച്ചുഗലിനും വീതിച്ചുകൊടുത്തു. ഭൂമി ഉരുണ്ടതാണെന്ന വസ്തുത അദ്ദേഹം അംഗീകരിച്ചിരുന്നില്ല. അതു കാരണം അമേരിക്ക കണ്ടുപിടിച്ചത് കൊളംബസ് ആയി. വാസ്കോ ഡി ഗാമ ആയിരുന്നില്ല. ഇന്ത്യ സ്പാനിഷ് കോളനിയുമായില്ല.

ലോകത്ത് മൂന്നു രാഷ്ട്രങ്ങൾ മാത്രമേ വൈദേശിക ശക്തികൾക്ക് ഒരിക്കൽ പോലും അടിമകളാകാതിരുന്നിട്ടുള്ളു എന്നാണു ചരിത്രം പറയുന്നത്. ചൈന, അഫ്ഗാനിസ്ഥാൻ, അബിസിനിയാ (ഇപ്പോഴത്തെ എത്യോപ്യ) എന്നിവയാണ് ഇവ. നമ്മുടെ ഇന്ത്യ നേരെ മറിച്ചാണ്. ഇന്ത്യയാണ് ലോകത്ത് ഏറ്റവും അധികം വിദേശശക്തികളാൽ ആക്രമിക്കപ്പെട്ടതും കീഴടക്കപ്പെട്ടതുമായ രാഷ്ട്രം. ഇന്ത്യ ചരിത്രകാരന്മാരുടെ ആധികാരികമായി അറിയപ്പെടുന്ന കണക്കനുസരിച്ച് എഴുപത്തിയാറു പ്രാവശ്യം ചെറുതും വലുതുമായ വിദേശശക്തികളുടെ ആക്രമണത്തിന് വിധേയമായിട്ടുണ്ട്. അവരിൽ ബഹുഭൂരിപക്ഷത്തിന്റെ അനന്തരതലമുറകളും കാലക്രമേണ ഈ നാട്ടുകാരായി മാറിയെങ്കിലും ഇന്ത്യയുടെ പല ഭാഗവും നൂറ്റാണ്ടുകളോളം വിദേശീയരുടെ ഭരണത്തിൻകീഴിലായിരുന്നു.

പക്ഷേ ഇതിനൊരു മറുവശമുണ്ട്.

അമേരിക്കയിലെ അംബാസഡറായിരുന്ന കാലത്ത് ഇപ്പോഴത്തെ ചൈനീസ് വിദേകാര്യമന്ത്രിയായ യാങ് ജീചി ന്യൂയോർക്കിൽവച്ച് ഇന്ത്യാ-ചൈനസൗഹൃദത്തെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ പത്രപ്രവർത്തകരോട് ഒരു ഗൗരവമുള്ള തമാശയായി പറഞ്ഞു.

ചൈനയെ ഇന്ത്യ എന്ന ഒരു രാഷ്ട്രം മാത്രമേ അടിമയാക്കിയിട്ടുള്ളു. നിങ്ങൾക്കറിയാമോ?

ഇന്ത്യ ചൈനയെ കീഴടക്കിയെന്നോ?

അതെ. യുദ്ധം ചെയ്തല്ല. യുദ്ധം നടത്താതെയുള്ള ആക്രമണം. വാളുപയോഗിക്കാതെ. രക്തച്ചൊരിച്ചിലില്ലാതെ ഇന്ത്യ ചൈനയെ തോൽപ്പിച്ചു കീഴടക്കി.

കൺഫ്യൂഷിസിന്റെയും ലാവത് സെയുടെയും ചൈനയെ ഇന്ത്യയുടെ ബുദ്ധമതചിന്തകൾ കീഴടക്കിയതിനെക്കുറിച്ചാണ് യാങ് ജീചി സൂചിപ്പിച്ചത്.

ഇന്ത്യയിൽ നിന്നു രണ്ടായിരത്തിഅഞ്ഞൂറു കൊല്ലം മുമ്പ് യാത്ര തുടങ്ങിയ ബുദ്ധമത ചിന്തകൾ ചൈനീസ് മനസ്സുകളിലേക്ക് നടത്തിയ ലോങ് മാർച്ച് മാവോ സേ തൂങ്ങിന്റെ ലോങ് മാർച്ച് കൊണ്ടുവന്ന മാർക്സിയൻ ചിന്തകൾക്കു പോലും ഉപരിയായി നിലനിൽക്കുന്നു എന്ന സത്യം ചൈനീസ് താത്വികർ പോലും ഇന്ന് അംഗീകരിക്കുന്നുണ്ട്.

ഇന്ന് ഭൗതികതയിലേക്കുള്ള സമൂഹത്തിന്റെ പരക്കംപാച്ചിലിനിടയിൽ ഒരു സമാനശക്തിപോലെ മതം അതിന്റെ എല്ലാ വിഘടിത സ്വഭാവ വിശേഷങ്ങളുമായി ഒപ്പം പായുന്ന വികലമായ ഒരു കാഴ്ചയാണ് നാം കാണുന്നത്. സത്യത്തിൽ അത് മതങ്ങളുടെ ആന്തരികമായ രൂപമല്ല, വെറും നിഷ്ടകളുടെയും അന്ധവിശ്വാസങ്ങളുടെയും ഇന്ന് അപ്രസക്തമായ ആചാരങ്ങളുടെയും കൂട്ടിക്കുഴച്ചിൽ മാത്രമാണ് എന്ന് വിശദീകരിക്കാമെങ്കിലും സമൂഹം അതിന്റെ തിക്തഫലത്തിൽ നിന്ന് മോചനം നേടാൻ നമ്മെ സഹായിക്കുന്ന ഒരു വ്യക്തമായ ചിന്ത നമുക്ക് ഇല്ലാതായിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിൽ ദേശീയതയും മതാചാരങ്ങളുമായുള്ള അഭേദ്യമായ ബന്ധവും അവയുടെ ഏറ്റക്കുറച്ചിലുകൾ മതത്തിനോ രാഷ്ട്രത്തിനോ വിവിധ മേഖലകളിൽ ഉണ്ടാക്കാവുന്ന ലാഭനഷ്ടങ്ങളും പൊതുവെ സമൂഹത്തിനുണ്ടാകാവുന്ന ശക്തിയും ദൗർബല്യവും നാം കാണേണ്ടതാണ്. ഏറ്റവും നല്ല ഉദാഹരണം നമ്മുടെ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭാരതീയ ദേശീയതയിൽ ഊന്നിയ മതപ്രവർത്തനശൈലിയാണ്.

പുതിയ മതങ്ങൾ തങ്ങളിലേക്ക് അനുയായികളെ സൃഷ്ടിച്ചത് ലോകത്തെമ്പാടും അധിനിവേശ ശക്തികളുടെ ആയുധബലംകൊണ്ടായിരുന്നു. പക്ഷേ കേരളത്തിലെ മതങ്ങളുടെ ചരിത്രം തികച്ചും വിഭിന്നമാണ്. ഇവിടെ നമ്പൂതിരിമാർ ഹിന്ദുമതത്തിന് പുതിയ സമവാക്യവും ദൈവങ്ങളും കർശനആചാരനിഷ്ഠകളുമായി വന്നപ്പോൾ ആരെയും മതം മാറ്റിയില്ല. ഇന്നും കേരളത്തിലെ ഹൈന്ദവസമൂഹത്തിൽ ചാതുർവർണ്യം ഇല്ല. ഇവിടെ പേരിനേ ക്ഷത്രിയനുള്ളു. പേരിനുപോലും വൈശ്യനില്ല. ശൂദ്രനാരാണ് എന്ന് ആർക്കുമറിഞ്ഞുകൂടാ. കേരളത്തിലെ ഏറ്റവും പ്രധാന നായർ, ഈഴവ ഹൈന്ദവ സമൂഹം ഉത്തരേന്ത്യൻ ഹൈന്ദവ ക്ലാസിഫിക്കേഷനിൽ വരുന്നതേയില്ല. ഉത്തരേന്ത്യൻ ഹൈന്ദവരുടെ ഒന്നാം സ്ഥാനത്തെ പ്രിയ ദൈവമായ രാമരാജ്യത്തിന്റെയും രാമലീലയുടെയും ശ്രീരാമഭഗവാൻ കേരളത്തിൽ ആരാധനയിൽ ആദ്യത്തെ ഇരുപതു ദേവതകളിൽപോലും വരുന്നില്ല. ഇവിടുത്തെ പ്രിയനായ അയ്യപ്പസ്വാമി ഉത്തരേന്ത്യൻ ഹിന്ദുവിന് അന്യനാണ്. ക്രിസ്തു മതത്തിന്റെ കാര്യം നോക്കൂ. ഇന്ത്യയിൽ മതപരിവർത്തനം കൂടി അജണ്ടയായി എത്തിയ യൂറോപ്യൻ ശക്തികൾക്ക് കേരളത്തിൽ സ്വന്തമായ ആചാരാനുഷ്ഠാനങ്ങളോടെ ജീവിക്കുന്ന സാമൂഹ്യമായി ഉന്നതനിലയിലുള്ള ഒരു ക്രിസ്തീയ സമൂഹം ഉണ്ടെന്നുള്ളത് വല്ലാത്ത തിരിച്ചറിവായിരുന്നു. അതുപോലെ മുസ്ലിം സമൂഹവും വിശുദ്ധ നബിയുടെ കാലത്തിനു മുമ്പു തന്നെ കേരളത്തിന്റെ അറേബ്യൻ സൗഹൃദം ഒരു മതപരിവർത്തനത്തിന്റെ ടെൻഷനില്ലാതെ കേരള മുസ്ലിം സമൂഹത്തെ വളർത്തി. ഉറുദു അറിയാത്ത കേരള മുസ്ലിമിനെ ഉത്തരേന്ത്യൻ മുസ്ലിം ഗ്രാമീണസമൂഹം തങ്ങളുടെ ആളായി ഇന്നും സ്വന്തമാക്കിയിട്ടില്ല എന്നത് ഇന്നും ഇന്ത്യയിലെ ഉൾനാടൻ ഗ്രാമങ്ങളുമായി അടുത്ത ബന്ധം പുലർത്തുന്ന എന്റെ അനുഭവമാണ്.

നമ്മുടെ ഇന്ത്യൻ വംശജനായ സാഹിത്യത്തിന് നോബൽ സമ്മാനം ലഭിച്ച നായ്പോളിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ഒരു രാഷ്ട്രത്തിന്റെ കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കാൻ മതം ഇടപെടേണ്ടത് മുമ്പ് സമൂഹനന്മയ്ക്ക് ഒരാവശ്യമായിരുന്നു. ഇന്ന് ജനാധിപത്യ സംവിധാനം മെല്ലെയാണെങ്കിലും ഈ കടമകൾ നിർവഹിക്കാൻ പ്രാപ്തമായി വരികയാണ്.

ദേശീയതയെ കവച്ചുവയ്ക്കുന്ന മതം വരുംകാലത്ത് ഒരിക്കലും സമൂഹത്തിനെ മുന്നോട്ടു നയിക്കാൻ പ്രാപ്തമാകുകയില്ല.

ഇന്ന് ലോകം ഒരു വലിയ പൊട്ടിത്തെറിയുടെ വക്കിലാണ് നിലകൊള്ളുന്നത്. യുദ്ധത്തിന്റെ പൊട്ടിത്തെറിയല്ല. അതിനെക്കാൾ വലിയ, മാനവസമൂഹം ഇന്നുവരെ സ്വപ്നം കണ്ടിട്ടുപോലുമില്ലാത്ത ഒരു സ്ഫോടനം. പരമ്പരാഗതരീതിയിലുള്ള അക്രമവും മത്സരവും പോലും ഇല്ലാതാക്കുന്നതരത്തിൽ ശാസ്ത്രവും സാങ്കേതികരംഗത്തെ കണ്ടുപിടിത്തങ്ങളും നാം ഇന്നുവരെ അചഞ്ചലമെന്നു കരുതിയിരുന്ന എല്ലാ സമവാക്യങ്ങളെയും തൂത്തെറിഞ്ഞുകൊണ്ടിരിക്കുകയാണ്. തത്ത്വശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രീയം, നീതിവ്യവസ്ഥ, സാമൂഹ്യശാസ്ത്രം, എന്നുവേണ്ട, ഭാഷയും കണക്കും പോലും ഇന്ന് അനുദിനം പുതിയ അർത്ഥതലങ്ങളിലേക്കും രൂപങ്ങളിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രങ്ങളുടെ അതിർത്തികൾ മായുന്നു. മതങ്ങൾ ശാസ്ത്രം നൽകുന്ന അറിവിനെയും സ്വാതന്ത്ര്യത്തെയും ഉൾക്കൊണ്ട് തങ്ങളുടെ വിശ്വാസം നിലനിർത്താൻ അശ്രാന്തപരിശ്രമം നടത്തുന്നു. വെബ്സൈറ്റുകളും മെഡിക്കൽ ടെക്നോളജിയും കൊണ്ടുവരുന്ന സുതാര്യതയും സ്വാതന്ത്ര്യവും സമൂഹത്തിൽ ശാരീരികമായും മാനസികമായും ആത്മീയമായും പുതിയ സമവാക്യങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. മാനവസമൂഹത്തിന്റെ നിലനിൽപ്പിന്റെയും പുരോഗതിയുടെയും അടിസ്ഥാനശിലയായ കുടുംബം എന്ന സങ്കല്പത്തിനു പോലും ഇന്ന് അപഭ്രംശം വന്നുകൊണ്ടിരിക്കുകയാണ്. ശരി തെറ്റുകൾക്കും നന്മതിന്മകൾക്കും പുതിയ രൂപങ്ങൾ വരികയാണ്. ഈ ഭവിഷ്യത്തിനെ നിർഭയമായി അഭിമുഖീകരിക്കാൻ നമുക്കുവേണ്ടത് ആരോഗ്യമുള്ള മനസ്സാണ്. അത് സമൂഹത്തിന് നൽകാൻ, പുതിയ ദേശീയ കാഴ്ചപ്പാടോടെ പ്രവർത്തിക്കാൻ മതനേതൃത്വങ്ങൾക്കു കഴിയണം. വരും സമൂഹത്തിന്റെ മനസ്സിന് ഭക്ഷണവും മരുന്നും കണ്ടുപിടിച്ച് നൽകേണ്ട വൈദ്യന്മാരായി മാറണം മതനേതൃത്വം. നൊസ്റ്റാൾജിയയുടെ ചായം തേച്ചുമിനുക്കിയ ചിത്രങ്ങൾ എടുത്ത് ഭൂതകാലത്തിലേക്ക് തിരിച്ചുപോകാൻ ആഹ്വാനം ചെയ്യുന്നതിൽ നിന്നു നാം പിന്തിരിയണം.

ദേശീയതയെ കവച്ചുവയ്ക്കുന്ന മതം വരും കാലത്ത് ഒരിക്കലും സമൂഹത്തിനെ മുന്നോട്ടു നയിക്കാൻ പ്രാപ്തമാകുകയില്ല

രണ്ടു സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള, ഭാരതീയ ദേശീയതയുടെ ഉത്തമോദാഹരണമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ഇതിന് നേതൃത്വം നൽകാൻ കഴിയണം. കഴിയും. അതൊരു ദൈവികമായ ദൗത്യമാണ്. **GM**

പള്ളികൾ ഭരണഘടനപ്രകാരം ഭരിക്കപ്പെടണം

■ ജസ്റ്റിസ് കെ. ജോൺ മാത്യു

1995 ലെ സുപ്രീംകോടതിവിധി പ്രാതിനിധ്യ സ്വഭാവമുള്ള കേസിലായതിനാൽ മലങ്കരസഭയിലെ എല്ലാ അംഗങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിക്കുന്നതാണ്. ആ വിധിക്കു ശേഷം ഉദ്ദേശം ഏഴു വർഷം കഴിഞ്ഞ് 7-6-2002 ൽ ഒരു പുതിയ ഭരണഘടന നിർമ്മിച്ചതുകൊണ്ട് സുപ്രീംകോടതിവിധിയുടെ തീരുമാനങ്ങൾ ബാധകമല്ല എന്ന് വരുന്നതല്ല. സുപ്രീംകോടതിവിധിയിൽ മലങ്കരസഭയിലെ എല്ലാ ഇടവക പള്ളികളും സ്ഥാപനങ്ങളും 1934 ലെ സഭാ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നും പ്രസ്തുത ഭരണഘടനപ്രകാരം ഇടവകകളുടെ കാര്യങ്ങളും നിയന്ത്രിക്കണമെന്നും അതു പ്രകാരം നിലനിൽക്കേണ്ടതുമാണെന്നും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

സുപ്രീംകോടതി അംഗീകരിച്ച 1934 ലെ സഭാ ഭരണഘടനപ്രകാരം സഭയിലെ എല്ലാ ഇടവക പള്ളികളും ഭരിക്കപ്പെടണമെന്നുള്ള വിധിയിൽ എന്തെല്ലാം ഉൾക്കൊള്ളുന്നു എന്നു മനസ്സിലാക്കാതെ പലരും പ്രവർത്തിക്കുന്നതായി പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇടവക മാനേജിങ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ ഭരണഘടനഅംഗീകരിക്കുന്ന എല്ലാവരെയും പങ്കെടുപ്പിക്കാറുണ്ട്. അപ്രകാരമുള്ള ഒരു പ്രസ്താവനയിൽ ഒപ്പിട്ടശേഷം ഭരണഘടനയ്ക്ക് വിരുദ്ധമായ പ്രവൃത്തികൾ ചുരുക്കം ചിലർ ചെയ്യാറുണ്ട്. അതിനാൽ എന്തെല്ലാമാണ് വിധിയിൽ ഉൾക്കൊള്ളുന്നതെന്നു മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

മലങ്കര അസോസിയേഷന്റെ ഘടനയെപ്പറ്റിയും അധികാരങ്ങളെപ്പറ്റിയും മറ്റും ഭരണഘടനയുടെ 70, 71, 72 എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് തെരഞ്ഞെടുക്കപ്പെട്ട മലങ്കര അസോസിയേഷനാണ് സഭയുടെ പ്രധാനമേലദ്ധ്യക്ഷനെയും (97 ഉം 114 ഉം വകുപ്പുകൾ) മെത്രാപ്പോലീത്തന്മാരെയും (113-ാം വകുപ്പ്) മറ്റു സഭാ സ്ഥാനികളെയും (91, 92, 93 വകുപ്പുകൾ) തെരഞ്ഞെടുക്കുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടു വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്തയ്ക്കാണ് മലങ്കര അസോസിയേഷൻ മാനേജിങ് കമ്മിറ്റിയുടെ ആലോചനയോടും എപ്പിസ്കോപ്പൽ സിനഡിന്റെ ശുപാർശ അനുസരിച്ചും കാതോലിക്കാ മെത്രാസന ഇടവക ഭരണം നൽകുന്നത്. ഇപ്രകാരം അധികാരപ്പെടുത്തിയ മെത്രാപ്പോലീത്തായ്ക്ക് മാത്രമേ ഭദ്രാസനം ഭരിക്കുന്നതിന് അർഹതയുള്ളൂ.

ഭരണഘടനപ്രകാരം നിയമിക്കപ്പെട്ട മെത്രാപ്പോലീത്തായ്ക്കു മാത്രമേ ഇടവക വികാരിയെ നിയമിക്കാൻ അധികാരമുള്ളൂ. വികാരി ഇടവക ഭരണം നടത്തുന്നതിനുള്ള നിയമങ്ങൾ 38 മുതൽ 44 വരെയുള്ള വകുപ്പുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഇടവക മാനേജിങ് കമ്മിറ്റി, കൈക്കാരൻ, സെക്രട്ടറി, അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പ്, ബജറ്റ് തയ്യാറാക്കൽ ഉൾപ്പെടെയുള്ള ചുമതലകൾ 27 മുതൽ 31 വരെയുള്ള വകുപ്പുകൾ നിയന്ത്രിക്കുന്നു.

ഇവയുൾപ്പെടെ ഭരണഘടനയിലെ വകുപ്പുകളെല്ലാം നടപ്പാക്കിയാലേ ഒരു പള്ളി ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്നു എന്നു പറയാനാകുകയുള്ളൂ.

ഹൈക്കോടതിവിധി സ്റ്റേ ചെയ്യണമെന്ന അപേക്ഷ സുപ്രീംകോടതി അനുവദിച്ചതിന്റെ വ്യവസ്ഥ ഭരണഘടനയനുസരിച്ച് പ്രവർത്തിക്കണമെന്നും അപ്രകാരം സമ്മതിച്ച് സത്യവാങ്മൂലം നൽകണമെന്നും ആയിരുന്നു. ഹൈക്കോടതിവിധി പ്രകാരം അധികാരം നഷ്ടപ്പെടാതിരിക്കാനായി പാത്രിയർക്കീസ് വിഭാഗത്തിലുള്ള മെത്രാപ്പോലീത്താമാർ അപ്രകാരം സത്യവാങ്മൂലങ്ങൾ നൽകിയാണ് തൽസ്ഥാനങ്ങളിൽ തുടർന്നത്. ഭരണഘടന അംഗീകരിക്കുന്നു എന്നു സത്യപ്രസ്താവന നല്കിയശേഷം ഭരണഘടനയ്ക്കെതിരായി പ്രവർത്തിക്കുന്നത് സുപ്രീംകോടതിവിധിയുടെ ലംഘനമാണ്. നിയമവാഴ്ച ഉറപ്പാക്കാൻ ഇന്ത്യയിലെ മറ്റു പൗരന്മാരെപ്പോലെ തന്നെ സഭാംഗങ്ങൾക്കും പുരോഹിതന്മാർക്കും ബാദ്ധ്യതയുണ്ട്.

ഏതെല്ലാം പള്ളികൾ ഭരണഘടനപ്രകാരം ഭരിക്കപ്പെടണം എന്ന സംശയം ഉണ്ടാകാവുന്നതാണ്. സുപ്രീംകോടതി പരുമല അസോസിയേഷനിലെ നിരീക്ഷകനായി നിയമിച്ച കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് വി.എസ്. മളീമഠ് സുപ്രീംകോടതിയിൽ കൊടുത്ത റിപ്പോർട്ടോടുകൂടി പള്ളികളുടെ ലിസ്റ്റും കൊടുത്തിരുന്നു. ഈ റിപ്പോർട്ട് സുപ്രീംകോടതി അംഗീകരിച്ചതിനാൽ അതോടുകൂടിയുള്ള പള്ളികളുടെ ലിസ്റ്റും അംഗീകരിച്ചതാണ്. ഈ ലിസ്റ്റിൽപ്പെട്ട പള്ളികളും പരുമല അസോസ്സിയേഷന് ശേഷം നിർമ്മിച്ചിട്ടുള്ള പള്ളികളും ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടതാണ്. ബഹുഭൂരിപക്ഷം പള്ളികളും ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്നവയാണെങ്കിലും ഏതാനും പള്ളികൾ അപ്രകാരം ഭരിക്കപ്പെടുന്നില്ല. കാലതാമസം കൂടാതെ എല്ലാ പള്ളികളും ഭരണഘടനപ്രകാരം തെരഞ്ഞെടുക്കപ്പെട്ട കാതോലിക്കായുടെയും മെത്രാപ്പോലീത്തമാരുടെയും വികാരിമാരുടെയും മറ്റും ഭരണത്തിലും സാമ്പത്തിക നിയന്ത്രണങ്ങൾക്കു വിധേയമായും വന്നുചേരുമെന്നു പ്രതീക്ഷിക്കുന്നു. GM



ദീർഘകാലം കേരള ഹൈക്കോടതി ജഡ്ജിയായിരുന്നു ലേഖകൻ.

ഭരണകൂടത്തെ ഉണർത്താൻ സഭാംഗങ്ങൾ മറക്കരുത്

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ



മലങ്കരസഭയുടെ പദവിയും അവകാശങ്ങളും അകാരണമായി നഷ്ടപ്പെട്ടുപോകാതിരിക്കാൻ കേരളത്തിലെ ഭരണകൂടത്തെ ഉണർത്താൻ ഓരോരുത്തരുടേയും സ്വാധീനം ഉപയോഗപ്പെടുത്തണം. ജീവിതപന്ഥാവിൽ പലവിധ സ്വാധീനവുമുള്ളവരാണ് വിദേശത്തുള്ള സഭാംഗങ്ങൾ. ഭരണകൂടത്തിലെ പലരുമായും സ്നേഹവും സൗഹൃദവുമൊക്കെയുള്ള പലരുമു ്. സഭയുടെ അവകാശങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനുള്ള പ്രവർത്തനവും, അക്കാര്യം ഭരണകൂടത്തെ അറിയിക്കുന്നതിന് അവസരം ഉപയോഗിക്കാനുള്ള സന്നദ്ധതയും പ്രകടിപ്പിക്കണം. സഭയുടെ വിഭവങ്ങൾ ശക്തമാണ്. അക്കാര്യം ലഭ്യമാകുന്ന അവസരങ്ങളിലൊക്കെ ഭരണകൂടത്തെ ഓർമ്മപ്പെടുത്താൻ മറക്കരുത്. സഭയുടെ സ്വാധീനം ഭരണകൂടത്തെ അറിയിക്കേ ുന്ന അവസരങ്ങളിലൊക്കെ അറിയിക്കണം.

മലങ്കരസഭ കാലാകാലങ്ങളിൽ പ്രതിസന്ധികൾ നേരിടേ ിവന്നിട്ടു ്. അപ്പൊഴൊക്കെ മൂല്യങ്ങളിൽ അടിയുറച്ചുമുന്നേറിയ പാരമ്പര്യമാണ് സഭയുടേത്. സഭയെ സ്വത്ത് എന്ന അർത്ഥത്തിൽ കാണേ തില്ല. ശരീരാവയവങ്ങൾ പോലെത്തന്നെയാണ് സഭയും. സഭയെ മറന്നാൽ അത് ജീവിതത്തിന്റെ അർത്ഥം മറക്കുന്നതുപോലിരിക്കുമെന്ന് ഓർക്കണം.

മലങ്കരസഭയ്ക്ക് പുതിയ സാരഥികൾ

മലങ്കര നസ്രാണികളുടെ പൗരാണികതയും പ്രൗഢിയും വിളിച്ചോതുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം പത്തനംതിട്ടയിൽ നടന്നു. നാലായിരത്തിലേറെ പ്രതിനിധികൾ പങ്കെടുത്ത അസോസിയേഷൻ യോഗം മലങ്കരസഭാ വൈദിക ട്രസ്റ്റിയായി റവ. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും, അത്മായ ട്രസ്റ്റിയായി എം.ജി. മുത്തൂറ്റിനെയും, മാനേജിങ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. പത്തനംതിട്ടയിൽ തെരഞ്ഞെടുക്കപ്പെട്ട മാനേജിങ് കമ്മിറ്റിയംഗങ്ങളുടെ പ്രഥമയോഗം മാർച്ച് 28 ന് പഴയ സെമിനാരിയിൽ ചേർന്ന് അസോസിയേഷൻ സെക്രട്ടറിയായി ഡോ. ജോർജ് ജോസഫിനെയും തെരഞ്ഞെടുത്തു. സ്ഥാനികൾ മൂന്നു പേരും ഈ സ്ഥാനത്തേക്ക് വീ ും തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്.



റവ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

പ്രശസ്തമായ പാമ്പാക്കുട കോനാട്ട് കുടുംബത്തിൽനിന്നു മലങ്കരസഭാ വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന നാലാമത്തെ വ്യക്തിയാണ് ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്. കോനാട്ട് കോര യോഹന്നാൻ മൽപ്പാൻ (1886–1890), കോനാട്ട് കോര മാത്തൻ മൽപാൻ (1895–1911), കോനാട്ട് ഏബ്രഹാം മൽപാൻ (1982–87) എന്നിവരാണ് ഈ സ്ഥാനത്തേക്ക് മുമ്പു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. കൂടാതെ പാത്രിയർക്കീസ് വിഭാഗത്തിന്റെ വൈദിക ട്രസ്റ്റിയായി കോനാട്ട് കോര മാത്തൻ മൽപ്പാൻ (1911–27) തെരഞ്ഞെടുക്കപ്പെട്ടിട്ടു ്. ക്രിസ്മസ് ഫാദർ ആയി അറിയപ്പെടുന്ന സെന്റ് നിക്കോളാസിന്റെ ഇന്ത്യയിലെ ഏക ദേവാലയമാണ് അച്ചൻ വികാരിയായിരിക്കുന്ന പാമ്പാക്കുട സെന്റ് ജോൺസ് വലിയപള്ളി. മലങ്കരസഭയുടെ മുൻ വൈദിക ട്രസ്റ്റിയായ കോനാട്ട് ഏബ്രഹാം മൽപ്പാന്റെ പുത്രനായ അദ്ദേഹം മൽപ്പാന്മാരുടെ പാരമ്പര്യം പിന്തുടർന്ന് വൈദിക സെമിനാരി അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുന്നു. ശക്തമായ നേതൃത്വ പാടവവും സംഘാടകശേഷിയും സഭയ്ക്ക് അത്യാവശ്യമായ കാലഘട്ടത്തിലാണ് അദ്ദേഹത്തെ സഭയ്ക്ക് വീ ും ലഭിക്കുന്നത്.

2008 സെപ്റ്റംബർ 11 ന് പാമ്പാക്കുടയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ മുഖ്യശില്പി അദ്ദേഹമായിരുന്നു. മുളന്തുരുത്തി സുന്നഹദോസിനു ശേഷം ആദ്യമായിട്ടാണ് വടക്കൻ പ്രദേശത്ത് ഒരു അസോസിയേഷൻ യോഗം ചേരുന്നത്. ഈ അസോസിയേഷന്റെ നടത്തിപ്പിൽ കോനാട്ട് അച്ചന്റെ സംഘാടകപാടവം മലങ്കരസഭ മുഴുവനും പ്രകീർത്തിച്ചിരുന്നു. ആദ്യമായി 7 മേൽപ്പട്ടക്കാരെ ഒരുമിച്ച് തെരഞ്ഞെടുത്ത് റിക്കാർഡ് സൃഷ്ടിച്ചത് എതിരാളികളെപ്പോലും അതിശയിപ്പിച്ച സംഭവമാണ്. കോട്ടയത്ത് 2008 നവംബർ 16 നു നടന്ന മഹാസമ്മേളനനടത്തിപ്പിലും അദ്ദേഹം ഗണ്യമായ പങ്കുവഹിച്ചു.

ആലുവ, കോലഞ്ചേരി പ്രശ്നഘട്ടങ്ങളിൽ മാധ്യമങ്ങളിൽ കൂടി സഭയുടെ നിലപാട് വ്യക്തമാക്കുന്ന മുഖ്യ വക്താവിന്റെ റോൾ അദ്ദേഹം ഭംഗിയായി നിർവ്വഹിച്ചു. പക്വതയാർന്ന വിലയിരുത്തലുകളിൽ കൂടി സഭയുടെ നിലപാട് വ്യക്തമാക്കി. എതിർകക്ഷിയുടെ കുപ്രചരണങ്ങൾക്ക് തക്കതായ മറുപടി നൽകി അവരുടെ നുണകൾ തുറന്നുകാട്ടി സംവാദങ്ങളിൽ അനേകരുടെ മനംകവർന്നു.



എംജി. ജോർജ് മുത്തൂറ്റ്

അത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് അദ്ദേഹം വീ ും വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലായി ഈ തെരഞ്ഞെടുപ്പിനെ കാണാം. കഴിഞ്ഞ അഞ്ചു വർഷക്കാലം മലങ്കരസഭാ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമായിട്ടാണ് സഭാംഗങ്ങൾ വിലയിരുത്തുന്നത്. ര ു പരിശുദ്ധ ബാവാ തിരുമേനിമാരുടെ നേതൃത്വത്തിൽ ഒട്ടേറെ രംഗങ്ങളിൽ സഭ മുന്നേറിക്കഴിഞ്ഞു.

സഭയിൽ സമ്പന്നരായ പല വ്യക്തികൾ ഉ ങ്കിലും ഇത്രയധികം ആത്മാർത്ഥയോടും സത്യസന്ധതയോടും സമർപ്പണത്തോടും കൂടി സഭയ്ക്കു വേ ി നിസ്വാർത്ഥ സേവനമനുഷ്ഠിക്കുന്നവർ ചുരുക്കമാണ്. കേവലം ആലങ്കാരിക പദവി മാത്രമായിരുന്ന ഈ സ്ഥാനത്തെ സഭയ്ക്കും സമൂഹത്തിനും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റിയെടുക്കുവാൻ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. വടക്കൻ ഭദ്രാസനങ്ങളിലെ പ്രശ്നബാധിത മേഖലകളിൽ അദ്ദേഹത്തിന്റെ നിരന്തര സാന്നിദ്ധ്യം സഭാംഗങ്ങൾക്ക് ആവേശകരമായി. ദശാംശം നൽകുന്നതിനെപ്പറ്റി പ്രസംഗങ്ങളിൽ നിരന്തരമായി ഓർമ്മപ്പെടുത്തുവാനും സ്വന്തം ജീവിതത്തിൽ അതു നടപ്പിൽ വരുത്തി മാതൃകയാകുവാനും അദ്ദേഹത്തിനു സാധിച്ചു.

സഭാ കേസിൽ സുപ്രീംകോടതിയുടെ എക്സിക്യൂഷൻ നടപടികൾക്കു വേ ി ശക്തമായി വാദിക്കുവാനും അതിനു തുടക്കം കുറിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം നേതൃത്വം നൽകുന്ന മുത്തൂറ്റ് എം. ജോർജ് ചാരിറ്റി ഡിവിഷന്റെ ചുമതലയിൽ നിർദ്ധനരായ ആയിരക്കണക്കിനു വ്യക്തികൾക്കു കോടിക്കണക്കിനു രൂപ സഹായധനമായി നൽകി.

കാതോലിക്കാ ദിനപിരിവിലെ വർദ്ധനവിൽ അദ്ദേഹത്തിന്റെ പങ്ക് നിർണ്ണായകമാണ്. അദ്ദേഹം സ്ഥാനമേൽക്കുമ്പോൾ ഒരു കോടിയിൽ താഴെ മാത്രമായിരുന്നത് ഇന്ന് അഞ്ചു കോടിയിലേറെയായി വർധിച്ചു. പ. മാർത്തോമ്മാ ശ്ലീഹായ്ക്ക് കൊടുങ്ങല്ലൂരിൽ ഒരു സ്മാരകം നിർമ്മിക്കുവാനുള്ള പ്രാരംഭ കാര്യങ്ങൾ അദ്ദേഹം പൂർത്തിയാക്കി.

16 ഡിവിഷൻസും 30000 ജോലിക്കാരും 4000 ബ്രാഞ്ച് ഓഫീസുകളുമുള്ള മുത്തൂറ്റ് ഗ്രൂപ്പിന്റെ ചെയർമാനായ അദ്ദേഹം എഫ്.ഐ.സി.സി.ഐ നാഷണൽ എക്സിക്യൂട്ടീവ് അംഗമായും കേരള ഘടകത്തിന്റെ ചെയർമാനായും പ്രവർത്തിക്കുന്നു.

2011–12 കാലഘട്ടത്തിൽ ഒട്ടേറെ പ്രശസ്തമായ അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തി. കേരള കാഥിക കലാക്ഷേത്രയുടെ പുരസ്കാരം, ലോക മലയാളി കൗൺസിലിന്റെ Businessman of the Decade Award, പ്രശസ്തമായ ഫോബ്സ് മാഗസിന്റെ ഏഷ്യൻ എഡിഷനിൽ സാഹിത്യ ലേഖനവും കവർ പേജും, ഫോബ്സ് ഏഷ്യയുടെ ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട 50–ാമത്തെ സമ്പന്നനായ വ്യക്തി, 2011 നവംബർ 24 ന് ബ്രിട്ടീഷ് പാർലമെന്റിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ നൽകപ്പെട്ട Asian Businessman of the Year 2011 അവാർഡ്, ഡൽഹി പഞ്ചവാദ്യ ട്രസ്റ്റിന്റെ ലൈഫ് ടൈം അവാർഡ്, ഇന്ത്യ ടുഡേ മാഗസിന്റെ കേരളത്തിലെ ശക്തരായ 10 വ്യക്തികളിൽ ഒരാളായുള്ള തെരഞ്ഞെടുപ്പ് എന്നിവ ഇവയിൽ ചിലതു മാത്രമാണ്.

ഡൽഹി സെന്റ് ജോർജ് സ്കൂൾസ് പ്രിൻസിപ്പൽ ശ്രീമതി സാറാ ജോർജ് പത്നിയാണ്.



ഡോ. ജോർജ് ജോസഫ്

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സെക്രട്ടറിയായി ഡോ. ജോർജ് ജോസഫ് വീ ും തെരഞ്ഞെടുക്കപ്പെട്ടു. പത്തനംതിട്ട അങ്ങാടിക്കൽ വയലിറക്കത്ത് കുടുംബാംഗമായ അദ്ദേഹത്തിന്റെ വിജയം തിളക്കമാർന്നതാണ്. കഴിഞ്ഞ 5 വർഷക്കാലത്ത് സഭയ്ക്ക് ഒട്ടേറെ രംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി നേടുവാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ വിജയത്തിനു വഴിതെളിച്ചു. കഴിഞ്ഞകാലങ്ങളിൽ അദ്ദേഹം സ്വീകരിച്ച ധീരനിലപാടുകളാണ് സഭാനേതൃത്വത്തിൽ അദ്ദേഹത്തെ വീ ും എത്തിക്കുന്നത്. സഭയുടെ വിവിധ രംഗങ്ങളിൽ ഉ ായ ഉണർവ്വും ഉന്മേഷവും എടുത്തുപറയേ താണ്. സഭയിലെ മുഴുവൻ വൈദികർക്കും പ്രയോജനകരമായ വൈദിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ, ഇൻഷുറൻസ് പദ്ധതി, സഭാ സെക്രട്ടേറിയറ്റിന്റെ നിർമ്മാണ പൂർത്തീകരണം, ഭദ്രാസനങ്ങളുടെ പുനഃക്രമീകരണം, വിജയകരമായി സംഘടിപ്പിക്കപ്പെട്ടു. മലങ്കര അസോസിയേഷൻ യോഗങ്ങൾ, മെത്രാൻ സ്ഥാനാഭിഷേക ചടങ്ങുകൾ, ലക്ഷക്കണക്കിനു ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി അച്ചടക്കത്തോടുകൂടി സംഘടിപ്പിച്ച കോട്ടയം മഹാസമ്മേളനം തുടങ്ങി ഒട്ടേറെ നേട്ടങ്ങൾ ഈ കാലയളവിൽ നേടിയെടുത്തു. വടക്കൻ ഭദ്രാസനങ്ങളിൽ സഭ നേരിട്ടുകൊ ിരിക്കുന്ന പ്രശ്നങ്ങളിൽ അദ്ദേഹം ധീരമായ നിലപാട് സ്വീകരിച്ചു. ആവേശോജ്ജ്വലമായ പ്രസംഗങ്ങൾ അദ്ദേഹത്തിന്റെ തനതു ശൈലിയാണ്.

ഇന്ത്യ വിഷൻ ഡപ്യൂട്ടി ന്യൂസ് എഡിറ്റർ വീണാ ജോർജ് അദ്ദേഹത്തിന്റെ സഹധർമ്മിണിയാണ്.

GM

മലങ്കരസഭാസമിതികളുടെ രൂപവും ഭാവവും ഭാവിയും

■ **പി.തോമസ്, പിറവം**

മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടവക ഭദ്രാസനസഭാതലങ്ങളിലെ ഭരണസമിതികളിൽ തെരഞ്ഞെടുക്കപ്പെടുന്നവർ സാധാരണക്കാരെക്കാൾ ആത്മീയനിലവാരവും സമൂഹത്തിൽ നല്ല സാക്ഷ്യവും മാതൃകാജീവിതവും സഭാപരിജ്ഞാനവും ഉള്ളവരായിരിക്കേണ്ടതാണ്. മുമ്പൊക്കെ സ്വന്തം അയോഗ്യതാബോധവും തങ്ങളെക്കാൾ യോഗ്യരായവരാണ് തൽസ്ഥാനങ്ങളിൽ വരേണ്ടതെന്ന ബോദ്ധ്യവും മൂലം മത്സരരംഗത്തേക്ക് വലിയ തള്ളിക്കയറ്റം ഉണ്ടായിരുന്നില്ല. പക്ഷേ രാഷ്ടീയ സാമൂഹ്യരംഗങ്ങളിലെ മൂല്യച്യുതി സഭാരംഗത്തേക്ക് സന്നിവേശിച്ചതിനാൽ സമ്മർദ്ദതന്ത്രം, ഭീഷണി, പണം, രാഷ്ട്രീയസ്വാധീനം, പ്രചാരണം, ഗ്രൂപ്പുപ്രവർത്തനം, കോക്കസുകൾ തുടങ്ങിയവയിലൂടെ അനർഹരായവർ ഭരണസമിതികളിൽ ഇടം കണ്ടെത്തുന്നുണ്ട്. ഇത്തരക്കാരുടെ സ്വാധീനംകൊണ്ട് ലോകത്തിന് അനുരൂപരാകരുതെന്ന ശ്ലൈഹികവചനം മറന്നുകൊണ്ട് സഭ കൂടുതൽകൂടുതൽ ലോകാനുരൂപമായിക്കൊണ്ടിരിക്കുന്നു.

അതുകൊണ്ട് സഭയുടെ വിവിധ ഘടകങ്ങളിൽ ഭരണരംഗത്ത് പ്രവർത്തിക്കുന്നവർ തങ്ങളുടെ നിലവാരം ആത്മീയരംഗത്ത് ഉദ്ദേശിക്കപ്പെടുന്ന മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് സ്വയം വിലയിരുത്തേണ്ടതാണ്. പ്രത്യേകിച്ചും മേൽത്തട്ടിൽ, സഭാമാനേജിംഗ് കമ്മറ്റി പോലുള്ള സമിതികളിലെ അംഗങ്ങൾ, അവരെ സാധാരണക്കാർ മാതൃകായോഗ്യരായി കാണേണ്ടവരും കാണുന്നവരുമാകയാൽ, തീർച്ചയായും സ്വയപരിശോധന നടത്തണം. അടുത്ത അഞ്ചു വർഷത്തേക്ക് സ്ഥാനത്ത് തുടരേണ്ടിയിരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ, സ്വയം വിലയിരുത്തുന്നതിലൂടെ തങ്ങൾ ഏതെങ്കിലും തരത്തിൽ കുറവുള്ളവരെന്ന് ബോദ്ധ്യമായാൽ, അത് തിരുത്തി സ്ഥാനന്യായേനയുള്ള നിലവാരത്തിലേക്ക് വളർന്ന് ചുമതലാനിർവ്വഹണത്തിന് പ്രാപ്തരാകുവാൻ സാദ്ധ്യതയുണ്ട്.

ഇടവകയെയും ഭദ്രാസനത്തെയും സഭയെയും പ്രതിനിധീകരിക്കുവാൻ സാധാരണ വിശ്വാസിയെക്കാൾ എന്ത് അധികയോഗ്യതയാണ് തനിക്കുള്ളതെന്നാണ് ഓരോരുത്തരും വിലയിരുത്തേണ്ടത്. 1. കുടുംബപ്രാർത്ഥനയിലും ദേവാലയാരാധനയിലും സജീവവും ആത്മാർത്ഥവുമായ പങ്കാളിത്തമുണ്ടോ? 2. ഇടവകതലത്തിലും സമൂഹത്തിലും ഉത്തമസഭാംഗം എന്ന സാക്ഷ്യം ലഭ്യമാണോ? 3. സണ്ടേസ്കൂൾ മറ്റ് അദ്ധ്യാത്മികപ്രസ്ഥാനങ്ങൾ എന്നിവയുടെ പഠനപരിപാടികൾ യഥാവസരങ്ങളിൽ പ്രയോജനപ്പെടുത്തി സഭാപരിജ്ഞാനവളർച്ച സാധിച്ചിട്ടുണ്ടോ? 4. ഇടവകതലത്തിലും ഭദ്രാസനതലത്തിലും ഉള്ള സഭാസംവിധാനങ്ങളെക്കുറിച്ചും പ്രവർത്തനരീതിയെക്കുറിച്ചും സഭാഭരണഘടനയെക്കുറിച്ചും വേണ്ടത്ര അവബോധമുണ്ടോ? 5. പള്ളിക്കമ്മറ്റിയിലും ഭദ്രാസനഭരണസമിതിയിലും മലങ്കര അസോസ്യേഷനിലും മാനേജിംങ് കമ്മറ്റിയിലും, തന്നിൽ നിക്ഷിപ്തമായ ചുമതലകളെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും ബന്ധപ്പെട്ട സമിതികളുടെ പ്രവർത്തനരീതികളെക്കുറിച്ചും യഥാർത്ഥജ്ഞാനമുണ്ടോ? 6. സഭയുടെ ഇന്നത്തെ സ്ഥിതിയെ കുറിച്ചും അതിന്റെ പുരോഗതി, ഭാവി എന്നിവയെ കുറിച്ചും സുചിന്തിതമായ ഉൾക്കാഴ്ചയുണ്ടോ?

സഭാസമിതികളിൽ ഇന്ന് അംഗങ്ങളായിരിക്കുന്നവർ വിവിധതരക്കാരാണ്. 1. തങ്ങളുടെ നിസ്വാർത്ഥമായ മാതൃകാജീവിതം, സഭാസേവനം ആദിയായവകൊണ്ട് അംഗീകാരം നേടി തെരഞ്ഞെടുക്കപ്പെട്ടവർ. മറ്റു വിഭാഗങ്ങളിൽ പെടുന്നവരുടെ തള്ളിക്കയറ്റത്താൽ ഇങ്ങനെയുള്ളവർ അംഗുലീപരിമിതമായിരിക്കും. 2. ശരാശരി സഭാംഗത്തിന്റെ നിലവാരം മാത്രമേ ഉള്ളുവെങ്കിലും തങ്ങളെത്തന്നെ യോഗ്യരായി കരുതി, സ്വയം പ്രചാരണം നടത്തി വോട്ടു നേടി ജയിച്ചു വന്നവർ. നിലവിലുള്ള സമിതികളിൽ ഒട്ടേറെയും ഇക്കൂട്ടത്തിൽ പെടും. 3. സഭാപരിജ്ഞാനം വേണ്ടത്ര ഇല്ലെങ്കിലും, സഭാപ്രവർത്തനങ്ങളോട് സഹകരിക്കുന്നവരും സാമ്പത്തികപിന്തുണ നൽകുന്നവരും. 4. സാമൂഹ്യവും സാമ്പത്തികവുമായ ഉന്നതനിലയുള്ളതിനാൽ തന്റെ സഭയിലെ സമിതികളിൽ തങ്ങളുടെ സ്ഥാനം അനിവാര്യമെന്ന് സ്വയം കരുതി മത്സരരംഗത്തു വന്ന് തെരഞ്ഞെടുക്കപ്പെട്ടവർ. 5. സഭാരംഗത്ത് തങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് തങ്ങൾ പ്രവർത്തിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ നേതൃനിരയിലേക്ക് കയറ്റം കാംക്ഷിച്ച് അവിഹിതസ്വാധീനവും സമ്മർദ്ദവും വിലപേശലും മറ്റുംകൊണ്ട് വോട്ടു നേടി തെരഞ്ഞെടുക്കപ്പെട്ട, സഭാപ്രവർത്തനത്തെക്കാൾ മുഴുസമയ രാഷ്ട്രീയപ്രവർത്തനം നടത്തുന്നവർ. 6. നിർണ്ണായകനേരങ്ങളിൽ സഭയുടെ പൊതുതീരുമാനങ്ങൾ തങ്ങളുടെ രാഷ്ടീയപ്രസ്ഥാനങ്ങൾക്കും അതിന്റെ നേതാക്കൾക്കും പ്രയോജനകരമാക്കുന്ന രീതികളിൽ വഴിതിരിച്ചുവിടുവാൻ സഭാസമിതികളിൽ കണ്ണുംപാർത്തിരിക്കുന്ന മുഴുവൻസമയ രാഷ്ട്രീയപ്രവർത്തകർ.

ഒന്നു മുതൽ നാലു വരെയുള്ള വിഭാഗത്തിൽ പെടുന്നവർക്ക് ആത്മാർത്ഥതയോടെ സ്വയപരിശോധനനടത്തി സന്ദർഭത്തിനൊത്തുയർന്ന് തിരുത്തലുകൾ വരുത്തി ഭാവിയിൽ തങ്ങളുടെ ചുമതലകൾ അർത്ഥപൂർണ്ണമായി നിർവ്വഹിക്കുവാൻ കഴിയും; കഴിയണം. അഞ്ചും ആറും വിഭാഗത്തിലുള്ളവരുടെ ലക്ഷ്യം സഭയുടെ ഉന്നമനമോ ദൗത്യനിർവ്വഹണമോ അല്ലാത്തതിനാൽ സഭാസമിതികളിൽ ചേരിതിരിവിനും പ്രയോജനകരമല്ലാത്ത വിവാദങ്ങൾക്കും മാത്രം ഇടവരും. പലപ്പോഴും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് വേണ്ടതെല്ലാം മുൻകൂർ ആസൂത്രണം ചെയ്ത് ഇക്കൂട്ടർ സമിതികളെ ഹൈജാക്ക് ചെയ്ത് കൊണ്ടുപോകും; സാധാരണ അംഗങ്ങൾ അവരുടെ കെണിയിൽ വീണുപോകയും ചെയ്യും.

സഭാസമിതികളിൽ ഭരണചുമതലയിലുള്ളവരെ ആവശ്യത്തിനും അനാവശ്യത്തിനും എതിർക്കുന്ന ഒരു രീതി കണ്ടുവരുന്നുണ്ട്. പാർലമെന്റ്, നിയമസഭ തുടങ്ങിയ രംഗങ്ങളിൽ ഭരണപക്ഷത്തോട് എതിർക്കുന്ന പ്രതിപക്ഷത്തിന്റെ റോളിലാണ് പല സഭാസമിതിയംഗങ്ങളും പ്രതികരിക്കുന്നത്. രാഷ്ട്രീയരംഗത്തുള്ളവരും അവരോട് അനുഭാവമുള്ളവരും ഇതിന്റെ മുൻനിരയിൽ കാണപ്പെടുന്നുണ്ട്. സഭാദൗത്യനിർവ്വഹണത്തിന് ഇന്നത്തെ പാർലമെന്റും നിയമസഭയും മറ്റും സഭാസമിതികൾക്ക് മാതൃകയാക്കാൻ പറ്റിയവയല്ലെന്ന് നാം തിരിച്ചറിയണം. അവയെ പോലും തിരുത്താൻ പറ്റിയ ലോകത്തിന്റെ ഉപ്പായി തീരുകയാണ് സഭയുടെ ദൗത്യം. സഭയെ അവയുടെ പുളിച്ച മാവ് പുളിപ്പിക്കരുത്.


ഭരണനേതൃത്വത്തിലുള്ളവർ സമിതിയംഗങ്ങളെ വിശ്വാസത്തിലെടുക്കാത്തതും, നടപടികൾ സുതാര്യമല്ലെന്ന് സംശയിക്കുന്ന തരത്തിൽ പെരുമാറുന്നതും, അനാവശ്യതർക്കങ്ങൾക്കും സമിതിയോഗങ്ങളുടെ സമയനഷ്ടത്തിനും ഇടയാകുന്നുണ്ട്. സഭാരംഗം സുതാര്യമാക്കുകയാണ് പോംവഴി. ഭരണരംഗത്ത് ഒന്നും ഒളിക്കുന്നില്ലെന്നും ഒളിക്കേണ്ടതില്ലെന്നും ഉള്ള അവസ്ഥയുണ്ടാകണം.

മാനേജിങ് കമ്മറ്റി പോലുള്ള സഭാസമിതികളുടെ കാര്യപരിപാടികൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്.

മാനേജിങ് കമ്മറ്റിയുടെ തീരുമാനങ്ങൾ പലതിനും തത്സമയം മുതൽ പ്രാബല്യമുള്ളതാണ്. യോഗാന്ത്യത്തിൽ അന്നത്തെ തീരുമാനങ്ങൾ യഥാവിധി രേഖപ്പെടുത്തി പ്രഖ്യാപിച്ച് അദ്ധ്യക്ഷൻ ഒപ്പുവച്ചാണ് നടപടികൾ അവസാനിപ്പിക്കേണ്ടത്. (വളരെ സുപ്രധാനമായ യോഗനടപടികളുടെ രേഖകൾ പിന്നീട് നോക്കിയപ്പോൾ ചുമതലക്കാരിൽ ആരുടെയും ഒപ്പില്ലാത്തതായി കണ്ടിട്ടുണ്ട്. കാലാവധി കഴിഞ്ഞ കമ്മറ്റിയുടെ മിനിട്സ് പുതിയ കമ്മറ്റിയിൽ വച്ച് അംഗീകാരം വാങ്ങുന്ന നടപടിക്കും രേഖ കണ്ടെത്താൻ സാധിക്കും.) യോഗത്തിനു ശേഷം മാസങ്ങൾ കഴിഞ്ഞു വരുന്ന യോഗത്തിൽ മിനിട്സ് പാസ്സാക്കുമ്പോൾ പലപ്പോഴും നടന്ന കാര്യങ്ങൾ രേഖപ്പെടുത്തിയതിനെക്കുറിച്ച് തർക്കങ്ങൾ ഉളവാകാറുണ്ട്. അജണ്ടാവിഷയങ്ങളെക്കുറിച്ച് അംഗങ്ങളും ഭാരവാഹികളും യോഗസമയത്തു മാത്രം ചിന്തിക്കുകയും അഭിപ്രായം പറയുകയും ചെയ്യുന്നതിനു പകരം, അല്പം ഗൃഹപാഠം ചെയ്തിട്ടു വരികയും, തങ്ങളുടെ അഭിപ്രായങ്ങൾ രേഖാരൂപത്തിൽ നൽകുകയും ചെയ്താൽ മിനിട്സ് യോഗാവസാനം കൃത്യത

സഭാ തിരഞ്ഞെടുപ്പുകളിൽ ഉത്തരവാദിത്വത്തോടെ പങ്കുചേരുക

■ ഫാ. ഡോ. റെജി മാത്യു



മലങ്കരസഭയുടെ ഭരണസാരഥ്യം വഹിക്കുവാൻ മുന്നോട്ടു വരുന്നവരുടെ സംഖ്യ മുമ്പത്തെക്കാളും വർദ്ധിച്ചിരിക്കുന്നു എന്നത് സ്വാഗതാർഹമാണ്. എന്നാൽ മലങ്കര അസോസിയേഷനിലും അതുവഴി മാനേജിങ് കമ്മിറ്റിയിലും കയറിപ്പറ്റുവാൻ ഇക്കൂട്ടർ കാണിക്കുന്ന അമിതമായ ആവേശം ആത്യന്തികമായി സഭയെ വളർത്തുന്നതിനാണോ അതോ സഭാഗാത്രത്തെ തളർത്തുന്നതിനാണോ മുഖാന്തരമായി തീരുന്നത് എന്നു ചിന്തിക്കുന്നതു നല്ലതാണെന്നു തോന്നുന്നു. പ്രത്യേകിച്ചും അസോസിയേഷൻ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുവാൻ നമ്മുടെ ആളുകൾ ഇടവക തോറും നടത്തിവരുന്ന പ്രചരണവും മറ്റും തികച്ചും ലജ്ജാകരമായ പ്രവണതകളിലേക്ക് നീങ്ങിയ സാഹചര്യത്തിൽ ചെറിയ ഇടവകകളിൽ പോലും മണിക്കൂറുകളോളം നീണ്ടുനിന്ന പൊതുയോഗങ്ങളും രഹസ്യ വോട്ടെടുപ്പുകളും മറ്റും പല ഇടവകകളെയും ഭിന്നിപ്പിന്റെ ആത്മാവിൽ എത്തിച്ചിരിക്കുകയാണ്. ഇതിനൊക്കെ പുറകിൽ ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സഭയുടെ ഉന്നത പദവികളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ തയ്യാറെടുക്കുന്ന ചില സ്ഥാനാർത്ഥികളുടെയും ഏജന്റുമാർ പ്രവർത്തിച്ചു എന്നുകൂടി കേൾക്കുമ്പോഴാണ് സംഗതിയുടെ ഗൗരവത്തെപ്പറ്റി നാം മനസ്സിലാക്കുന്നത്. മലങ്കരസഭയുടെ അസോസിയേഷനും മാനേജിങ് കമ്മിറ്റിയും ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ കൂട്ടുകെട്ടിനു അടിയറവ് പറയേണ്ട സമിതികളല്ല. ആരെങ്കിലും അങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നെങ്കിൽ അവർ സഭാസ്നേഹം ഉള്ളവരല്ല എന്നും പറയേണ്ടിവരും. ഈ സഭ ഇരുപതു നൂറ്റാണ്ടു പിന്നിട്ടത് ഒരു അധികാരസ്ഥാനത്തിന്റെയും പിൻബലമില്ലാതെ സത്യത്തിലും നീതിയിലും പ്രവർത്തിക്കുവാൻ ശ്രമിച്ചതിന്റെ പശ്ചാത്തലത്തിലാണ്. ഇതിനു നേതൃത്വം നൽകിയ വൈദികരും അവൈദികരും പ്രവർത്തിച്ചത് സഭയ്ക്ക് എന്റെ ഭാഗത്തുനിന്ന് എന്തു കൊടുക്കുവാൻ സാധിക്കും എന്ന മനോഭാവത്തോടെയായിരുന്നു; അല്ലാതെ സഭയിൽ നിന്ന് എനിക്കെന്തു കിട്ടും എന്നുള്ള ചിന്തയിലല്ല. സ്ഥാനമാനങ്ങൾ അലങ്കാരങ്ങളായി കരുതുന്നവരെയും അവയിലൂടെ സമൂഹത്തിലെ അധികാരകേന്ദ്രങ്ങളായി തീരുവാൻ ഉദ്യമിക്കുന്നവരെയുമല്ല ഈ സഭയ്ക്കാവശ്യം. ഇക്കാര്യത്തിൽ നമ്മുടെ പിതാക്കന്മാരും അർപ്പണബോധമുള്ള അമ്മമാരും കെട്ടിയുയർത്തിയ ചില മൂല്യങ്ങൾ നാം കൈവിടാതെ സൂക്ഷിക്കേണ്ടതായിട്ടുണ്ട്.

ഇത്തരുണത്തിൽ സഭയുടെ നേതൃസ്ഥാനത്തേക്കു വരുന്നവരുടെ അടിസ്ഥാനയോഗ്യതകളെപ്പറ്റി ജനങ്ങൾ ബോധവാന്മാരാകേണ്ടതുണ്ട്. ഒന്നാമതായി, നമ്മുടെ വിശ്വാസവും പൈതൃകവും മുറുകെ പിടിക്കുന്നവർ വേണം അടുത്ത അഞ്ചു വർഷം സഭയെ ഭരിക്കേണ്ടത്. രണ്ടാമതായി, ക്രമമായി ആരാധനയിൽ സംബന്ധിക്കുന്നവരും ഭക്തിയോടെ വി.കുർബാന അനുഭവമുൾപ്പെടെയുള്ള ജീവിതനിഷ്ഠയുള്ളവരുമാണ് നേതൃസ്ഥാനത്തേക്കു വരേണ്ടത്. മൂന്നാമതായി, അപ്പോസ്തോലിക കാലം മുതൽ പറഞ്ഞുവരുന്നതുപോലെ സ്വന്തം കുടുംബത്തെ ശാന്തമായി നയിക്കുന്നവരുമായിരിക്കണം ഉന്നത സമിതികളിലിരുന്ന് സഭയെ നയിക്കേണ്ടത്. മദ്യപന്മാരെയും, രാഷ്ട്രീയം ഉപജീവനമാക്കിയവരെയും യാതൊരു തത്വവുമില്ലാതെ ജീവിക്കുന്നവരെയും ഒഴിവാക്കുവാൻ വിശ്വാസികൾ തയ്യാറാവണം. നാലാമതായി, പൊതു സമിതികളിൽ വരുന്ന വിഷയങ്ങൾ പഠിക്കുവാനും അർത്ഥവത്തായി ചർച്ച ചെയ്യുവാനും കഴിവുള്ളവരായിരിക്കണം നമ്മുടെ നേതാക്കന്മാർ. അവസാനമായി, സഭയെ സംബന്ധിച്ച് സ്വപ്നങ്ങൾ കാണുന്നവരും നല്ല ദർശനമുള്ളരുമാകട്ടെ സഭയെ നയിക്കുന്നത്. സഭാ മാനേജിങ് കമ്മിറ്റിയിലേക്കുള്ള സ്ഥാനികളെ പരിചയത്തിന്റെയോ, ബന്ധത്തിന്റെയോ, രാഷ്ട്രീയ ചായ്‌വിന്റെയോ, അനുകമ്പയുടെയോ മാത്രം അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാതെ ഇത് ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ട വിഷയമാണെന്നു മനസ്സിലാക്കി ചിന്തിച്ചും പ്രാർത്ഥിച്ചും തിരഞ്ഞെടുപ്പിൽ നമുക്കു പങ്കുചേരാം. GM

യോടെ രേഖപ്പെടുത്തുവാനാകും. സമിതിതീരുമാനങ്ങൾ രേഖാരൂപത്തിൽനിന്ന് വേണം പ്രസ്താവിക്കുവാൻ.

സഭയുടെ ആത്മികനവോത്ഥാനവും സമാധാനവും ഭരണഭദ്രതയും സംബന്ധിച്ച് 2004 ഡിസ. 7-ലെ മാനേജിങ് കമ്മറ്റി നിയമിച്ച ഉപസമിതിയുടെ നിർദ്ദേശങ്ങളിൽ പലതും ഇനിയും നടപ്പിലായിട്ടില്ല. Lay Ministry & Lay Leadership ശക്തിപ്പെടുത്തണം എന്ന നിർദ്ദേശം പ്രായോഗികമാക്കിയിട്ടില്ല. 1900 ത്തിന് തൊട്ടുള്ള കാലഘട്ടത്തിലെ സഭാപ്രതിസന്ധികളിൽ അത്മേനികളുടെ നേതൃത്വം എത്ര ശക്തമായിരുന്നു! അക്കാലത്തെ നേതാക്കളുടെ പ്രഗത്ഭ്യവും കഴിവും വൈദികനേതൃത്വം തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. ഇന്ന് എല്ലാ നേതൃത്വവും വൈദികരിലേക്ക് കേന്ദ്രീകരിക്കപ്പെടുകയാണ്. സഭയിലെ പ്രസ്ഥാനങ്ങളിലും ഇതര രംഗങ്ങളിലും ഉപയോഗിക്കപ്പെടാവുന്ന സമർത്ഥരായ അയ്മേനികൾ ഉണ്ടെങ്കിലും അവിടെയൊക്കെ പരിചയരഹിതരായ വൈദികർ നിയോഗിക്കപ്പെടുന്നു; അവർ Trial and Error രീതിയിൽ കാര്യങ്ങൾ കൊണ്ടുപോകയും ചെയ്യുന്നു!

ഇടവകാടിസ്ഥാനാധിഷ്ഠിതമല്ലാത്ത സഭാസേവനസരണികളിലേക്ക് Special Ministries-ന് വൈദികർ ഉണ്ടാകണമെന്ന ഉപസമിതിയുടെ നിർദ്ദേശവും പരിഗണിക്കപ്പെട്ടിട്ടില്ല. സഭയ്ക്ക് ഇടവകേതര രംഗങ്ങളിൽ മുന്നേറ്റത്തിനുതകുന്ന ഈ കാര്യം ത്യാജ്യകോടിയിലാണ്. ഇടവകശുശ്രൂഷയല്ലാത്ത എത്രയോ മേഖലകളിൽ നമുക്ക് വൈദികപരിശീലനമുള്ളവരെ ആവശ്യമുണ്ട്! ഭദ്രാസനതലത്തിൽ ആത്മികനവോത്ഥാനപ്രവർത്തനങ്ങൾക്ക് സംഘടിതമായ സംവിധാനം വേണമെന്ന നിർദ്ദേശവും ഫലപ്രദമായിട്ടില്ല.

ആനുകാലികപ്രസക്തമായ കാനോൻപുസ്തകമുണ്ടാകണമെന്ന നിർദ്ദേശത്തിന്റെ കാര്യവും തഥൈവ. ഭരണഘടനയ്ക്ക് മുഖവുരയും, മറ്റ് അവശ്യം വേണ്ട തിരുത്തലുകളും വേണമെന്ന നിർദ്ദേശവും പ്രയോഗത്തിലായിട്ടില്ല. റീശീശാ പിരിവ് ഇപ്പോൾ പുരുഷന്മാർക്കേ ഉള്ളൂ. സ്ത്രീകൾക്കും ഭരണരംഗത്ത് പ്രാതിനിധ്യം വന്ന നിലയ്ക്ക് റീശീശാ പിരിവ് അവർക്കും ബാധകമാകേണ്ടതുണ്ട്.


സാമ്പത്തികരംഗങ്ങളിലും മറ്റും മലങ്കരമെത്രാപ്പോലീത്തായ്ക്ക് പ്രഗത്ഭ്യമുള്ള ഉപദേശകരെ കണ്ടെത്തണമെന്ന നിർദ്ദേശവും ഏട്ടിലേ ഉള്ളൂ. സഭയുടെ വിവിധരംഗങ്ങളിലെ ജോലികൾ ചുമതലക്കാർ പാർശ്വവർത്തികളെ ഏൽപ്പിച്ച് കൈകാര്യം ചെയ്യുന്നതിനു പകരം ക്വട്ടേഷൻ സമ്പ്രദായം സത്യസന്ധവും സുതാര്യവുമായി പ്രാബല്യത്തിലാക്കണം.

മീഡിയാ തുടങ്ങിയ രംഗങ്ങളിൽ കഴിവും പരിചയവുമുള്ളവരുടെ അഭാവം, സഭയുടെ അന്തസ്സ് ഇടിയുന്നതിനു കാരണമായിട്ടുണ്ട്. സഭയുടെ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ പ്രസ്ഥാനങ്ങളിൽ താൽപ്പര്യവും യോഗ്യതയും പരിചയവും ഉള്ളവരെ കണ്ടെത്തി ഉപയോഗപ്പെടുത്തേണ്ടതാണ്. തൽസ്ഥാനങ്ങളിൽ ഇടവകയുടെ ചുമതലയുള്ള വൈദികരെ പ്രതിഷ്ഠിക്കുന്നത് രണ്ടുരംഗത്തും വീഴ്ചയ്ക്കേ ഇടവരൂ.

ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ചില പൊതുനിരീക്ഷണങ്ങൾ മാത്രമാണ്. വിശദമായ വിദഗ്ദ്ധപഠനം ആവശ്യമുള്ള കാര്യങ്ങൾക്ക് ഒരു രൂപരേഖയായി മാത്രം ഇതിനെ കണ്ടാൽ മതി. GM

മലങ്കര അസോസിയേഷനും സഭയുടെ ഭാവിയും

■ ഫാ. ഡോ. കെ.എം. ജോർജ്



ആധുനിക ജനായത്ത വ്യവസ്ഥകൾ മിക്കതും പാലിച്ചുകൊണ്ട് ഭരണാധികാരികളെ തിരഞ്ഞെടുക്കുന്ന ക്രിസ്തീയ സഭയാണ് മലങ്കര ഓർത്തഡോക്സ് സഭ. മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായ കാതോലിക്കാ ബാവാ മുതൽ ഇടവകപ്പള്ളി കമ്മിറ്റിയംഗം വരെയുള്ളവരെ തിരഞ്ഞെടുക്കുന്നതിൽ ജനങ്ങളുടെ ശബ്ദം നിർണ്ണായകമാണ്.ജനശബ്ദം ദൈവശബ്ദമാണ്, (Vox populi vox Dei) എന്നൊരു ലത്തീൻ പഴഞ്ചൊല്ലുമുണ്ട്.

തത്വത്തിൽ ഇങ്ങനെയാണെങ്കിലും ഒരു തിരഞ്ഞെടുപ്പു വരുമ്പോൾ ജനങ്ങളുടെ ശബ്ദത്തെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കാനും മാറ്റിയെടുക്കാനും കഴിയുമോ അങ്ങനെയെല്ലാം ചെയ്യാൻ സ്ഥാനാർത്ഥികൾ ശ്രമിക്കും. ചിലർ ന്യായമായ മാർഗ്ഗങ്ങൾ ഉപയോഗിക്കും. മറ്റു ചിലർ ആശാസ്യമല്ലാത്ത വഴികൾ തേടും. സ്ഥാനാർഥികളെക്കുറിച്ചും അവരുടെ പശ്ചാത്തലത്തെക്കുറിച്ചും സാധാരണ ജനങ്ങൾക്ക് വലിയ ധാരണ കാണുകയില്ല. ഒരു കമ്പനിയിൽ ഉന്നത ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്യുമ്പോൾ അവരുടെ മുൻചരിത്രം അഥവാ track record കർശനമായി അന്വേഷിക്കാറുണ്ട്. മുൻ ഉഴവുചാലുകളിൽ കുഴപ്പക്കാരനാണെങ്കിൽ അതൊക്കെ ആവർത്തിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. നിർണ്ണായകമായ ഒരു പരിശോധനയാണിത്. ക്രിമിനൽ പശ്ചാത്തലമുള്ള അധാർമ്മികനായ ഒരു വ്യക്തിയാണെങ്കിൽപ്പോലും ധാരാളം പണവും പരസ്യവും പ്രചരണവും ഉപയോഗിച്ച് ജനങ്ങളുടെ ശബ്ദത്തെ തനിക്കനുകൂലമായി മാറ്റിയെടുക്കാൻ കഴിയും. അതുകൊണ്ടാണ് ഇന്ത്യ പോലെയുള്ള ജനായത്ത രാഷ്ട്രങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താൻ വിപുലമായ അധികാരമുള്ള ഇലക്ഷൻ കമ്മീഷനെ നിയമിക്കുന്നത്. ജനങ്ങളെ വ്യാജപ്രചരണം,പണം എന്നിവ ഉപയോഗിച്ച് അനാശാസ്യ മാർഗ്ഗങ്ങളിലൂടെ സ്വാധീനിക്കുന്നത് തടയാൻ ശക്തമായ നിയമങ്ങളുണ്ട്. എങ്കിലും ചില വീരന്മാർ നുഴഞ്ഞുകയറും. ഭരണത്തിന്റെ തലപ്പത്ത് അവരെത്തും. പക്ഷേ കുറെക്കാലം കഴിഞ്ഞ് അവരെ തീഹാർ ജയിലിലും മറ്റും കാണാം. ഇതാണ് നിയമത്തിന്റെ ശക്തി.

മാതൃകാപരമായ തിരഞ്ഞെടുപ്പ് നടത്തി, രാഷ്ട്രത്തിനു കൂടി മാതൃക കാണിച്ചുകൊടുക്കേണ്ട സഭയിൽ ഇത്രയും വലിയ നിയമവ്യവസ്ഥകളൊന്നുമില്ല. കാരണം കുറച്ചൊക്കെ ധാർമ്മികബോധവും ലജ്ജയും തന്റെ അയോഗ്യതയെക്കുറിച്ചു ബോധവുമുള്ള ആരും ഭരണനേതൃത്വത്തിലേക്ക് മൽസരിക്കയില്ല എന്നൊരു പൊതു ധാരണ സഭയിൽ നിലവിലുണ്ടായിരുന്നു. നല്ല ഉദാഹരണമാണ് മെത്രാൻ തെരഞ്ഞെടുപ്പ്. ഇപ്പോൾ നിലവിൽ വരുത്തിയിരിക്കുന്ന സ്ക്രീനിംഗ് പ്രക്രിയയിൽ വിദ്യാഭ്യാസം, പ്രായം, സാക്ഷ്യം തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ നിയമങ്ങളുണ്ട്. എന്നാൽ അങ്ങനെ യാതൊരു നിയമവും അടുത്തകാലം വരെ ഉണ്ടായിരുന്നില്ല. കാരണം, വളരെ യോഗ്യരെന്ന് എല്ലാവരും സമ്മതിക്കുന്ന വ്യക്തികൾ പോലും ആ സ്ഥാനത്തിന് തങ്ങൾ അനർഹരാണ് എന്ന് വിശ്വസിക്കയും അതിൽനിന്ന് പിന്തിരിയാൻ ശ്രമിക്കയും ചെയ്തിരുന്നു ഒരുകാലത്ത്. ഇപ്പോൾ സംഗതികൾ തലതിരിഞ്ഞു. അപ്പോൾ പുതിയ നിയമവ്യവസ്ഥകളും വന്നു. എന്നാൽ ഏതു ചട്ടങ്ങളെയും നിയമങ്ങളെയും മറികടന്ന്, അത്ര ‘ഓക്സിയോസ്’ അല്ലാത്ത ചിലർക്കും കയറിപ്പറ്റാനുള്ള ഓട്ടകൾ എപ്പോഴും ഏതു നിയമ സംവിധാനത്തിലും കാണും. ന്യായമായ തിരഞ്ഞെടുപ്പു വ്യവസ്ഥകളൊന്നുമില്ലാത്ത കേരളത്തിലെ ഒരു സഭയിൽ അൻപതു ലക്ഷം രൂപ വരെ പേശി പലർക്കും മെത്രാൻസ്ഥാനം കൊടുക്കുന്നുണ്ട് എന്നു ശക്തമായ കേൾവിയുണ്ട്. നീതിക്കുവേണ്ടി വാദിക്കുന്ന ചിലരൊക്കെ സ്ഥാനത്തിനു വേണ്ടി ഇത്തരം അനീതിയുടെ മുദ്രപ്പത്രത്തിൽ നിരന്തരം ഒപ്പിട്ടുകൊടുത്തുകൊണ്ടാണിരിക്കുന്നത്. സുവിശേഷം മാത്രം പറയുന്ന ഒരു പുതിയ സഭയിൽ ഒരാൾ മെത്രാൻ സ്ഥാനം ലഭിക്കാൻ കോടികൾ മുടക്കിയ കഥയും രഹസ്യമല്ല. ശക്തമായ ഭരണഘടനയും നിയമാനുസൃത തിരഞ്ഞെടുപ്പുമുള്ള ഒരു സഭാ സംവിധാനത്തിൽ അങ്ങനെയൊരു സംഗതി ഉണ്ടാവാൻ ഇടയില്ല.

ധാർമ്മിക മാനദണ്ഡങ്ങളൊക്കെ മെത്രാൻ തിരഞ്ഞെടുപ്പിന് മതി, മറ്റ് സ്ഥാനങ്ങളിലേക്ക് അതൊന്നും വേണ്ട, ആർക്കും കയറി നിൽക്കാം, എന്നൊരു ധാരണയും ജനങ്ങൾക്കിടയിൽ പരത്താൻ പലരും ശ്രമിക്കുന്നുണ്ട്. ഇത് ശരിയല്ല. “ദൈവജനം” എന്നും ‘യേശുക്രിസ്തുവിന്റെ ശരീരം” എന്നും വിളിക്കപ്പെടുന്ന സഭയുടെ ഭരണസംവിധാനത്തിലേക്ക് തിരഞ്ഞെടുപ്പു വരുമ്പോൾ ആത്മീകമായ മാനദണ്ഡങ്ങൾ അത്യന്താപേക്ഷിതമാണ്. അതു നിർബന്ധമായും വച്ചില്ലെങ്കിൽ, സ്വാഭാവികമായും പണം, പ്രചരണം, ഭീഷണി എന്നിവ ഉപയോഗിച്ച് അനർഹർ സ്ഥാനം നേടും. ഇവിടെ “ജനങ്ങളുടെ ശബ്ദ”ത്തെ, സ്വാർത്ഥതാൽപര്യങ്ങളുടെ ശബ്ദമാക്കി മാറ്റി മറിക്കാൻ കഴിയും എന്നു നാം മറക്കരുത്.

ഇന്ത്യൻ സിവിൽ സർവ്വീസിന്റെ കർശനമായ ഉന്നത പരീക്ഷകൾ പാസ്സായി വരുന്ന മിക്ക ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരെക്കാളും ഒരുപക്ഷേ നന്നായി തന്ത്രങ്ങൾ മെനയാനും എതിരാളിയെ നേരിടാനും കഴിവുള്ളവരായിരിക്കും രാജ്യത്തെ വൻ കൊള്ളത്തലവൻമാരും അധോലോക നേതാക്കളും. പക്ഷേ അവരെ അല്ല നാം പോലീസ് സംവിധാനത്തിന്റെ തലപ്പത്തു വയ്ക്കുന്നത്. കാരണം കൊള്ളത്തലവന്റെ ആത്യന്തിക ലക്ഷ്യം കൊള്ളയും കൊള്ളിവയ്പുമാണ്, രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമമല്ല. യാതൊരു തത്വദീക്ഷയും ഇല്ലാതെ പ്രവർത്തിക്കുന്നവരെ നേതാക്കളായി കരുതുകയും ആരാധിക്കുകയും ചെയ്യുന്ന ദുർബലന്മാരുണ്ടാവാം. ഭയം, സ്ഥാനമോഹം, പ്രതികാരബുദ്ധി തുടങ്ങിയ വികാരങ്ങളാകാം അതിനു പിറകിൽ.

അപ്പോസ്തല പ്രവൃത്തികളിൽ, ഏഴ് ശെമ്മാശന്മാരെ തിരഞ്ഞെടുക്കുന്ന ഭാഗം ശ്രദ്ധേയമാണ്. ആദിമസഭയിൽ, ഭക്ഷണം വിളമ്പുന്നത് സംബന്ധിച്ച്, സ്ത്രീകൾ തമ്മിലുണ്ടായ തർക്കങ്ങൾ പരിഹരിച്ച്, ഊട്ടുപുരയിൽ ക്രമസമാധാനം പാലിക്കാനാണ് അവരെ തെരഞ്ഞെടുക്കുന്നത്. കുറെ തടിമിടുക്കും പ്രായോഗിക ബുദ്ധിയും ധാരാളം മതി ഈ ജോലിക്ക്. പക്ഷേ അപ്പോസ്തോലന്മാർ മാനദണ്ഡങ്ങൾ വ്യക്തമാക്കി ഇങ്ങനെയാണ് സഭയോടു പറഞ്ഞത്: *“ആകയാൽ സഹോദരന്മാരെ, ആത്മാവും ജ്ഞാനവും നിറഞ്ഞു, നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽത്തന്നെ തിരഞ്ഞുകൊൾവിൻ. അവരെ ഈ വേലയ്ക്ക് ആക്കാം”* (6:3). ആ ഏഴു പേരിൽനിന്നാണ് സ്തേഫാനോസ് ശെമ്മാശൻ ക്രിസ്തുവിനുവേണ്ടി അതിശക്തമായ സാക്ഷ്യം വഹിച്ച, സഭയുടെ ആദ്യരക്തസാക്ഷിയായിത്തീർന്നത്. സഭയിൽ ഏതു സ്ഥാനത്തേക്കു തിരഞ്ഞെടുപ്പ് നടത്തുമ്പോഴും അപ്പോസതോലന്മാർ മുന്നോട്ടുവച്ച മൂന്നു മാനദണ്ഡങ്ങൾ-ആത്മാവും ജ്ഞാനവും നല്ല സാക്ഷ്യവും-സുപ്രധാനമാണ്.

മലങ്കരയിലെ കാതോലിക്കേറ്റിന്റെ നൂറാം വാർഷികം ആഘോഷിക്കുമ്പോൾ, സഭയ്ക്ക് പരിശുദ്ധാത്മ നിറവും ജ്ഞാനവും പൊതുസമൂഹത്തിൽ നല്ലസാക്ഷ്യവുമുള്ള ഒരു നേതൃനിര ഉണ്ടാകണം എന്ന ലക്ഷ്യത്തെ നാം ഉയർത്തിപ്പിടിക്കണം. വെറും രാഷ്ട്രീയ പ്രേരിതമായ മാതൃക നാം വർജ്ജിക്കണം. നല്ല പരിശീലനം ലഭിച്ച നമ്മുടെ വൈദികരും ഇടവക ജനങ്ങളും ചേർന്നാണ് വാസ്തവത്തിൽ സഭയുടെ ജീവനാഡി സൃഷ്ടിക്കുന്നത്. അവരെ നിരാശപ്പെടുത്തുകയും ചിന്താക്കുഴപ്പത്തിലാക്കുകയും ചെയ്യുന്ന ശൈലികൾ മേൽത്തട്ടുകളിൽനിന്നുണ്ടായാൽ അത് നമ്മുടെ ജനങ്ങളെയും വൈദികരെയും നിരാശപ്പെടുത്തും. സെമിനാരി പരിശീലനം ലഭിച്ച യുവവൈദികർക്ക് വലിയ ബുദ്ധിമുട്ടില്ലാതെ അവരുടെ കുടുംബം പുലർത്തുന്നതിനും കുട്ടികളെ പഠിപ്പിക്കുന്നതിനും സഹായിക്കുന്ന മാന്യമായ ശമ്പള-സേവനവ്യവസ്ഥകൾ ഉണ്ടാക്കുകയും നമ്മുടെ സമൂഹത്തിന്റെ മാറിവരുന്ന അജപാലനസാഹചര്യങ്ങളോടു ക്രിസ്തീയമായി പ്രതിസപ്ന്ദിക്കുവാൻ ആവശ്യമായ തുടർപരിശീലനം അവർക്കു നൽകുകയും ചെയ്യേണ്ടത് സഭയുടെ അടിയന്തിരാവശ്യമാണ്. പരിശീലനം ലഭിച്ച നമ്മുടെ വൈദികരുടെ നല്ല പ്രവർത്തനങ്ങൾക്ക് നമ്മുടെ ധാരാളം ഇടവകകൾ ഇന്ന് സാക്ഷ്യം വഹിക്കുന്നുണ്ട്. സഭയുടെ പ്രധാനമൂലധനം വിശ്വാസികളായ ജനങ്ങളും അവരെ നയിക്കുന്ന ഇടവക വൈദികരുമാണ്. അതുകൊണ്ട് ഇടവകതലത്തിലുള്ള അജപാലനശുശ്രൂഷയിൽ നമ്മുടെ ശക്തിയുടെ നല്ല പങ്ക് നാം വിന്യസിക്കണം.

ആവശ്യത്തിനും അനാവശ്യത്തിനും ഭദ്രാസനങ്ങൾ സൃഷ്ടിക്കയും അവയ്ക്ക് ആനുപാതികമായ ഇടയ സന്നാഹങ്ങൾ ഒരുക്കുകും ചെയ്തിട്ടും മിഷൻ എന്ന ആശയം മുൻനിർത്തി ഒരു ഭദ്രാസനമോ മെത്രാനെയോ സൃഷ്ടിച്ചില്ല എന്നൊരു വലിയ കുറ്റം നമുക്കുണ്ട്. ആന്തരിക സംഘർഷങ്ങളിൽ നിന്നും അന്തർമുഖത്വത്തിൽനിന്നും സഭയെ എക്കാലത്തും മോചിപ്പിച്ചുകൊണ്ടിരുന്നത് ഇതിന്റെ മിഷനറി ദൗത്യബോധമാണ്. ദുഃഖപൂർണ്ണവും വഞ്ചനയുള്ളതുമായ ഈ ലോകത്തിൽ മനുഷ്യർ ആദ്ധ്യാത്മികമായ എന്താണ് അഭിലഷിക്കുന്നത് എന്നു മനസിലാക്കിയും യേശുക്രിസ്തു എന്തിനു വേണ്ടിയാണ് മനുഷ്യാവതാരം ചെയ്തത് എന്നു തിരിച്ചറിഞ്ഞും, സ്നേഹവും വിശ്വാസവും പ്രത്യാശയുമുള്ള ജീവിതമാതൃക ലോകത്തിനു കാണിച്ചുകൊടുക്കുന്നതാണ് മിഷൻ. സ്നേഹവും സമാധാനവും നീതിയും സത്യവും വസിക്കുന്ന ഇടങ്ങളാണ് മനുഷ്യൻ തേടുന്നത്. ക്രിസ്തീയ സഭയുടെ ദൗത്യം ഇത്തരം ഇടങ്ങളെ സൃഷ്ടിക്കയാണ്. നമ്മുടെ അജപാലനശുശ്രൂഷ ഈ ലക്ഷ്യത്തിലേക്ക് നീങ്ങാൻ സഹായിക്കുന്ന ഒരു നേതൃനിര നമുക്ക് കരുപ്പിടിപ്പിക്കാം.

GM

(എഡിറ്റോറിയൽ, പുരോഹിതൻ)

The 2012 Association: A Layman's Perspective

■ **Georgy S. Thomas**



I was privileged to attend the 2012 Malankara Association as a representative from the St. Thomas Orthodox Church, Bangalore East. This is my second term as an Association member, and perhaps the reason why the editors of this magazine asked me to write a brief article on the same.

The Malankara Association is the parliament of the church. It primarily meets to elect the priest trustee and the lay trustee of the church, and also to elect the bishops.

The Church Constitution envisages the election of a priest trustee and a lay trustee, who are required to work together with the Metropolitan trustee (the Malankara Metropolitan) to administer the common properties of the Church. This practice existed in the Church even prior to the coming into being of the 1934 Constitution. Specifically, this provision was a requirement of the Cochin Award of 1840, which ruled on the dispute between the Church Missionary Society and the Malankara Church. Since then, we've had priest and lay trustees for the whole church.

The Flavour of the Venue

This year's Association venue was the Catholicate College at Pathanamthitta. Over the years, one has seen considerable improvement in the arrangements for the Association, and most of the initial irritants one observed have long been resolved.

Posters and buntings all over town greeted the delegates on their way to the venue. Everywhere, there was festival cheer.

Once inside, participants were greeted with a cool fruit drink in which watermelon lorded over the flavours of other fruits.

Next came registration. It was over in a jiffy. The main attraction was the collection of lunch coupons. A sumptuous repast was ready well before noon. The delegates had a hard time debating whether to have lunch first, or to while away their time catching up with friends.

No expenses were spared to keep the delegates in good spirits by Dr. George Joseph, the Sabha Secretary, who was the force behind the Pathanamthitta Association. Cool refreshments were available on tap very 100 metres or so. To keep delegates in comfort during an unusually hot March day, the main meeting venue was completely covered to facilitate air-conditioning. There were some glitches in the working of the AC set-up, but I'm sure the right lessons have been learned for the next meet.

Over to the lunch venue, where a sumptuous vegetarian spread awaited us. The lunch for priests was arranged elsewhere. This practice has come into vogue ever since the Sasthamkotta Association. Beyond surmising that it could be a more prayerful setting, I have no clues to offer on what could be the reason for this arrangement.

Lunch over, we should have naturally headed to the Association venue, but being a veteran of many Association meets, I knew better. Being Great Lent time, I knew that noon prayers would be underway somewhere at the venue. So we spent the next five minutes quizzing various priests about the location of the college chapel. A few pleaded ignorance, while others appeared surprised at the question. This was disappointing to us because the thought of noon prayers during Great Lent didn't appear to be a priority for them. Ideally, the location of the chapel should have been the first question out from the lips of the priest delegates. But alas, we live in unusual times.

Finally, I located a priest wearing a volunteer badge who seemed to know the lay of the land. Following his directions, we reached the college chapel, where the Malankara Metropolitan was leading the bishops in the recital of the noon prayers. All the bishops, and a few priests, were in attendance. Lay participants were present in good numbers. It was a solemn occasion for all of us, and a blessing to participate in the prayers conducted by the head of the church. Prayer over, we headed to the Association venue.

Malankara Metropolitan, not Catholicos

Careful readers would have noticed that in the previous passage, I had referred to the head of the church as the Malankara Metropolitan, and not the Catholicos. Since the same person holds both the offices, it's difficult to make a distinction. But the Association is an event where one should make that distinction. The Association is convened and presided over by the Malankara Metropolitan, who is the head of the Malankara Orthodox Church. The Church actually doesn't have a Catholicos for itself. Instead, the Catholicos of the Orthodox Syrian Church of the East (or the Persian Orthodox Church) is co-opted as the Catholicos of our church too by making him the president of the episcopal synod (Article 104, 1934 Constitution).

This is more than hair-splitting. It has practical consequences. It may be noted that while the Supreme Court's final judgement in the Second Samudayam case (June 20, 1995) made it clear that the position of LL Baselius Marthoma Mathews II as Catholicos was unquestionable, it forgot to mention his status as the Malankara Metropolitan. Our very expensive lawyers failed to rectify the error in later hearings too before the judgement was decreed!

As a result, the Jacobites were able to argue that Catholicos Baselius Mathews II was not the Malankara Metropolitan, and therefore, not qualified to call for a new Association. They could thus prolong the agony for many years until the Supreme Court once again intervened to help convene the 2002 Association.



Therefore, it's the Malankara Metropolitan who presides over the Association. And the ceremonial robes worn by the head of the church on the occasion is that of the Malankara Metropolitan.

Vote and Scoot

The Association proper began in the afternoon. Even though well fed and cared for, it's difficult to corral nearly 5,000 people for a few hours under a shamiana on a hot and sweltering day, especially if the AC is not working properly! There will be a few moments of theatre!! After the grand and ceremonial arrival of the Metropolitans and the Malankara Metropolitan, the meeting began with a short sermon by Youhanon Mar Dioscorus. The long and tedious part was where the Sabha Secretary read out the names of the elected Managing Committee members from each diocese so that the Malankara Metropolitan could declare their appointment to the position.

I took a break during the event to do a recce on where our polling booths were located. A system had gradually evolved after

ദൈവത്തെ ഭയപ്പെടണോ?

■ കെ.കെ. ജോർജ്

“Fear of the Lord is the beginning of Wisdom’’ (സങ്കീ. 111:11). നാം ജനിച്ചപ്പോൾ മുതൽ കേട്ടുപഠിച്ച വാചകം. ഇതിന്റെ അർത്ഥമെന്താണ്?

പഴയ നിയമത്തിൽ ദൈവത്തെ സൈന്യങ്ങളുടെ യഹോവയായി ചിത്രീകരിച്ചിരിക്കുന്നു. തന്നെ അനുസരിക്കാത്തവരെയും, ശത്രുക്കളെയും ശിക്ഷിച്ച്, ഭയപ്പെടുത്തി, തോൽപ്പിച്ച് തന്റെ കീഴിൽ കൊണ്ടുവന്ന്, “ഞാൻ യഹോവയായ ദൈവമാകുന്നു, എന്ന് ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിച്ചുകൊണ്ട് ഭരിക്കുന്നവനാണ് യഹോവയായ ദൈവം എന്നാണ് യിസ്രായേൽ ജനം മനസ്സിലാക്കിയിരുന്നത്. ഈ ദൈവത്തെ സൃഷ്ടിയായ മനുഷ്യർ പേടിക്കേണ്ടിയിരുന്നു. ദൈവത്തെക്കുറിച്ചുള്ള ഈ ധാരണയ്ക്ക് ഒരു മാറ്റം വരുത്തി, ദൈവം സ്നേഹമാകുന്നു എന്ന് മനുഷ്യരെ മനസ്സിലാക്കുകയും കൂടിയായിരുന്നു യേശുക്രിസ്തുവിന്റെ ദൗത്യം. “സ്നേഹത്തിൽ ഭയമില്ല. ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി കളയുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ ഭയമില്ല. ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി കളയുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല” (1 യോഹ. 4:18). “അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല” (1 യോഹ. 5:3, 4).

‘ദൈവത്തെ ഭയപ്പെടുക’ എന്നാൽ ദൈവത്തെ സ്നേഹിക്കുകയും ദൈവകൽപനകൾ അനുസരിക്കുകയും ചെയ്യുക എന്നതാണ്. അത് സകല ഭയാശങ്കകളും ഇല്ലാതാക്കുന്നതാണ്

നാം സ്നേഹിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുന്ന മാതാപിതാക്കളെ നാം പേടിച്ചിരുന്നതെപ്പോഴാണ്? നാം അവർ പഠിപ്പിച്ചിരുന്നതിന് എതിരായി എന്തെങ്കിലും തെറ്റു ചെയ്യുമ്പോഴായിരുന്നില്ലേ അവരെ പേടിച്ചിരുന്നത്? വിലക്കപ്പെട്ട കനി ഭക്ഷിച്ചപ്പോഴായിരുന്നല്ലോ ആദവും, ഹവ്വയും ഏദൻതോട്ടത്തിൽ ദൈവസാന്നിദ്ധ്യത്തിൽ നിന്ന് ഓടിയൊളിക്കേണ്ടിവന്നത്. കള്ളൻമാർക്കല്ലേ പോലീസിനെ പേടിക്കേണ്ടതുള്ളൂ. സ്നേഹം മാത്രമായ ദൈവത്തെ നാം അനുരിക്കുമ്പോൾ ഓടി ഒളിക്കേണ്ട ആവശ്യമേ ഇല്ല. യഥാർത്ഥ ദൈവഭയം നമ്മുടെ എല്ലാ ഭയാശങ്കകളെയും ഇല്ലായ്മ ചെയ്യുന്നു; ഹൃദയം ദൈവസ്നേഹത്താൽ നിറയ്ക്കുന്നു.

“എനിക്കാരെയും പേടിയില്ല. ഞാൻ എന്റെ മനഃസാക്ഷിക്ക് ഒത്ത് ജീവിക്കും” എന്ന് നാസ്തികർ പറയാറുണ്ട്. ഇവർ ഇങ്ങനെ പറയുന്നതുതന്നെ ദൈവത്തെ ഭയന്നിട്ടാണ്. ദൈവകല്പനകൾ അംഗീകരിച്ച് ദൈവസ്നേഹം കൈപ്പറ്റുകയാണിവർ ചെയ്യേണ്ടത്. ദൈവത്തെ ആരാധിക്കുകയും, സ്നേഹിക്കുകയും ചെയ്യുവാൻ ആരുടെയും അനുവാദമോ ഒത്താശയോ ആവശ്യമില്ലല്ലോ. ദൈവത്തിൽ വിശ്വസിക്കുന്ന നാം, പിശാചുണ്ടെന്ന് വിശ്വസിച്ചേ പറ്റുകയുള്ളൂ. നാം യഥാർത്ഥത്തിൽ പേടിക്കേണ്ടത് ദൈവത്തെയല്ല, പിശാചിനെയാണ്. പരിശുദ്ധാത്മാവ് നമ്മെ രക്ഷിക്കുവാൻ നോക്കുന്നതുപോലെ തന്നെ അശുദ്ധാത്മാവ് നമ്മെ വഴിതെറ്റിക്കാനും പരിശ്രമിച്ചുകൊണ്ടിരിക്കും.

മണലാരണ്യത്തിലേക്ക് ഉപവാസത്തിനും ധ്യാനത്തിനുമായി പോയ യേശുക്രിസ്തുവിന്റെ പിന്നാലെയും പിശാച് ചെന്നല്ലോ. അങ്ങനെയുള്ള അശുദ്ധാത്മാവിന് ഭൗതികശരീരത്തിൽ ജീവിക്കുന്ന മനുഷ്യരെ വഴിതെറ്റിക്കുവാൻ എത്രെളുപ്പമായിരിക്കും എന്ന് ചിന്തിക്കുക. യേശുക്രിസ്തുവിനെ പരീക്ഷിക്കുവാൻ അടുത്തുവന്ന പിശാചുക്കളോടെതിർത്തു നിൽക്കുവാൻ ദൈവദൂതന്മാർ സഹായത്തിനുണ്ടായിരുന്നതായി നാം വായിക്കുന്നു. ദൈവദൂതന്മാരുടെ സഹായം നമുക്കും ആവശ്യമുണ്ടോ എന്നു നിശ്ചയിക്കുവാനുള്ള വിവേചനാധികാരം ദൈവം നമുക്ക് നൽകിയിരിക്കുകയാണ്. ചില വീടുകളിൽ കണ്ടിട്ടുള്ള ഒരു ചിത്രം ഓർമ്മയിൽ വരുന്നു. മരണത്തോടടുത്ത ഒരു രോഗിയുടെ ഇരുവശങ്ങളിലുമായി മാലാഖമാരും, പിശാചുക്കളും നിലയുറപ്പിച്ചിട്ടുണ്ട്. മാലാഖമാരുടെ വശത്തേക്കു മാത്രം തിരിക്കുന്ന രോഗിയുടെ ആഗ്രഹം മനസ്സിലാക്കുന്ന പിശാചുക്കൾ ഓടിമറയുന്നു. മനുഷ്യന്റെ തീരുമാനത്തിനെതിരായി ഒന്നും സംഭവിപ്പിക്കുവാൻ പിശാചിന് കഴിയുകയില്ലെന്നുള്ള ദൂതാണിത് കാണിക്കുന്നത്. ദൈവാത്മാവിനെ മാത്രമേ നാം ആശ്രയിക്കുകയുള്ളൂ എന്നു മനസ്സിലാക്കിയാൽ മാത്രമേ അശുദ്ധാത്മാവ് നമ്മെ വിട്ടുപോകുകയുള്ളൂ. പരീക്ഷണങ്ങൾ ഉണ്ടാവുമ്പോൾ യേശുക്രിസ്തു പിശാചിനോട് പറഞ്ഞതുപോലെ “സാത്താനെ, എന്നെ വിട്ടുപോ, നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെമാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലോ” (മത്താ 4:10) എന്നു പറയുവാൻ നമുക്ക് ധൈര്യമുണ്ടാവുമോ, അതോ പിശാചിന്റെ സ്വാധീനത്തിൽ പെട്ടെന്നുള്ള ആകർഷണം കൊണ്ട് തിന്മയിലേക്ക് പോകുമോ? പരസ്പരവിരുദ്ധങ്ങളായ രണ്ടു ശക്തികളെ, ദൈവാത്മാവിനെയും ദുഷ്ടാത്മാവിനെയും എങ്ങനെ കൈകാര്യം ചെയ്യുമെന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ നിത്യസന്തോഷത്തിലേക്കുള്ള പ്രവേശനസാധ്യത. നന്മയിലേക്കുള്ള വഴി ദൈർഘ്യമുള്ളതും ദുർഘടം പിടിച്ചതുമാണെന്നു പറയാറുണ്ട്. തിന്മയിലേക്ക് തിരിയുവാൻ വളരെ എളുപ്പമാണ്. അശുദ്ധാത്മാക്കളുടെ സഹവർത്തിത്വം തീർത്തും ഉപേക്ഷിച്ച്, ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തെ സ്നേഹിക്കുകയും ചെയ്യുകയാണാവശ്യം. ഇതാണ് ദൈവഭയം എന്ന വാക്കുകൊണ്ട് വി. വേദപുസ്തകം സൂചിപ്പിക്കുന്നത്. പിശാചിനെയാണ് നാം പേടിക്കുകയും അകറ്റിനിർത്തുകയും ചെയ്യാൻ മനഃപൂർവ്വം ശ്രമിക്കേണ്ടത്.

യഹോവയെ ഭയപ്പെടുക എന്നുള്ള പ്രയോഗത്തിലെ അകാരണമായ ‘ഭയം’ ഹീബ്രു ഭാഷയിൽനിന്നുള്ള മൊഴിമാറ്റത്തിൽ സംഭവിച്ചതാണെന്നാണ് വേദപുസ്തക വിദഗ്ധർ പറയുന്നത്. ഹീബ്രു ഭാഷയിൽ ‘Yivah’ എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. ഇതിന്റെ അർത്ഥം High Respect (അത്യാദരവ്) എന്നാണ്. ദൈവം എപ്പോഴും നമ്മെ സകല ഭയങ്ങളിൽനിന്നും അകറ്റുകയാണ് ചെയ്യുന്നത്. അതിനാൽ ധൈര്യമായിരിക്കാൻ നാം ദൈവസ്നേഹത്തിൽ മനസ്സുറപ്പിച്ച് ദൈവത്തിലേക്ക് തിരിയണം.

GM



കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Orthodox International Foundationന്റെ ഓണററി സെക്രട്ടറിയാണ് ലേഖകൻ.

(Continuation of Page 41)

the polling booth chaos at the 2007 Parumala Association to locate them exactly parallel to where seating had been provided to the delegates. This year, there was a slight complication. AC at the venue meant that the shamiana had to be fully covered. And this meant delegates had to trek back all the way to the main entrance to get out for voting. This was an open invitation to break open the shamiana, and create pathways to the polling booths. As an experienced veteran, I foresaw this and alerted my friends.

As Georgian Mirror readers know, there were four candidates for the lay trustee post, and two priests vying for the priest trustee slot. The candidates were then presented on stage, and asked to leave after waving at the delegates. The chief electoral officer then tried to explain the unnecessarily complicated rules of the preferential voting system. The entire crowd gave a collective groan. Even a veteran like me, who had voted under the same system in 2007, had a hard time understanding how it worked. Time for a rethink! Now it was voting time. Cor-epsicopas beat rambans and ordinary priests in creating gaps in the shamiana as they raced to the polling stations. Our team was the first at our booth. I was surprised to find that another Bangalorean had pitched his tent there even before me with the solemn pronouncement: "It's one meal and two votes today. Meal over, I headed straight here!"

Voting over, we quickly partook some more refreshments, and scooted out of the venue. The results were in before we boarded the train. I'll use another occasion to shed some light on the voting pattern of the delegates while electing the priest trustee.

(The author is a moderator of ICON)


വെള്ളിക്കോൽ സംസാരിക്കുന്നു

■ പോൾ മണലിൽ



മലങ്കരസഭയിൽ ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിച്ച ഫാ. ജോസഫ് വെണ്ടറപ്പിള്ളി എഴുതിയ ഇരുപത്തിയഞ്ച് ലേഖനങ്ങളുടെ സമാഹാരമാണ് 'വെള്ളിക്കോൽ'. ഓർത്തഡോക്സ് യൂത്ത്, മലങ്കരസഭ എന്നീ പ്രസിദ്ധീകരണങ്ങളിൽ 1969 നും 2000 നും ഇടയിൽ അദ്ദേഹം എഴുതിയ നിരീക്ഷണങ്ങളുടെയും വിമർശനങ്ങളുടെയും സമാഹാരമാണ് ഈ പുസ്തകം. സഭാസമൂഹവുമായി ബന്ധപ്പെട്ട വിഷയത്തിൽ വെള്ളിക്കോൽ എന്ന തൂലികാനാമത്തിലായിരുന്നു ഫാ. ജോസഫ് വെണ്ടറപ്പിള്ളി ലേഖനങ്ങൾ എഴുതിയിരുന്നത്. വെണ്ടറപ്പള്ളി അച്ചൻ 2002 ൽ അന്തരിച്ചു. അദ്ദേഹം എഴുതിയ ലേഖനങ്ങളിൽനിന്ന് ഒരു പ്രസാധക സമിതി തുടർന്ന് തിരഞ്ഞെടുത്തു പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് 'വെള്ളിക്കോൽ'.

പള്ളിയും പള്ളിയുമായി ബന്ധപ്പെട്ടതുമായ സമകാലിക വിഷയങ്ങളുടെ നർമ്മവും ആക്ഷേപവും ചാലിച്ചെഴുതിയിരിക്കുന്നു ഈ പുസ്തകത്തിൽ. വിഷയത്തിന്റെ ഗൗരവം അനുസരിച്ച് അതിന്റെ മൂർച്ച കൂടിയും കുറഞ്ഞും ഇരിക്കുന്നു ഇതിലെ ലേഖനങ്ങളിൽ. സമകാലിക സ്വഭാവത്തോടെ എഴുതിയതാണെങ്കിലും ഇതിലെ ലേഖനങ്ങളുടെ പ്രസക്തി ഇന്നും ഒട്ടും കുറഞ്ഞിട്ടില്ല. സഭയുടെയും വിശ്വാസത്തിന്റെയും പേരിൽ അസഭ്യവർഷങ്ങൾ ചൊരിയുന്ന ഊമക്കത്തു പ്രസ്ഥാനത്തെപ്പറ്റിയും പേപ്പട്ടിയെപ്പോലെ കാലഹരണപ്പെട്ട പള്ളി നേതൃത്വത്തെപ്പറ്റിയും റൗഡിവിളയാട്ടം നടത്തുന്ന പള്ളി പൊതുയോഗങ്ങളെപ്പറ്റിയും കിംവദന്തികൾ പ്രചരിപ്പിക്കുന്ന സഭയിലെ അഴുക്കുചാൽ പ്രസ്ഥാനത്തെപ്പറ്റിയും വിഘടിതരുടെ 'വാഴിക്കൽ' രീതി വിവരിക്കുന്ന അഖില മലങ്കര അവസരവാദിസംഘം ക്ലിപ്തത്തെപ്പറ്റിയും മറ്റും വിവരിക്കുമ്പോൾ വെള്ളിക്കോലിന്റെ പ്രസക്തി ഇന്നും സജീവമാണെന്നു തോന്നിപ്പോകും.



ഫാ. ജോസഫ് വെണ്ടറപ്പള്ളി ഇതിലെ ലേഖനങ്ങൾ എഴുതിയത് 'വെള്ളിക്കോൽ' എന്ന തൂലികാനാമത്തിലായിരുന്നല്ലോ. ഇപ്പോൾ ഗ്രന്ഥത്തിനും ആ നാമം തന്നെ നൽകിയിരിക്കുന്നു. അത് തികച്ചും ന്യായമെന്നു തോന്നുന്നു.

പണ്ടത്തെ ആളുകൾ ഉപയോഗിച്ചിരുന്ന ഒരു അളവ് സാമഗ്രിയാണ് വെള്ളിക്കോൽ. ഒരു തുലാം വരെ തൂക്കാനുള്ള ഒരു കോലായിരുന്നു അത്. ഇന്നത്തെ കട്ടിയും ത്രാസും പ്രചാരത്തിലാകും മുമ്പ് ഈ വെള്ളിക്കോൽ പ്രചാരത്തിലുണ്ടായിരുന്നു.

വെള്ളിക്കോൽ കാലഹരണപ്പെട്ട ഒരു ഉപകരണമാണെങ്കിലും അതിന്റെ ധർമ്മം ഒരിക്കലും കാലഹരണപ്പെടുന്നില്ലെന്നു പറയട്ടെ! സമൂഹത്തെ അളന്നു തൂക്കാനുള്ള ഒരു അളവുകോൽ എന്ന നിലയിൽ വെള്ളിക്കോലിന്റെ ധർമ്മം ഇന്നും അപ്രസക്തമായിട്ടില്ല. ഫാ. ജോസഫ് വെണ്ടറപ്പള്ളി ഇങ്ങനെ എഴുതുന്നു: "പുറത്തുള്ള മായംപോലെ പള്ളിക്കാര്യത്തിലും മായം ചേർന്നു തുടങ്ങിയിരിക്കുന്നു. തന്മൂലം പലതിലും സത്യാവസ്ഥ കാണുവാൻ വഴിയേറെ നടക്കേണ്ടിയിരിക്കുന്നു."

സഭയിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ പുതിയ വെള്ളിക്കോൽകൊണ്ട് അളക്കേണ്ട കാലം വീണ്ടും സംജാതമായിരിക്കുന്നു എന്ന് ഉദ്ഘോഷിക്കുന്ന ഒരു ഗ്രന്ഥമാണ് ജോസഫ് വെണ്ടറപ്പള്ളിയച്ചന്റെ 'വെള്ളിക്കോൽ'

ദൈവനാമത്തിലുള്ള ഇത്തരം മറിമായങ്ങൾ അവസാനിപ്പിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് വെണ്ടറപ്പള്ളിയച്ചൻ എഴുതിയ ഇതിലെ ലേഖനങ്ങൾ അജ്ഞാനികളും അല്പജ്ഞാനികളുമായ ആളുകളുടെ ജീവിതത്തെ നിരീക്ഷിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. ഇതിലെ ലേഖനങ്ങൾ സത്യം കണ്ടെത്താനുള്ള മാർഗ്ഗങ്ങളാണ്. ഭക്തിയിൽ മുൻതൂക്കമില്ലാത്ത ഒരുകൂട്ടർ അവരുടെ വിഭക്തി ഉപയോഗിച്ച് തങ്ങളുടെ ചുറ്റുമുള്ള ആട്ടിൻപറ്റങ്ങളെ കറന്നെടുക്കുന്നതും കറക്കിക്കളയുന്നതും കണ്ടില്ലെന്നു നടിക്കാൻ വെണ്ടറപ്പള്ളി അച്ചൻ സമ്മതിക്കുന്നില്ല. അത്തരക്കാരെ സൂക്ഷ്മതയോടെ ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ അദ്ദേഹം വിലയിരുത്തുന്നു.


വെണ്ടറപ്പള്ളി ദീർഘകാലം അധ്യാപകനായിരുന്നു. ആദർശധീരനായ വൈദികൻ, അനുഗൃഹീത പ്രഭാഷകൻ തുടങ്ങിയ നിലകളിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. ഈ മാതൃകാധ്യാപകനെ വിദ്യാർത്ഥികൾ വിളിച്ചിരുന്നത് 'വണ്ടർഫുൾ' അച്ചൻ എന്നായിരുന്നു. ഈ പുസ്തകത്തിലൂടെ കടന്നുപോയപ്പോൾ എനിക്ക് തോന്നിയത്, അച്ചന് എഴുത്തിലും ഒരു 'വണ്ടർഫുൾ' ശൈലി ഉണ്ടായിരുന്നെന്നാണ്. ബാരിസ്റ്റർ ജി.പി. പിള്ളയുടെയും സി.ബി. കുമാറിന്റെയും ഉപന്യാസങ്ങൾക്കുള്ള ചേതോഹാരിത വെണ്ടറപ്പള്ളിയച്ചന്റെ ഈ ഉപന്യാസങ്ങൾക്കും ഉണ്ടെന്നു പറയാൻ തോന്നുന്നു. ഒരു ആശയം അവതരിപ്പിക്കാൻ നർമ്മവും ചിന്തയും യുക്തിയും അച്ചൻ സമന്വയിപ്പിക്കുന്നു. കേവലം ഒരു വിപണനമല്ല അച്ചൻ നടത്തുന്നത്. ജി.പി.പിള്ള എഴുതിയ 'ലണ്ടനും പാരീസും' എന്ന യാത്രാവിവരണത്തിലും സി.ബി. കുമാർ എഴുതിയ ലണ്ടൻ കത്തുകളിലും എഴുത്തുകാരന്റെ സൂക്ഷ്മതയും നിരീക്ഷണവും ചിത്രീകരണപാടവവും സമന്വയിക്കുന്നു. കാഴ്ചയെയും കേൾവിയെയും വെണ്ടറപ്പള്ളിയച്ചൻ സമാഹരിച്ചിരിക്കുന്നതു കാണുമ്പോൾ എത്ര സൂക്ഷ്മതയോടെയും സത്യസന്ധതയോടെയും സമഗ്രതയോടെയുമാണ് സി.ബി. കുമാറിനെ പോലെയും ജി.പി. പിള്ളയെ പോലെയും അദ്ദേഹം വിഷയത്തെ സമീപിച്ചിരിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും. അച്ചൻ അവതരിപ്പിക്കുന്ന ചില കഥാപാത്രങ്ങളുടെ പേരുകൾ മാത്രം പറയാം – മാത്തൻ, പോത്തൻ, ശ്രീമാൻ തുണ്ടംതുരുത്തി, അങ്ങാടിവീടൻ, കൊമ്പിനാലച്ചൻ, മെയ്യനക്കാപ്പറമ്പിലച്ചൻ, ഇട്ടൂപ്പ്, പാവുണ്ണി – ഇങ്ങനെ നീളുന്നു ആ പട്ടിക. സത്യം പറയട്ടെ, നമ്മുടെ സഭയിൽ ഈ കഥാപാത്രങ്ങൾ ഇന്നും ജീവിക്കുന്നു.

സഭയിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ പുതിയ വെള്ളിക്കോൽകൊണ്ട് അളക്കേണ്ട കാലം വീണ്ടും സംജാതമായിരിക്കുന്നു എന്ന് ഉദ്ഘോഷിക്കുന്ന ഒരു ഗ്രന്ഥമാണ് ജോസഫ് വെണ്ടറപ്പള്ളിയച്ചന്റെ 'വെള്ളിക്കോൽ'. മുന്തിരിത്തോപ്പിലെ അഭിനയസേവനം, പള്ളിയിൽ പേപ്പട്ടി, തിരുനാമത്തിൽ മറിമായം, മുന്തിരിത്തോപ്പിലെ കൊച്ചമ്മസേവനം, ഉറവ വറ്റിയ കിണറുകൾ, മത്തായിയുടെ മദ്ധ്യസ്ഥത, അടുക്കള അവുസേപ്പ്, ജഗന്നാഥൻ, മനസ്സേ മടങ്ങുക തുടങ്ങിയ ലേഖനങ്ങൾ വെണ്ടറപ്പള്ളിയച്ചന്റെ രചനാകൗശലത്തിനു ശൈലീഭദ്രതയ്ക്കും ഉത്തമ ഉദാഹരണങ്ങളാണെന്നും പറയാൻ ആഗ്രഹിക്കുന്നു. സഭാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആത്മവിമർശനം നടത്താനും കുമ്പസാരിക്കാനും സന്നദ്ധതയുണ്ടെങ്കിൽ 'വെള്ളിക്കോൽ' ഒരു അവശ്യഘടകമാണ്.

വെള്ളിക്കോൽ (ലേഖനങ്ങൾ)
ഫാ. ജോസഫ് വെണ്ടറപ്പള്ളി
വില 100 രൂപ
കൺവീനർ: ടി.എം. ജോസ്
ഫോൺ: 974417223
വിതരണം: സി.എൽ.എസ്. ബുക്ഷോപ്പ്
എം.ജി. റോഡ്, എറണാകുളം–11

സഭയ്ക്കു തീരാകളങ്കം വരുത്തിവച്ച ദശനിമിഷ ചഷക പ്രകടനം

■ കെ.വി. മാമ്മൻ കോട്ടയ്ക്കൽ



ഏതാനും ദശകങ്ങൾക്കു മുമ്പ് തെക്കൻ തിരുവിതാംകൂറിലെ (ഇന്നു കന്യാകുമാരി ജില്ല) മാർത്താണ്ഡം എന്ന സ്ഥലത്ത് ആരംഭിച്ച പ്രശസ്തമായ വൈ.എം.സി.എ. പ്രസ്ഥാനം ഗ്രാമീണരുടെ ജീവിതത്തെ പലവിധത്തിൽ സ്വാധീനിച്ചു. കാർഷികരംഗത്തെ മുന്നേറ്റത്തിനു വേണ്ടി കൃഷിശാസ്ത്രജ്ഞനായ ഒരു സായിപ്പ് അവിടെ ഒരു മാതൃകാ കൃഷിത്തോട്ടം ഉണ്ടാക്കി. തെങ്ങും വാഴയും മരച്ചീനിയും ചേനയും കാച്ചിലും മറ്റും തഴച്ചുവളർന്നു. കർഷക ജനത ഈ മാതൃക അനുകരിക്കാമെന്നു പറഞ്ഞു സന്തോഷിച്ചു. കൃഷിത്തോട്ടത്തിനു ചുറ്റും നല്ല മുളമുള്ളുവേലിയും കെട്ടിയിരുന്നു. സായിപ്പ് രണ്ടു ദിവസം സൂര്യോദയവും അസ്തമനവും മറ്റും കാണുന്നതിനും സാഗരസംഗമസ്ഥാനത്തെ കാറ്റ് ആസ്വദിക്കുന്നതിനും കന്യാകുമാരിയിൽ പോയി താമസിച്ചു. സായിപ്പ്, കന്യാകുമാരിയിൽ ആയിരുന്നപ്പോൾ കന്നുകാലികൾ വേലിക്കകത്ത് മാതൃകാ കൃഷിത്തോട്ടത്തിലെ വിളകളെല്ലാം തിന്നു നശിപ്പിച്ചു. സായിപ്പ് തിരിച്ചുവന്നപ്പോൾ ഇങ്ങനെയാണോ സായിപ്പ് മാതൃകാ കൃഷിത്തോട്ടം നിർമ്മിച്ചു സൂക്ഷിക്കേണ്ടതെന്നു നാട്ടുകാർ ചോദിച്ചു. അതിനു മറുപടിയായി സായിപ്പ് പറഞ്ഞു. "നിങ്ങൾ കൃഷി ചെയ്യുമ്പോൾ വേണ്ടവിധം സൂക്ഷിക്കാതെ ഇങ്ങനെ കന്നുകാലികൾ വിള നശിപ്പിക്കാൻ ഇടവരുത്തരുതെന്നു നിങ്ങളെ പഠിപ്പിക്കാനാണ് ഞാൻ ഈ കൃഷിത്തോട്ടം ഉണ്ടാക്കിയത്."

ഇക്കഴിഞ്ഞ ജനുവരി ഒടുവിൽ ആലുവ തൃക്കുന്നത്ത് സെമിനാരിയിലെ മിക്കവാറും അടഞ്ഞുകിടക്കുന്ന പള്ളിയിൽ നിയമലംഘനത്തിലൂടെ ഒരു മേൽപ്പട്ടക്കാരൻ പത്തു പന്ത്രണ്ടു മിനിട്ട് കൊണ്ട് കട്ടും മോഷ്ടിച്ചും ഒരു കുർബാന നടത്തിയെന്നു പത്രത്തിൽ വായിച്ചപ്പോഴാണു സായിപ്പിന്റെ മാതൃകാ കൃഷിത്തോട്ടക്കാര്യം ഓർമ്മയിൽ ഓടിയെത്തിയത്. പട്ടക്കാരും മേൽപ്പട്ടക്കാരും എങ്ങനെയുള്ളവരായിരിക്കരുതെന്നും ആരാധനയുടെ മകുടമായ വി. കുർബാന എങ്ങനെ അനുഷ്ഠിക്കരുതെന്നും സഭാംഗങ്ങളെ ശരിക്കും ഉദ്ബോധിപ്പിക്കുന്ന കുതന്ത്രങ്ങളാണു ചില കുരുട്ടുബുദ്ധിക്കാർ കാട്ടിക്കൂട്ടിയത്. അക്രൈസ്തവ ജനങ്ങൾക്കിടയിൽ ക്രൈസ്തവ സഭകളെ നിന്ദാപാത്രങ്ങളാക്കി മാറ്റിയതിൽ സന്യാസികളെന്നു കരുതപ്പെടുന്ന ചില മേൽപ്പട്ടക്കാർക്കും അമ്മായിമാരുള്ള പട്ടക്കാർക്കും ചില പാസ്റ്റർമാർക്കും മറ്റും ഗണ്യമായ പങ്കുണ്ട്. അതുകൊണ്ടാണല്ലോ അവരിൽ ചിലരുടെ വഴിവിട്ട ചെയ്തികളെപ്പറ്റി സി.ബി.ഐ. തുടങ്ങിയ കുറ്റാന്വേഷണ സംഘങ്ങൾ ഇന്നും അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്.

യേശുക്രിസ്തു സ്ഥാപിച്ചതും കൂദാശകളുടെയും ആരാധനയുടെയും മകുടവുമായ വിശുദ്ധ കാർബാനയുടെ വേദശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ അർത്ഥതലങ്ങൾ മനസ്സിലാക്കാനുള്ള തലച്ചോറു കുറഞ്ഞവർ അവ വെറും അപ്പ വീഞ്ഞുകളാണെന്നും കൂട്ടായ്മയുണ്ടാക്കി പെട്ടെന്നു തിന്നുകുടിക്കാമെന്നും ഓർമ്മയ്ക്കായി ഒന്നു ചവച്ചരച്ചാൽ മതിയെന്നും പഠിപ്പിക്കുന്നുണ്ട്. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അപ്പം നുറുക്കി എന്നു പറഞ്ഞുകൊണ്ട് ഇഡ്ഡലിയും സാമ്പാറും കഴിക്കുന്ന ചില നവീകരണ വിശ്വാസികളും ഉണ്ട്. ഈ ഭക്ഷണ കൂട്ടായ്മയും വിശുദ്ധ കുർബാനയും തമ്മിൽ നെല്ലും പുല്ലും പോലെയുള്ള വ്യത്യാസമുണ്ട്. നേട്ടം കൊയ്യാൻ കട്ടു കുർബാന വിതയ്ക്കുന്നു. ആരാധനയിലൂടെ ജീവിക്കുന്നതാണ് പൗരസ്ത്യസഭകളുടെ പ്രത്യേകത. ആരാധന, ഭാഷ ഗീതങ്ങൾ, പള്ളികളുടെ വാസ്തുശില്പം എന്നിവയെല്ലാം ആരാധനയിൽ പ്രാധാന്യമുള്ള കാര്യമാണ്. സഭ എന്നു പറഞ്ഞാൽ അപ്പസ്തോലികവും കാതോലികവും ഏകവും വിശുദ്ധവുമായ ഒന്നാണ്. ആരാധന നയിക്കാൻ ആചാര്യന്മാരും (പണ്ട് മൂപ്പൻ) പുണ്യജീവിത സഹായികളായ കൂദാശകളും എല്ലാം സഭയുടെ പ്രത്യേകതയാണ്. ഏതെങ്കിലും ഒരു ഹാളിൽ കൂടി മറുഭാഷ പറയുന്നവരും അവയ്ക്കു പാദം വരെ നീണ്ടുകിടക്കുന്ന ജൂബ്ബാ ധരിച്ചു നേതൃത്വം നൽകുന്നവരും അവർ കൊണ്ടുവരുന്ന കാർഷിക വിളകൾ പുഴുങ്ങി നുറുക്കി തിന്നു തൃപ്തിവരുത്തുന്നവരും സഭയുടെ നിർവ്വചനത്തിൽ വരുന്നില്ലെന്നു മനസ്സിലാക്കണം. കുറെ ആളുകൾ സംഘം ചേർന്നാൽ 'കൂട്ടം' എന്ന അർത്ഥത്തിൽ സഭയെന്നു പറയാം. ഉദാഹരണം നിയമസഭ, വിശ്വകർമ്മസഭ, സംഗീതസഭ, ധീവരസഭ മുതലായവ. നവീകരണക്കാരും തിരുവത്താഴശുശ്രൂഷയ്ക്ക് ഒരു മണിക്കൂറെങ്കിലും എടുക്കും. ദൈവസ്നേഹം മനുഷ്യർ രുചിച്ചനുഭവിച്ചറിയുന്ന സമുന്നത കൂദാശയാണു വിശുദ്ധ കുർബാന. ദൈവത്തിൽനിന്നു മക്കൾ അനുഗ്രഹങ്ങൾ പ്രാപിക്കുന്ന ഈ കൂദാശ "അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവും" ആണെന്നല്ലേ വി,. കുർബാനയിൽ നാം ചൊല്ലുന്നത്.

കളകളും നെല്ലുവിളയും വരെ നില നിൽക്കും എന്നു ക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ടല്ലോ

അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് വിശേഷിപ്പിച്ചിരിക്കുന്നതു വി. കുർബാന 'അമരത്വത്തിനുള്ള ഔഷധം' എന്നാണ്. ഇന്നത്തെ പല അന്ത്യോക്യ വിശ്വാസികൾക്കും അത് അജ്ഞാതമായിരിക്കുന്നു. നിത്യനായ ദൈവം സ്വന്ത ജീവനെ മനുഷ്യർക്കായി അർപ്പിച്ചു. നാം അതു സ്വീകരിച്ചുകൊണ്ടു നമ്മുടെ ജീവനെ ദൈവഹിതത്തിനായി സമർപ്പിക്കുന്ന അതിവിശുദ്ധമായ സന്ദർഭമാണ് വി. കുർബാന സമയം. ദൈവത്തിനു സ്തോത്രം അർപ്പിക്കാൻ ഒരു നിമിഷം മതി. എന്നാൽ വി. കുർബാന അതിന്റെ അർത്ഥവും പ്രാധാന്യവും പരിപാവനത്വവും മനസ്സിലാക്കിക്കൊണ്ട് വലിയ ഒരുക്കത്തോടെ ദൈവ മഹത്വത്തിനു വേണ്ടി അർപ്പിക്കാൻ ഒരു മണിക്കൂറെങ്കിലും വേണം. അരക്കുർബാന നടത്തിയവരെയും സഭ കണ്ടിട്ടുണ്ടല്ലോ. ഇന്നവർക്ക് 60 മിനിട്ട് വേണം.

ആരാധനയിൽ സംബന്ധിക്കുന്ന സത്യവിശ്വാസികൾക്ക് അവാച്യമായ ആത്മാനുഭൂതി ലഭിക്കണമെങ്കിൽ ദൈവസാന്നിദ്ധ്യദ്യോതകമായ ത്രോണോസും ത്രോണോസിലെ ദീപം ജ്വലിക്കുന്ന മെഴുകുതിരിക്കാലുകളും കുന്തിരിക്കപ്പുക വമിക്കുന്ന ധൂപക്കുറ്റിയും അപ്പവീഞ്ഞുകൾ ഉൾക്കൊള്ളുന്ന കാസായും പീലാസായും ഒക്കെ ആവശ്യമാണ്. കത്തുന്ന മെഴുതിരിക്കാലുകൾക്കു പകരം രണ്ടു വശങ്ങളിലും ലാത്തിപിടിച്ചുനിൽക്കുന്ന ചില കപ്യാർവേഷധാരികളും കുന്തിരിക്കപ്പുക പുറപ്പെടാത്ത ധൂപക്കുറ്റിയും അപ്പ വീഞ്ഞുകൾ ഇല്ലാത്ത പൂജാപാത്രങ്ങളും കൊണ്ട് അഞ്ചോ പത്തോ പതിനഞ്ചോ മിനിട്ട്കൊണ്ട് 'കുർബാന' നടത്തുന്നവർ ശപിക്കപ്പെട്ടവരാണെന്നു വിധിക്കാൻ ഉയരത്തിൽനിന്നു ഒരു മീഖായേലും വരേണ്ടതില്ല. ഏതാനും വർഷം മുമ്പ് ബത്തേരിപ്പള്ളിയിൽ ഓടിളക്കി കട്ടുകുർബാന നടത്തിയ പട്ടക്കാരന് പിന്നീട് ആ കർമ്മം നടത്താൻ അവസരം ദൈവം കൊടുത്തില്ലെന്ന കാര്യം മറക്കാറായിട്ടില്ല.

ഞായറാഴ്ച വി. കുർബാന ചൊല്ലാൻ ആഗ്രഹിക്കുന്ന നല്ല വൈദികൻ ശനിയാഴ്ച മുതലേ അതിനുവേണ്ടി പ്രത്യേകം ഒരുങ്ങണം. തൂയോബോ (അല്ലെങ്കിൽ ഒരുക്ക ശുശ്രൂഷ) പരസ്യശുശ്രൂഷ, വചന ശുശ്രൂഷ, തിരുശരീരരക്ത ശുശ്രൂഷ സമാധാനശുശ്രൂഷ, മദ്ധ്യസ്ഥ പ്രാർത്ഥന, ധൂപപ്രാർത്ഥന, വി. കുർബാനാനുഭവം, ആശിർവാദം മുതലായവ ഇല്ലാത്ത കുർബാന കുറുക്കുവഴികളിലൂടെ ദുഷ്ടലാക്കോടെ നടത്തുന്ന വെറും തട്ടിപ്പും കാപട്യം നിറഞ്ഞ കർമ്മവുമാണ്. ആരാധനാ ജീവിത പരിചയരഹിതരും വിദ്യാഭ്യാസയോഗ്യത കുറഞ്ഞവരുമായ സഭാംഗങ്ങൾ പോലും ഇത്തരം തട്ടിപ്പുകളെ പട്ടാപ്പകലും നിരാകരിക്കും.

നിരോധനം നിലനിൽക്കേ വ്യവസ്ഥകളെ കാറ്റിൽപറത്തിയും കപ്പപ്പൊടി ഒളിച്ചുകടത്തിയും പരിപാവനമായ ആരാധനയെ ഒരു കോപ്രായമാക്കി മാറ്റിയവർ ദൈവമുമ്പാകെ ശിക്ഷാർഹരാണ്. കളകളും നെല്ലുവിളയും വരെ നിലനിൽക്കും എന്നു യേശുക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

GM

സുറിയാനി പാരമ്പര്യത്തിലെ വി. കുർബാന

■ മാറാച്ചേരിൽ തോമസ് പോൾ റമ്പാൻ



സുറിയാനി പാരമ്പര്യത്തിലെ വി. കുർബാനയുടെ സമയ ദൈർഘ്യത്തെപ്പറ്റിയും വി. കുർബാന അനുഷ്ഠാനത്തെപ്പറ്റിയും പല തലങ്ങളിലും ചർച്ചകൾ നടക്കുന്ന കാലഘട്ടമാണല്ലോ ഇത്. സമയ ദൈർഘ്യത്തെപ്പറ്റി കാനോനുകൾ ഒന്നും കൃത്യമായി പറയുന്നില്ല. സുറിയാനി ഓർത്തഡോക്സ് സഭയുടെ ഹുദായ കാനോൻ മാത്രമല്ല, കത്തോലിക്കാ സഭയുടെ കാനോൻ നിയമവും റോമൻ മിസലും സമയ ദൈർഘ്യത്തെപ്പറ്റി ഒന്നും സൂചിപ്പിക്കുന്നില്ല. ഓർത്തഡോക്സ് സഭ ഉപയോഗിക്കുന്ന തക്സാകളിലുള്ള വ്യത്യസ്ത ക്രമങ്ങൾ പരോക്ഷമായി മാത്രമാണ് സമയം സൂചിപ്പിക്കുന്നത്. ലഭ്യമായിട്ടുള്ള 75 ഓളം ക്രമങ്ങളിൽ 15 ഓളം ക്രമങ്ങളാണ് നാമിന്ന് ഉപോഗിക്കുന്നത്. ഇതിൽ പൗരോഹിത്യം സ്വീകരിച്ച ശേഷമുള്ള ആദ്യ കുർബാനയ്ക്കും പട്ടംകൊട, പെരുന്നാൾ തുടങ്ങിയ പ്രത്യേക അവസരങ്ങളിലും ഒരു വൈദികൻ ഏതെങ്കിലും ത്രോണോസിൽ ആദ്യമായി ബലിയർപ്പിക്കുമ്പോഴും ദൈർഘ്യമേറിയ, വി. യാക്കോബിന്റെ ക്രമമാണ് ഉപയോഗിക്കുക.

വിശുദ്ധ കുർബാനയ്ക്കുള്ള ഒരുക്കം തലേദിവസം സന്ധ്യാ പ്രാർത്ഥനയോടെയാണല്ലോ ആരംഭിക്കുക. രാത്രി നമസ്കാരം പൂർത്തീകരിച്ച വൈദികൻ പ്രഭാത പ്രാർത്ഥനകളുടെ പ്രാരംഭ ഭാഗത്തുള്ള പ്രൊമിയോൻ ചൊല്ലിയ ശേഷമാണ് ഒരുക്ക ശുശ്രൂഷ (തൂയോബോ) ആരംഭിക്കുക. നിലവിലെ രീതിയനുസരിച്ച് മുക്കാൽ മണിക്കൂർ സമയം തൂയോബോയ്ക്കു വേണ്ടിവരും. എത്ര വേഗത്തിൽ പ്രഭാത നമസ്കാരം ചൊല്ലിയാലും അരമണിക്കൂറിൽ കുറയ്ക്കുക എളുപ്പമല്ല. ഒരുക്ക ശുശ്രൂഷാ ക്രമം മൂന്നോ നാലോ ഉണ്ട്. ഇവയിലെല്ലാം പ്രാരംഭ പ്രാർത്ഥന, ശുബ്ക്കോനോ, ത്രോണോസ് പ്രദക്ഷിണം, തബ്‌ലൈത്താമേലുള്ള അപ്പ വീഞ്ഞുകളുടെ ക്രമപ്പെടുത്തൽ, അംശവസ്ത്രധാരണം, അപ്പ വീഞ്ഞുകൾ കാസായിലും പീലാസായിലുമായി തബ്‌ലൈത്തായ്ക്കു മുകളിൽ കരങ്ങളിൽ വഹിച്ചുകൊണ്ടുള്ള എട്ട് വ്യത്യസ്ത പ്രാർത്ഥനകൾ - പൊതുവായുള്ള പ്രാർത്ഥന, മാതാവിനോടുള്ള അപേക്ഷ, പരിശുദ്ധന്മാരോടുള്ളത്, രോഗികൾക്കുള്ളത്, മരിച്ചവർക്കുള്ളത്, പുരോഹിതന്റെ വാങ്ങിപ്പോയവർക്കുള്ളത്, മാതാപിതാക്കൾക്കുള്ളത്, ഗുരുക്കന്മാർ, പൂർവ്വപിതാക്കന്മാർ എന്നിവർക്കുള്ളത്, പൊതുവായുള്ള രണ്ടാം പ്രാർത്ഥന - ഇത്രയും കഴിഞ്ഞ ശേഷമാണ് കാസായും പീലാസായും തബ്‌ലൈത്താമേൽ വച്ച് ശോശപ്പാ കൊണ്ട് മൂടുന്നത്.പിന്നീട് ധൂപാർപ്പണം, പ്രൊമിയോൻ, തുടർന്ന് നാല് വ്യത്യസ്ത ഗീതങ്ങൾ ചൊല്ലി ധൂപാർപ്പണം നടത്തിയ ശേഷം ദർഗ്ഗായിൽ നിന്നിറങ്ങിനിന്ന് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തുന്നു. തുടർന്ന് ഹൂത്തോമോയും കൗമായും വിശ്വാസപ്രമാണവും ചൊല്ലിയാണ് ഇത് പൂർത്തീകരിക്കുക. വ്യത്യസ്തമായ പ്രാർത്ഥനകളിൽ വി. കുർബാനയ്ക്കും അനീദെക്കും രോഗികൾക്കും ഉള്ള പേരുകളുടെ ദൈർഘ്യമനസരിച്ച് തൂയോബോയുടെ ദൈർഘ്യം കൂടുന്നു. തുടർന്നാണ് പരസ്യമായി വി. കുർബാന ആരംഭിക്കുക.



ശ്രേഷ്ഠ കാതോലിക്കാ ബാവ വൈകിട്ട് 04.28 pm നു വാതിൽ കടന്ന് വരികയും പുരോഹിതന്മാരും വിശ്വാസികളുമായ ഏകദേശം 10 പേരോടുകൂടി പ്രവേശിക്കുകയും, പ്രാർത്ഥന കബറിടത്തിൽ ആരംഭിക്കുകയും ചെയ്തു. 10 മിനിറ്റ് അധികരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ, ബാവയോടും മറ്റു വിശ്വാസികളോടും കബറിടത്തിൽ നിന്നും പുറത്തേക്കു പോകുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 04.42 pmന് കബറിടത്തിന്റെ ഭാഗത്തുനിന്നും പുറത്തേക്കു വരികയും 04.44 pmന് കെട്ടിടത്തിന്റെ പുറത്തിറങ്ങുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഏകദേശം 14 മിനിറ്റ് കബറിടത്തിന്റെ സമീപത്ത് ചിലവഴിച്ചതായി കാണുന്നുണ്ട്.

(എറണാകുളം ജില്ലാ കളക്ടർ അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പൊലീത്തായ്ക്ക് നൽകിയ മറുപടിയുടെ പ്രസക്തഭാഗം. കത്ത് M7-61223/95 dated. 26.01.2012)

പരസ്യമായി വി. കുർബാന ആരംഭിക്കുമ്പോൾ വി. ത്രോണോസിനു ചുറ്റും പ്രദക്ഷിണം നടത്തുന്നു. തുടർന്ന് ലേഖനം, ഏവൻഗേലിയോൻ, പ്രൊമിയോൻ, സെദറ എന്നിവയും വായിക്കുന്നു. തുടർന്ന് ധൂപക്കുറ്റി വാഴ്‌വ്. പിന്നീട് ദർഗ്ഗായിൽ കയറിനിന്നുള്ള ക്രമം ആരംഭിക്കുന്നു. വി. കുർബാനയുടെ സംസ്ഥാപനം പരിശുദ്ധാത്മാവാസം തുബ്ദേനുകൾ, അപ്പത്തിന്റെ ഖണ്ഡിപ്പ് എന്നിവയാണു തുടർന്നു നടത്തുക. പിന്നീട് കർത്തൃപ്രാർത്ഥനയും ഒടുവിൽ കാസായുടെയും പീലാസായുടെയും ആഘോഷവും നടത്തുന്നു. തുടർന്ന് വൈദികനും ശുശ്രൂഷക്കാരനും ജനങ്ങളും വി. കുർബാന അനുഭവിക്കുന്നു. വി. കുർബാന എഴുന്നള്ളിച്ചു കൊണ്ടുവന്ന് ഒരുക്കപ്പെട്ട സമൂഹത്തിന് നൽകിയ ശേഷം തിരിച്ച് വി. ത്രോണോസിൽ സമർപ്പിച്ച് കൃതജ്ഞതാപ്രാർത്ഥനയും ഹൂത്തോമോയും ചൊല്ലി സമാധാനം നൽകി പരസ്യഭാഗം പൂർത്തീകരിക്കുന്നു. പിന്നീട് പോസ്റ്റ് കമ്യൂണിയൻ ആരംഭിക്കുകയായി. ഏറ്റവും ചുരുങ്ങിയത് 10 മിനിട്ടെങ്കിലും വേണ്ടിവരും ഈ ഭാഗം പൂർത്തിയാക്കുവാൻ. വി. കുർബാനയ്ക്കിടയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുക്കിലിയോനുകൾക്ക് വേണ്ട സമയം ഏകദേശം പത്തു മിനിട്ടാണ്. മാതാവിന്റേയും പരിശുദ്ധന്മാരുടേയും പട്ടക്കാരുടെയും മരിച്ചവരുടെയും സ്ലീബായുടേതുമായ കുക്കിലിയോനുകൾ വി. കുർബാനയുടെ ഭാഗമായി തന്നെ നമ്മുടെ സഭയിൽ ഉപയോഗിച്ചുവരുന്നു.

14 മിനിട്ട് കൊണ്ട് അർപ്പിച്ചുവെന്നവകാശപ്പെടുന്ന 'ശ്രേഷ്ഠ കുർബാന'യിൽ മേൽവിരിച്ച ഏതെല്ലാം അംശങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട് എന്നത് ലോകത്തിനു മുഴുവൻ വ്യക്തമായ കാര്യമാണ്. തബ്‌ലൈത്താമേൽ അപ്പ വീഞ്ഞുകൾ സമർപ്പിക്കണമെന്നുള്ളത് സുറിയാനി കുർബാനയുടെ തെറ്റിക്കാനാവാത്ത നിർബന്ധമാണ്. കൂടാതെ, അന്യജാതിക്കാരാലോ കൈവയ്പ് ലഭിക്കാത്തവരാലോ ത്രോണോസോ മദ്ബഹായോ അശുദ്ധമാക്കപ്പെട്ടാൽ പോലും, അത് ശുദ്ധീകരിച്ച ശേഷമല്ലാതെ കുർബാന അർപ്പിക്കുവാനും സഭ അനുവാദം നൽകിയിട്ടില്ല. വി. കുർബാനയ്ക്ക് ഉപയോഗിച്ച ഉപകരണങ്ങളും വാഴ്ത്തിയ അപ്പ വീഞ്ഞുകളും (അവ വാഴ്ത്തിയെങ്കിൽ) തിരികെ കൊണ്ടുപോയത് ജില്ലാ ഭരണകൂടത്തിന്റെ തലവനാണ്, അപ്പോൾ സ്വാഭാവികമായും കൊണ്ടുവന്നു കൊടുത്തതും അദ്ദേഹമോ അദ്ദേഹത്തെപ്പോലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ആയിരിക്കുമല്ലോ. അന്യരുടെ സ്പർശനത്താൽ അശുദ്ധമാക്കപ്പെട്ട വസ്തുക്കൾ വച്ച് എന്തെങ്കിലും കാണിച്ച് ആത്മസംതൃപ്തി അടയുകയും അതിനെ വിശുദ്ധ പിതാക്കന്മാരുടെ ക്രമമെന്നു നാമകരണം ചെയ്യുകയും ചെയ്താൽ പിതാക്കന്മാർ ക്ഷമിക്കുമോ? സ്വർഗ്ഗം അതു സ്വീകരിക്കുമോ? ഇതിന് പിതാക്കന്മാരുടെ ക്രമമെന്നല്ല, പിതാക്കന്മാരോടുള്ള അക്രമമെന്നതാണ് യോജിച്ച വാക്ക്. വിശുദ്ധ കുർബാനയെപ്പറ്റി ആഴത്തിൽ പഠനം നടത്തിയിട്ടില്ലാത്ത സാധാരണക്കാരായ ജനങ്ങളെ കബളിപ്പിക്കുവാൻ ഒരു സഭയുടെ മേലധ്യക്ഷൻ എന്ന് അവകാശപ്പെടുന്ന വ്യക്തി തന്നെ മുന്നിട്ടിറങ്ങുമ്പോൾ, അത് വിശുദ്ധ കുർബാനയെ വികലപ്പെടുത്തലും അവഹേളിക്കലുമാണ്. പരിശുദ്ധാത്മാവിനെതിരായ ഈ പാപം ക്ഷമിക്കപ്പെടുവാൻ കക്ഷിവ്യത്യാസമോ സഭാവ്യത്യാസമോ ഇല്ലാതെ നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം.

GM

ആനപ്പാപ്പി വധ ശതാബ്ദി അനുസ്മരിപ്പിക്കുന്ന പാഠങ്ങൾ

ഒരു മുസ്ലിം രാജ്യമായ സിറിയയിലെ ശുഷ്കിച്ചുകൊണ്ടിരുന്ന ഓർത്തഡോക്സ് സഭയുടെ തലവനെ സഹായിക്കാനും കേരളത്തിൽ അദ്ദേഹത്തിന്റെ അനുയായികളെ വളർത്താനും മലങ്കരസഭയിലെ മെത്രാപ്പോലീത്തായിൽനിന്നും ഭൗതികാധികാരങ്ങൾ തട്ടിയെടുക്കാനും അതിനുവേണ്ടി വട്ടശ്ശേരിൽ തിരുമേനിയെ വകവരുത്താനും ശ്രമിച്ചവർ ഏർപ്പെടുത്തിയ ക്വട്ടേഷൻ സംഘമാണ് 1912 ൽ ഒരധ്യാപകനായിരുന്ന വർക്കി വറുഗീസ് എന്ന ആനപ്പാപ്പിയെ വധിച്ചത്. പാപ്പിസാറിന്റെ വധശതാബ്ദി വർഷത്തിലാണ് കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദിയും കൊണ്ടാടുന്നത്. ആനപ്പാപ്പി വധം മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും കാതോലിക്കേറ്റിന്റെ സ്ഥാപനത്തിനും തുടർന്ന് പാത്രിയർക്കീസിന്റെ അധികാരശോഷണത്തിനും പരോക്ഷമായി വഴിയൊരുക്കി എന്ന ചരിത്രസത്യം ഇപ്പോൾ കൂടുതൽ പഠനാർഹമാണ്. നൂറു വർഷം മുമ്പ് തെക്കു സഭ വളർത്താനും അതിനെ തങ്ങളുടെ ചൊൽപടിയിൽ നിർത്താനും ആനപ്പാപ്പിയെ വധിച്ചപ്പോൾ പത്തു വർഷം മുമ്പ് പെരുമ്പാവൂർ ഉൾപ്പെടെയുള്ള അങ്കമാലി ഭദ്രാസനത്തിൽ സഭയെ പോഷിപ്പിക്കാൻ മലങ്കര വറുഗീസിനെവകവരുത്തുകയായിരുന്നു.

കോട്ടയംകാരുടെ ക്വട്ടേഷൻ അംഗങ്ങൾ പ്രധാനമായും താഴത്തങ്ങാടിയിലെ മേത്തന്മാരായിരുന്നു. അങ്കമാലിക്കാർ ഏർപ്പെടുത്തിയ ക്വട്ടേഷൻ സംഘം തൃശൂർക്കാരും ആനപ്പാപ്പി വധത്തിനു പിന്നിൽനിന്ന ശക്തരായ കോട്ടയംകാർ എല്ലാം തന്നെ തങ്ങളുടെ ഭൂസ്വത്തും സ്ഥാനമാനങ്ങളും പ്രതാപങ്ങളും ആരോഗ്യവും തകർത്ത് നിരാശരായി ജീവിതസാഗരത്തിന്റെ അക്കര കടന്നു. ബന്ധപ്പെട്ട ചില അങ്കമാലിക്കാർ സി.ബി.ഐ. അന്വേഷണത്തിന്റെ അന്ത്യത്തെപ്പറ്റി ചിന്തിച്ചു രാത്രി പകലാക്കി കഴിയുകയാണ്.

ആനപ്പാപ്പിയെ കൊല്ലാൻ പതിനായിരം രൂപയും കേസു നടത്താൻ ലക്ഷങ്ങൾ വിലയുള്ള കോട്ടയം നഗരത്തിലെ ഭൂസ്വത്തുക്കളും കിട്ടിയ കാശിനു വിറ്റു പാഴാക്കി. മലങ്കര വറുഗീസിന്റെ വധത്തിനു വേണ്ടി ലക്ഷങ്ങളും വീടും കാറും ഒക്കെ കൊടുക്കേണ്ടിവന്നു. വധം നടത്താൻ ഏൽപ്പിച്ചവർ കുമ്പസാരം കൂടാതെ സിംഹാസനങ്ങളിലും നിരപരാധികളായ ചില സ്ഥാനികൾ ജയിലിലും കേസുകളിലും കുടുങ്ങിക്കിടക്കുന്നു.

തിരുവല്ല പെരിങ്ങര സ്വദേശിയായിരുന്ന ആനപ്പാപ്പി കല്ലൂപ്പാറയിലെ ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകനായിരുന്നു. 1912 മധ്യവേനൽ അവധിക്കാലത്ത് സഭാ സ്നേഹം കൊണ്ട് വട്ടശ്ശേരിൽ തിരുമേനിയുടെ രക്ഷയ്ക്കു വേണ്ടി കാവൽ നിൽക്കാൻ പഴയ സെമിനാരിയിൽ എത്തിയതാണ് അദ്ദേഹം. അദ്ദേഹം ചില വിവരദോഷികൾ ചിന്തിക്കുന്നതുപോലെ ചട്ടമ്പിയും വഴക്കാളിയും ഒന്നും ആയിരുന്നില്ല. നല്ല കായബലമുള്ള ഒരാൾ ആയിരുന്നതിനാൽ ആളുകൾ ആനപ്പാപ്പി എന്നു വിളിച്ചു. ആക്ഷേപസൂചകമായിട്ടല്ലതാനും.

പാപ്പിസാറിനെ വെട്ടിയതു സി.ജെ. കുര്യന്റെ സ്വന്തം സഹോദരപുത്രനായിരുന്നു. ഇതു സാധിച്ചതു മേത്തന്മാരുടെ പിൻബലത്തോടെ ആയിരുന്നു. ആനപ്പാപ്പി വധം അക്കാലത്ത് "കോട്ടയം കൊലക്കേസ്" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കേസിലെ തെളിവും മറ്റും നശിപ്പിച്ചു പ്രതികളെ രക്ഷിക്കാൻ വേണ്ടി ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെ സ്വാധീനമുള്ള ചിലർ സമീപിച്ചു പണം നല്കി എങ്കിലും മലയാള മനോരമയുടെ മുഖപ്രസംഗത്തെ തുടർന്ന് ആ തന്ത്രം പാളിപ്പോയി. ഉദ്യോഗസ്ഥനെ മാറ്റിനിർത്തി അന്വേഷണം നടത്തി. സി.ജെ. കുര്യൻ ഏർപ്പെടുത്തിയ ക്വട്ടേഷൻ സംഘാംഗങ്ങളെ കോടതി ജയിൽശിക്ഷയ്ക്കു വിധിച്ചു. അവരിൽ ചിലർ ശിക്ഷ കഴിഞ്ഞു വന്നു സി.ജെ. കുര്യനെ പണത്തിനു വേണ്ടിയും മറ്റും ശല്യപ്പെടുത്തിയിരുന്നു. സി.ജെ. കുര്യന്റെ ശരീരവും മനസ്സും ക്ഷീണിച്ചു അവശനായിട്ടാണ് അന്ത്യകാലം കഴിച്ചതെന്നും അക്കരെ കടന്നതെന്നും കെ.സി. മാമ്മൻമാപ്പിള എഴുതിയിട്ടുണ്ട്.

വട്ടശ്ശേരിൽ തിരുമേനിയെ വധിക്കാൻ ഏണിവച്ചുകൊടുത്തവരും ഏണിയിൽ കയറിയവരും എല്ലാം ദുരന്തങ്ങൾ നേരിട്ടു. തിരുമേനി കറിവേപ്പിലപോലെ വലിച്ചെറിഞ്ഞ വൈദിക-അവൈദിക ട്രസ്റ്റികൾ തിരുമേനി കാലം ചെയ്യുന്നതിനു മുമ്പുതന്നെ പരലോകം പൂകി.

ആനപ്പാപ്പിയെപ്പറ്റി അറിയാവുന്നവർ പ്രസ്തുത വിവരങ്ങൾ അയച്ചുതരണമെന്നാവശ്യപ്പെട്ടു മലയാള മനോരമയിൽ ഞാൻ ഒരു കത്തു കൊടുത്തു. മലയാള മനോരമയിൽ വന്ന റിപ്പോർട്ടുകളും മുഖപ്രസംഗവും അടുത്തകാലത്ത് അന്തരിച്ച ചീഫ് എഡിറ്റർ കെ.എം. മാത്യു സസന്തോഷം അയച്ചുതന്നു. മദ്രാസിൽ വച്ച് ആയിടെ ഒരിക്കൽ അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ കത്തിന്റെ കാര്യം സൂചിപ്പിച്ചു. അപ്പോൾ കെ.എം. മാത്യു എന്നോടു പറഞ്ഞത് 'പാപ്പിയെ ശരിക്കറിയാവുന്നരെല്ലാം ഇപ്പോൾ സ്വർഗ്ഗത്തിലും നരകത്തിലുമാണ്" എന്നത്രെ.

പാപ്പിസാറിന്റെ ജീവചരിത്രത്തിന്റെ പ്രാധാന്യം "ദൈവത്തെയും ദൈവത്തിന്റെ സഭയെയും പുണ്യജീവിതം നയിക്കുന്ന അഭിഷിക്തരെയും ദുഷ്ടലക്ഷ്യങ്ങൾ വച്ചുകൊണ്ടു തൊട്ടുകളിക്കുന്നതു തീക്കളിയാണെന്ന സത്യമാണ്.

സത്യസന്ധരായ സഭാ സ്നേഹികളെ വധിച്ചതുകൊണ്ടൊന്നും വിഘടിതവിഭാഗം ഒരിഞ്ചുപോലും വളരുകയില്ല; തളരുകയായിരിക്കും ഫലം. അതാണല്ലോ ചരിത്രസാക്ഷ്യം.

GM

കെ.വി. മാമ്മൻ



'Girly A Beautiful Psalm' authored by Adv. Varghese P Thomas, was released after Holy Qurbana at St. Mary's Church, Bethlehem in the Holy Land on 13th May 2012. Rev Fr. John Sankarathil, Tourism Ambassador of Israel received the copy from Fr. K.Y. Chacko, Vicar St. George Orthodox Valiyapally, Palarivattom who celebrated the mass. *'Girly A Beautiful Psalm,'* the English translation of the Malayalam title *'Girly Oru Sundara Sankeerthanam'* is the first book released in the Holy land by a Malayalee writer.

The life of Girly, which is reflected in this book, is filled with uncommonalities. A fatal illness was not able to weaken her Christian faith; it did not lessen her spiritual zest. She was able to give courage and hope to others till the end. Her example should be able to give solace through this book to those who are critically ill and are going trough the pain of suffering.

Photo: (Standing from left to right) *Adv. Varghese P. Thomas, Fr. John Sankarathil, Mathew Alexander (Trustee, St. George Orthodox Valiyapally), Fr. K.Y. Chacko and M.I. Simon.*

ആർത്താറ്റ് പടിയോല അർഹതപ്പെട്ട കരങ്ങളിൽ

■ ജോബ് സ്രായിൽ

ആർത്താറ്റ് സെന്റ് മേരീസ് പള്ളിനടയിൽ മലയാളവർഷം 981 ൽ ചെമ്പുതകിടിൽ എഴുതി തയ്യാറാക്കിയ ചരിത്രരേഖയായ "ആർത്താറ്റ് പടിയോല" കുന്നംകുളം ഭദ്രാസന അരമനയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് കൈമാറി. മൺമറഞ്ഞുപോയതും പിന്നീട് ചേന്ദമംഗലം പാലിയത്തച്ചന്റെ നിലവറയിൽനിന്ന് കണ്ടെടുത്തുമായ രേഖയാണ് ഇങ്ങനെ കൈമാറിയത്. പുരാവസ്തു ശേഖര തൽപരനായ ആലുവ യുസി. കോളജ് അദ്ധ്യാപകൻ വി.എം. ജോണപ്പയ്ക്ക് പാലിയത്ത് തറവാട്ടിൽനിന്ന് ലഭിച്ച ചെമ്പുതകിട് കുന്നംകുളം സ്വദേശി അഡ്വ. ഡോ. പി.സി. മാത്യു മുൻകൈ എടുത്താണ് കുന്നംകുളത്തെത്തിച്ചത്. വട്ടെഴുത്തിൽ രേഖപ്പെടുത്തിയ ഈ ലിഖിതത്തിന് 56.5 സെന്റിമീറ്റർ നീളവും 4 സെന്റിമീറ്റർ വീതിയുമുണ്ട്. ഇടതുഭാഗത്ത് കുരിശും ആലേഖനം ചെയ്തിട്ടുണ്ട്. കുരിശിന്റെ ഇരുവശത്തും രണ്ട് സെന്റിമീറ്ററോളം ഒഴിവാക്കി തകിടിന്റെ ഒരു വശത്താണ് എഴുതിയിരിക്കുന്നത്. ടിപ്പു സുൽത്താൻ തീവച്ച് നശിപ്പിച്ച ആർത്താറ്റ് പള്ളി പുതുക്കിപ്പണിയുന്നതിന് ശിലയിടാൻ എത്തിയ വലിയ മാർ ദിവന്നാസിയോസ് ആറാമൻ മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിലാണ് പടിയോല എഴുതിയിട്ടുള്ളത്. അക്കാലത്ത് വിദേശ മെത്രാപ്പോലീത്താമാരിൽ ജനങ്ങൾക്കുണ്ടായ ചില വിശ്വാസതർക്കങ്ങൾ മൂലം ശക്തൻതമ്പുരാൻ വന്ന് തർക്കം തീർക്കാൻ പള്ളിയും പറമ്പും നറുക്കിട്ട് പകുത്ത് നൽകിയ കാര്യം ലിഖിതത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 12 പ്രമുഖ കുടുംബങ്ങളിലെ പ്രതിനിധികളും അന്നത്തെ വികാരി തെക്കേക്കര കുരിയത് കത്തനാരുമാണ് ഇതിൽ ഒപ്പുവച്ചിട്ടുള്ളത്. ഈ ലിഖിതം കൊച്ചി രാജാവിനാണ് സമർപ്പിച്ചിരുന്നത്.

അദ്ദേഹം ദിവാനായ പാലിയത്തച്ചന് കൈമാറി. ഡച്ചുകാർ ചേന്ദമംഗലത്ത് നിർമ്മിച്ച പാലിയത്ത് തറവാട്ടിലെ നിലവറയിലായിരുന്നു ഇത് ദീർഘകാലം ഇടംതേടിയിരുന്നത്. 1942 ൽ തറവാട് ഭാഗം ചെയ്യുന്നതു സംബന്ധിച്ച് വ്യവഹാരം ഉണ്ടായപ്പോൾ റിസീവർ ഭരണത്തിനിടെ സ്ഥാവരജംഗമവസ്തുക്കളുടെ പട്ടിക തയ്യാറാക്കവേയാണ് പടിയോല ആദ്യം കണ്ടെത്തിയിരുന്നത്. പിന്നീട് തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ വിവർത്തനം ചെയ്തെങ്കിലും യഥാർത്ഥ തകിട് കാണാതായി. പടിയോലയെക്കുറിച്ച് ചരിത്രകാരനായ കുന്നംകുളത്തെ പനക്കൽ ഇട്ട്യേശൻ ആശാൻ ഒരു ലേഖനം എഴുതിയതിന്റെ



ചുവടുപിടിച്ച് സഭയിലെ ചരിത്രഗവേഷകനും എഴുത്തുകാരനുമായ അഡ്വ. ഡോ. പി.സി. മാത്യു നടത്തിയ തുടരന്വേഷണത്തിലാണ് യു.സി. കോളജ് അദ്ധ്യാപകൻ ജോണപ്പയുടെ പക്കൽ ഇത് ഉണ്ടെന്നറിഞ്ഞത്.

സഭയിലെ പുരാതനദേവാലയമായ ആർത്താറ്റ് സെന്റ് മേരീസ് പള്ളിയുടെ (ഇപ്പോൾ സെന്റ് മേരീസ് കത്തീഡ്രൽ) ഈ വിലപിടിച്ച ചരിത്രലിഖിതം കൈവശം വന്നത് ദൈവത്തിന്റെ വലിയ കൃപയാണെന്ന് പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പറഞ്ഞു.

ഇപ്പോൾ കുന്നംകുളം ഭദ്രാസനസെക്രട്ടറി കൂടിയായ ഫാ. ജോസഫ് തോലത്ത് ആണ് ഇപ്പോഴത്തെ ആർത്താറ്റ് പള്ളി വികാരി. ചടങ്ങിൽ ഫാ. പത്രോസ് ജി. പുലിക്കോട്ടിൽ, പള്ളി മുൻ ട്രസ്റ്റി ടി.വി. തമ്പി, പ്രൊഫ. ജോണപ്പ, അഡ്വ. ഡോ. പിസി. മാത്യു എന്നിവർ പങ്കെടുത്തു.

GM

കൊല്ലം 981 ആമത് മകരം ഞായററിൽ പുത്തൻകൂറ് തുറിയാനിക്കാരായ ആർത്താററ് എടവകക്കാര് എല്ലാവരുംകൂടി നമ്മുടെ ദിവന്നാത്തിയോത് വാവാതിരുമുമ്പിൽ എഴുതിവെച്ച പടിയോലയാവിത് - നമ്മുടെ ജനങ്ങളിൽ ചിലര് പരദേശക്കാരുടെ എടത്തുട ഉപദേശം കേക്കയ്യാൽ റോമാ വിച്ചാതത്തിലെക്ക് തിരിഞ്ഞുപോയി വഴക്ക്പിടിച്ച് പള്ളിയുംപററി അറിവു കത്തനാർക്കട്ട എടുപ്പാൻ ഇടവന്നു-ആ വന്നുകൊണ്ടു വളരെ വാകുലത്തീനു എടവന്നതിനാൽ മേലാൽ അങ്ങിനെ ഇടവരാതിരിപ്പാൻ വെണ്ടി റോമായിൽ നിന്നൊ വാവെലിൽ നിന്നൊ അതിയോക്കായിൽനിന്നൊ മറ്റു വല്ല പരദേശത്തുനിന്നൊ വരുന്ന യാതൊരു മെത്രാൻമാരുടെയും ഉപദേശവും നടപ്പുകളും ഒരു നാളാവിട്ടു വഴങ്ങി നടക്കാതെ നമ്മുടെ മർത്തോമാ ചിലികായുടെ പുറുവിക വിച്ചാതവും ചട്ടങ്ങളും അനുതരിച്ച് നടന്നുകൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെപെററമ്മയുടെ അർത്താററ് പള്ളിനടയിൽവെച്ച എഴുതിയ മൈക്ക വികാരി തെക്കേക്കര കുരിയതു കത്തനാർ.... (ഒപ്പ്)

1. ചെറുവത്തൂർ കുഞ്ഞാത്തു
2. പനക്കൽ താരു
3. കുത്തൂര് ചുമ്മാര്
4. കോലാടി ഇട്ടൂപ്പ്
5. കാക്കച്ചേരി മാത്തു
6. ചുങ്കത്തു ഇയ്യാവു
7. തോലത്തു പാത്തു
8. ചീരൻ പാത്തു
9. പുലിക്കോട്ടിൽ താരു
10. കിടങ്ങൻ ചേറുണ്ണി
11. മണ്ടുമ്പാൽ കുഞ്ഞാത്തു
12. തെങ്ങുങ്ങൽ കുരിയാക്കു

← *ചെമ്പുതകിടിൽ വട്ടെഴുത്തിൽ ഉള്ളതിന്റെ തനി തർജ്ജമയാണിത്. ആർത്താറ്റ് പള്ളിയിലെ അന്നത്തെ ഒന്നാം വികാരിയായിരുന്ന ബഹു. അച്ചനും പള്ളി നേതാക്കന്മാരും കസേരക്കാരുമായിരുന്ന മററു പന്ത്രണ്ടുപേരുമാണ് ഈ പടിയോലയിൽ ഒപ്പിട്ടിട്ടുള്ളവർ. നമ്മുടെ പിതാമഹാന്മാർ ആർത്താററ് പള്ളിനടയിൽ ഒരുമിച്ചുകൂടി അന്നുവരെ അവർ വിദേശികളിൽ നിന്നു അനുഭവിച്ചിട്ടുള്ള അവശതകൾക്കും, അവർക്കു നേരിട്ടിരുന്ന ഉപദ്രവങ്ങൾക്കും പരിഹാരമെന്നവണ്ണം തോളോടുതോൾചേർന്ന് എടുത്തിട്ടുള്ള ഒരു ദൃഢപ്രതിജ്ഞയാണ് ഈ പടിയോല.*

കൂനൻ കുരിശിൽ ആലാത്തുകെട്ടി നടത്തിയ വാഗ്ദത്തം പറങ്കികൾക്കും റോമാമേധാവിത്വത്തിനും എതിരായുന്നെങ്കിൽ ആർത്താറ്റ് പള്ളിനടയിൽ നടന്നത് വിദേശികളോട് ഒന്നടക്കമുള്ള ഒരു പ്രതിഷേധസ്വരമായിരുന്നു

സ്വവർഗ്ഗരതി: കേന്ദ്രഗവൺമെന്റിന്റെ സുപ്രീംകോടതിയിലെ സമീപനം നീതിരഹിതം

■ അഡ്വ. വർഗീസ് പി. തോമസ്



02-07-2009 ൽ ഡൽഹി ഹൈക്കോടതി നാസ് ഫൗണ്ടേഷൻ നൽകിയ റിട്ട് ഹർജിയിൽ സ്വവർഗ്ഗരതി കുറ്റവിമുക്തമാക്കി വിധിച്ചു. 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 377-ാം വകുപ്പ് അതേപടി നിലനിർത്തുന്നത്, ഭരണഘടന ഉറപ്പുനൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തിനും അവകാശത്തിനും എതിരാണെന്നു കണ്ടാണ് ഈ വിധി. പ്രകൃതിനിയമങ്ങൾക്കെതിരായ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് ജീവപര്യന്തം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമായി ഐ.പി.സിയിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഭരണഘടനയിലെ 14, 15, 21 എന്നീ വകുപ്പുകൾ വ്യാഖ്യാനിച്ചാണ് മേൽപ്പറഞ്ഞ വിധി പ്രഖ്യാപിച്ചത്.

ഈ വിധിക്കെതിരെ ഓൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡ്, ഉത്ക്കൽ ക്രിസ്ത്യൻ കൗൺസിൽ, അപ്പോസ്തോലിക് ചർച്ച് അലയൻസ് തുടങ്ങിയ സംഘടനകൾ സുപ്രീംകോടതിയിൽ അപ്പീൽ നൽകി. സ്വവർഗ്ഗരതി കുറ്റമല്ലാതാക്കണമെന്ന ഡൽഹി ഹൈക്കോടതി വിധി സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വന്നപ്പോൾ കേന്ദ്ര ഗവൺമെന്റിനുവേണ്ടി ഹാജരായ രണ്ട് അഡീഷണൽ സോളിസിറ്റർ ജനറൽമാർ വ്യത്യസ്ത നിലപാടാണ് കോടതിയിൽ സ്വീകരിച്ചത്. ആഭ്യന്തര മന്ത്രാലയത്തിനു വേണ്ടി ഹാജരായ അഭിഭാഷകൻ സ്വവർഗ്ഗരതി അങ്ങേയറ്റം അധാർമ്മികവും സാമൂഹിക ക്രമത്തിനു വിരുദ്ധവുമാണെന്നു വാദിച്ചു. ഈ നിലപാട് മാധ്യമങ്ങൾ പരസ്യം ചെയ്ത ഉടൻ ആഭ്യന്തര മന്ത്രാലയം ഇതു സംബന്ധിച്ചു വിശദീകരണം നൽകി പ്രസ്താവന ഇറക്കി. അതു സംബന്ധിച്ചു ഗവൺമെന്റ് നിലപാട് എടുത്തിട്ടില്ലെന്നും ഡൽഹി ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ നൽകേണ്ട എന്നു മന്ത്രിസഭ തീരുമാനിച്ചിരുന്നു എന്നും അത് അറിയിക്കുവാൻ മാത്രമാണ് നിർദ്ദേശിക്കുന്നതെന്നും വിശദീകരണത്തിൽ പറഞ്ഞു. സുപ്രീംകോടതി നടപടി തുടരുമ്പോൾ തന്നെ ഈ വാർത്ത വന്നതു വളരെ കൗതുകമായി തോന്നി. പിറ്റേദിവസം കേന്ദ്ര ഗവൺമെന്റിനുവേണ്ടി ഹാജരായ മറ്റൊരു സോളിസിറ്റർ ജനറൽ, തലേദിവസം സ്വവർഗ്ഗാനുരാഗക്കാർക്ക് എതിരായി നടത്തിയ വാദം നിരാകരിച്ചു വാദിച്ചു.

ഡൽഹി ഹൈക്കോടതി വിധിക്കെതിരെ എതിരാളികളും മതസംഘടനകളും നൽകിയ അപ്പീൽ പരിഗണിക്കുമ്പോൾ ഈ വിധിയിൽ തെറ്റുകൾ ഒന്നുമില്ലെന്നു രണ്ടാമത് ഹാജരായ അഭിഭാഷകൻ വാദിച്ചപ്പോൾ സുപ്രീംകോടതി കേന്ദ്ര ഗവൺമെന്റിനെ രൂക്ഷമായും നിശിതവുമായി വിമർശിച്ചു. കോടതിയെ പരിഹസിക്കരുതെന്നുംവരെ പറഞ്ഞു. കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിലപാടാണ് ഇതെന്നും വാദിച്ചിരുന്നു. നാലു സർക്കാർ വകുപ്പുകളെ ഈ കേസിൽ കക്ഷി ചേർത്തിരിക്കുന്നതുകൊണ്ട് ഓരോ മന്ത്രാലയത്തിനും വ്യത്യസ്ത അഭിഭാഷകർ ഹാജരായാൽ വ്യത്യസ്ത നിലപാടുകൾ കോടതിയിൽ വ്യക്തമാക്കപ്പെടും. സർക്കാരിന്റെ ഔദ്യോഗിക നിലപാട് എന്തെന്ന് അറിയിക്കുന്നതിൽ വീഴ്ചപറ്റിയ അവസ്ഥ ഗവൺമെന്റിന്റെ പിടിപ്പുകേടിനെ കാണിക്കുന്നു.

സ്വവർഗ്ഗരതി നിയമവിധേയമാക്കിയാൽ സ്വവർഗ്ഗ വിവാഹം നിയമവിധേയമാക്കണമെന്നായിരിക്കും അടുത്ത ആവശ്യം. പരസ്പര സമ്മതത്തോടെയാണോ അല്ലയോ സ്വവർഗ്ഗരതിയെന്നതു പ്രസക്തമല്ല സ്വവർഗ്ഗപരമായ ലൈംഗിക താൽപര്യം ഭരണഘടനാപരമായ സംരക്ഷണം അവകാശപ്പെടാവുന്ന സംഗതിയേ അല്ല. ഇത്തരം താൽപര്യം സ്ഥിരമായ താൽപര്യം അല്ല. സ്വകാര്യതയെ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമായി അംഗീകരിക്കുമ്പോഴും സ്വവർഗ്ഗരതി അനുവദിക്കാതിരിക്കുന്നതു മൗലികാവകാശ ലംഘനം ആകുന്നില്ല.

എന്നാൽ ഈ അടുത്ത നാളുകളിൽ ഇന്ത്യയിലെ ഭരണ സിരാകേന്ദ്രങ്ങളുടെ ചില തീരുമാനങ്ങൾ ധാർമ്മികതയെ അക്ഷരാർത്ഥത്തിൽ ഭാരപ്പെടുത്തിയിരിക്കുന്നു. വർഷങ്ങൾക്കു മുമ്പ് കൃത്രിമ ഗർഭനിരോധനം ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നപ്പോൾ ഈ ഗവൺമെന്റ് അനുഭാവപൂർവ്വം മൗനം പാലിക്കുകയാണ് ഉണ്ടായത്. ഇപ്പോഴത്തെ ഗവൺമെന്റിന്റെ ആരോഗ്യമന്ത്രാലയം സുപ്രീംകോടതിയിൽ സ്വവർഗ്ഗ ലൈംഗികതയ്ക്ക് അനുകൂലമായ നിലപാട് എടുത്തത് ഈ ആർഷഭാരതത്തിന്റെ മനഃസാക്ഷിയെ ഞെട്ടിക്കുകയാണ് ചെയ്തത്. പൊതു സ്ഥലങ്ങളിൽ സ്വവർഗ്ഗ പ്രേമം അനുവദിക്കരുതെന്നും ഇതു മൂലം എയ്ഡ്സ് ഉൾപ്പെടെ മാരകരോഗങ്ങൾക്ക് കാരണമാകുമെന്നും കാണിച്ച് ഡേറ്റാകൾ നിരത്തിയെങ്കിലും അതിനെതിരെ വിധിപറഞ്ഞ ഡൽഹി ഹൈക്കോടതി വിധിയെ ന്യായീകരിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. സ്വവർഗ്ഗ ലൈംഗികത ധാർമ്മികമല്ലെന്നും പാശ്ചാത്യ സംസ്കാരം നടപ്പിലാക്കുകയല്ലെന്നുമായിരുന്നു ഫെബ്രുവരി 23 ന് സർക്കാർ കോടതിയിൽ നൽകിയ വിശദീകരണം. സാമൂഹികക്ഷേമ മന്ത്രാലയവും മറ്റു മന്ത്രാലയങ്ങളും ഇടപെട്ടപ്പോൾ കേന്ദ്ര ഗവൺമെന്റ് മലക്കം മറിഞ്ഞു.

ലൈംഗികതയുടെ പരിശുദ്ധിയും വ്യക്തിബന്ധങ്ങളുടെയും സൗഹൃദബന്ധങ്ങളുടെയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന ഭാരതീയ കുടുംബ സങ്കൽപങ്ങൾ തകരുവാൻ ഇതിടയാക്കും. വരുംതലമുറയെ ലൈംഗിക അരാജകത്വത്തിലേക്കു തള്ളിവിടുന്ന ഈ നിലപാട് കേന്ദ്ര സർക്കാർ തിരുത്തണം. ലോക വനിതാദിനം കൊണ്ടാടുന്ന നമ്മൾ സ്ത്രീസമൂഹത്തെ ആദരിക്കുവാനും അതിന്റെ മഹത്വം ഉയർത്തിപ്പിടിക്കുവാനും ബാധ്യസ്ഥരാണ്.

വേദശാസ്ത്രാടിസ്ഥാനത്തിലും വേദപുസ്തകാടിസ്ഥാനത്തിലും യഹോവയുടെ വചനമാണോ പ്രമാണിക്കേണ്ടത് അതോ രാഷ്ട്രീയത്തിലെ നീതിന്യായക്കോടതിയുടെ വിധിയാണോ അനുസരിക്കേണ്ടത് എന്ന ചോദ്യം 'ഡമോക്ലീസിന്റെ വാൾ' പോലെ ഓരോ ക്രിസ്ത്യാനിയുടെയും ശിരസിന് മുകളിൽ തൂങ്ങിനിൽക്കുന്നു. സ്വവർഗ്ഗരതി കുറ്റകരമാണെന്നതിനു വെളിച്ചം നൽകിയത് വിശുദ്ധ ബൈബിൾ മാത്രമാണ്. അതിൽ സംശയിക്കേണ്ട കാര്യമില്ല. ബ്രിട്ടീഷ് -ഇന്ത്യ ഭരണാധികാരികൾ വിക്ടോറിയൻ സദാചാരയുഗത്തിൽ ആവിഷ്കരിച്ച ഐ.പി.സി. 377-ാം വകുപ്പ്, സ്വവർഗ്ഗരതി പാപവും കുറ്റകരവുമാണെന്നു നിഷ്കർഷിക്കുവാൻ കാരണം പഴയനിയമത്തിൽ വിവരിക്കുന്ന സോദോം, ഗോമോറ എന്നീ പട്ടണങ്ങളിലുണ്ടായ സംഭവത്തെ അടിസ്ഥാനമാക്കിയാണ്.

ഈ പട്ടണങ്ങൾ ചാവുകടൽ സ്ഥിതി ചെയ്യുന്നിടത്തായിരുന്നെന്നു ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നു. ഐ.പി.സി. 377-ാം വകുപ്പിനെ നിയമപണ്ഡിതർ 'Sin of Gommarach' എന്നു പറയുന്നു. ഇത് Coitusperos എന്ന ഹീബ്രു നിയമത്തിൽ നിന്നും ഉദ്ഭവിച്ചിരിക്കുന്നതാണ്. സോദോം എന്ന സ്ഥലനാമത്തിൽ നിന്നാണ് "Sodomy" എന്ന വാക്കുണ്ടായത്.

ക്രിസ്തീയ പൗരന്മാർ, നിലവിലുള്ള രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതികൾ പാലിക്കുകയും വിധേയരായിരിക്കുകയും വേണമെന്ന് വേദപുസ്തകത്തിലെ ചില പഠനങ്ങൾ വെളിച്ചം നൽകുന്നതിനാൽ വിധിയും തുടർന്നുള്ള സുപ്രീംകോടതിയിലെ അപ്പീലും നിയമനിർമാണവും നിരീക്ഷിച്ച് സ്വീകാര്യമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

നല്ലതും ചീത്തയും തിരിച്ചറിയുവാൻ തക്കവിധം ദിശാബോധം കൊടുക്കേണ്ട ഗവൺമെന്റ്, ഈ വൈകൃതത്തിന് കുടപിടിക്കുന്നത് അപഹാസ്യമാണ്

സ്വവർഗ്ഗ അനുരാഗം സ്വാഭാവികമായ പ്രവണതയല്ല. ദൈവ തീരുമാനം അനുസരിച്ച് ആണും പെണ്ണുമായി മാത്രമേ ലൈംഗികബന്ധം പാടുള്ളൂ. ഉല്പത്തി 1:27-28 ൽ ഇപ്രകാരം പറയുന്നു: ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു.

നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു വാഴുവിൻ എന്ന് അവരോട് കൽപിച്ചു. വി. മത്തായി 19:4, 5 വാക്യങ്ങളിൽ ഇപ്രകാരം വായിക്കുന്നു: "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായി തീരും." 'അതു നിമിത്തം', 'പറ്റിച്ചേരും' എന്നീ വചനങ്ങൾ ദൈവം അരുളിച്ചെയ്തത് സ്ത്രീപുരുഷ ബന്ധത്തിൽ പവിത്രമായ സ്നേഹം ഉണ്ടായിരിക്കണമെന്നും, പ്രകൃതിയുടെ നിലനിൽപ്പിന് ഈ പ്രമാണം ആവശ്യമാണെന്നും ബോദ്ധ്യമാക്കിത്തരുന്നു.

മനുഷ്യരിൽ ലൈംഗികവികാരം നൽകിയത് കേവലം നൈമിഷികമായ സുഖത്തിനും സന്തോഷത്തിനും വേണ്ടി മാത്രമല്ല, മറിച്ച് തലമുറകൾ നിലനിൽക്കണം എന്ന ദൈവീക പദ്ധതിയുടെ ഉദ്ദേശ്യത്തിനു വേണ്ടിയും കൂടിയാണ്. മനുഷ്യവംശവും പ്രകൃതിവംശം മുഴുവനും നിലനിന്നു പോകുന്നത് ജനനം, ഉൽപാദനം, വളർച്ച എന്നീ പ്രതിഭാസം കൊണ്ടു തന്നെയാണ്. അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥ തന്നെ അപകടത്തിലാകും. മാനുഷിക ലൈംഗികത ദേവതലത്തിലെ പവിത്രതയോടുകൂടി വിവാഹം മൂലം പുതുജീവനു വേണ്ടി ഉപയോഗിക്കേണ്ടതാണ്. (Pope Pius, ചാക്രിക ലേഖനം CCC 2366). സ്വാഭാവിക ലൈംഗിക വേഴ്ച ആണെങ്കിൽ പോലും ദൈവീക പ്രമാണം ലംഘിക്കുന്നവർ മരണശിക്ഷയ്ക്കു യോഗ്യരാണെന്നു ദൈവവചനം ഉദ്ഘോഷിക്കുന്നു. ലേവ്യപുസ്തകം 20-ാം അദ്ധ്യായം 12 മുതൽ ഇതിനെക്കുറിച്ച് വിവരിക്കുന്നു. അങ്ങനെയെങ്കിൽ സ്വവർഗ്ഗരതി എത്രമാത്രം പാപകരവും നിന്ദ്യവുമാണെന്നു നാം ചിന്തിക്കണം. ദൈവഹിതപ്രകാരം ഉണ്ടായ സൃഷ്ടിയുടെ ക്രമീകരണം തകിടം മറിക്കുവാൻ പ്രോൽസാഹിപ്പിക്കുന്ന യാതൊരു പ്രവൃത്തിയും മനുഷ്യനിൽ നിന്നുണ്ടാകരുത്.

> **അപൂർവം മനുഷ്യരിൽ മാത്രം കാണുന്ന ഈ അസ്വാഭാവികതയെ ഒരു ജനവിഭാഗത്തിന്റെ പ്രശ്നമെന്ന മട്ടിൽ അവതരിപ്പിക്കുന്നത് ഒരു രാജ്യത്തിന്റെയും സംസ്കാരത്തിനു യോജിച്ചതല്ല.**

വിവാഹജീവിതത്തെപ്പറ്റി അപ്പോസ്തോലൻ എബ്രായർക്കെഴുതിയ ലേഖനം 13:4 ൽ വിവരിക്കുന്നത്, "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ" എന്നാണ്. അതുകൊണ്ട് എതിർലിംഗ ലൈംഗികതയ്ക്ക് അപ്പോസ്തോലൻ എതിരായിരുന്നു എന്ന് എങ്ങനെ പറയുവാൻ കഴിയും? 1 കൊരിന്ത്യർ 6:17-ാം വാക്യത്തിന്റെ അവസാനം മുതൽ 20-ാം വാക്യം വരെയുള്ള ഭാഗത്ത് ഇപ്രകാരം അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു: "ദുർന്നടപ്പ് വിട്ട് ഓടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്ത ശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു. ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ."

അപൂർവം മനുഷ്യരിൽ മാത്രം കാണുന്ന ഈ അസ്വാഭാവികതയെ ഒരു ജനവിഭാഗത്തിന്റെ പ്രശ്നമെന്ന മട്ടിൽ അവതരിപ്പിക്കുന്നത് ഒരു രാജ്യത്തിന്റെയും സംസ്കാരത്തിനു യോജിച്ചതല്ല. ലൈംഗിക വൈകൃതങ്ങൾക്കു പേരുകേട്ട അമേരിക്കയിൽ പോലും 0.42 ശതമാനം ആളുകളിൽ മാത്രമാണ് ഈ രതിവൈകൃതം കാണപ്പെടുന്നത്. ഇതൊരുതരം രോഗമാണ്. ഇതിനു ചികിത്സയാണ് ആവശ്യം. അല്ലാതെ ഇതു നില നിർത്തുവാൻ നിയമനിർമാണമല്ല വേണ്ടത്. ഈ വിധിയെ ഒരു ജുഡീഷ്യൽ ഉദാരവൽക്കരണമായി കണക്കാക്കാം. ഇന്ത്യൻ പാർലമെന്റ് ലോ കമ്മീഷന്റെ നിർദ്ദേശാനുസരണം ഈ കൊടിയ പാപം നിയമവിധേയമാക്കുവാൻ തയാറാകുന്നതിൽ അതിയായ ഖേദം ഉണ്ട്. എങ്കിൽ നിലവിലുള്ള പിന്തുടർച്ചാവകാശ നിയമങ്ങളും വിവാഹ നിയമങ്ങളും കുടുംബ കോടതി നിയമങ്ങളും സമൂലമായി മാറ്റേണ്ടതായി വരും.

നല്ലതും ചീത്തയും തിരിച്ചറിയുവാൻ തക്കവിധം ദിശാബോധം കൊടുക്കേണ്ട ഗവൺമെന്റ്, ഈ വൈകൃതത്തിന് കുടപിടിക്കുന്നത് അപഹാസ്യമാണ്. സംസ്കാരം, സദാചാരം, ധാർമ്മികത എന്നിവ നമ്മിൽ നിന്നും നഷ്ടപ്പെട്ടു പോകുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു.

GM

MATRIMONIAL

marry2love.com ...for a lasting relationship

Orthodox Parents presently residing at Cochin invite proposal for son 27/177/MBA Asst. Manager Public Sector Bank. Employed girls preferred.

E-mail : ninantc@gmail.com
Mobile : 9605896756

Orthodox parents invite proposal for their twin daughters 23/152/B.Tech employed software engineers from parents of Orthodox God fearing well placed professionals.

E-mail : contactme75@gmail.com
Tel : (0484) 2323355

NRI Orthodox parents, invite proposals for son 27/5.5"/ M.S. (Eng.) presently working in MNC - Coimbatore from parents of God fearing qualified girls preferably M.Tech / MBBS / CA

E-mail : thampi80@gmail.com
Tel : 9446597608, 9447710608

Orthodox parents invite proposals for daughter, 25/162/MBA, from Orthodox parents of qualified professionals.

E-mail : jaturq19@gmail.com
Tel : 098940 17634

Orthodox parents invite proposals for son 29/175/Regd. Nurse, working in Canada from parents of God fearing girls with MSW / Bsc. Nursing.

Mob : 9846439214, 97460 5 2554

ഓർത്തഡോക്സ് വിവാഹ പരസ്യങ്ങൾ സൗജന്യമായി നൽകുന്നതിന്:
പി.ഐ. ബാബു
(മാർക്കറ്റിങ്ങ് മാനേജർ)
Mob : 94461 35081
E-mail : pulikotilib@yahoo.com

അപേക്ഷ ക്ഷണിക്കുന്നു

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയാൽ സ്ഥാപിതമായ പുതുപ്പാടി സെന്റ് പോൾസ് ആശ്രമം & ബാലഭവന്റെ കോട്ടയം തിരുവാതുക്കലുള്ള ബ്രാഞ്ച് ഹൗസിൽ എസ്.എസ്.എൽ.സി., +2 പാസായ ഏറ്റവും നിർദ്ധനരും എന്നാൽ പഠിക്കാൻ സമർത്ഥരുമായ ആൺകുട്ടികൾക്ക് അവിടെ താമസിപ്പിച്ച് ഉപരിപഠനം നൽകുന്നതാണ്. അവരെ സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ള നല്ല പൗരന്മാരാക്കി തീർക്കുക എന്ന ലക്ഷ്യത്തോടെ 2012 മേയ് മുതൽ പ്രവർത്തനം ആരംഭിക്കുകയാണ്. തെരഞ്ഞെടുക്കുന്ന അർഹരായ 15 പേർക്ക് ആദ്യ ബാച്ചിൽ പ്രവേശനം നൽകും. ബാക്കി തെരഞ്ഞെടുക്കുന്ന അർഹരായവരെ ബാലഭവനത്തിന്റെ വിദ്യാർത്ഥികളായി പരിഗണിച്ച് അവരുടെ ഭവനങ്ങളിൽനിന്ന് പഠിക്കുവാൻ ആവശ്യമായ സഹായം നൽകുവാൻ ശ്രമിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന വിലാസത്തിലോ ഫോൺ നമ്പരിലോ ബന്ധപ്പെടുക.

വെരി.ഫാ. കെ.ഐ. ഫിലിപ്പ് റമ്പാൻ	റവ. ഫാ. സി.കെ. ജോഷ്വാ
സെന്റ് പോൾസ് ആശ്രമം	സെന്റ് പോൾസ് ആശ്രമം
& ബാലഭവൻ	& ബാലഭവൻ
പുതുപ്പാടി പി.ഒ., കോഴിക്കോട്	കോട്ടയം വെസ്റ്റ് - 3
ഫോൺ : 9447185805	ഫോൺ : 9544838788

Letters

കതിരുകൾ പതിരാവരുത്

ബഹു. ഒ. തോമസ് അച്ചന്റെ **കതിരുകൾ പതിരാവരുത്** *(ജോർജിയൻ മിറർ 2012 ജനുവരി-മാർച്ച്)* എല്ലാ മാതാപിതാക്കളും വായിക്കേണ്ട ലേഖനമാണ്. കുഞ്ഞുങ്ങളെ വളർത്തുന്നതിനെപ്പറ്റി ഉപദേശങ്ങൾ നൽകുന്ന സെക്കുലർ പ്രസിദ്ധീകരണങ്ങൾക്ക് ഇന്ന് കുറവില്ല. എന്നാൽ ഇവയെല്ലാം തന്നെ സ്വാർത്ഥത പഠിപ്പിക്കുന്നു. കുടുംബത്തിനും സമൂഹത്തിനും ദോഷകരമായിത്തീരുന്ന കാര്യങ്ങളാണ് അങ്ങനെ കുട്ടികൾ പഠിക്കുന്നത്. കുഞ്ഞുങ്ങളെക്കുറിച്ച് മാതാപിതാക്കന്മാർ ആത്യന്തികമായി എന്താണ് ലക്ഷ്യമാക്കേണ്ടത് എന്ന് സെക്കുലർ പ്രസിദ്ധീകരണങ്ങൾക്ക് പഠിപ്പിക്കാൻ കഴിയില്ല. തോമസച്ചൻ നമ്മുടെ സഭയ്ക്ക് ദൈവം തന്നൊരു അനുഗ്രഹം തന്നെയാണ്. ജോർജിയൻ മിററിൽ വന്ന ഈ ലേഖനത്തിന്റെ കോപ്പികൾ പ്രിന്റ് ചെയ്തോ പ്രസംഗമായി സിഡിയിലാക്കിയോ സഭയിലെ എല്ലാ മാതാപിതാക്കൾക്കും സൺഡേ സ്കൂൾ വഴി വിതരണം ചെയ്യണമെന്ന ഒരു നിർദ്ദേശം കൂടി സമർപ്പിക്കട്ടെ.


വർഗ്ഗീസ് ചാണ്ടി
പനമ്പിള്ളിനഗർ, കൊച്ചി

Greetings from Bethany Sisters

We, the sisters of Bethany Convent are grateful to the publishers for sending Georgian Mirror to us. May the Lord bless this work.

Sisters of Bethany Convent
Mariathuruthu, Kottayam

പ്രസിദ്ധീകരണങ്ങൾ പുനരാരംഭിക്കണം



ധാരാളം നല്ല ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരുന്ന സഭയാണ് നമ്മുടേത്. ഇവയിൽ പലതും ഇന്ന് കാണാനില്ല. ഇവയുടെ പഴയ കോപ്പികൾ പോലും ഇന്ന് സൂക്ഷിക്കുന്നുണ്ടോയെന്ന് അറിയില്ല. Digital Archiving ആരംഭിക്കേണ്ടതിന്റെ ആവശ്യകതയാണിത് സൂചിപ്പിക്കുന്നത്.

നല്ല പ്രസിദ്ധീകരണങ്ങൾ വായിച്ച് വളർന്ന തലമുറ നല്ല ഫലമുണ്ടാക്കിയിട്ടുണ്ട്. സ്ത്രീകൾ, യുവജനം, കുട്ടികൾ എന്നീ വിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേകം പ്രത്യേകം പ്രസിദ്ധീകരണങ്ങൾ ആരംഭിക്കണം. ഈ വിഭാഗങ്ങൾക്ക് വേണ്ടി സഭയിൽ പ്രവർത്തിക്കുന്ന ആത്മീയസംഘടനകൾ ഇത് ഗൗരവമായി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ടോണി ചാക്കോ
ഹൈദരാബാദ്

ഒസ്താത്തിയോസ് പിതാവിന് ആദരാഞ്ജലികൾ

അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷയ്ക്കായി എത്തിയ എനിക്ക് ജോർജിയൻ മിറർ വിതരണം ചെയ്ത ലഘുലേഖ ലഭിച്ചു. തിരുമേനിയുടെ ജീവചരിത്രം അടങ്ങിയ ഈ ലഘുലേഖ വിതരണം ചെയ്തതിൽ നന്ദി അറിയിക്കുന്നു. സഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് ജോർജിയൻ മിറർ നൽകുന്ന പിന്താങ്ങലിന് തെളിവാണിത്.

ലിസ്സി ജേക്കബ്
തിരുവല്ല

അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ജോർജിയൻ മിറർ തയ്യാറാക്കിയ ഈ ലഘുലേഖയുടെ പതിനായിരത്തോളം കോപ്പികൾ പരുമലയിലും പത്തിച്ചിറ പള്ളിയിലും മറ്റിടങ്ങളിലും കബറടക്കദിവസം വിതരണം ചെയ്തു. എല്ലാവരും താൽപര്യപൂർവ്വം കോപ്പികൾ സ്വീകരിക്കുകയും ഒട്ടുവളരെ പേർ ഈ പ്രവർത്തനത്തെ ശ്ലാഘിക്കുകയും ചെയ്തു. ഇതു വേഗത്തിൽ തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും അനേകരുടെ സഹായം ഞങ്ങൾക്കു ലഭിച്ചു. എല്ലാവരോടും നന്ദി അറിയിക്കുന്നു.

ജോർജിയൻ മിററിന്റെ തുടക്കം മുതൽ ഈ പ്രസിദ്ധീകരണത്തിന് അഭി. ഒസ്താത്തിയോസ് തിരുമേനി ചെയ്ത സഹായങ്ങൾ വിവരിക്കാൻ ഇവിടെ സ്ഥലം മതിയാകുകയില്ല. തിരുമേനിയുടെ ഏതെങ്കിലും ലേഖനം ഇല്ലാത്ത ജോർജിയൻ മിറർ ലക്കങ്ങൾ കുറവാണ്. ആ പിതാവ് രോഗശയ്യയിൽ ആയിരുന്നപ്പോഴും ജോർജിയൻ മിററിൽ നിന്ന് എന്തെങ്കിലും ചോദിച്ചാൽ വേഗത്തിൽ തയ്യാറാക്കി അയച്ചുതരുമായിരുന്നു. സ്വർഗ്ഗത്തിൽ ഇരുന്ന് തിരുമേനി ഞങ്ങളുടെ പ്രവർത്തനങ്ങൾക്കായി യാചന നടത്തുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

എഡിറ്റർ

MGOCSM Camp

MGOCSMന്റെ 32-ാമത് Educational Orientation Camp ഈ വർഷം ഏപ്രിൽ 12 മുതൽ 19 വരെ കോട്ടയം MGOCSM Students Centre വെച്ച് നടക്കുകയുണ്ടായി. രസകരവും വിജ്ഞാനപ്രദവുമായ ഈ ക്യാമ്പിൽ കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി ഞാനുൾപ്പടെ 35 കുട്ടികൾ എന്റെ ബാച്ചിൽ പങ്കെടുത്തു. പ്രമുഖ വ്യക്തികളാണ് ക്ലാസുകൾ നയിച്ചത്. ആത്മീയപരമായി കുട്ടികളെ വളരെയധികം ഉയർത്തുന്നതിനും ഈ ക്യാമ്പ് സഹായകരമായി. വിദ്യാർത്ഥികളിൽ നിന്ന് കുറഞ്ഞ ഫീസ് മാത്രം വാങ്ങി നടത്തുന്ന ഈ ക്യാമ്പിൽ വരുംവർഷങ്ങളിൽ കൂടുതൽ കുട്ടികൾ പങ്കെടുക്കുന്നതിന് ഈ കത്ത് പ്രേരകമാകുമെന്ന് വിശ്വസിക്കുന്നു.

മേഴ്സി അന്ന മാത്യു
സെന്റ് സ്റ്റീഫൻസ് കതീഡ്രൽ, പത്തനംതിട്ട